# സാമൂഹ്യ ശാസ്ത്രം

# SOCIAL SCIENCE

## MALAYALAM MEDIUM

## ഒൻപതാംസ്റ്റാൻഡേർഡ്

## STANDARD NINE

ഒന്നാം ഘട്ടം

TERM I

# ചരിത്രം

## 1.പുരാതന നാഗരികതകൾ

മനുഷ്യൻ ഭൂമിയിൽ ഉണ്ടായ കാലം മുതൽ മനുഷ്യവർഗ്ഗത്തിന്റെ ചരിത്രവും ആരംഭിക്കുന്നു. ഏകദേശം ക്രി.മു. 4000 വർഷങ്ങൾക്കുമുമ്പ് ജനങ്ങളിൽ കാണപ്പെട്ട അറിവും കഴിവും, ആയിരം വർഷങ്ങൾക്കുശേഷം കണ്ടുപിടിക്കപ്പെട്ട ലോഹങ്ങളും നഗര സമൂഹ ഘടനയ്ക്ക് അടിത്തറപാകി. ക്രമേണ പരിണാമ വളർച്ച ഏർപ്പെട്ട് പുരോഗതി ഉണ്ടായി. മനുഷ്യചരിത്രത്തിൽ നാഗരികതയുടെ ഉത്ഭവത്തെ സൃഷ്ടിച്ചതിനാൽ ഈ യുഗത്തെ ലോഹയുഗ വിപ്ലവം എന്നു പറയുന്നു. ഇത്തരത്തിലുള്ള നാഗരികതകൾ നദീതടങ്ങളിൽ ഉത്ഭവിച്ചതിനാൽ ഈ നാഗരീകതകളെ നദീതട നാഗരികതകൾ എന്നു പറയുന്നു. ഇത്തരം നദീതടങ്ങൾ ജനങ്ങൾ ഒത്തു ചേരുന്നതിനും ചെമ്പ്, വെങ്കലം എന്നിവയാൽ കാർഷിക ഉപകരണങ്ങൾ, യുദ്ധോപകരണങ്ങൾ, ഗൃഹോപകരണങ്ങൾ, ആയുധങ്ങൾ, മുതലായവ ഉണ്ടാക്കുന്നതിനും സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനും അവസരമുണ്ടാക്കി

ക്രി.മു. 5000 മുതൽ ക്രി. മു. 500 വരെ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിലവിലിരുന്ന വെങ്കലയുഗ നാഗരികതകൾ താഴെ കൊടുത്തിരിക്കുന്നു.

1. നൈൽനദീതട നാഗരികത ക്രി.മു. 4000 മുതൽ ക്രി.മു. 500 വരെ.
2. മെസപ്പൊട്ടോമിയൻ നാഗരികത ക്രി.മു. 3500 മുതൽ ക്രി.മു. 1000വരെ.
3. മഞ്ഞനദീതട നാഗരികത അഥവാ ഹൊയാങ്-ഹൊ നദീതട നാഗരീകത ക്രി.മു 3500 മുതൽ 3000 വരെ.
4. ഹരപ്പാ നാഗരികത ക്രി.മു. 3250 മുതൽ ക്രി.മു. 2750 വരെ.


### നൈൽനദീതട നാഗരീകത ക്രി.മു.4000-ക്രി.മു.500

മുകളിൽ കൊടുത്തിട്ടുള്ള നാഗരികതകളിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും പുരാതന നാഗരീകതയാണ് നൈൽനദീതട നാഗരികത. പുരാവസ്തു ഗവേഷകർ ഈ പ്രദേശത്തുനിന്ന് വലിയ പിരമിഡുകൾ സ്പിംഗ്സ് എന്ന പ്രതിമ, ക്ഷേത്രാവശിഷ്ടങ്ങൾ, ശവകുടീരങ്ങൾ, ഗോപുരങ്ങൾ, വസ്ത്രങ്ങൾ, സംസ്കരിക്കപ്പെട്ട മനുഷ്യശരീരങ്ങൾ (മമ്മികൾ) എന്നിവയുടെ അവശിഷ്ടങ്ങൾ കണ്ടെടുത്തു. ഈ നാഗരികത നൈൽ നദിക്കരയിൽ ഉത്ഭവിച്ചതിനാൽ ഇതിനെ നൈൽനദീതട നാഗരികത എന്നു പറയുന്നു. ഗ്രീക്കു ചരിത്രകാരനായ ഹെറഡോട്ടസ് ഈജിപ്ഷ്യൻ നാഗരികതയെ നൈൽ നദിയുടെ ദാനം എന്ന് വിശേഷിപ്പിക്കുന്നു. കൂടാതെ നൈൽ നദിയുടെ പുത്രി എന്നും ഈജിപ്തിനെ വിശേഷിപ്പിക്കുന്നു. ഈജിപ്ഷ്യൻ നാഗരീകത ഏകദേശം 5000 വർഷങ്ങൾക്കു മുമ്പ് പ്രശസ്തിയാർജിച്ചതായിരുന്നു.

### രാഷ്ട്രീയ സ്ഥിതി

പുരാതന ഈജിപ്തിലെ ജനങ്ങൾ വ്യത്യസ്ത വർഗ്ഗങ്ങളിൽപ്പെട്ടവരായിരുന്നു. അസംഖ്യം പലവർഗ്ഗ നേതാക്കന്മാർ (നോംസ്) ഒത്തുചേർന്ന് ശക്തരായ രാജാക്കന്മാരുടെ കീഴിൽ രണ്ടു സാമ്രാജ്യങ്ങൾ രൂപീകരിച്ചു. പിന്നീട് ഈജിപ്ത് ഫറോ എന്ന ഒരു രാജാവിന്റെ കീഴിൽ സംയോജിപ്പിക്കപ്പെട്ടു. എല്ലാ ഫറോക്കളും ഏകാധിപത്യ രാജാക്കന്മാരായിരുന്നു. തങ്ങൾ സൂര്യദേവനിൽനിന്നും ഉത്ഭവിച്ചവരാണെന്ന് കരുതിയിരുന്നു. അവർ ആഡംബര ജീവിതം നയിച്ചുപോന്നു. മുഖ്യന്യായാധിപനും, പുരോഹിതനും, മുഖ്യസൈന്യാധിപനും ഫറോ തന്നെയായിരുന്നു. ഫറോയുടെ മരണശേഷം അദ്ദേഹത്തിന്റെ ശവശരീരം സംസ്ക്കരിക്കപ്പെട്ട് വലിയ പിരമിഡുകളിൽ സൂക്ഷിച്ച് വയ്ക്കപ്പെട്ടു. ഇത്തരം ശവശരീരങ്ങളെ മമ്മികൾ എന്നു വിളിച്ചിരുന്നു. രാജാവിന് യുദ്ധം പ്രഖ്യാപിക്കുന്നതിനും ഉടമ്പടികൾ ഒപ്പു വയ്ക്കുന്നതിനും അധികാരമുണ്ടായിരുന്നു. ഇക്കാലത്ത് ജീവിച്ചിരുന്ന ഈജിപ്ഷ്യൻ രാജാക്ക

# നദീ സമതല നാഗരികതകൾ



ന്മാരാണ് തട്മോസ് ഒന്നാമനും തട്മോസ് മൂന്നാമനും. തട്മോസ് മൂന്നാമൻ ഈജിപ്തിലെ നെപ്പോളിയൻ എന്നറിയപ്പെട്ടിരുന്നു.

## സാമൂഹ്യ സാമ്പത്തിക സ്ഥിതി

ഈജിപ്ഷ്യൻ സമൂഹത്തിൽ മൂന്നു വിഭാഗങ്ങൾ ഉണ്ടായിരുന്നു. അവർ പ്രഭുക്കൾ, മദ്ധ്യസ്ഥവർഗ്ഗക്കാർ, അടിമകൾ എന്നിവരാണ്. ജാതിവ്യത്യാസം സമൂഹത്തിൽ ഇല്ലായിരുന്നു. അടിമകൾ നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് നിർബന്ധിക്കപ്പെട്ടു. പിരമിഡുകൾ, ക്ഷേത്രങ്ങൾ, കനാലുകൾ, അണക്കെട്ടുകൾ എന്നിവ അടിമകളാൽ നിർമ്മിക്കപ്പെട്ടു. രാജാക്കന്മാരും പ്രഭുക്കന്മാരും സമൂഹത്തിൽ ഉന്നതസ്ഥാനം വഹിച്ചിരുന്നു. പുരോഹിതന്മാരും, പ്രഭുക്കന്മാരും സമൂഹത്തിൽ ആദരിക്കപ്പെട്ടിരുന്നു. അവർ ധാരാളം ആനുകൂല്യങ്ങൾ അനുഭവിക്കുകയും സുഖകരമായ ജീവിതം നയിക്കുകയും ചെയ്തുപോന്നു. കച്ചവടക്കാർ, കരകൗശലവിദഗ്ദ്ധർ, ചെറിയ ഭൂവുടമകൾ എന്നിവർ സമൂഹത്തിൽ മദ്ധ്യസ്ഥവർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. സ്ത്രീകൾക്ക് സമൂഹത്തിൽ ഉന്നതസ്ഥാനമുണ്ടായിരുന്നു. ഏകഭാര്യാത്വം, ഒരേകുടുംബത്തിനുള്ളിൽ തന്നെയുള്ള വിവാഹം എന്നിവ നിലവിലിരുന്നു.

കൃഷി സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായിരുന്നു. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. ജലസേചന സൗകര്യത്തിനുവേണ്ടി കനാലുകൾ നിർമ്മിച്ചിരുന്നു. ലോഹങ്ങൾ പ്രത്യേകിച്ച് വെങ്കലം കൊണ്ട് വസ്തുക്കൾ നിർമ്മിക്കുന്ന വിദ്യയും അവർക്കറിയാമായിരുന്നു. കപ്പൽ നിർമ്മാണം ഒരു പ്രധാനതൊഴിലായിരുന്നു. മൺപാത്ര നിർമ്മാണം, നെയ്ത്ത്, വാണിജ്യം എന്നിവയും നിലവിലിരുന്നു. ആഭ്യന്തര വാണിജ്യവും, വിദേശ വാണിജ്യവും വളരെ പുരോഗമിച്ചിരുന്നു. നൈൽനദി മുഖേനയും, സമുദ്രം മുഖേനയും വാണിജ്യം ചെയ്യുന്നതിന് ബോട്ടു ഗതാഗതം വളരെ പ്രാധാന്യമർഹിച്ചിരുന്നു.

## ഈജിപ്ഷ്യൻ നാഗരികതയുടെ സംഭാവനകൾ

### മതം

ഈജിപ്തുകാരുടെ മതം മറ്റു രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക, ജീവിതത്തിന്മേൽ ആധിപത്യം



ഗിസേ പിരമിഡ്

സ്ഥാപിച്ചിരുന്നു. പുരാതന ഈജിപ്തുകാർ ബഹുദൈവ വിശ്വാസികളായിരുന്നു. അമോൻ (Amon) അഥവാ ആദൻ അഥവാ റാ(Ra) എന്ന സൂര്യദേവനെ ആരാധിച്ചിരുന്നു. ഒസീറിസ്(Osiris), ഐസിസ്, ഹോറസ് എന്നീ ദൈവങ്ങളെയും അവർ ആരാധിച്ചിരുന്നു. ഈ ദൈവങ്ങളുടെ പ്രതിമകൾ കല്ലുകളിൽ കടഞ്ഞെടുത്തിരുന്നു. മരിച്ചവരെല്ലാം ഒരു ദിവസം ദൈവത്താൽ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുമെന്നും പിന്നീട് അവരെ കുറ്റവിചാരണ ചെയ്യുമെന്നും വിശ്വസിച്ചിരുന്നു. അതിനാൽ ഈജിപ്തുകാർ ശവശരീരങ്ങളെ സൂക്ഷിച്ചു വച്ചിരുന്നു. ഇവ മമ്മികൾ എന്ന പേരിൽ അറിയ



മമ്മികളെ വച്ചിട്ടുള്ള സംരക്ഷണ അറ

പ്പെട്ടിരുന്നു. ഫറോക്കൾ (രാജാക്കന്മാർ) മരിക്കുമ്പോൾ അവരുടെ ശവശരീരങ്ങളെ അടക്കം ചെയ്തിരുന്ന സ്ഥലത്ത് പിരമിഡുകൾ നിർമ്മിച്ചിരുന്നു. ഈജിപ്തിലെ ഏറ്റവും വലിയ പിരമിഡ് കിയോപ്സ് (ഖുഫു) ഫറോവിനുവേണ്ടി നിർമ്മിച്ച ഗീസേ എന്ന പിരമിഡാണ്. ഇതിന് 481 അടി ഉയരമുണ്ട്. ശവശരീരങ്ങളെ കേടുകൂടാതെ സൂക്ഷിച്ചിരുന്ന ഗോപുരങ്ങളെ പിരമിഡ് എന്ന് വിളിച്ചിരുന്നു. മമ്മിയെ ഒരു മരപ്പെട്ടിക്കുള്ളിൽ വച്ച് അതിനെ വീണ്ടും സർക്കോഫാഗസ് (Sarcophagus) എന്നറിയപ്പെടുന്ന കല്ലുകൊണ്ടുണ്ടാക്കിയ പെട്ടിയിൽ വച്ച് മുദ്രണം ചെയ്തിരുന്നു. ഫറോക്കളുടെ മറുലോകത്തേയ്ക്കുള്ള യാത്ര സുഖകരമാക്കുന്നതിനുവേണ്ടി അവരുടെ ശവശരീരങ്ങൾ അടക്കം ചെയ്യുമ്പോൾ പെട്ടിക്കുള്ളിൽ, ഭക്ഷണം, വസ്ത്രം, മറ്റു ഉപകരണങ്ങൾ എന്നിവയും അടക്കം ചെയ്തിരുന്നു. അഖ്നട്ടാൻ (Akhnaton) എന്നു വിശേഷിപ്പിക്കപ്പെട്ട ഫറോ അമൻഹോടെപ് നാലാമൻ ആറ്റൻ (Aton) എന്ന ഏക ദൈവത്തിൽ വിശ്വസിക്കുന്നതിന് ജനങ്ങളെ നിർബന്ധിപ്പിച്ചു. അദ്ദേഹം യുദ്ധം ഒഴിവാക്കുന്ന നയത്തെ പിന്തുടർന്നു.



സ്ഫിംഗ്സ്

## കല, വാസ്തു ശില്പകല എന്നിവയുടെ പുരോഗതി

പുരാതന ഈജിപ്തിൽ കല, കെട്ടിടകല എന്നിവയുടെ വളർച്ച മതവുമായി ബന്ധപ്പെട്ടിരുന്നു. പിരമിഡുകളും, സ്ഫിംഗ്സ് എന്ന പ്രതിമയും മനോഹരങ്ങളായ ശില്പങ്ങളാണ്.

സ്ഫിംഗ്സ് എന്നത് സിംഹത്തിന്റെ ശരീരവും മനുഷ്യന്റെ തലയോടുകൂടിയതുമായ ഒരു സാങ്കല്പിക മൃഗമാണ്.



കർണാക്ക് ക്ഷേത്രം


ഗ്രീക്കു ചരിത്രകാരനും ചരിത്രത്തിന്റെ പിതാവുമായ ഹെറഡോട്ടസ് എന്നയാൾ പറയുന്നത് "ഖുഫു എന്ന ഫറോവിനുവേണ്ടി ഗീസേ എന്ന സ്ഥലത്തു ഏകദേശം 30,000 ആളുകൾ 20 വർഷങ്ങൾ കൊണ്ട് നിർമ്മിച്ച ഒരു പിരമിഡാണിത്" എന്നാണ്. ഇതിനെ ലോകമഹാത്ഭുതങ്ങളിൽ ഒന്നായി കരുതുന്നു. കർണാക്ക് എന്ന സ്ഥലത്ത് നിർമ്മിക്കപ്പെട്ട ക്ഷേത്രത്തിന്റെ തൂണിന് 170 അടി നീളവും 130 അടി വീതിയുമുണ്ട്. ഈ ക്ഷേത്രം മനോഹരമായ സ്മാരകവും എല്ലാവരേയും ആകർഷിക്കത്തക്കതുമാണ്.

## ലിപി

പുരാതന ഈജിപ്തുകാരുടെ എഴുത്തു സമ്പ്രദായം ഹെയ്റോഗ്ലിഫിക്സ് എന്നതാണ്. ഗ്രീക്കു ഭാഷയിൽ ഹൈറോഗ്ലിഫി എന്നാൽ പരിശുദ്ധ ചിത്രം എന്നാണർത്ഥം. ആദ്യകാലങ്ങളിൽ ചിത്രരൂപത്തിലുള്ള എഴുത്തു സമ്പ്രദായമായിരുന്നു ഉപയോഗിച്ചിരുന്നത്. ഏകദേശം 2000 ചിത്രലിപികൾ കണ്ടെടുത്തിട്ടുണ്ട്. എഴുതുന്നതിനുവേണ്ടി പാപ്പിറസ്, എഴുത്തുമഷി എന്നീ സാധനങ്ങൾ ഉപയോഗിച്ചിരുന്നു. ഞാണൽപുൽത്തണ്ടിനെ എഴുത്തു കോലായി ഉപയോഗിച്ചിരുന്നു.

ഈജിപ്തിലെ സാഹിത്യങ്ങൾ പൊതുവെ മതസംബന്ധമായവയായിരുന്നു. മരിച്ചവരെക്കുറിച്ചുള്ള പുസ്തകം (Book of The Dead), ശവപ്പെട്ടിഗ്രന്ഥം (Coffin Texts) എന്നീ പുസ്തകങ്ങൾ ഇതിലുൾ

# ഈജിപ്ത് നാഗരികത



ഗ്രീൻലാൻഡ്
വടക്കേ
അമേരിക്ക
യൂറോപ്പ്
ഏഷ്യ
റോം
കർണാക്
ഗിസറ്റ്
മെമ്പിസ്
തീബ്സ്
ലക്സാർ
അസ്വാൻ
അബുസിംബെൽ
നൈൽ നദി
അറ്റ്ലാന്റിക്
മഹാസമുദ്രം
പസഫിക്
മഹാസമുദ്രം
ഭൂമദ്ധ്യ രേഖ
ഇന്ത്യൻ
മഹാസമുദ്രം
ആസ്ത്രേലിയ

പ്പെടും. ഗണിതശാസ്ത്രം, വാനശാസ്ത്രം, വൈദ്യശാസ്ത്രം, തൊഴിൽ എന്നിവയെക്കുറിച്ചുള്ള പുസ്തകങ്ങളും എഴുതി. സൂര്യന്റെ ഉദയം, അസ്തമയം എന്നിവയെ കണക്കിലെടുത്ത് കലണ്ടർ നിർമ്മിച്ചിരുന്നു. നൈൽ നദിയിലെ വെള്ളപ്പൊക്കത്തെ അടിസ്ഥാനമാക്കി ദിവസങ്ങൾ കണക്കാക്കുകയും ഒരു വർഷത്തിന് 365 ദിവസങ്ങളുണ്ടെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. സൂര്യമണ്ഡലത്തിന്റെ ചലനം ശരീരശാസ്ത്രത്തിനും, വാനശാസ്ത്രജ്ഞന്മാർക്കും പ്രയോജനപ്പെട്ടു. ഭിന്നങ്ങൾ, ജ്യാമിതി, സങ്കലനം, വ്യവകലനം, ഹരണം തുടങ്ങിയ ഗണിതക്രിയകളെ ഈജിപ്തുകാർ മനസ്സിലാക്കിയിരുന്നു.

## വാണിജ്യ വളർച്ച

ഈജിപ്റ്റുകാരുടെ മുഖ്യതൊഴിൽ കൃഷിയായിരുന്നു. നൈൽ നദീതടം സാമ്പത്തിക പുരോഗതിയുടെ കേന്ദ്രമായി ശോഭിച്ചു. ദന്തം, സ്വർണ്ണം, എബണി, കരിങ്ങാലിമരം, ഒട്ടകപക്ഷിയുടെ തൂവലുകൾ എന്നിവയെ അടിമകൾ ലിബിയ, സുഡാൻ എന്നീ രാജ്യങ്ങളിലേയ്ക്ക് വാണിജ്യത്തിനായി കൊണ്ടുപോയിരുന്നു. സുഗന്ധ ദ്രവ്യങ്ങൾ, വാസനതൈലങ്ങൾ, ചന്ദനം എന്നിവ ഇന്ത്യയിൽനിന്നും ഇറക്കുമതി ചെയ്തിരുന്നു. സ്വർണ്ണാഭരണങ്ങൾ, കണ്ണാടിപാത്രങ്ങൾ, മരസാധനങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ ഇവർ സമർത്ഥരായിരുന്നു. ലോകനാഗരികതയുടെ പുരോഗതിക്ക് ഈജിപ്ഷ്യൻ നാഗരികതയുടെ പങ്ക് വളരെ വലുതാണ്. ഇവരുടെ കലാവൈദഗ്ധ്യവും, സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക പാണ്ഡിത്യവും ലോകമുള്ള കാലം വരെയും നിലനിൽക്കത്തക്കവയാണ്.

## മെസപ്പൊട്ടോമിയൻ നാഗരികത (ക്രി.മു.3500 - ക്രി.മു. 1000)



ബാബിലോണിലെ തൂങ്ങുന്ന പൂന്തോട്ടം

മെസപ്പൊട്ടോമിയൻ നാഗരികത സുമേരിയ, ബാബിലോണിയ, അസ്സീറിയ എന്നീ നാഗരികതകൾ അടങ്ങിയതാണ്. യൂഫ്രട്ടീസ്, ടൈഗ്രീസ് എന്നീ രണ്ടു നദികൾക്കിടയ്ക്കുള്ള പ്രദേശത്ത് രൂപം കൊണ്ട ഈ സംസ്കാരത്തെ പിന്നീട് സുമേരിയക്കാർ ആക്രമിച്ചു. ഇന്ന് ഈ പ്രദേശം ഇറാക്കിലെ മെസപ്പൊട്ടോമിയ ആണെന്ന് കരുതപ്പെടുന്നു.


2760 കി.മി നീളമുള്ള യൂഫ്രട്ടീസ് നദിയും 2000 കി.മി നീളമുള്ള ടൈഗ്രീസ് നദിയും അർമീനിയയിലെ മലകളിൽ നിന്നാണ് ഉത്ഭവിക്കുന്നത്.

ഈ രണ്ടു നദികൾക്കുമിടയിലുള്ള താഴ്വര ചന്ദ്രക്കലയുടെ ആകൃതിയിലുള്ളതും ഫലഭൂയിഷ്ഠമായതുമാണ്. അതിനാൽ ഈ പ്രദേശത്തെ 'സമ്പുഷ്ട ചന്ദ്രക്കല' (Fertile crescent) എന്നറിയപ്പെടുന്നു. ബൈബിളിന്റെ പഴയനിയമത്തിൽ പറയുന്ന ഏദൻ തോട്ടം ഈ പ്രദേശത്താണെന്ന് വിശ്വസിക്കപ്പെടുന്നു. മണ്ണിന്റെ ഫലപുഷ്ടിയും ജലലഭ്യതയും പല വർഗ്ഗക്കാരെയും ആകർഷിച്ചു. പല വർഗ്ഗക്കാരും കലർന്ന് മെസപ്പൊട്ടോമിയൻ സംസ്കാരം രൂപം കൊണ്ടു.

## രാഷ്ട്രീയ സ്ഥിതി

സുമേരിയൻ എന്ന വാക്കിനർത്ഥം കറുത്ത തലയോടു കൂടിയവൻ എന്നാണ്. അവർ ആര്യ വംശജരോ, സെമിറ്റിക് വംശജരോ അല്ലെന്ന് ചരിത്രകാരന്മാർ പറയുന്നു. പേർഷ്യൻ ഉൾക്കടലിന് സമീപത്ത് തെക്കൻ മെസപ്പൊട്ടോമിയയിൽ കുടിയേറിയ ഇവർ നഗര ഗവൺമെന്റുകൾ രൂപീകരിച്ചു. സുമർ എന്ന നഗര രാജ്യത്ത് ജീവിച്ചതിനാൽ അവരെ സുമേരിയന്മാർ എന്ന് വിളിച്ചിരുന്നു. ഈ നഗരരാജ്യങ്ങളെ പട്ടേസി എന്ന പുരോഹിതന്മാർ നിയന്ത്രിച്ചിരുന്നു. ഉർ, ലാർസ, കിഷ്, ലഗാസ്, എറിതു അമ്മോൻ എന്നിവ പ്രധാനപ്പെട്ട നഗര രാഷ്ട്രങ്ങളാണ്. പ്രകൃത്യാലുള്ള തടസ്സങ്ങളില്ലാത്തതിനാൽ പുതിയ കുടിയേറ്റങ്ങളെ ഇവർക്ക് തടയാൻ സാധിച്ചില്ല. അതിനാൽ ഇവരുടെ സാമ്രാജ്യത്തെ അക്കേഡിയ രാജാവായ സാരഗൻ ഒന്നാമൻ കൈവശപ്പെടുത്തി.

# മെസപ്പൊട്ടോമിയൻ നാഗരികത



സുമുഅബു എന്ന രാജാവ് ബാബിലോണിനെ(ബാബ്-ഇലു) അമൊറൈറ്റിന്റെ തലസ്ഥാനമാക്കി. അതിനാൽ അമൊറൈറ്റ് നഗരം ബാബിലോൺ എന്നറിയപ്പെട്ടു. അമൊറൈറ്റുകളെ ബാബിലോണിയക്കാർ എന്നും വിളിച്ചിരുന്നു. അവരുടെ ശക്തനായ രാജാവ് ഹമ്മുറാബി ആയിരുന്നു. ഇദ്ദേഹത്തിന്റെ കാലത്ത് രാജ്യത്ത് സമ്പൽസമൃദ്ധി നിലനിന്നിരുന്നു. അതിനാൽ ഹമ്മുറാബിയുടെ കാലത്തെ "മെസപ്പൊട്ടോമിയയുടെ സുവർണ്ണകാലമെന്ന്" വിശേഷിപ്പിക്കുന്നു. പിൽക്കാലത്ത് അസിറിയന്മാർ മെസപ്പൊട്ടോമിയയെ ആക്രമിച്ചു.അവർ ക്രൂരന്മാരും അക്രമപ്രവർത്തനങ്ങളിൽ വിശ്വസിച്ചവരുമായിരുന്നു. അസൂർ, നിനിവേ എന്നീ സ്ഥലങ്ങളിൽ അവരുടെ മാഹാത്മ്യത്തെ കാണാൻ കഴിയും. അവരെ തുടർന്ന് ചാൽഡിയൻ രാജാക്കന്മാർ അധികാരത്തിൽ വന്നു. ചാൽഡിയൻ രാജാക്കന്മാരിൽ പ്രശസ്തനായിരുന്നു നെബുകാത്നെസാർ. പുരാതന ഏഴ് ലോകാതിശയങ്ങളിൽ ഒന്നായ 'തൂങ്ങുന്ന പൂന്തോട്ടം' ഇദ്ദേഹമാണ് നിർമ്മിച്ചത്. സുമേരിയ, ബാബിലോണിയ, അസീരിയ ചാൽഡിയ എന്നീ നഗരങ്ങൾ സംയോജിച്ച് മെസപ്പൊട്ടോമിയ താഴ്‌വര ഉണ്ടാവുകയും നാഗരികവളർച്ചയ്ക്ക് പല സംഭാവനകൾ നൽകുകയും ചെയ്തു.

## സാമൂഹ്യ ജീവിതം

സുമേരിയ നാഗരീകത്തിൽ സമൂഹത്തെ മൂന്നു വിഭാഗങ്ങളായി പിരിച്ചിരുന്നു. അവർ കർഷകർ, തൊഴിലാളികൾ, അടിമകൾ എന്നിവരാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തെ ക്രമീകരിച്ചിരുന്നു. ക്ഷേത്രങ്ങൾ വിദ്യാഭ്യാസ കേന്ദ്രങ്ങളായി ശോഭിച്ചു. സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം നൽകിയിരുന്നു. കൃഷി വളരെയധികം പുരോഗമിച്ചു. അവർ ഇന്ത്യ, ഈജിപ്ത് എന്നീ രാജ്യങ്ങളുമായി വാണിജ്യ ബന്ധം പുലർത്തിയിരുന്നു. ആദ്യകാലങ്ങളിൽ ബാബിലോണിയൻ കച്ചവടക്കാർ ബാർട്ടർ രീതിയിൽ (മാറ്റക്കച്ചവട രീതി) കച്ചവടം നടത്തിയിരുന്നു. ബാബിലോണിയ നഗരം അന്തർദ്ദേശീയ വ്യാപാര കേന്ദ്രമായി ശോഭിച്ചു.



ക്യൂണിഫോം അക്ഷരം

## ക്യൂണിഫോം എഴുത്തു സമ്പ്രദായം.

സുമേരിയക്കാർ ആപ്പിന്റെ രീതിയിലുള്ള ക്യൂണിഫോം എഴുത്തു സമ്പ്രദായത്തെ വളർത്തിയെടുത്തു. അവർ നനഞ്ഞ കളിമൺ പലകകളിൽ എഴുതി സൂര്യതാപത്തിൽ ഉണക്കി തീയിൽ ചുട്ട് സൂക്ഷിച്ചിരുന്നു. ഇത്തരത്തിലുള്ള കളിമൺ പലകകൾ ധാരാളം കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ 350 അക്ഷരങ്ങൾ ഉപയോഗിച്ചിരുന്നു. വലത്തു നിന്ന് ഇടത്തോട്ടായിരുന്നു അവർ എഴുതിയിരുന്നത്. ഇക്കാലത്ത് എഴുതപ്പെട്ട പുസ്തകങ്ങളിൽ അധികവും ദൈവങ്ങളെ കുറിച്ചും അവരുടെ പ്രവർത്തനങ്ങളെ കുറിച്ചും വിവരിക്കുന്നവയായിരുന്നു. ലോക പ്രശസ്തമായ പുസ്തകങ്ങളിൽ ഒന്നാണ് ഗിൽഗാമേഷ് എന്ന കാവ്യം.

## ശാസ്ത്രവും വാനശാസ്ത്രവും

ശാസ്ത്രം പ്രത്യേകിച്ച് വാനശാസ്ത്രവും വൈദ്യശാസ്ത്രവും വളരെയധികം പുരോഗതി പ്രാപിച്ചു. നക്ഷത്രങ്ങളെ ചിഹ്നങ്ങൾ മുഖേന സൂചിപ്പിച്ചിരുന്നു. അതനുസരിച്ച് സമയത്തേയും കാലത്തേയും കണക്കാക്കിയിരുന്നു. ഒരു വർഷത്തിൽ 365 ദിവസങ്ങളും, അവയെ 12 മാസങ്ങളായി വിഭജിച്ച ഒരു കലണ്ടറും അവർ നിർമ്മിച്ചിരുന്നു. അവർ ഒരു വൃത്തത്തെ 360 ഡിഗ്രികളായി (60 X 6) വിഭജിച്ചിരുന്നു. സിഗുരാത്ത് അഥവാ ഉയർന്ന ഗോപുരസമാനമായ ഒരു കെട്ടിടം ചൊവ്വാ, വ്യാഴം, ശുക്രൻ തുടങ്ങിയ ഗ്രഹങ്ങളെ നിരീക്ഷിക്കാൻ വാനശാസ്ത്ര ഗവേഷണ

ശാലയായി ഉപയോഗിച്ചിരുന്നു. പുരാതന ചാൽഡിയൻ വാനശാസ്ത്രജ്ഞന്മാരിൽ പ്രശസ്തരായിരുന്നവർ നപുരു, കിഡിന്നു എന്നിവരാണ്. ഒരാഴ്ചയിൽ ഏഴു ദിവസങ്ങൾ ഉണ്ടെന്ന് ആദ്യമായി കണക്കാക്കിയത് ചാൽഡിയന്മാരായിരുന്നു. സുമേരിയന്മാർ 60നെ അടിസ്ഥാനമാക്കിയുള്ള ഹെക്സാഡെസിമൽ എന്ന രീതിയെ കണ്ടുപിടിച്ചു.

## മതം

സുമേരിയൻ സംസ്ക്കാരത്തിൽ മതം സുപ്രധാനപങ്ക് വഹിച്ചിരുന്നു. അവരുടെ പ്രധാനദൈവം മർഡുക്കും അദ്ദേഹത്തിന്റെ രാജ്ഞി നാൻസിയുമാണ്. ഇഷ്ട സകല ദൈവങ്ങളുടെയും മാതാവാണ്. വന്യമൃഗങ്ങളുടേയും, സസ്യങ്ങളുടേയും വംശവർദ്ധനവിനെ ഇവർ നിയന്ത്രിച്ചിരുന്നു. ഷാമാ, നന്നാർ, തമ്മുസ് എന്നീ ദൈവങ്ങളേയും അവർ ആരാധിച്ചിരുന്നു. സിഗുരാത്ത് എന്ന ഗോപുര ക്ഷേത്രം അവരാൽ നിർമ്മിക്കപ്പെട്ടു. അവരുടെ ശില്പങ്ങൾ ഈജിപ്തുകാരുടെ ശില്പങ്ങളേക്കാൾ താഴ്ന്ന നിലവാരമുള്ളവയായിരുന്നു.

## ഹമ്മുറാബിയുടെ നിയമസംഹിത

ബാബിലോണിയ രാജാക്കന്മാരിൽ പ്രശസ്തനായിരുന്നു ഹമ്മുറാബി. അദ്ദേഹം ചരിത്രത്തിൽ യുദ്ധവീരൻ, നല്ല ഭരണാധികാരി, നിർമ്മാതാവ്, പണ്ഡിതൻ എന്നീ നിലകളിൽ പ്രശസ്തിയാർജ്ജിച്ചിരുന്നു. ഇദ്ദേഹത്തിന്റെ നിയമസംഹിത ചരിത്രത്തിലെ ആദ്യത്തെ എഴുതപ്പെട്ട നിയമസംഹിതയാണ്. ഇത് അദ്ദേഹത്തിന് ലോകത്തിലെ ആദ്യത്തെ നിയമദാതാവ് എന്ന ബഹുമതി നേടിക്കൊടുത്തു. കടം, വിവാഹം, വിവാഹമോചനം, സ്വത്ത്, നികുതി ചെലുത്തൽ, മുതലായ എല്ലാ കാര്യങ്ങളും ഇതിൽ ഉൾപ്പെട്ടിരുന്നു.



ഹമ്മുറാബിയുടെ നിയമ സംഹിത

ഹമ്മുറാബി ഈ നിയമത്തെ സൂര്യദേവനിൽ നിന്ന് ഏറ്റുവാങ്ങുന്നതായിട്ടുള്ള ഒരു ചിത്രം അമോറിഡൈസ് എന്ന സ്ഥലത്ത് സെമിറ്റിക് ഭാഷയിൽ ഒരു കല്ലിൽ കൊത്തി വച്ചിട്ടുണ്ട്. ഈ നിയമസംഹിതയിൽ നാലുഭാഗങ്ങൾ അടങ്ങിയിട്ടുണ്ട്. അവ സ്വത്തവകാശ നിയമം, കുടുംബം, വാണിജ്യം, പലിശനിരക്ക്, എന്നിവ സംബന്ധിച്ചുള്ള എല്ലാ കുറ്റങ്ങൾക്കും വിശദീകരണം നൽകുന്നു. സ്വത്തവകാശ നിയമം, നീതിന്യായകോടതികൾ, പൗരന്മാർ, അടിമകൾ, സ്വതന്ത്ര മനുഷ്യർ എന്നിവരെക്കുറിച്ചും രണ്ടാമത്തെ വിഭാഗത്തിൽ നീതിന്യായ കോടതികൾ, നിയമക്രമങ്ങൾ, മതനിയമങ്ങൾ, ന്യായാധിപന്മാരുടെ നിയമനം എന്നിവയെക്കുറിച്ചും വിശദീകരിക്കുന്നു. ക്രിമിനൽ കുറ്റവാളികൾക്ക് നൽകപ്പെടുന്ന ശിക്ഷകൾ 'കണ്ണിനു കണ്ണ്, പല്ലിനു പല്ല്' എന്ന് പകരത്തിനു പകരമുള്ള രീതിയിൽ തീരുമാനിക്കപ്പെട്ടിരുന്നു. ഈ നിയമം മൊസായിക്ക് നിയമത്തോടു സാദൃശ്യമുള്ളതാണ്. നാലാമത്തെ നിയമം വാണിജ്യത്തിൽ വില, വേതനം, പലിശ നിരക്ക് എന്നിവ നിർണ്ണയിക്കുന്ന നിയമങ്ങളും ഉണ്ടായിരുന്നു. 285 നിയമങ്ങൾ അടങ്ങിയ ഈ നിയമ സംഹിത 2.5 മീ ഉയരത്തിൽ ഗോളാകൃതിയിലുള്ള കരിങ്കല്ലിൽ ക്യൂണിഫോം ലിപിയിൽ കൊത്തിവച്ച് പൊതുജനമദ്ധ്യത്തിൽ പ്രദർശിപ്പിച്ചിരുന്നു. കൂടാതെ എല്ലാവർക്കും മനസ്സിലാകത്തക്കരീതിയിൽ ക്രമപ്പെടുത്തിയിരുന്നു.

## കലയുടെ പുരോഗതി

മെസപ്പൊട്ടോമിയക്കാർ ഒരു പ്രത്യേക രീതിയിലുള്ള വാസ്തുശില്പകലയെ വിക



ബാബേൽ ഗോപുരം

സിപ്പിച്ചെടുത്തു. കമാനം, ഗോപുരം, തൂണുകൾ എന്നിവ അവരുടെ വാസ്തു ശില്പകലയുടെ പ്രത്യേകതകളാണ്. ബാബേൽ ഗോപുരം പുരാതന ലോകത്തിലെ അതിശയങ്ങളിൽ ഒന്നായി കരുതപ്പെടുന്നു. ബൈബിളിൽ പരാമർശിക്കുന്ന (നോഹയുടെ പിൻഗാമികൾ ബാബിലോണിൽ നിർമ്മിച്ച ഗോപുരം) സിഗുറാത്ത് എന്ന സൂര്യദേവനുവേണ്ടി നിർമ്മിച്ച ക്ഷേത്രവും മറ്റൊരതിശയമാണ്. ഈ ക്ഷേത്രത്തിന് 200 മീറ്റർ ഉയരവും 95 മീറ്റർ അടിത്തറ വിസ്തൃതിയുമുണ്ട്. ഈജിപ്ഷ്യൻ കലയുടെ പുരോഗതിയാൽ മെസപ്പെട്ടോമിയൻ കെട്ടിട കലയും പുരോഗതി പ്രാപിച്ചു.

### പുരാതന ചൈനാ നാഗരികത അഥവാ ഹൊയാങ് ഹോ നദീതട നാഗരികത (ക്രി.മു.3500 – ക്രി.മു. 3000)

**ഹൊയാങ് ഹോ നദിയ്ക്ക് മഞ്ഞ നദി** എന്നും പേരുണ്ട്. കാരണം ഈ നദി അതിന്റെ ഇരുകരകളിലും മഞ്ഞ വർണത്തിൽ മണ്ണിനെ നിക്ഷേപിച്ചിരിക്കുന്നു. വളരെ പുരോഗമിച്ച ഒരു നദീതട നാഗരീകതയാണിത്. ചൈനയുടെ സംസ്ക്കാരത്തെയും ചരിത്രത്തെയും വളർത്തിയെടുക്കുന്നതിൽ **ഹൊയാങ്ഹോ** നദിയും **യാങ്-സി-ക്കിയാങ്** നദിയും സുപ്രധാനപങ്ക് വഹിച്ചിട്ടുണ്ട്. വർഷന്തോറും ഹൊയാങ് –ഹോ നദിയിൽ വെള്ളപ്പൊക്കമുണ്ടാകുന്നതിനാൽ ചൈനയിൽ ജനങ്ങൾക്കും വസ്തുക്കൾക്കും വമ്പിച്ച നാശനഷ്ടം ഉണ്ടാകുന്നു. അതിനാൽ **ഹൊയാങ് - ഹോ നദിയെ ചൈനയുടെ ദുഃഖം** എന്നു വിളിക്കുന്നു. ചൈനയുടെ ഭൂപ്രകൃതിയും സ്ഥലഘടനയും സംസ്കാരം രൂപംകൊള്ളുന്നതിന് അനുയോജ്യമായിരുന്നു. മങ്കോളിയ വംശജരായ ചൈനക്കാർ കുഴിഞ്ഞ കണ്ണുകളും, പതിഞ്ഞ മൂക്കും, കറുത്ത മുടിയും ഉള്ളവരാകുന്നു.

### പുരാതന ചൈനയുടെ രാഷ്ട്രീയചരിത്രം

ഫുസിയായിരുന്നു (ക്രി.മു. 2852) ചൈനയിലെ ആദ്യത്തെ അറിയപ്പെടുന്ന രാജാവ്. ക്രി.മു. 1766 മുതൽ ക്രി.മു. 1122 വരെ ഭരിച്ച ഷാങ് വംശജർ മഞ്ഞ നദീതീരത്തുള്ള പ്രദേശങ്ങളെ സംയോജിപ്പിച്ച് ഒരേ ഭരണത്തിൻകീഴിൽ കൊണ്ടുവന്നു.അതിനു ശേഷം വന്ന ചൗ വംശം,



ചൈനയിലെ വൻമതിൽ

പ്രത്യേകിച്ച് വൂവാങ് എന്ന രാജാവ് ചൈനയിൽ പല പരിഷ്ക്കാരങ്ങളും ഏർപ്പെടുത്തി. ഐക്യവും, സമാധാനവും, സമൃദ്ധിയും കൊണ്ടുവന്നു. ആയതിനാൽ ചൗ വംശജരുടെ കാലം 'ചൈനയുടെ സുവർണ്ണകാലം' എന്നു വിശേഷിപ്പിച്ചിരുന്നു. ചൗവംശത്തിന്റെ അധഃപതനത്തിനു ശേഷം ചൈനയുടെ ഐക്യം തകർന്ന് അത് ഛിന്നഭിന്നമായി. അതിനുശേഷം ഭൂപ്രഭുക്കന്മാരുടെ കിരാതഭരണം ചൈനയിലെങ്ങും വ്യാപിച്ചു. ആയതിനാൽ ഈ കാലഘട്ടം ഭൂവുടമയുഗം (Feudal Age) എന്നറിയപ്പെടുന്നു. പിന്നീട് ചിൻ വംശത്തിലുള്ള ഷി-ഹ്വാങ്-ടി ചൈനയിലെ ഭൂവുടമാവ്യവസ്ഥിതിക്ക് അന്ത്യം കുറിച്ചു. പുരാതന ലോക അതിശയങ്ങളിൽ ഒന്നായ ചൈനയിലെ വൻമതിൽ നിർമ്മിച്ചത് ഇദ്ദേഹമാണ്. ശ്രേഷ്ഠരും തത്വചിന്തകരുമായ കൺഫ്യൂഷ്യസ്, ലാവോഡ്സേ എന്നിവരുടെ തത്വങ്ങളിൽ ചൈനാക്കാർ ആകൃഷ്ടരായിരുന്നു.

### സാമൂഹ്യ- സാമ്പത്തിക സ്ഥിതി

ചൈനാ സമൂഹത്തിൽ ഉയർന്നവർ താഴ്ന്നവർ എന്ന് രണ്ടു വിഭാഗങ്ങളുണ്ടായിരുന്നു. പ്രഭുക്കന്മാരും, മതപുരോഹിതന്മാരും സമൂഹത്തിലെ എല്ലാ ആനുകൂല്യങ്ങളും അനുഭവിച്ചിരുന്നു. കർഷകരുടെ നില പൊതുവേ വളരെ കഷ്ടത്തിലായിരുന്നു. അടിമത്തം, നിർബന്ധിച്ച് ജോലി ചെയ്യിപ്പിക്കൽ എന്നിവ നിലനിന്നിരുന്നു. സമൂഹത്തിൽ സ്ത്രീകൾക്ക് സ്വാതന്ത്ര്യം ഇല്ലായിരുന്നു. അവരെ വീട്ടിനുള്ളിൽ തളച്ചിടുന്ന രീതി നിലനിന്നിരുന്നു. അവർക്ക് സ്വത്തവകാശം ഇല്ലായിരുന്നു. സർക്കാർ അധികാരികൾ പാരമ്പര്യ അടിസ്ഥാനത്തിൽ തെരഞ്ഞെടു

ക്കപ്പെട്ടിരുന്നില്ല. പല അടുക്കുകളിലുള്ള പൊതു മത്സര പരീക്ഷകളിലൂടെ തെരഞ്ഞെടുക്കപ്പെട്ട 'മാണ്ഡരീൻ' എന്ന ബുദ്ധിശാലികൾ അധികാരികളായി നിയമിക്കപ്പെട്ടിരുന്നു. കൺഫ്യൂഷ്യസിന്റെ തത്വങ്ങൾക്ക് മാന്യത കൈവന്നതോടെ സമൂഹത്തിൽ പല മാറ്റങ്ങളുമുണ്ടായി. ചൈനാക്കാർ ഹൊയാങ്ഹോ നദീതടങ്ങളെ കൃഷിക്കനുയോജ്യമാക്കി, കനാലുകൾ നിർമ്മിച്ച്, കൃഷിയെ സമൃദ്ധമാക്കി. അവരാൽ നെയ്യപ്പെട്ട പട്ടുവസ്ത്രങ്ങൾക്ക് ലോകകമ്പോളത്തിൽ ഉയർന്ന മൂല്യം ഉണ്ടായിരുന്നു. പിഞ്ഞാൺ പാത്ര നിർമ്മാണ കല വളരെയധികം പുരോഗമിച്ചു. ഇന്നും കളിമൺ കപ്പുകൾ ചൈനാക്കപ്പ് എന്നാണറിയപ്പെടുന്നത്. കുതിരകളെക്കുറിച്ച് അവർക്കറിയാമായിരുന്നു. യുദ്ധത്തിന് കുതിരകളെ അവർ ഉപയോഗിച്ചിരുന്നു.

വാണിജ്യം വളരെയധികം പുരോഗമിച്ചു. സിൽക്ക്, കളിമൺ പാത്രങ്ങൾ, ഉപ്പ്, ഇരുമ്പ് എന്നീ സാധനങ്ങൾ ചൈനയിൽ നിന്ന് കയറ്റുമതി ചെയ്തിരുന്നു. ഉൾനാട്ടു കനാൽ ഗതാഗതത്താൽ വാണിജ്യം വികസിച്ചു. വ്യാപാരികളുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനായി സംഘങ്ങൾ ഉണ്ടായിരുന്നു. ഈ ഭരണകാലത്ത് ഏഷ്യ, തെക്കു കിഴക്കേ ഏഷ്യ, മദ്ധ്യധരണി കടൽ രാജ്യങ്ങൾ, തെക്കൻ ഏഷ്യ എന്നീ പ്രദേശങ്ങളോട് വാണിജ്യബന്ധങ്ങൾ ഏർപ്പെട്ടു. പുരാതനചൈന ആധുനിക ലോകത്തിനു നൽകിയ ഒരു സംഭാവനയാണ് ഇന്ന് വ്യാപകമായി എല്ലാവരാലും ഉപയോഗിക്കപ്പെടുന്ന ചായ (Tea) എന്ന പാനീയം.

## മതവും തത്വചിന്തയും


ചൈനാക്കാർ അവരുടെ പൂർവ്വികരെ ആരാധിച്ചിരുന്നു. അതിനാൽ മരിച്ചവർക്കു വേണ്ടി നിവേദ്യങ്ങളർപ്പിച്ചിരുന്നു. കൂടാതെ അവർ ചെറിയ ഗ്രാമദേവതകളേയും, നന്മയുടേയും തിന്മയുടേയും ദേവതകളേയും, വിശ്വസിച്ചിരുന്നു. ഒരോ ഗ്രാമകവാടത്തിലും ദുർദേവതകളെ വിരട്ടുന്നതിനും നന്മയുടെദേവതകളെ സ്വീകരിക്കുന്നതിനും ഗോപുരങ്ങൾ നിർമ്മിക്കുകയും, തിന്മയുടെ ആത്മാവിനെവിരട്ടുന്നതിനായി പടക്കം പൊട്ടിക്കുകയും ചെയ്തിരുന്നു. ഒരു കാല്പനിക കഥയിലെ പറക്കുന്ന ഡ്രാഗൺ നിലങ്ങളേയും ജനങ്ങളേയും സംരക്ഷിക്കുമെന്ന് അവർ വിശ്വസിച്ചിരുന്നു. പ്രശസ്ത ചൈനാ തത്വചിന്തകനായിരുന്ന ലാവോഡ്സേ ആചാരാനുഷ്ഠാനങ്ങളെ എതിർക്കാനും ജനങ്ങളെ പ്രകൃതിയോട് ഇണങ്ങി ജീവിക്കാനും ഉപദേശിച്ചു. ചൈനയിലെ അതിപ്രശസ്തനായ തത്വചിന്തകനായിരുന്ന കൺഫ്യൂഷ്യസ് ജനങ്ങളുടെ സാന്മാർഗ്ഗിക ജീവിതം, അച്ചടക്കം, ഉത്തരവാദിത്വ ബോധം, കൃത്യനിർവ്വഹണ ബോധം എന്നിവ കൊണ്ട് സമാധാനവും സമ്പൽസമൃദ്ധവുമായ ഒരു സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കുമെന്ന് അഭിപ്രായപ്പെട്ടു. പിന്നീട് ചൈനയിൽ ബുദ്ധമതം പ്രചരിച്ചതോടെ അത് ചൈനയിലെ പ്രധാന മതമായി വളർന്നു.

## ചൈനാക്കാരുടെ ലിപി

ചൈനാക്കാർ ചിത്രലിപി വികസിപ്പിച്ചെടുത്തു. ക്രമേണ ഇതിൽ പല മാറ്റങ്ങളും സംഭവിച്ചു. എല്ലുകളിലോ , ആമയുടെ പുറം തോടിലോ കൂർത്ത ഉപകരണം കൊണ്ട് അക്ഷരങ്ങളെ എഴുതിയിരുന്നു. ക്രി.പി. 2-ാം നൂറ്റാണ്ടിൽ ചൈനാക്കാർ കടലാസ് കണ്ടുപിടിച്ചു. പട്ടുതുണികളും എഴുതുന്നതിനു വേണ്ടി ഉപയോഗിച്ചിരുന്നു. ക്രി.പി 5-ാം നൂറ്റാണ്ടിൽ മഷി കണ്ടു പിടിക്കപ്പെട്ടു. മുള കൊണ്ടുണ്ടാക്കിയ എഴുത്തുകോൽ ചൈനാക്കാർ ഉപയോഗി



ജലയന്ത്രം



പെരിക്ലിസിന്റെ കാലത്തെ ഗ്രീക്ക് ആധിപത്യം
കരിങ്കടൽ
മാസിഡോണിയ
എജിയൻ കടൽ
ഏഷ്യാമൈനർ
തെർമോഫിലേ
അയോണിയൻ കടൽ
എടോലിയ
തീബ്സ്
കൊരിന്ത്
പെലപോനിയസ്
സ്പാർട്ടാ
പേർഷ്യൻ സാമ്രാജ്യം
റോട്ട്സ്
ക്രീറ്റ്
മധ്യധരണിക്കടൽ
ഏതൻസും സഖ്യരാജ്യങ്ങളും
സ്പാർട്ടായും സഖ്യരാജ്യങ്ങളും


ച്ചിരുന്നു. പുരാതനചൈനാക്കാർ ചില പ്രശസ്തമായ ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ നടത്തിയിരുന്നു. സൂര്യ ചന്ദ്ര ഗ്രഹണങ്ങളെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ അവർ വികസിപ്പിച്ചെടുത്തു. ജലയന്ത്രം, വടക്കുനോക്കി യന്ത്രം, വെടിമരുന്ന്, പേപ്പർ കറൻസി തുടങ്ങിയ ചില ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും ചൈനാക്കാർ നടത്തിയിരുന്നു. ആദ്യമായി അച്ചടിയന്ത്രങ്ങളേയും പേപ്പർ കറൻസിയേയും പരിചയപ്പെടുത്തിയതും ചൈനാക്കാരാണ്. ഗണിതത്തിൽ അവർ അബാക്കസ് രീതി ഉപയോഗിച്ചു (അബാക്കസ്എന്നാൽ മുത്തുകൾ കോർത്ത കമ്പികളുള്ള സ്ലേറ്റ്). പുരാതന ചൈനാക്കാരുടെ ഒരു സുപ്രധാന സംഭാവനയാണ് അച്ചടിവിദ്യ. വൈദ്യ ശാസ്ത്ര ത്തിൽ മനുഷ്യ ശരീരത്തെക്കുറിച്ചുള്ള പഠനവും നിലവിലുണ്ടായിരുന്നു. ചൈനാസംസ്കാരം ലോക സംസ്ക്കാര പുരോഗതി ക്കും മനുഷ്യ പുരോഗതിക്കും വേണ്ടി ഒരിക്കലും മായാത്ത സംഭാവനകൾ നൽകിയിട്ടുണ്ട്.

## യൂറോപ്യൻ സംസ്കാരങ്ങൾ
## ഗ്രീക്ക്- റോമൻനാഗരീകതകൾ
## ഗ്രീക്ക് നാഗരീകത


യൂറോപ്പിന്റെ തെക്കുകിഴക്കൻ പ്രദേശത്തുള്ള ബാൾക്കൻ ഉപദ്വീപുപ്രദേശത്തിൽ ഏഷ്യമൈനർ ഭാഗത്തുനിന്നും ഏജിയൻ സമുദ്രത്താൽ വേർതിരിക്കപ്പെട്ട പ്രദേശമാണ് ഗ്രീസ്. ഇതൊരു ഉപദ്വീപാണ്. ഇത് ഏട്രിയാട്ടിക്, എയ്ജിയൻ, മധ്യധരണി കടൽ എന്നിവയാൽ ചുറ്റപ്പെട്ടു കാണുന്നു. ഗ്രീസ്സിൽ ധാരാളം നിരപ്പില്ലാത്ത മലകൾ കാണപ്പെടുന്നു. കുറുകെയും നെടുകെയും കാണപ്പെടുന്ന മലനിരകളാൽ ഗ്രീസ് നൂറുകണക്കിന് താഴ്വരകളായി ചിതറി കിടക്കുന്നു. ഗ്രീസിലെ പുരാതന ജനങ്ങൾ ഡാന്യൂബ് നദീ സമതലത്തിൽനിന്നും വന്നു കുടിയേറിയ അക്കേയർ, അയോണിയർ, ഡോറിയർ എന്നീ വർഗ്ഗക്കാരാണ്.

ഗ്രീക്കു നാഗരീകതയുടെ ഒരു പ്രത്യേകതയാണ് അവരുടെ നഗര രാഷ്ട്ര ങ്ങൾ. പുരാതനഗ്രീസിലെ നഗരരാഷ്ട്രങ്ങളായിരുന്നു ഏതൻസ്, സ്പാർട്ട, കൊരിന്ത്, തീബ്സ് എന്നിവ. ഓരോ നഗര രാഷ്ട്രത്തിനും പ്രത്യേകം ഗവൺമെന്റും ഭരണാധികാരികളും ഉണ്ടായിരുന്നു. ഈ രാജ്യങ്ങളിൽ ജനാധിപത്യ സർക്കാരുകൾ നിലവിലിരുന്നു. ഈ നഗരരാഷ്ട്രങ്ങൾ പരസ്പരം കലഹിച്ചിരുന്നു. ഒടുവിൽ ഏതൻസും, സ്പാർട്ടയും രണ്ടു ശക്തമായ നഗര രാഷ്ട്രങ്ങളായി നിലകൊണ്ടു. ഏതൻസിലെ ജനാധിപത്യം പ്രശസ്തിയുടെ ഉച്ചകോടിയിലെത്തിയത് പെരിക്ലിസിന്റെ ഭരണകാലത്താണ്. എങ്കിലും മാസിഡോണിയയിലെ ഫിലിപ്പിന്റെയും അലക്സാണ്ടറുടെയും ആക്രമണങ്ങൾ ഗ്രീസിൽ നഗരരാഷ്ട്രങ്ങൾ അധഃപതിക്കുന്നതിനും അവ ഒന്നു ചേർന്ന് ഗ്രീക്കു സാമ്രാജ്യമായി രൂപം കൊള്ളുന്നതിനും കാരണമായി. അങ്ങനെ അലക്സാണ്ടറാണ് ഗ്രീസിൽ ആദ്യമായി ഒരുസാമ്രാജ്യം സ്ഥാപിച്ചത്. അതിന്റെ ഫലമായി യൂറോപ്പിനും ഏഷ്യയ്ക്കുമിടയിൽ വാണിജ്യം അഭിവൃദ്ധി പ്രാപിച്ചു. ക്രി. മു. രണ്ടാം നൂറ്റാണ്ടിൽ റോമാക്കാർ ഗ്രീസിനെആക്രമിക്കുകയും അങ്ങനെ ഗ്രീസ് റോമാസാമ്രാജ്യത്തിന്റെ ഒരു ഭാഗമായിത്തീരുകയും ചെയ്തു.

## പുരാതനഗ്രീക്കുകാർ ലോക സംസ്ക്കാരത്തിനു നൽകിയ സംഭാവനകൾ



ഹെറോഡോട്ടസ്



അരിസ്റ്റോട്ടിൽ

ലോകസംസ്ക്കാരത്തിന് ഗ്രീക്കു കാർ നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. ഭാഷ, സാഹിത്യം, എന്നിവയിൽ ഗ്രീക്കുകാരുടെ സംഭാവനകൾ അതുല്യമാണ്. അന്ധകവിയായ ഹോമർ ഇലിയഡ്, 'ഒഡിസി' എന്നീ മഹാകാവ്യങ്ങൾ രചിച്ചു. ഹെറോഡോട്ടസ്, തൂസിഡൈഡ്സ്, പ്ലൂട്ടാർക്ക് എന്നിവർ ഗ്രീസ്സിൽ ജീവിച്ചിരുന്ന പ്രധാനപ്പെട്ട ചരിത്രകാരന്മാരായിരുന്നു. സോക്രട്ടീസ്, പ്ലാറ്റോ, അരിസ്റ്ററ്റോട്ടിൽ എന്നിവർ ഗ്രീസി

ലെ പ്രശസ്ത തത്വചിന്തകന്മാരായിരുന്നു.

സോക്രട്ടീസിന്റെ ശിഷ്യനായ പ്ലേറ്റോ, 'റിപ്പബ്ലിക്' എന്ന പുസ്തകമെഴുതി. അരിസ്റ്റോട്ടിൽ ഒരു തത്വചിന്തകനും, ശാസ്ത്രജ്ഞനുമായിരുന്നു. ഇദ്ദേഹം അലക്സാണ്ടറുടെ ഗുരുവായിരുന്നു. സോക്രട്ടീസ് 'പാശ്ചാത്യ തത്വ ശാസ്ത്ര ത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നു. ഹെറോഡോട്ടസ് 'ചരിത്രത്തിന്റെ പിതാവ്' എന്നും അറിയപ്പെടുന്നു. ഗ്രീക്കുകാർ ശാസ്ത്രത്തേയും തത്വചിന്തയേയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളായി കരുതി. ഹിപ്പോക്രറ്റസിനെ പാശ്ചാത്യ വൈദ്യ ശാസ്ത്രത്തിന്റെ പിതാവായി കരുതുന്നു. ഭൂമിശാസ്ത്രജ്ഞനും, വാനശാസ്ത്രജ്ഞനുമായിരുന്ന ടോളമി. ഭൂമിയെ കേന്ദ്രമാക്കിയാണ് ഗ്രഹങ്ങളും നക്ഷത്രങ്ങളുംചുററുന്നതെന്ന് വിശ്വസിച്ചു. (Geo centric theory) . ഗണിതത്തിൽ പ്രത്യേകിച്ച് ജ്യാമിതിയിൽ ഗ്രീക്കുകാരുടെ സംഭാവനകൾ വളരെ വലുതാണ്. പൈഥഗോറസ് ഗ്രീസിലെ ഒരു മികച്ച ഗണിതശാസ്ത്രജ്ഞനും, വാനശാസ്ത്രജ്ഞനും ജ്യോതിഷ ശാസ്ത്രജ്ഞനും, തത്വചിന്തകനുമായിരുന്നു. കല, വാസ്തുശില്പകല, എന്നിവയ്ക്കും ഗ്രീക്കുകാർ മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. പുരാതനഗ്രീസിലെ ക്ഷേത്രങ്ങൾ പ്രത്യേകിച്ചും അലക്സാൻഡ്രിയയിലുള്ള സ്യൂസ് (Zeus) ക്ഷേത്രം ഇവിടത്തെ കല, വാസ്തുശില്പകല എന്നിവയ്ക്ക് ഉത്തമോദാഹരണമാണ്. ഏഥിനാ ദേവതയ്ക്കുവേണ്ടി നിർമ്മിക്കപ്പെട്ട പാർത്ഥിനൻ ക്ഷേത്രം ഗ്രീക്കുകെട്ടിടനിർമ്മാണകലയുടെ ഉത്തമോദാഹരണമായി വിളങ്ങുന്നു. ഫിഡിയാസ്, മിറോൻ എന്നിവർ അക്കാലത്തെ മികച്ച ശില്പികളായിരുന്നു. ഗ്രീക്കുകാർ കായികവിനോദങ്ങളിലും അഗ്രഗണ്യന്മാരായിരുന്നു. ക്രി.മു. 776 മുതൽ നാലു വർഷത്തിലൊരിക്കൽ അവർ ഒളിംപിയായിൽ നടത്തപ്പെട്ടുവന്ന കായിക മത്സരങ്ങളാണ് ഇന്നു ലോകത്തിലെ ഒളിംപിക് കായിക മത്സരങ്ങളുടെ മുന്നോടി. തത്വശാസ്ത്രം, സാഹിത്യം, ശാസ്ത്രം, കായികമേഖല എന്നീ രംഗങ്ങളിൽ പുരാതനഗ്രീക്കുകാരുടെ നേട്ടങ്ങൾ വളരെ പ്രശംസനീയമാണ്. ഗ്രീക്കുകാരാണ് സ്വാതന്ത്ര്യം, പ്രത്യേകിച്ച് പ്രസംഗ സ്വാതന്ത്ര്യം, എഴുത്തു സ്വാതന്ത്ര്യം, ചിന്താ സ്വാതന്ത്ര്യം എന്നിവയെ കുറിച്ച് ലോകരെ പഠിപ്പിച്ചത്.


മിരോൺ

## റോമൻ നാഗരീകത

മദ്ധ്യധരണി പ്രദേശത്തിന്റെ മദ്ധ്യ ഭാഗത്ത് സ്ഥിതിചെയ്യുന്ന ആപ്പിനിയൻ (Appennie) ഉപദ്വീപ് റോമൻ നാഗരീകതയുടെ തൊട്ടിലായി ശോഭിച്ചിരുന്നു. ആ ഉപദ്വീപ് പ്രദേശമാണ് ഇറ്റലി എന്ന പേരിലറിയപ്പെടുന്നത്. ഇറ്റലിക്കാർ ഗ്രീക്കുവംശജരാണ്. "പോ", "ടൈബർ" എന്നീ നദീതീരങ്ങളായിരുന്നു റോമൻ നാഗരീകതയെ താലോലിച്ചു വളർത്തിയത്. ഇറ്റലിയുടെ വടക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്ന ആൽപ്സ് (Alps) പർവ്വതനിരകൾ തണുത്ത ധ്രുവ ക്കാറ്റുകളെ ഇറ്റലിയിൽ കടക്കാതെ തടഞ്ഞു നിർത്തുന്നു. അതിനാൽ ഇറ്റലിയിൽ നല്ല കാലാവസ്ഥയാണ് നിലവിലുള്ളത്. ഇറ്റലി എന്ന പേര് ഗ്രീക്കു ഭാഷയിൽ നിന്നും ഉൽഭവിച്ചതാണ്. അതിനാൽ റോമൻ നാഗരികതയെ ഇറ്റാലിയൻ നാഗരികത എന്നും വിശേഷിപ്പിക്കുന്നു.

ആദ്യകാലങ്ങളിൽ ഇറ്റലിയിൽ രാജഭരണം നിലവിലിരുന്നു. രാജാവിനെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിന് സെനറ്റ്, അസംബ്ലി എന്നീ ഉപദേശകസമിതികൾ ഉണ്ടായിരുന്നു. കാലക്രമേണ രാജാധികാരം അപ്രത്യക്ഷമാകുകയും ജനാധിപത്യം നിലവിൽ വരികയും ചെയ്തു. അവയിൽ റോമൻ നഗര ജനാധിപത്യം ശക്തിയായി വളർന്നു. ക്രി.മു 753-ൽ റോമുലസ്, റീമസ് എന്നീ രണ്ടു സഹോദരന്മാരാണ് റോമാനഗരം സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. ക്രി.മു. 6-ാം നൂറ്റാണ്ടിൽ ഇവിടെ രാജഭരണം അവസാനിക്കുകയും റിപ്പബ്ലിക് ഭരണ സമ്പ്രദായം ഏർപ്പെടുത്തപ്പെടുകയും ചെയ്തു. ഈ റിപ്പബ്ലിക്കിന്റെ നിയമനിർമ്മാണ വകുപ്പാണ് സെനറ്റ്. സെനറ്റിൽ ഉന്നതന്മാരെന്ന് കരുതപ്പെ

ട്ടിരുന്ന പാട്രീഷ്യന്മാർ മുഖ്യപങ്കു വഹിച്ചിരുന്നു. സമ്പത്തുകളൊന്നുമില്ലാത്ത സാധാരണ ജനങ്ങളെ പ്ളെബിയൻമാർ എന്നു വിളിച്ചിരുന്നു. വളരെ കാലത്തെ പോരാട്ടങ്ങൾക്കു ശേഷം പ്ളെബിയൻമാർ സെനറ്റിലെ അംഗങ്ങളായി. ഭരണാധികാരങ്ങൾ തെരഞ്ഞെടുക്കപ്പെട്ട മൂന്നു കാൻസലുകളുടെ (ഉദ്യോഗസ്ഥന്മാർ) കൈകളിലായിരുന്നു. സമ്പന്നരും അധികാര വർഗ്ഗവുമായിരുന്ന പാട്രീഷ്യന്മാർക്കും പ്ളെബിയൻമാർക്കുമിടയിൽ അവകാശത്തർക്കം നീണ്ടനാൾ നടന്നു. പിന്നീട് പ്ളെബിയൻമാർ പ്രത്യേകനിയമങ്ങളിലൂടെ അവരുടെ അവകാശങ്ങൾക്ക് അംഗീകാരം നേടി. ഈ നിയമങ്ങളെ മരപ്പലകകളിൽ കൊത്തിവച്ചിരുന്നു. ഇവ "പന്ത്രണ്ടു പലക നിയമങ്ങൾ" എന്നറിയപ്പെടുന്നു.

സാമ്രാജ്യത്തെ വിസ്തൃതപ്പെടുത്തുന്നതിനു വേണ്ടി റോം വടക്കേ ആഫ്രിക്കയിലെ കാർത്തേജുമായി ക്രി.മു. 264 മുതൽ ക്രി.മു. 146 വരെ മൂന്നു യുദ്ധങ്ങൾ ചെയ്തു. ഈ യുദ്ധങ്ങളെ പ്യൂണിക് യുദ്ധങ്ങൾ എന്നു പറയുന്നു. പ്രബലനായ കാർത്തേജ്യൻ സൈനാധിപനായ ഹന്നിബാൾ യുദ്ധത്തിൽ പരാജയപ്പെട്ടു. ഈ യുദ്ധം മുഖേന ധാരാളം പേർ അടിമകളാക്കപ്പെട്ടു. സൈന്യാധിപന്മാരും പ്രഭുക്കന്മാരും അടിമകളുടെ യജമാനൻ മാരായി. തങ്ങളുടെ അടിമകളുടെ എണ്ണത്തെ കൂട്ടുന്നതിനും സമ്പത്തിനെവർദ്ധിപ്പിക്കുന്നതിനും പ്രഭുന്മാർക്കിടയിൽ മത്സരം ഉണ്ടായി. ഈ മത്സരങ്ങൾ സമൂഹത്തിന്റെ പവിത്രതയെ മുഴുവനും നഷ്ടപ്പെടുത്തി. കാൻസലുകളെ തുടർന്ന സ്വേച്ഛാധിപതികൾ സെനറ്റിന്റെ സഹായത്തോടെ അധികാരത്തിൽ വന്നു. കാൻസൽമാരുടെ നിയമങ്ങൾ റോമിൽ ജൂലിയസ് സീസറുടെ കീഴിൽ സർവ്വാധികാരം രൂപപ്പെടുത്തുന്നതിന് കാരണമായി. ജൂലിയസ് സീസർ സെനറ്റിൽ പല പരിഷ്കാരങ്ങൾ വരുത്തുകയും സാധാരണ ജനങ്ങളുടെ ജീവിതരീതിയെ മെച്ചപ്പെടുത്തുകയും ചെയ്തു. എങ്കിലും അദ്ദേഹത്തിന്റെ ശത്രുക്കൾ ക്രി.മു. 44 -ൽ ഒരു സെനറ്റ് സമ്മേളനത്തിൽ വച്ച് അദ്ദേഹത്തെ വധിച്ചു. അതിനുശേഷം മരുമകനായ ഒക്ടേവിയസ് സീസർ റോമാസാമ്രാജ്യത്തിന്റെ എതിരറ്റ ഭരണാധികാരിയായി മാറി. ഇദ്ദേഹം 41 വർഷക്കാലം രാജ്യം ഭരിച്ചു. ജൂലിയസ് സീസറിനാൽ ആരംഭിക്കപ്പെട്ട ജോലികളെല്ലാം പൂർത്തിയാക്കിയത് ഇദ്ദേഹമാണ്. ഇദ്ദേഹത്തിനെ ജനങ്ങൾ അഗസ്റ്റസ് സീസർ എന്ന് വിളിച്ചു പ്രകീർത്തിച്ചു. അഗസ്റ്റസ് എന്നാൽ മഹത്തായവൻ (ശ്രേഷ്ഠൻ) എന്നാണർത്ഥം. അഗസ്റ്റസ് സീസറിന്റെ ഭരണകാലത്തെ റോമിന്റെ സുവർണ്ണകാലം എന്നു പറയുന്നു.


ജൂലിയസ് സീസർ

## സാമൂഹ്യ, സാമ്പത്തിക സ്ഥിതി


റോമാക്കാരുടെ പ്രധാനതൊഴിൽ കൃഷിയായിരുന്നു. ബാർലി, ഗോതമ്പ്, ബീൻസ്, മുന്തിരി, അത്തിപ്പഴം (fig) എന്നിവ കൃഷി ചെയ്തിരുന്നു. കൃഷിയെ കൂടാതെ ആടുമാടുകളെ വളർത്തലും അവരുടെ തൊഴിലായിരുന്നു. കാള, ചെമ്മരിയാട്, കുതിര, കഴുത, ആട് എന്നിവയെ അവർ വളർത്തിയിരുന്നു. കൃഷി ചെയ്യുന്നതിനും ആടുമാടുകൾ വളർത്തുന്നതിനും വേണ്ടി ധാരാളം അടിമകളെ നിയമിച്ചു. റോമാക്കാർ, ഇന്ത്യ, അറേബ്യ, ചൈന എന്നീ രാജ്യങ്ങളുമായി വാണിജ്യബന്ധം നടത്തിയിരുന്നു. റോമാക്കാർ തങ്ങളുടെ സാമ്രാജ്യത്തെ ഒരിക്കൽ വിസ്തൃതപ്പെടുത്തുമ്പോൾ അവിടെ സമൂഹത്തിൽ പുതിയൊരു വിഭാഗം രൂപം കൊണ്ടിരുന്നു. ഈ വിഭാഗത്തിൽ കൂടുതലും അടിമകളായിരുന്നു. ഇവർ തോട്ടങ്ങളിൽ പണിയെടുക്കുന്നതിനു വേണ്ടി നിയോഗിക്കപ്പെട്ടിരുന്നു. കാലക്രമേണ അടിമകളുടെ നില മെച്ചപ്പെടുകയും അവരും ഉയർന്ന നിലകളിൽ എത്തിച്ചേരുകയും ചെയ്തു. റോമാക്കാരുടെ ആക്രമണങ്ങൾ സാമ്രാജ്യവിസ്തൃതിക്കും സമ്പദ് പുരോഗതിക്കും വഴിതെളിച്ചു.

## ലോകനാഗരീകതയ്ക്കു റോമാക്കാരുടെ സംഭാവനകൾ

റോമാക്കാരുടെ അനശ്വരമായ ഒരു സംഭാവനയാണ് അവരുടെ നിയമങ്ങൾ. റോമാക്കാരുടെ നിയമത്തിൽ 3 ശാഖകൾ ഉണ്ട്.

അവ 1. സിവിൽ നിയമം, 2. ജനങ്ങളുടെ നിയമം, 3. പ്രകൃതി നിയമം. പിന്നീട് വന്ന ഭരണാധികാരിയായ ജസ്റ്റീനിയൻ ഈ നിയമങ്ങളെ ക്രോഡീകരിച്ചു. ഇത് **'ജസ്റ്റീനിയൻ കോഡ്'** എന്നും **'കോർപ്പസ് ജൂറിസ് സിവിലിസ്'** എന്നുമറിയപ്പെടുന്നു. റോമൻ സിദ്ധാന്തമായ **'പാക്സ് റൊമാഗ്ന'** എന്നത് നിയമവാഴ്ചയാലുള്ള സമാധാനത്തെ സൂചിപ്പിക്കുന്നു. ഇത് വിവേചന രഹിതമായ നീതിന്യായ കോടതി പ്രവർത്തനത്തെ അനുശാസിക്കുന്നു.

റോമാക്കാരുടെ ജീവിതത്തിലും ഗവൺമെന്റിലും മതം ഒരു സുപ്രധാനപങ്ക് വഹിച്ചു. അവർ ധാരാളം ദൈവങ്ങളെ ആരാധിച്ചിരുന്നു. ജാനസ് (Janus) എന്ന ഇരുമുഖങ്ങളോടു കൂടിയ ദൈവം അവരുടെ കുടുംബത്തിനെയും വീടിനെയും സംരക്ഷിക്കുമെന്നു വിശ്വസിച്ചിരുന്നു. ആകാശദേവനായി ജ്യൂപിറ്റർ (വ്യാഴം), സൈന്യസംരക്ഷകനായി മാർസ് (ചൊവ്വ) എന്നീ ഗ്രഹങ്ങളെ ആരാധിച്ചു. വീനസിനെ (വെള്ളി) സ്നേഹത്തിന്റെ ദേവനായി ആരാധിച്ചിരുന്നു. റോമൻ ജനങ്ങൾക്കു ദൈവപ്രീതി ലഭിക്കാൻ പുരോഹിതന്മാർ പ്രാർത്ഥനകളും, നിവേദ്യങ്ങളും അനുഷ്ഠിച്ചിരുന്നു. ആദ്യകാലങ്ങളിൽ രാജാക്കന്മാർ ക്രിസ്തുമതത്തെ വെറുത്തിരുന്നു. ക്രിസ്ത്യാനികളെ അവർ വധിച്ചിരുന്നു. എങ്കിലും ക്രിസ്തു മതം അടിമകളുടെ ഇടയിൽ പ്രചാരത്തിലിരുന്നു. ക്രി.പി.313-ൽ റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ ക്രിസ്തുമതം സ്വീകരിക്കുകയും അതിനെ രാഷ്ട്രമതമാക്കി മാറ്റുകയും ചെയ്തു. കാലക്രമേണ റോം ക്രിസ്തുമത തലവനായ പോപ്പിന്റെ ആസ്ഥാനമായി മാറി.



പാന്തിയൻ ക്ഷേത്രം

റോമൻകല ഗ്രീക്കുകലയിൽ നിന്നും സ്വീകരിച്ച നിരവധി രീതികൾ ഉൾക്കൊണ്ടതായിരുന്നു. അവർ ഗ്രീക്കുകാരുടെ മാതൃകയിൽ വലിയ സ്തംഭങ്ങളും മണ്ഡപങ്ങളും നിർമ്മിച്ചു. അവരുടെ ക്ഷേത്ര നിർമ്മാണകലയ്ക്ക് ഉത്തമോദാഹരണമാണ് പാന്തിയോൺ ക്ഷേത്രം. പ്രശസ്തനായ കെട്ടിടനിർമ്മാണ വിദഗ്ദനായിരുന്നു പോംപി. കമാനങ്ങളും, കുംഭഗോപുരങ്ങളും റോമൻ കെട്ടിടനിർമ്മാണ കലയുടെ പ്രത്യേകതയാണ്. മനോഹരങ്ങളായ ചുവർചിത്രങ്ങളും വളർച്ച പ്രാപിച്ചിരുന്നു.

റോമാക്കാർ ഗ്രീക്കുകാരുടെ സ്വാധീനത്തിലായിരുന്നെങ്കിലും അവരുടേതായ അക്ഷരങ്ങളെ വികസിപ്പിച്ചെടുത്തു. അവരുടെ ഭാഷയെ ലാറ്റിൻ ഭാഷ എന്നു പറയുന്നു. റോമാക്കാർ പ്രശസ്തമായ ചില സാഹിത്യങ്ങൾ നിർമ്മിച്ചു. ലിവി എന്നയാൾ റോമിന്റെ ചരിത്രം എന്ന ഗ്രന്ഥമെഴുതി. ടാസിറ്റസ് (Tacitus) മറ്റൊരു ചരിത്ര പണ്ഡിതനായിരുന്നു. ഇദ്ദേഹം "പുരാവൃത്തങ്ങളും ചരിത്രങ്ങളും" (Annals and Histories) എന്ന ഗ്രന്ഥം എഴുതി. വെർജീൽ എന്ന കവി കവിതാരൂപത്തിലുള്ള ഒരു ഇതിഹാസ കാവ്യം സൃഷ്ടിച്ചു. സിസറോ എന്നയാൾ ഒരു ബഹുമുഖ പണ്ഡിതനായിരുന്നു. സെനേക, പ്ളാറ്റസ്, ടെറൻസ് എന്നിവർ റോമിലെ പ്രശസ്ത നാടകകൃത്തുക്കളാണ്. ഇവർ ഗ്രീക്ക് സാഹിത്യത്തിൽ നിന്നും കൂടുതൽ ആശയങ്ങളെ സ്വീകരിച്ചു. സിസറോ, സെനേക, മാർകസ് അറേലിയസ്, അന്റോണിയസ് എന്നിവർ മികച്ച തത്വജ്ഞാനികളായി ശോഭിച്ചു. മാർക്സ് അറേലിയസ് എഴുതിയ "മെഡിറ്റേഷൻസ്' എന്ന ഗ്രന്ഥം സ്റ്റോയിക് തത്വത്തെകുറിച്ചുള്ള ഒരു പ്രശസ്ത ഗ്രന്ഥമായും ശാസ്ത്രത്തിന്റെ ഒരു ഉത്തമ സൃഷ്ടിയായും കരുതപ്പെടുന്നു. ശാസ്ത്രശാഖയിൽ റോമാക്കാർ വൈദ്യശാസ്ത്ര പഠനത്തെ വളരെയധികം

വികസിപ്പിച്ചു. പ്ളിനി എന്ന മുതിർന്ന പണ്ഡിതൻ വൈദ്യശാസ്ത്രത്തിൽ "പ്രകൃതിചരിത്രം" എന്ന ഗ്രന്ഥമെഴുതി. ഇത് ശാസ്ത്രീയ തത്വങ്ങൾ അടങ്ങിയിട്ടുള്ളതാണ്. വാനശാസ്ത്രജ്ഞനും ഭൂമിശാസ്ത്രജ്ഞനുമായ ടോളമി റോമിൽ ജീവിച്ചിരുന്നു. ഇദ്ദേഹത്തിന്റെ കാലത്ത് ജീവിച്ചിരുന്ന പ്രശസ്ത വൈദ്യശാസ്ത്ര പണ്ഡിതനായിരുന്നു ഗാലൻ. ഇദ്ദേഹം ശ്വാസ വായുവിന്റെ ഘടനയെ കുറിച്ചും അതുമായി ബന്ധപ്പെട്ട രോഗങ്ങളെ കുറിച്ച് ഗവേഷണം നടത്തുകയും വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ എഴുതുകയും ചെയ്തു. മാനവ സംസ്കാര മുന്നേറ്റത്തിന് നല്കിയ സംഭാവനകൾക്കായി ലോകം റോമാക്കാർക്ക് കടപ്പെട്ടിരിക്കുന്നു. പുരാതനഗ്രീസ് വിട്ടുപോയ ശ്രേഷ്ഠതകളെ സംരക്ഷിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും റോമാക്കാർ ഇടനിലക്കാരെപ്പോലെ പ്രവർത്തിച്ചു. ലാറ്റിൻ ഭാഷ, ഏക ലോകം, ഏക പൗരത്വം, ഏക നിയമം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലുള്ള റോമൻ സമാധാനം, (Pax Romagna) ചിട്ടയായ സൈനികരീതി, സാങ്കേതിക വിദ്യ, ക്രോഡീകരിച്ച നിയമം എന്നിവ ലോകത്തിന് റോമാക്കാർ നൽകിയ അമൂല്യ സംഭാവനകളാണ്.

## വ്യത്യസ്ത നാഗരീകതകളുടെ സവിശേഷതകൾ

| മെസപ്പെട്ടോമിയൻ നാഗരീകത | ഈജിപ്ഷ്യൻ നാഗരീകത |
|---|---|
| യൂപ്രട്ടീസ്, ടൈഗ്രീസ് എന്നീ നദീ താഴ്വരകളിൽ രൂപം കൊണ്ടു.<br>ചന്ദ്രക്കലയുടെ ആകൃതിയിൽ കാണപ്പെടുന്നതിനാൽ സമ്പുഷ്ട ചന്ദ്രക്കല എന്ന് വിളിക്കപ്പെടുന്നു.<br>വ്യത്യസ്ത വിഭാഗക്കാരായ സുമേരിയന്മാർ, അമൊറൈറ്റുകൾ, അസിരിയന്മാർ, ചാൽഡിയന്മാർ എന്നിവർ ഈ പ്രദേശത്തെ ഭരിച്ചിരുന്നു.<br>എഴുത്തു രീതി ക്യൂണിഫോം ആയിരുന്നു.<br>ചരിത്രത്തിൽ ആദ്യത്തെ നിയമ സംഹിത ഹമ്മുറാബിയുടെ നിയമസംഹിതയാണ്.<br>ഗിൽഗാമേഷ് എന്ന ഇതിഹാസം പ്രസിദ്ധമാണ്.<br>മർകുക്ക് പ്രധാന ദൈവമായിരുന്നു. ഷാമ, നന്നാർ, തമ്മൂസ് എന്നീ ദൈവങ്ങളെയും ആരാധിച്ചിരുന്നു.<br>ബാബേൽ ഗോപുരം, തൂങ്ങുന്ന പൂന്തോട്ടം എന്നിവ പുരാതനലോകത്തിലെ അതിശയങ്ങളാണ്.<br>വാനശാസ്ത്രം. വൈദ്യശാസ്ത്രം, ഗണിതം, എന്നിവയിൽ പുരോഗതി പ്രാപിച്ചു. സിഗുറാത്ത് ഗോപുരം മുഖേന ഗ്രഹങ്ങളെ നിരീക്ഷിച്ചു.<br>പ്രശസ്ത വാനശാസ്ത്രജ്ഞൻമാരായിരുന്നു നബുരു , കിഡിന്നു എന്നിവർ. | നൈൽ നദീതീരത്ത് ഉൽഭവിച്ചു.<br>നൈലിന്റ ദാനം എന്നും നൈലിന്റെ പുത്രി എന്നും വിശേഷിപ്പിക്കപ്പെടുന്നു.<br>രാജാക്കന്മാരെ ഫറോക്കൾ എന്നു വിളിച്ചിരുന്നു.<br>ഹൈറോഗ്ലിഫിക്സ് എന്ന് ചിത്രലിപിയെ ഉപയോഗിച്ചിരുന്നു.<br>പാപ്പിറസ് ചെടിയിൽ നിന്നും ആദ്യമായി പേപ്പർ നിർമ്മിച്ചത് ഈജിപ്തുകാരാണ്.<br>പ്രകൃതിയെ ആരാധിച്ചു, റാ, ഒസിറിസ്, ഐസിസ്, ഹോറസ് എന്നീ ദൈവങ്ങളെ ആരാധിച്ചിരുന്നു.<br>ശവശരീരങ്ങളെ കല്ലറകളിൽ സൂക്ഷിച്ചിരുന്നു. അവയെ മമ്മികൾ എന്നു വിളിച്ചിരുന്നു.<br>ശില്പ കലയ്ക്ക് ഉദാഹരണങ്ങളാണ് പിരമിഡുകൾ, സ്പിംഗ്സ് എന്നിവ. ഏറ്റവും വലിയ പിരമിഡ് ഗിസേ പിരമിഡ് ആകുന്നു.<br>ക്ഷേത്ര നിർമ്മാണകലയ്ക്ക് ഉത്തമോദാഹരണങ്ങളാണ് കർണാക്, അബു സിംബൽ എന്നിവിടങ്ങളിലെ ക്ഷേത്രങ്ങൾ.<br>ഗണിതത്തിൽ ഈജിപ്തുകാരുടെ സംഭാവനകൾ വളരെ മികച്ചതാണ്. |

## വ്യത്യസ്ത നാഗരീകതകളുടെ സവിശേഷതകൾ

### ചൈനാ നാഗരികത

യാങ്-ട്-സി, ഹൊയാങ്ഹൊ എന്നീ നദീതടങ്ങളിൽ ഉത്ഭവിച്ചു

ഹോയാങ്-ഹോ നദിയെ മഞ്ഞനദി എന്നും ചൈനയുടെ ദുഃഖം എന്നും പറയപ്പെടുന്നു.

കൺഫ്യൂഷ്യസിന്റെ പ്രബോധനങ്ങൾക്ക് വളരെ പ്രധാന്യം നൽകപ്പെട്ടു.

ലോക പ്രസിദ്ധമായ "ചായ" ഇവരുടെ സംഭാവനയാണ്.

ഏകദേശം 2880 കി.മി നീളമുള്ള ചൈനാ വൻമതിൽ പുരാതനലോകമഹാത്ഭുതങ്ങളിൽ ഒന്നാണ്. ഇതു നിർമ്മിച്ചത് ചൈനയിലെ രാജാവായ ഷി-ഹ്വാങ്-ടിയാണ്.

ചൈനയിലെ പണ്ഡിതന്മാർ വാനശാസ്ത്രത്തിന് മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്.

### ഗ്രീക്കു നാഗരികത

ബാൾക്കൻ ഉപദ്വീപിൽ സ്ഥിതി ചെയ്തിരുന്ന ഒരു രാജ്യമാണ് ഗ്രീസ്.

ഇത് മദ്ധ്യധരണി കടലിനാൽ ചുറ്റപ്പെട്ടിരിക്കുന്നു.

സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവർ പ്രധാനതത്വചിന്തകന്മാരായിരുന്നു.

ഇലിയഡ്, ഒഡീസി, എന്നിവ പ്രശസ്തമായ ഇതിഹാസങ്ങളാണ്.

ഗ്രീക്കുകാർ ഇതിഹാസം, നാടകം, കവിത, ചരിത്രം എന്നിവയിൽ പ്രഗത്ഭരായിരുന്നു.

ഹോമർ, ഹെറഡോട്ടസ്, എന്നിവർ പ്രധാനപ്പെട്ട വ്യക്തികളാണ്.

ശാസ്ത്രവും, തത്വചിന്തയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളായി കരുതിയിരുന്നു.

ഹിപ്പോക്രാറ്റസ് ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായിരുന്നു.

ഏഥിന ദേവതയ്ക്കായി നിർമ്മിക്കപ്പെട്ട ക്ഷേത്രം പ്രസിദ്ധമാണ്.

മീറോൻ, ഫീഡിയാസ് എന്നിവർ ശില്പികളാണ്.

ഹിപ്പോക്രേറ്റസിനെ ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവെന്നറിയപ്പെടുന്നു.

അവരുടെ വാസ്തുശില്പ കലയ്ക്ക് ഉദാഹരണമാണ് പാർത്ഥിനൻ എന്ന സ്ഥലത്ത് നിർമ്മിച്ച ക്ഷേത്രം.

പുരാതനഗ്രീസിലെ പ്രശസ്ത ശില്പികളായിരുന്നു മിറോൻ, ഫിഡിയാസ് എന്നിവർ.

### റോമൻ നാഗരികത

പുരാതന റോമൻ നാഗരികതയുടെ കേന്ദ്രമായിരുന്നു ഇറ്റലി.

പോ, ടൈബർ എന്നീ നദികൾ ഇറ്റലിയുടെ മദ്ധ്യത്തിലൂടെ ഒഴുകുന്നു.

ജനാധിപത്യ സമ്പ്രദായം റോമാക്കാരുടെ സംഭാവനയാണ്.

ജൂപീറ്റർ, മാർസ്, ജൂനോ, മെർക്കുറി എന്നീ ദൈവങ്ങളെ ആരാധിച്ചിരുന്നു.

ജീനസ് എന്ന ദൈവത്തിൽ വിശ്വസിച്ചിരുന്നു.

റോമാക്കാർ അവരുടെ അക്ഷരങ്ങളെ സ്വന്തമായി വികസിപ്പിച്ചെടുത്തു. ലാറ്റിൻ ആണ് അവരുടെ ഭാഷ.

പ്രശസ്ത റോമൻ തത്വചിന്തകന്മാരായിരുന്നു സിസറോ, മാർക്കസ്, അറേലിയസ് തുടങ്ങിയവർ.

ഹൊറേസ്, വെർജിൽ എന്നിവർ പ്രശസ്ത കവികളായിരുന്നു.

കമാനം (വളഞ്ഞ വാതിൽ), കുംഭഗോപുരം എന്നിവ കെട്ടിടനിർമ്മാണ കലയിൽ റോമാക്കാരുടെ സംഭാവനകളാണ്.

റോമാക്കാർ പാവങ്ങൾക്ക് മരുന്നുകൾ സൗജന്യമായി കൊടുക്കുകയും വൈദ്യശാസ്ത്രത്തെ പുരോഗമിപ്പിക്കുകയും ചെയ്തിരുന്നു.

റോമാക്കാരുടെ മറ്റൊരു സംഭാവനയാണ് അവരുടെ കലണ്ടർ.

## അഭ്യാസം

### അ. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. വൈദ്യശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന വ്യക്തി?
   അ) അലക്സാണ്ടർ   ആ) ഹിപ്പോക്രാറ്റസ്
   ഇ) അരിസ്റ്റോട്ടിൽ   ഈ) ഗലീലിയോ

2. ഈജിപ്ഷ്യൻ ചക്രവർത്തിമാർ ________ എന്ന പേരിൽ അറിയപ്പെട്ടു
   അ) രാജാവ്   ആ) ഫറോ   ഇ) ഗുരു   ഈ) മന്ത്രി

3. സുമേരിയൻ കലണ്ടർ ഒരു ആഴ്ചയിൽ ________ ദിവസങ്ങൾ എന്ന അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടതാണ്.
   അ) അഞ്ച്   ആ)ഏഴ്   ഇ) പത്ത്   ഈ) ഒൻപത്

4. വെടിമരുന്ന് കണ്ടു പിടിച്ചത് ഏതു രാജ്യക്കാരാണ്.
   അ) ഈജിപ്തുകാർ   ആ) ബാബിലോണിയക്കാർ
   ഇ) ചൈനാക്കാർ   ഈ) ഇന്ത്യാക്കാർ

5. .................................. നദീതടത്തിൽ ഈജിപ്ഷ്യൻ നാഗരീകത വളർന്നു
   അ) നൈൽ   ആ) യൂപ്രട്ടീസ്   ഇ)മഞ്ഞനദി   ഈ) സിന്ധു

### ആ. യോജിപ്പിക്കുക

| | | |
|---|---|---|
| 1. പിരമിഡുകൾ | - | മലമ്പ്രദേശം |
| 2. വൻമതിൽ | - | ബാബിലോൺ |
| 3. തൂങ്ങുന്ന പൂന്തോട്ടം | - | റോമിലേയ്ക്ക് |
| | - | ചൈന |
| 4. എല്ലാം റോഡുകളും | - | ഈജിപ്ത് |
| 5. ഗ്രീസ്സ് | - | നൈൽ |
| | - | യൂപ്രട്ടീസ് |

### ഇ.താഴെ കൊടുത്തിട്ടുള്ള ശീർഷകങ്ങൾക്കു കീഴിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

1. ഈജിപ്ഷ്യൻ നാഗരീകത
   അ. പ്രസിദ്ധിയാർജ്ജിച്ച ഗിസേ പിരമിഡ് നിർമ്മിച്ചതാര്?
   ആ. ഈജിപ്ഷ്യൻ ചക്രവർത്തിമാർ എപ്രകാരം അറിയപ്പെട്ടു?
   ഇ. ഈജിപ്തുകാർ എപ്രകാരമാണ് ശവശരീരങ്ങളെ സംരക്ഷിച്ചി രുന്നത്?
   ഈ. പിരമിഡ് എന്നാൽ എന്ത് ?

2. ചൈനാ നാഗരീകത

അ. ചൈനയുടെ ദുഃഖം എന്നറിയപ്പെടുന്ന നദി ഏത്?

ആ. ചൈനയുടെ പ്രസിദ്ധനായ തത്വചിന്തകനാര്?

ഇ. ചൈനാക്കാരുടെ പ്രസിദ്ധമായ പാനീയം ഏത്?

ഈ. ചൈനാ വൻമതിൽ നിർമ്മിച്ചത് ആരാണ്?

**ഈ. ചുരുക്കി ഉത്തരം എഴുതുക**

1. ഈജിപ്ഷ്യൻ സമൂഹം എപ്രകാരം വിഭജിക്കപ്പെട്ടിരുന്നു?
2. തൂങ്ങുന്ന പൂന്തോട്ടത്തെക്കുറിച്ചെഴുതുക.
3. ഗ്രീക്കുകാരുടെ മഹത്തായ രണ്ട് ഇതിഹാസങ്ങളുടെ പേരെഴുതുക.
4. ചൈനക്കാർ ലോകത്തിന് നൽകിയ സംഭാവനകളിൽ രണ്ടെണ്ണം എഴുതുക.

**ഉ. വിശദമായി ഉത്തരം എഴുതുക.**

1. ആധുനിക ലോകത്തിന് ചൈനക്കാർ നൽകിയ സംഭാവനകളെക്കുറിച്ച് വിവരിക്കുക.
2. ലോകനാഗരികതയ്ക്ക് റോമക്കാർ നൽകിയ സംഭാവനകളെക്കുറിച്ച് വിശദമാക്കുക.

**ഊ. പ്രായോഗികാഭ്യാസം**

1. ലോകഭൂപടത്തിൽ താഴെ കൊടുത്തിട്ടുള്ള സ്ഥലങ്ങളെ അടയാളപ്പെടുത്തുക.

   ഈജിപ്ത്, ചൈന, ബാബിലോൺ, അസീറിയ, ഗ്രീസ്, റോം

2. മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിയെ സംബന്ധിക്കുന്ന വാർത്തകളേയും ചിത്രങ്ങളേയും ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

1. ലോകാദ്ഭുതങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് അവയ്ക്കൊരു ചെറുകുറിപ്പെഴുതി നോട്ടുബുക്കിൽ പതിക്കുക.
2. പുരാതന നാഗരീകതക ളിലെ ജനങ്ങൾ ഉപയോഗച്ചിരുന്ന ലിപി മാതൃകകൾ ശേഖരിച്ച് നോട്ടുബുക്കിൽ പതിക്കുക.
3. പുരാതന മനുഷ്യരുടേയും ആധുനിക മനുഷ്യരുടേയും ജീവിതരീതികളിലുള്ള വ്യത്യാസത്തെ ചർച്ച ചെയ്യുക.
4. ഒളിമ്പിക് മത്സരങ്ങളുടെ ചരിത്രത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. അവയുടെ രൂപീകരണത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. അവയുടെ രൂപീകരണത്തെ ചാർട്ടിൽ രേഖപ്പെടുത്തുക. പുരാതന ഒളിമ്പിക്സിന്റേയും ആധുനിക ഒളിമ്പിക്സിന്റെ വ്യത്യാസങ്ങളും സാദൃശ്യങ്ങളും ചിത്രീകരിക്കുക.
5. പുരാതന നാഗരീകതകളുടെ സവിശേഷതകളെക്കുറിച്ച് ഒരു ക്വിസ് മത്സരം നടത്തുക.


## 2. ക്രി.മു 6-ാം നൂറ്റാണ്ടിലെ യുക്തിചിന്ത പ്രസ്ഥാനങ്ങൾ

### കൺഫ്യൂഷ്യസ്, സൊറാസ്റ്റർ, മഹാവീരൻ, ബുദ്ധൻ തുടങ്ങിയവർ

ക്രി.മു ആറാം നൂറ്റാണ്ട് ലോകത്തിന്റെ പല പ്രദേശങ്ങളിലും യുക്തി ചിന്തയുടെ ഉണർവിന് സാക്ഷ്യം വഹിച്ചു. ലോകത്തിലുടനീളമുള്ള പരിഷ്ക്കർത്താക്കൾ അന്നത്തെ സമൂഹത്തിൽ നിലവിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങൾക്കും മറ്റു സമ്പ്രദായങ്ങൾക്കുമെതിരെ ശബ്ദമുയർത്തുകയും അവയെ യുക്തിയടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കുന്നതിന് ശ്രമം നടത്തുകയും ചെയ്തു. സൊറാസ്റ്റർ പേർഷ്യൻ മതത്തിൽ നിലവിലിരുന്ന അന്ധവിശ്വാസങ്ങളെ എതിർത്ത് പരിവർത്തനം ഏർപ്പെടുത്തുന്നതിന് ശ്രമിച്ചു. കൺഫ്യൂഷ്യസിന്റെ തത്വങ്ങൾ ജനങ്ങളുടെ ജീവിതത്തിലെ കർത്തവ്യങ്ങളുടെ ഉന്നതലക്ഷ്യങ്ങൾ ഉൾക്കൊണ്ടിരുന്നതിനാൽ ചൈനയിലെ ജനങ്ങൾ അതിനെ സഹർഷം സ്വാഗതം ചെയ്തു. ഇന്ത്യയിലെ ജനങ്ങൾ പഴയതത്വചിന്ത, മതം, സമൂഹം എന്നിവയെ വെറുക്കുകയും പുതിയ മാറ്റങ്ങൾക്കു വേണ്ടി ആഗ്രഹിക്കുകയും ചെയ്ത ഒരു കാലഘട്ടമായിരുന്നു അത്. അപ്പോൾ ആവിർഭവിച്ച പുതിയ തത്വങ്ങൾ നിലവിലിരുന്ന സ്ഥാപനങ്ങൾക്കെതിരും ജാതിസമ്പ്രദായത്തെ എതിർക്കുന്ന നിലപാടും കൈക്കൊണ്ടിരുന്നു. ഇതിന്റെ പരമപ്രധാനമായ ലക്ഷ്യം ആത്മീയ പരമമായ ഉണർവ് മാത്രമല്ല മറിച്ച് ഭൗതികാടിസ്ഥാനത്തിലുള്ളവയും ആയിരുന്നു. കാലക്രമേണ സാമൂഹ്യ-യുക്തിപരമായ പ്രസ്ഥാനങ്ങൾ മതപരമായ രൂപത്തിലായി. (ഉദാ: ജൈനമതം, സൊറാസ്റ്റർ മതം, ബുദ്ധമതം തുടങ്ങിയവ) പുതിയ പ്രസ്ഥാനങ്ങളുടെ പ്രയോക്താക്കളും യുക്തിചിന്താവാദികളും, ജീവിതത്തിൽ ത്യാഗം യുക്തിദർശനം, എന്നീ തത്വങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. ഇൻഡ്യയിൽ ശ്രമണർ എന്ന പേരിൽ അറിയപ്പെട്ട സഞ്ചാരഭിക്ഷുക്കൾ വേദങ്ങളുടെയും വേദകാല പുരോഹിതന്മാരുടേയും അധികാരത്തെ തള്ളിക്കളയുകയും വേദമതത്തിൽ നിലവിലിരുന്ന ബലികർമ്മങ്ങളേയും ആചാരാനുഷ്ഠാനങ്ങളെ വെറുക്കുകയും ചെയ്തു. ബ്രാഹ്മണരുടെ പൂജാദികർമ്മങ്ങളേയും ദൈവത്തെ കേന്ദ്രമാക്കിക്കൊണ്ടുള്ള തത്വചിന്തകളേയും നിയമങ്ങളേയും അവർ തിരസ്കരിച്ചു.

### കൺഫ്യൂഷ്യനിസം (കൺഫ്യൂഷ്യമതം)

പുരാതന ചൈനയിലെ മതം ആത്മാക്കളേയും പൂർവ്വികരേയും ആരാധിക്കുന്ന രീതിയിലുള്ളതായിരുന്നു. എന്നാൽ കാലക്രമേണ ഒരു വലിയ ദൈവം അഥവാ സ്വർഗ്ഗാത്മാവിനേയോ രാജാവിനേയോ ആരാധിക്കുന്ന ഏകദൈവ വിശ്വാസമായി രൂപം പ്രാപിച്ചു. സ്വർഗ്ഗത്തെ പ്രധാനപരമാത്മാവായും, രാജാവിന്റെ പൂർവ്വികനാണെന്നും, പൂർവ്വിക ആത്മാക്കളുടെ നേതാവാണെന്നും കരുതിയിരുന്നു. സ്വർഗ്ഗത്തെ ഒരു പ്രത്യേക സ്ഥലമായി അവർ കരുതിയില്ല.



കൺഫ്യൂഷ്യസ്

കൺഫ്യൂഷ്യസ് ഒരു മതസ്ഥാപകനോ മതപരിഷ്ക്കർത്താവോ അല്ല. അദ്ദേഹം ഒരു സ്രഷ്ടാവല്ല. അദ്ദേഹത്തിന്റെ സ്വന്തം വാക്കുകളിൽ താൻ ഒരു നിർമ്മാതാവല്ലെന്നും മറിച്ച് ഒരു പരിവർത്തകനും, പൂർവ്വികരെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ആളാണെന്നും പൂർവ്വികരുടെ സൃഷ്ടികളെ പിൻതലമുറയ്ക്ക് കൊണ്ടു ചെല്ലുന്ന ആളാണെന്നും അഭിപ്രായപ്പെട്ടു. ബുദ്ധനെപ്പോലെ ആരം

ഭത്തിൽ അദ്ദേഹം ആഡംബരജീവിതം നയിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ഊർജ്ജസ്വലമായ മനസ്സ് നിശ്ചലമായിരിക്കാൻ അനുവദിച്ചില്ല. സോക്രട്ടീസിനെപ്പോലെ കൺഫ്യൂഷ്യസും ഒരു വലിയ ഗുരുവായിരുന്നു. അദ്ദേഹം സ്വന്തമായി ഒരു വിദ്യാലയം ആരംഭിച്ചു. അതിൽ അദ്ദേഹം ചരിത്രം, കവിത, സദാചാരം എന്നിവയെ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം സ്വഭാവമെന്നത് കടമ എന്ന പ്രവർത്തനത്താലും നിർദ്ദിഷ്ട ചടങ്ങുകളാലും അനുശാസനം എന്ന നിയമത്താലും വിട്ടുവീഴ്ചാമനോഭാവത്താലും രൂപീകൃതമാകുന്നു.

കൺഫ്യൂഷ്യസ് ദൈവത്തെക്കുറിച്ചും, മതാചാരങ്ങളെക്കുറിച്ചും വളരെ കുറച്ചു മാത്രമേ പറഞ്ഞിട്ടുള്ളൂ. എന്നാൽ അച്ചടക്കമുള്ള സമൂഹത്തെക്കുറിച്ചും ശക്തമായ സാമൂഹ്യ ബന്ധങ്ങളെക്കുറിച്ചും വളരെയേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. സത്യവും സദാചാരവും അനുശാസിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. പിതാവ്, അദ്ധ്യാപകൻ, ഭർത്താവ്, രാജാവ് എന്നീ ഉയർന്ന നിലയിലിരിക്കുന്നവർക്ക് അവരുടെ ആശ്രിതരെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വമുണ്ട്. അവർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ പരാജയപ്പെട്ടാൽ വിപ്ലവം അനിവാര്യമായിത്തീരുന്നു എന്ന് കൺഫ്യൂഷ്യസ് അഭിപ്രായപ്പെട്ടു. അതിനാൽ അദ്ദേഹം എല്ലാവർക്കും നല്ലതും അച്ചടക്കത്തോടു കൂടിയതുമായ ഒരു സാമൂഹ്യ ക്രമം രൂപീകരിക്കുന്നതിന് പ്രോത്സാഹിപ്പിച്ചു. കൺഫ്യൂഷ്യസിന്റെ തത്വങ്ങൾ ചൈനയിലെ ജനങ്ങളിലുണ്ടാക്കിയ സ്വാധീനം പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല. എല്ലാ ചൈനാ പണ്ഡിതന്മാരും കൺഫ്യൂഷ്യസിന്റെ ശിഷ്യരാകുന്നതിൽ അഭിമാനം കൊണ്ടു. ഏകദേശം 2000 വർഷങ്ങളായി കൺഫ്യൂഷ്യസിന്റെ തത്വങ്ങൾ ചൈനാക്കാരുടെ മനസ്സിനെ കീഴടക്കുകയും സ്വാധീനിക്കുകയും ചെയ്തു വരുന്നു. നാഗരികതയുടെ ചരിത്രത്തിൽ കൺഫ്യൂഷ്യനിസം, ക്രിസ്തുമതം ബുദ്ധമതം തുടങ്ങിയവ മനുഷ്യന്റെ സ്വാഭാവികമായ ക്രൂരമനോഭാവത്തെ അകറ്റുന്നതിനുള്ള ബോധപൂർവ്വമായ പ്രയത്നങ്ങളായി നിലകൊണ്ടിരുന്നു.

## സൊറാഷ്ട്ര മതം

പേർഷ്യാക്കാരുടെ മനസ്സിൽ യുക്തിചിന്ത വളർത്തിയ ആളാണ് സൊറാഷ്ട്രർ. ഇദ്ദേഹത്തിന്റെ മതത്തിന്റെ ആവിർഭാവത്തിനുമുമ്പ് പേർഷ്യക്കാരുടെ വിശ്വാസങ്ങളും ആചാരങ്ങളും ആദ്യവേദകാല ആര്യന്മാരുടേതിന് സമാനമാണ്. അക്കാലത്ത് പേർഷ്യാക്കാർ പല ദൈവങ്ങളെയും ആരാധിക്കുന്ന ഒരു രീതി പിൻതുടർന്നിരുന്നു.



സൊറാഷ്ട്രർ

ദൈവങ്ങളുടെ പ്രതീകങ്ങളായ **മിത്രൻ, വരുണൻ, സൂര്യൻ** എന്നീ പ്രകൃതി ശക്തികളെ ആരാധിച്ചിരുന്നു. ദൈവങ്ങളെ പ്രീതിപ്പെടുത്തുന്നതിനായി ബലികർമ്മങ്ങളും ആചാരങ്ങളും അനുഷ്ഠിച്ചിരുന്നു. മതപുരോഹിതന്മാർ പൂജാദികർമ്മങ്ങളുടെ പേരിൽ ജനങ്ങളെ ചൂഷണം ചെയ്തിരുന്നു. ബഹു ദൈവവിശ്വാസം,അന്ധവിശ്വാസങ്ങൾ, എന്നിവ സാമൂഹികഐക്യം, യുക്തി ചിന്ത,സന്മാർഗ്ഗിക ജീവിതം എന്നിവയ്ക്ക് ഒരു തടസ്സമായിരുന്നു. അത്യാഗ്രഹം സ്വാർത്ഥത എന്നിവ പേർഷ്യൻ സമൂഹത്തെ നശിപ്പിച്ചു. അതിനെ അധഃപതനത്തിൽ നിന്നും രക്ഷിക്കുന്നതിനായി നല്ല ഒരു ചിന്തയുടെ അടിസ്ഥാനം അനിവാര്യമായി വന്നു. ഈ സന്ദർഭത്തിലാണ് സൊറാഷ്ട്രർ പേർഷ്യയിൽ പ്രത്യക്ഷപ്പെടുന്നത്. അദ്ദേഹം പേർഷ്യയിൽ ഒരു നല്ല സാമൂഹ്യ മതപരമായ ക്രമീകരണം ഏർപ്പെടുത്തുന്നതിനായി **സൊറാഷ്ട്രമതം** സ്ഥാപിച്ചു.

സൊറാഷ്ട്രമത സ്ഥാപകനായ സൊറാഷ്ട്രർ ക്രി.മു 600 ൽ വടക്കു പടിഞ്ഞാറൻ ഇറാനിൽ ജനിച്ചു. അക്കാലത്ത് പേർഷ്യയിൽ നിലവിലിരുന്ന അന്ധവിശ്വാസങ്ങൾ, അപരിഷ്കൃതവും ക്രൂരവുമായ മതവിശ്വാസങ്ങൾ , ബഹുദൈവവിശ്വാസം, അസന്മാർഗ്ഗിക ജീവിതം എന്നിവയെ അദ്ദേഹം വെറുത്തു. തന്റെ ജനങ്ങൾക്ക് നന്മയും തിന്മയും ശരിയും തെറ്റും സ്വാർത്ഥമോഹവും സാമൂഹ്യ ആവശ്യങ്ങളും വിശ്വാസവും അന്ധവിശ്വാസങ്ങളും തമ്മിൽ തിരിച്ചറിയാൻ സാധിക്കാതെ പോയതിൽ വളരെയേറെ ദുഃഖിച്ചു. സമൂഹത്തിലെ ഈ അവസ്ഥയെ മാറ്റുന്നതിനുള്ള പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി അദ്ദേഹം ജനങ്ങളുടെ ബഹുദൈവ വിശ്വാസത്തെ ഉപേക്ഷിച്ചിട്ട് നന്മയുടേയും സന്മാർഗ്ഗത്തിന്റെയും പ്രതിനിധിയായ അഹൂറമസ്ദാ എന്ന ഏക ദൈവത്തിൽ വിശ്വസിക്കാൻ ആഹ്വാനം ചെയ്തു. അഹൂറമസ്ദയെ സൂര്യൻ, അഗ്നി, പ്രകാശം എന്നിവയുടെ പ്രതീകമായി കരുതി. നന്മയുടെ ഈ ദൈവം അറിവില്ലായ്മ, സ്വാർത്ഥത മറ്റു തിന്മകളുടെ പ്രതീകമായ ശക്തികൾക്കെതിരെ നിരന്തരം പോരാടിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം വിശ്വസിച്ചു. സൊറാഷ്ട്ര മതത്തിന്റെ കേന്ദ്ര ആശയം (പ്രധാനവിഷയം)നന്മയും തിന്മയും തമ്മിലുള്ള പോരാട്ടമാണ്.



അഹൂറാ മസ്ദാ

ഈ പോരാട്ടം മനുഷ്യർക്കിടയിൽ മാത്രമല്ല എല്ലാ പ്രകൃതി ശക്തികളിലും കണ്ടുവരുന്നു. മോക്ഷവും അനശ്വരതയും പ്രാപിക്കുന്നതിന് ജനങ്ങൾ തിന്മയെ ബഹിഷ്ക്കരിച്ച് നന്മയോടൊപ്പം നിൽക്കണമെന്ന് സൊറാഷ്ട്രർ ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ നന്മതിന്മ വിശ്വാസം പേർഷ്യൻ സമൂഹത്തിലെ സാന്മാർഗ്ഗികത്വത്തെ ശക്തിപ്പെടുത്തി. ഏകദൈവവിശ്വാസം പേർഷ്യാക്കാരുടെയിടയിൽ സാമൂഹ്യ ഐക്യമുണ്ടാകുന്നതിനും കാരണമായി. സൊറാഷ്ട്ര മതത്തിലെ അഹുറാ മസ്ദാ വിശ്വാസം ചെലവേറിയ ആചാരാനുഷ്ഠാനങ്ങളോടു കൂടിയതല്ല.

സൊറാഷ്ട്രറുടെ അഹൂറ മസ്ദാ ആരാധനകൾ ചെലവേറിയ ചടങ്ങുകളോടു കൂടിയവയായിരുന്നില്ല. അവ വീടുകളിൽ അഗ്നിയുടെ രൂപത്തിൽ പ്രാവർത്തികമാക്കിയിരുന്നു. അവരുടെ അഭിപ്രായത്തിൽ ശരീരം നന്മതിന്മകളുടെ പ്രവർത്തന കേന്ദ്രം മാത്രമാണ്.അതിനാൽ ശവശരീരത്തെ ബഹുമാനിക്കുകയോ നശിക്കാതെ സൂക്ഷിച്ചു വയ്ക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. അതു കൊണ്ട് പാർസികൾ ശവശരീരങ്ങളെ മറവു ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നതിനുപകരം പ്രകൃത്യാൽ നശിച്ചു പോവുകയോ പക്ഷിമൃഗാദികൾക്ക് ഭക്ഷണമാവുകയോ ചെയ്യത്തക്കവിധത്തിൽ പ്രകൃതിയിൽ ഉപേക്ഷിച്ചു പോന്നു. ഈ രീതി മരണത്തിൽ അവർക്ക് അന്ധവിശ്വാസങ്ങളോടുള്ള വെറുപ്പിനെ കാണിക്കുന്നു. മാത്രമല്ല ഈ രീതി ഈജിപ്തിലെ ആചാരമായ ശവശരീരങ്ങളെ സൂക്ഷിച്ച് വയ്ക്കുന്നരീതി (മമ്മികൾ)ക്ക് വിപരീതവുമാണ്. സൊറാഷ്ട്രറുടെ തത്വങ്ങളടങ്ങുന്ന ഗ്രന്ഥമാണ് സെൻഡ് അവസ്ഥ. ഇതിനെ പാർസികളുടെ പുണ്യഗ്രന്ഥമായി കരുതുന്നു.

സൊറാഷ്ട്രമതം പേർഷ്യയിൽ ഏർപ്പെടുത്തിയ സാമൂഹ്യ ഐക്യം സാമ്പത്തിക രാഷ്ട്രീയ വളർച്ചയ്ക്ക് കാരണമായി. വളരെ പെട്ടെന്നു തന്നെ പേർഷ്യയിൽ രാഷ്ട്രീയ നാഗരികതയും ശക്തമായ ഒരു സാമ്രാജ്യവും ഏർപ്പെടുത്തപ്പെട്ടു. അവരുടെ അകേമിനിയൻ സാമ്രാജ്യം മദ്ധ്യകിഴക്കൻ രാജ്യങ്ങളിലെ ഏറ്റവും വലിയ സാമ്രാജ്യമായി വികസിച്ചു.

കാലക്രമേണ അന്ധവിശ്വാസപരമായ പൂജാവിധികളും ആചാരങ്ങളും സൊറാഷ്ട്രമതത്തിൽ കടന്നുകൂടി. എങ്കിലും സൊറാഷ്ട്രമത തത്വങ്ങളായ ഏകദൈവ വിശ്വാസം, നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം, മോക്ഷപ്രാപ്തിക്കു വേണ്ടി മനുഷ്യൻ നന്മയോടു ചേർന്നു നിൽക്കുന്ന രീതി എന്നിവ ജൂതമതം, ക്രിസ്തുമതം ഇ

സ്ലാംമതം തുടങ്ങിയവയിലൂടെ മതസിദ്ധാന്തങ്ങളുടേയും തത്വചിന്തകളുടേയും മേൽ ആധിപത്യം സ്ഥാപിച്ചു.

## ജൈനമതം

ക്രി.മു 6-ാം നൂററാണ്ടിൽ ജൈനമതവും ബുദ്ധമതവും കാലത്തിനുയോജ്യമായ, പലമാറ്റങ്ങൾ കൊണ്ട് വരികയും അക്കാലത്തെ ജനങ്ങളുടെ ആവശ്യങ്ങളെ പൂർത്തീകരിക്കുകയും ചെയ്തു. അവർ ജീവിതത്തിന്റെ യഥാർത്ഥ സ്ഥിതിയെ മനസ്സിലാക്കി. അവരുടെ കർമ്മസിദ്ധാന്തം, ജനങ്ങളുടെ വിധി നിശ്ചയിക്കുന്നത് പ്രകൃതിശക്തികളാണെന്ന വിശ്വാസത്തെ അംഗീകരിച്ചില്ല. മറിച്ച് മനുഷ്യന്റെ പ്രവർത്തികളാണ് (കർമ്മം) അവന്റെ വിധിയേയും ഭാവിജീവിതത്തേയും നിശ്ചയിക്കുന്നതെന്ന് അഭിപ്രായപ്പെട്ടു. അതിനാൽ മോക്ഷപ്രാപ്തിക്കായി മനുഷ്യൻ മതപരമായ ആചാരാനുഷ്ഠാനങ്ങളെക്കാൾ സന്മാർഗ്ഗിക ജീവിതം നയിക്കണമെന്നും ഉത്ബോധിപ്പിച്ചു. ജൈനമതം ഋഗ്വേദത്തിന്റെ അതേ പഴക്കമുള്ളതാണ്. ഇത് അക്കാലത്ത് നിലവിലിരുന്ന ബ്രാഹ്മണ മേധാവിത്വത്തിന് (വേദമതം) എതിരായിരുന്നു. ഈ പുതിയ സമ്പ്രദായം മതത്തെ കൂടുതൽ ലളിതമാക്കുകയും അനാവശ്യമായ ആചാരാനുഷ്ഠാനങ്ങളെ ഒഴിവാക്കുകയും ചെയ്തു. ഇതൊരു പുതിയ സാമൂഹ്യ മതപരമായ ആചാരത്തെ കൊണ്ടുവന്നു.

ജൈനമതക്കാർ അവരുടെ മതസിദ്ധാന്തങ്ങൾ വ്യത്യസ്ത കാലങ്ങളിൽ ജീവിച്ചിരുന്ന 24 പ്രവാചകന്മാർ മുഖേന രൂപീകൃതമായതെന്നു കരുതുന്നു. ഈ പ്രവാചകർ തീർത്ഥങ്കരൻമാർ എന്ന് വിളിക്ക പ്പെട്ടു. ആദ്യത്തെ തീർത്ഥങ്കരനാണ് ഋഷഭദേവൻ. എങ്കിലും 23-ാമത്തേയും 24-ാ മത്തേയും തീർത്ഥങ്കരന്മാരാണ് ചരിത്രനായകന്മാരായി അറിയപ്പെടുന്നത്.

23-ാമത്തെ തീർത്ഥങ്കരനായ പാർശവനാഥ് ഒരു രാജകുമാരനായിരുന്നു. ഇദ്ദേഹം മഹാവീരന്റെ കാലത്തിനും 250 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്നു. ഇദ്ദേഹം സന്യാസിയായതിനു ശേഷം ശിഷ്യന്മാർക്ക് നാലു തത്വങ്ങളെ ഉത്ബോധിപ്പിച്ചു. അവ

1. ജീവനുള്ളവയെ ഉപദ്രവിക്കാതിരിക്കുക (അഹിംസ)
2. അസത്യം പറയാതിരിക്കുക
3. മോഷ്ടിക്കാതിരിക്കുക.
4. സമ്പത്ത് ഉപേക്ഷിക്കുക

24-ാമത്തെ തീർത്ഥങ്കരനായ വർദ്ധമാനൻ ക്രി.മു 599-ൽ വൈശാലിക്കടുത്തുള്ള കുന്ദഗ്രാമത്തിലെ രാജകുടുംബത്തിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് സിദ്ധാർത്ഥനും മാതാവ് ത്രിശലയുമാകുന്നു. വർദ്ധമാനൻ യശോധയെ വിവാഹം കഴിക്കുകയും അവർക്ക് ഒരു പെൺകുഞ്ഞ് ജനിക്കുകയും ചെയ്തു. മാതാപിതാക്കളുടെ മരണശേഷം ലൗകിക ജീവിതം ഉപേക്ഷിച്ച് സന്യാസജീവിതം സ്വീകരിച്ചു. സത്യാന്വേഷകനായി 12 വർഷങ്ങൾ അലഞ്ഞു തിരിഞ്ഞു. അവസാനം 42-ാമത്തെ വയസ്സിൽ ജ്ഞാനോദയം (കേവലജ്ഞാനം) ലഭിച്ചു.

അതിനു ശേഷം ഇദ്ദേഹം ജിനൻ (പഞ്ചേന്ദ്രിയങ്ങളെ ജയിച്ചവൻ) അഥവാ മഹാവീരൻ (മികച്ച വീരൻ) എന്നറിയ



മഹാവീരൻ

പ്പെട്ടു. പിന്നീട് ഏകദേശം 30 വർഷങ്ങളോളം തന്റെ തത്വങ്ങളെ ജനങ്ങൾക്കും രാജാക്കന്മാർക്കും ഉത്ബോധിപ്പിച്ചു. ഗംഗാസമതലത്തിലെ പ്രമുഖ രാജാക്കന്മാരായ **ബിംബിസാരൻ, അജാതശത്രു** എന്നിവരുടെ പ്രോത്സാഹനം ലഭിച്ചു. ഇദ്ദേഹം ഏർപ്പെടുത്തിയ ജൈനസംഘം ഈ തത്വങ്ങളെ പ്രചരിപ്പിക്കുന്നതിന് സഹായിച്ചു. ഇദ്ദേഹം രാജഗൃഹത്തിനടുത്തുള്ള പവ

പുരി എന്ന സ്ഥലത്തു വച്ച് തന്റെ 72-ാമത്തെ വയസ്സിൽ മരണമടഞ്ഞു.

### മഹാവീരന്റെ പ്രബോധനങ്ങൾ അഥവാ ജൈനമത തത്ത്വങ്ങൾ

ദൈവമുണ്ട് എന്ന വിശ്വാസത്തേയും വേദങ്ങളുടെ ആധിപത്യത്തേയും മഹാവീരൻ നിരസിച്ചു. ഭൗതിക വസ്തുക്കളും ആത്മാവും ഒരിക്കലും നശിക്കാത്ത ആദ്യ ഘടകങ്ങളാണെന്ന് വിശ്വസിച്ചു. ആത്മാവ് ഭൗതിക വസ്തുക്കളോട് ബന്ധം പുലർത്തുന്നതിനാൽ അശുദ്ധമായി ദുർബലമാകുകയും, അത് ജന്മ ചക്രത്തിൽനിന്നും മോചനം നേടുന്നതുവരെ പുനർജനിക്കുകയും ചെയ്യുന്നു. ഇദ്ദേഹം മൂന്ന് ആശയങ്ങളെ പ്രചരിപ്പിച്ചു. അവ **ത്രിരത്നങ്ങൾ** എന്ന യഥാർത്ഥ ജ്ഞാനം, യഥാർത്ഥ വിശ്വാസം, യഥാർത്ഥ പ്രവൃത്തി എന്നിവയാകുന്നു. അഹിംസാ സിദ്ധാന്തം അഥവാ ജീവനുള്ള യാതൊന്നിനേയും ഉപദ്രവിക്കരുത് എന്നതിൽ മഹാവീരന് ഉറച്ചവിശ്വാസം ഉണ്ടായിരുന്നു. ജൈനമതത്തിന്റെ പ്രധാന തത്വമായി അഹിംസ ശോഭിച്ചു. ജൈനമതക്കാർ ഒരു കഷണം തുണിയാൽ വായ മൂടിക്കെട്ടിയിരുന്നു. മരങ്ങൾക്കും പക്ഷികൾക്കും വേദനയോ മുറിവോ ഏൽക്കാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. ഈ തത്വങ്ങൾ യാഗ സമയത്ത് മൃഗബലി അർപ്പിക്കുന്നതിന് എതിരായിരുന്നു.

മഹാവീരന് ജാതി സമ്പ്രദായങ്ങളിൽ വിശ്വാസമില്ലായിരുന്നു. മനുഷ്യസമത്വത്തിനു വേണ്ടി ഉത്ബോധനം ചെയ്തു. എല്ലാ മനുഷ്യജീവികൾക്കും അവരുടെ ജന്മവ്യത്യാസമില്ലാതെ ജീവിത ചക്രത്തിൽ നിന്നും മോചനം നേടാൻ കഴിയുമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. അതായത് അഹിംസയിൽ അധിഷ്ഠിതമായ സന്യാസം നയിക്കുന്നവർക്ക് മരണപുനർജന്മങ്ങളിൽ നിന്നും മോചനം നേടാൻ കഴിയും. അദ്ദേഹം തന്റെ അനുയായികളോട് ജാതിയുടെയോ വർണ്ണത്തിന്റേയോ അടിസ്ഥാനത്തിൽ മനുഷ്യരോട് വിവേചനം പാടില്ലെന്ന് ഉപദേശിച്ചു.

### ജൈനമതം താഴെ പറയുന്ന തത്വങ്ങളെ പിൻതുടരാൻ ആവശ്യപ്പെട്ടു.

മോക്ഷം അഥവാ നിർവാണം എന്ന നിലയെ പ്രാപിക്കാൻ താഴെ കൊടുത്തിട്ടുള്ള 3 തത്വങ്ങൾ അഥവാ **ത്രിരത്നങ്ങൾ** പിൻതുടരേണ്ടതാണ്.

1. യഥാർത്ഥ വിശ്വാസം
2. യഥാർത്ഥ ജ്ഞാനം
3. യഥാർത്ഥ പ്രവൃത്തി. മഹാവീരന്റെ സാന്മാർഗ്ഗികതത്ത്വത്തിൽ 5 കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. അവ

1. ജീവനുള്ളവയെ ഉപദ്രവിക്കരുത്
2. അസത്യം പറയരുത്
3. മോഷ്ടിക്കരുത്
4. സമ്പത്ത് ഉപേക്ഷിക്കുക
5. പരിശുദ്ധമായ ജീവിതരീതി കൈക്കൊള്ളുക (ബ്രഹ്മചര്യം)

മഹാവീരന്റെ മരണശേഷം ജൈനമതം രണ്ടായി പിരിഞ്ഞു. മഹാവീരന്റെ യഥാർത്ഥ അനുയായികളെ ദിഗംബരന്മാർ (വസ്ത്രമുപേക്ഷിച്ചവർ) എന്നും പാർശവനാഥിന്റെ ലളിതമായ തത്വങ്ങൾ അനുസരിച്ച് വെളുത്ത വസ്ത്രം ധരിച്ചവരെ **ശ്വേതാംബരർ** എന്നുംഅറിയപ്പെട്ടു. ജൈനമതക്കാർ സാധാരണജനങ്ങളുടെ പ്രാദേശിക ഭാഷകളിൽ തങ്ങളുടെ തത്ത്വങ്ങളെ പ്രചരിപ്പിച്ചു. അതിനാൽ പ്രാദേശിക ഭാഷകളായ മഗധി, കന്നഡ എന്നിവ വികസനം പ്രാപിച്ചു. പ്രത്യേകിച്ച് ജൈനമതക്കാർ തമിഴിൽ, സംഘകാലത്തും അതിനുശേഷവും സാഹിത്യത്തിന് മികച്ച സംഭാവനകൾ നൽകി. സംഘകാലത്തിലെ ധാർമ്മിക സാഹിത്യങ്ങൾ ചിലപ്പതികാരം, അഞ്ചു ചെറിയ ഇതിഹാസങ്ങൾ, വ്യാകരണ ഗ്രന്ഥമായ യാപ്പെരുംകലം എന്നിവ ജൈനപണ്ഡിതന്മാരാൽ രചിക്കപ്പെട്ടവയാണ്.

ജൈനമതം ജനങ്ങളുടെ സാമൂഹ്യവും രാഷ്ട്രീയവും, മതപരവുമായ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തി. സാഹിത്യപരവും സാംസ്കാരികപരവുമായ വളർച്ചയ്ക്കും ജൈനമതം മുഖ്യപങ്ക് വഹിച്ചു. അംഗങ്ങൾ, ഉപഅംഗങ്ങൾ, കല്പശാസ്ത്രം എന്നിവ ജൈനന്മാ

രുടെ പ്രധാന സാഹിത്യകൃതികളാണ്.

ചന്ദ്രഗുപ്ത മൗര്യൻ, കലിംഗ രാജാവായ **ഖരവേലൻ** എന്നിവർ ജൈനമതം സ്വീകരിച്ചു. ഡക്കാണിലെ രാഷ്ട്രകൂടന്മാർ, കാഞ്ചിയിലെ പല്ലവ രാജാവായ **മഹേന്ദ്രവർമ്മൻ** എന്നിവർ ജൈനമതത്തെ പ്രോത്സാഹിപ്പിച്ചു.

ജൈനന്മാർ വളരെ മനോഹരങ്ങളായ ധാരാളം ക്ഷേത്രങ്ങൾ നിർമ്മിച്ചു. കാഞ്ചിപുരം, ചിത്തന്നവാസൽ, കഴുകുമല, ഗിർനാർ, മൗണ്ട് അബു എന്നിവിടങ്ങളിലെ ക്ഷേത്രങ്ങൾ പ്രധാനപ്പെട്ടവയാണ്.

## ബുദ്ധമതം

ബുദ്ധമതം സിദ്ധാർത്ഥനാൽ (ഗൗതമൻ) സ്ഥാപിക്കപ്പെട്ടു. പിതാവ് ശാക്യവംശത്തിൽപ്പെട്ട ശുദ്ധോധനനും മാതാവ് **മായാദേവി**യുമായിരുന്നു. ഇദ്ദേഹം നേപ്പാളിലെ **കപിലവസ്തു**വിനടുത്തുള്ള **ലുംബിനി** എന്ന സ്ഥലത്ത് ക്രി.മു 567ൽ ഭൂജാതനായി. സിദ്ധാർത്ഥൻ ചെറുപ്പത്തിൽ വളരെ ആഡംബരമായ ജീവിതമാണ് നയിച്ചിരുന്നത്. അദ്ദേഹം **യശോധരയെ** വിവാഹം കഴിക്കുകയും **രാഹുലൻ** എന്ന പുത്രൻ ജനിക്കുകയും ചെയ്തു. എങ്കിലും തന്റെ രാജകീയ സുഖങ്ങളിൽ അദ്ദേഹം സന്തോഷിച്ചില്ല. സമൂഹത്തിലെ ദുഃഖങ്ങളായ **വിശപ്പ്, രോഗം, വാർദ്ധക്യം, മരണം** എന്നിവ കണ്ട് അദ്ദേഹത്തിന്റെ മനസ്സലിഞ്ഞു.

മനുഷ്യജീവിതത്തിലെ ദുഃഖങ്ങൾ ഗൗതമനെ വല്ലാതെ വേദനിപ്പിച്ചു. മനുഷ്യവർഗ്ഗത്തിന്റെ ദുഃഖങ്ങൾക്ക് പരിഹാരം കാണാൻ തന്റെ 29-ാമത്തെ വയസ്സിൽ ഭാര്യ യശോധരയേയും പുത്രൻ രാഹുലനേയും ഉപേക്ഷിച്ച് സന്യാസ വേഷം ധരിച്ച് പല സ്ഥലങ്ങളിലും ചുറ്റി സഞ്ചരിച്ചു. ഈ സംഭവം മഹത്തായ സന്യാസം എന്നറിയപ്പെടുന്നു.

ഗൗതമൻ സന്യാസിയായി ജ്ഞാനികളോടും ബ്രാഹ്മണരുമായി ചർച്ചകൾ നടത്തി 6 വർഷക്കാലം ചെലവഴിച്ചു. അവരുടെ ആത്മീയ പ്രബോധനങ്ങൾ ഗൗതമനെ തൃപ്തനാക്കിയില്ല. ഒടുവിൽ അദ്ദേഹം എല്ലാം ഉപേക്ഷിച്ച് നിരഞ്ജന നദിക്കരയിലെ ഉർവലാ എന്ന ഗ്രാമത്തിലെ **ആൽമര (ബോധിവൃക്ഷം)** ത്തിന്റെ ചുവട്ടിൽ ധ്യാനനിരതനായിരുന്നു.

49 ദിവസത്തെ തുടർച്ചയായുള്ള ധ്യാനഫലമായിട്ട് അദ്ദേഹത്തിന് ഉന്നത ജ്ഞാനം (ജ്ഞാനോദയം) ഉണ്ടായി. അദ്ദേഹത്തിന് ജ്ഞാനോദയം ലഭിച്ച സ്ഥലം **ബുദ്ധഗയ** എന്നറിയപ്പെടുന്നു. അന്നുമുതൽ അദ്ദേഹം ബുദ്ധൻ (ബോധോദയം ലഭിച്ചവൻ) എന്നും അറിയപ്പെട്ടു. അതിനുശേഷം അദ്ദേഹം തന്റെ പ്രബോധനങ്ങളെ പ്രചരിപ്പിക്കുന്ന പ്രവൃത്തി തുടർന്നു. വാരണാസിക്കടുത്തുള്ള സാരനാഥിലെ മാൻ തോട്ടത്തിലാണ് അദ്ദേഹത്തിന്റെ ആദ്യപ്രബോധനമായ 'ധർമ്മചക്ര പ്രവർത്തന' (ചലിക്കുന്ന ധർമ്മചക്രം) ആരംഭിച്ചത്.



ബുദ്ധൻ

കപിലവസ്തു, മഗധ, കോസല എന്നീ രാജകുടുംബാംഗങ്ങൾ ബുദ്ധമതത്തിലേക്ക് ആകർഷിക്കപ്പെട്ടു. ക്രി.മു 487 ൽ അദ്ദേഹത്തിന്റെ 80-ാമത്തെ വയസ്സിൽ കുശിനഗരം എന്ന സ്ഥലത്ത് വെച്ച് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

## ബുദ്ധന്റെ പ്രബോധനങ്ങൾ

ദൈവം, സൃഷ്ടികർത്താവ് അല്ലെങ്കിൽ വിധികർത്താവ് എന്ന ആശയത്തെ അദ്ദേഹം സ്വീകരിച്ചില്ല. അദ്ദേഹം അനാത്മാവാദത്തെയും (ആത്മാവില്ലാത്ത) അനിത്യവാദത്തെയും (അനശ്വരമായി ഒന്നുമില്ല, എല്ലാം മാറ്റത്തിനു വിധേയമാണ്) പ്രചരിപ്പിച്ചു. വേദങ്ങൾ, യജ്ഞങ്ങൾ എന്നിവയുടെ പരിശുദ്ധിയേയും ആധിപ

ത്യത്തേയും അദ്ദേഹം നിരാകരിച്ചു. ജാതി സമ്പ്രദായത്തെ അദ്ദേഹം നിരസിച്ചു. മനുഷ്യർ തന്നെയാണ് അവന്റെ സ്വന്തം വിധിയെ നിർണ്ണയിക്കുന്നതെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

സാരനാഥിൽ ബുദ്ധൻ നടത്തിയ ആദ്യ പ്രബോധനത്തിൽ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ ഉൾക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ വളരെ ലളിതവും സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന പ്രാദേശിക ഭാഷ (പാലി)യിലുമായിരുന്നു. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ സംസ്കൃതത്തിലല്ല. പ്രബോധനങ്ങളുടെ സാരാംശം 4 സത്യങ്ങളും അഷ്ടമാർഗ്ഗങ്ങളും ഉൾക്കൊണ്ടതാണ്.

### 4 മഹത്തായ സത്യങ്ങൾ

1. ലോകം ദുഃഖം നിറഞ്ഞതാണ്
2. എല്ലാ ദുഃഖങ്ങൾക്കും ഒരു കാരണമുണ്ട്. ആശ, അജ്ഞത, സ്നേഹം എന്നിവയാണ് ദുഃഖത്തിന് കാരണങ്ങൾ.
3. ആശയെ ഇല്ലാതാക്കിയാൽ ദുഃഖങ്ങളെ ഒഴിവാക്കാം. അതായത് ആഗ്രഹത്തെ ഉപേക്ഷിക്കുക.
4. ദുഃഖങ്ങളെ അകറ്റുവാൻ, ശരിയായ മാർഗ്ഗങ്ങൾ പിന്തുടരണം.

അവയെ അഷ്ടമാർഗ്ഗങ്ങൾ (അഷ്ടാംഗിക മാർഗ്ഗങ്ങൾ) എന്നു പറയുന്നു. അവ മോക്ഷത്തിലേയ്ക്ക് നയിക്കുന്ന ആചാരങ്ങളേയും ആത്മത്യാഗം എന്നുപറയുന്ന തപസ്സിനേയും ഉപേക്ഷിക്കുന്നതിനാൽ അതിനെ മധ്യമാർഗ്ഗം (മാദ്ധ്യമിക മാർഗ്ഗം) അല്ലെങ്കിൽ സുവർണ്ണമാർഗ്ഗം എന്നു പറയുന്നു. ആശയെ ഉപേക്ഷിക്കണമെങ്കിൽ അഷ്ടശീലം എന്ന എട്ടു സന്മാർഗ്ഗങ്ങളെ അനുസരിക്കണമെന്ന് ബുദ്ധൻ ഉപദേശിച്ചു.

### അഷ്ടമാർഗ്ഗങ്ങൾ താഴെപറയുന്നവയാണ്

ഉത്തമവിശ്വാസം, ഉത്തമവിചിന്തനം, ഉത്തമ വചനം, ഉത്തമ പ്രവൃത്തി, ഉത്തമ ജീവിതം, ഉത്തമപരിശ്രമം, ഉത്തമ ധ്യാനം, ഉത്തമ സ്മരണ.

ഈ അഷ്ടമാർഗ്ഗങ്ങളെ കഠിന സന്യാസത്തിന്റെയും സ്വന്തം താല്പര്യങ്ങളുടെയും മദ്ധ്യമാർഗ്ഗമായി കണക്കാക്കുന്നു. ഒരു മനുഷ്യ ജീവിതത്തിലെ മുഖ്യലക്ഷ്യം നിർവാണം (മോക്ഷപ്രാപ്തി) ആണെന്ന് ബുദ്ധൻ ഉത്ബോധിപ്പിച്ചു. ആശയെ ഇല്ലാതാക്കിയാൽ നിർവാണം (മോക്ഷം) പ്രാപിക്കാൻ സാധിക്കും. പ്രാർത്ഥനകൾ ത്യാഗങ്ങൾ എന്നിവകൊണ്ട് ആശയെ ഒഴിവാക്കാൻ സാധിക്കുകയില്ല. ഒരു വ്യക്തിയുടെ സാന്മാർഗ്ഗിക ജീവിതത്തിന് അദ്ദേഹം കൂടുതൽ പ്രാധാന്യം നൽകി.

അദ്ദേഹത്തിന്റെ കർമ്മസിദ്ധാന്തപ്രകാരം ഭൂതകാല പ്രവൃത്തികളാണ് വർത്തമാനകാലത്തെ നിശ്ചയിക്കുന്നത്. ഒരു മനുഷ്യന്റെ ജീവിതാവസ്ഥ അവന്റെ പ്രവൃത്തിയെ ആശ്രയിച്ചിരിക്കുന്നു. ഒരാളിന്റെ പ്രവൃത്തി അഥവാ കർമ്മം അയാളുടെ കഷ്ടതകൾക്ക് കാരണമായിരിക്കുന്നതിനാൽ, മോക്ഷപ്രാപ്തിക്കു വേണ്ടി തന്റെ കർമ്മങ്ങളെ നല്ല രീതിയിൽ കൊണ്ടുവരേണ്ടതാണ്. ബാഹ്യ ശക്തികളോ ദൈവമോ അഥവാ പൂജാവിധികളോ അല്ല മോക്ഷം നൽകുന്നത്. ആയതിനാൽ മനുഷ്യന്റെ വിധിയെ മനുഷ്യൻ തന്നെ നിശ്ചയിക്കുന്നു.

ദൈവമുണ്ട് എന്ന ആശയത്തെ അദ്ദേഹം അനുകൂലിക്കുകയോ നിഷേധിക്കുകയോ ചെയ്തില്ല. ഒരു വ്യക്തിയുടെ പ്രവൃത്തിക്ക് ബുദ്ധൻ പ്രാധാന്യം നൽകി. ആത്മാവുണ്ടെന്ന് ബുദ്ധമതം വിശ്വസിച്ചിരുന്നില്ല. അത് സ്നേഹത്തിന് പ്രാധാന്യം നൽകിയിരുന്നു. അഹിംസയിലൂടെ എല്ലാ ജീവജാലങ്ങളോടും കരുണകാട്ടണമെന്ന് അദ്ദേഹം പറഞ്ഞു.

ബുദ്ധൻ എല്ലാ മനുഷ്യരും തുല്യരാണെന്ന് ബോധവൽക്കരണം നടത്തി. ജാതി സമ്പ്രദായത്തിൽ ഇദ്ദേഹത്തിന് വിശ്വാസമില്ലായിരുന്നു. ഇദ്ദേഹത്തിന്റെ സമത്വ ആശയങ്ങൾ സമൂഹത്തിലെ സാധാരണ ജനങ്ങളെ ബുദ്ധമതത്തിലേയ്ക്ക് ആകർഷിച്ചു. ഇദ്ദേഹം ബ്രാഹ്മണ മേധാവിത്വം നിരാകരിക്കുകയും ലോകസഹോദരത്വം എന്ന പൊതു ധാരണയെ ആദരിക്കുകയും ചെയ്തു.

ബുദ്ധൻ പൂജാവിധികളേയും ബലികർമ്മങ്ങളേയും പ്രത്യേകിച്ച് മൃഗബലിയെ

വെറുത്തിരുന്നു. വേദങ്ങളുടെ മേധാവിത്വത്തെ തള്ളിക്കളയുകയും എല്ലാ വസ്തുതകളും വിശകലനം ചെയ്ത് മനസ്സിലാക്കണമെന്ന് അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു.

ബുദ്ധൻ സാന്മാർഗ്ഗിക ജീവിതത്തിന് പ്രാധാന്യം നൽകി. ബുദ്ധൻ തന്റെ ശിഷ്യന്മാരോട് സത്യസന്ധമായതും അച്ചടക്കത്തോടുകൂടിയതുമായ ജീവിതം നയിക്കണമെന്ന് ഉപദേശിച്ചു. അദ്ദേഹം ജനങ്ങളോട് അക്രമം ഉപേക്ഷിക്കാനും തെറ്റായ പ്രവർത്തനങ്ങളിൽ ഇടപെടാതിരിക്കാനും ഉപദേശിച്ചു. ബുദ്ധൻ തന്റെ തത്വങ്ങളെ പ്രചരിപ്പിക്കുന്നതിനും ജനങ്ങൾക്ക് സേവനം ചെയ്യുന്നതിനും വേണ്ടി സംഘങ്ങൾ ഏർപ്പെടുത്തി. ഗൗതമബുദ്ധന്റെ കാലത്ത് ബുദ്ധമതത്തിന്റെ വളർച്ച ദ്രുതഗതിയിലായിരുന്നു. കനിഷ്കന്റെ കാലത്ത് വിളിച്ച് കൂട്ടിയ 4-ാമത്തെ ബുദ്ധമത സമ്മേളനത്തിൽ വച്ച് ബുദ്ധമതം മഹായാനം ഹീനയാനം എന്ന് രണ്ടായി പിരിഞ്ഞു.

ബുദ്ധന്റെയും കൺഫ്യൂഷ്യസിന്റെയും പ്രബോധനങ്ങളിൽ കുറഞ്ഞത് രണ്ടു ആശയങ്ങളെങ്കിലും പൊതുവായി കാണാം. അവ സമാധാനവും വിവേചനബുദ്ധിയുമാണ്. അവരുടെ തത്വശാസ്ത്രങ്ങളും സിദ്ധാന്തങ്ങളും ദൈവത്തെ ആസ്പദമാക്കിയുള്ളതല്ല. അവ വിശ്വാസത്തേക്കാളും യുക്തി ചിന്തകൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.

ബുദ്ധമതപുണ്യ **ഗ്രന്ഥങ്ങൾ പീഠകങ്ങൾ** എന്നറിയപ്പെടുന്നു. അവ ശുദ്ധ, വിനയ, അഭിധമ്മ എന്ന 3 വിഭാഗങ്ങളാണ്.

ഇത്തരത്തിലുള്ള തത്വശാസ്ത്രപരവും അഥവാ ബുദ്ധിപൂർവ്വവുമായ പ്രബുദ്ധതയാൽ നിലവിലുണ്ടായിരുന്ന സാമൂഹ്യവും രാഷ്ട്രീയവുമായ രീതികൾക്ക് മാറ്റം സംഭവിച്ചു.തത്വജ്ഞാനികൾ ജന ങ്ങളെ ഗോത്രപരമായ പരിഗണനയിൽ നിന്നും ആഗോളപരമായ ചിന്തയിലേക്ക് മാറ്റി. ഒരു നല്ല സാമൂഹ്യ ഘടനയും മാനവ പുരോഗതിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതുമായ ഒരു ഭരണസമ്പ്രദായം ഏർപ്പെടുത്തുക എന്നത് ജനങ്ങളുടേയും രാജാക്കന്മാരുടേയും പ്രധാനലക്ഷ്യമായി അംഗീക രിക്കപ്പെട്ടു. ആചാരാനുഷ്ഠാനങ്ങളെ മാറ്റി സാന്മാർഗ്ഗിക ജീവിതത്തിന് മുഖ്യത്വം നൽകി. തത്വചിന്തകന്മാർ വ്യക്തിത്വ വികാസത്തിനും സാമൂഹ്യപ്രവർത്തനങ്ങൾക്കും പ്രാധാന്യം കൊടുത്തു. ഇത്തരം പുരോഗതികൾ മനുഷ്യരാശിയുടെ ചരിത്രത്തിൽ പുരോഗമനപരമായ മറ്റൊരു വഴിത്തിരിവായിരുന്നു.

## അഭ്യാസം

**അ. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. പുതിയ തത്വചിന്തകൾ രൂപം കൊണ്ട നൂറ്റാണ്ട് __________

   അ) 5-ാം നൂറ്റാണ്ട്     ആ) 6-ാം നൂറ്റാണ്ട്

   ഇ) 7 -ാം നൂറ്റാണ്ട്     ഈ) 8-ാം നൂറ്റാണ്ട്

2. കൺഫ്യൂഷ്യസ് തത്വങ്ങൾ ചൈനക്കാരുടെ മനസ്സിൽ ________ വർഷങ്ങളായി സ്വാധീനം ചെലുത്തി വരുന്നു

   അ) 1000     ആ) 2000

   ഇ) 3000     ഈ) 4000

സാമൂഹ്യശാസ്ത്രം

3. സൊരാഷ്ട്ര മതത്തെ സ്ഥാപിച്ചത്__________

അ) സൊരാഷ്ട്രർ ആ) ബുദ്ധൻ

ഇ) മഹാവീരൻ ഈ) കൺഫ്യൂഷ്യസ്

4. 23-ാമത്തെ തീർത്ഥങ്കരൻ__________

അ) ഋഷഭൻ ആ) ബുദ്ധൻ

ഇ) പാർശ്വനാഥ് ഈ) മഹാവീരൻ

5. ബുദ്ധന് ജ്ഞാനോദയം ഉണ്ടായ സ്ഥലം__________

അ) സാരനാഥ് ആ) ബുദ്ധഗയ

ഇ) സാഞ്ചി ഈ) കപിലവസ്തു

**ആ. യോജിപ്പിക്കുക.**

| | | |
|---|---|---|
| 1. സൊരാഷ്ട്ര മതം | - | ബുദ്ധൻ |
| 2. ജിനൻ | - | മഹാവീരൻ |
| 3. യശോധര | - | ബുദ്ധമതം |
| 4. ത്രിരത്നം | - | ബോധിവൃക്ഷം |
| 5. സംഘം | - | രാജഗൃഹം |
| | - | അഹൂറാ മസ്ദാ |
| | - | പഞ്ചേന്ദ്രിയങ്ങളെ ജയിച്ചവൻ |

**ഇ. താഴെ കൊടുത്ത ശീർഷകങ്ങളുടെ കീഴിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

1. സൊരാഷ്ട്ര മതം.

അ) സൊരാഷ്ട്ര മതത്തെ സ്ഥാപിച്ചതാര്?

ആ) സൊരാഷ്ട്ര മതത്തിന്റെ പ്രധാനആശയം എന്ത്?

ഇ) സൊരാഷ്ട്ര മതത്തിലെ ആരാധനകൾ എന്തിനെ ആശ്രയിച്ചതാണ്?

ഈ) മതപ്രവർത്തനങ്ങൾ ഏതു രീതിയിലാണ് പിൻതുടരുന്നത്?

2. ജൈനമതം.

അ) ജൈനമതത്തിൽ എത്ര തീർത്ഥങ്കരൻമാർ ഉണ്ടായിരുന്നു?

ആ) ആദ്യത്തെ തീർത്ഥങ്കരൻ ആരായിരുന്നു?

ഇ) അവസാനത്തെ തീർത്ഥങ്കരന്റെ പേരെന്ത്?

ഈ) ത്രിരത്നങ്ങൾ ഏവ?

3. ബുദ്ധൻ

അ) ബുദ്ധമതത്തെ സ്ഥാപിച്ചതാരാണ്?

ആ) ബുദ്ധന്റെ യഥാർത്ഥ നാമധേയം എന്താണ്?

ഇ) ബുദ്ധൻ തന്റെ ആദ്യപ്രഭാഷണം എവിടെയാണ് നടത്തിയത്?

ഈ) ബുദ്ധന് ബോധോദയം ലഭിച്ചത് എവിടെവെച്ച്?

**ഈ. ചുരുക്കത്തിൽ ഉത്തരം എഴുതുക.**

1. ക്രി.മു. ആറാം നൂറ്റാണ്ടിനെ യുക്തിചിന്തയുടെ നൂറ്റാണ്ടെന്നു പറയാൻ കാരണമെന്ത്?
2. അഹുറാ മസ്ദയെക്കുറിച്ച് ലഘുവിവരണം നൽകുക?
3. മഹാവീരന്റെ 4 പ്രബോധനങ്ങൾ ഏതെല്ലാം?
4. പീഠകങ്ങളെക്കുറിച്ച് എഴുതുക?
5. ഏതു സമ്മേളനത്തിലാണ് സംഘം രണ്ടായി വിഭജിച്ചത്?

**ഉ. വിവരിച്ച് ഉത്തരം എഴുതുക.**

1. കൺഫ്യൂഷ്യസിനെ കുറിച്ച് വിവരിക്കുക.
2. സൊരാഷ്ട്ര മതത്തിന്റെ പ്രാധാന്യം എന്ത്?
3. മഹാവീരൻ ബോധിപ്പിച്ച സന്മാർഗ്ഗ തത്വങ്ങൾ ഏതെല്ലാം?
4. ബുദ്ധന്റെ അഷ്ടമാർഗ്ഗങ്ങളെക്കുറിച്ച് വിവരിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

1. ക്രി.മു.ആറാം നൂറ്റാണ്ടിൽ ആവിർഭവിച്ച ഏതെങ്കിലും രണ്ടുമതങ്ങളുടെ തത്വങ്ങളെ താരതമ്യം ചെയ്യുക.
2. ജൈന, ബുദ്ധ, പാർസി മതക്കാരുടെ ഏതെങ്കിലും ഒരു ആഘോഷത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് അതിനൊരു പ്രവർത്തനപദ്ധതി (Project) തയ്യാറാക്കുക,
3. ക്രി.മു. ആറാം നൂറ്റാണ്ടിൽ ആവിർഭവിച്ച മതങ്ങളുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങളുടെ പ്രാധാന്യത്തെ കാണിക്കുന്ന ഒരു സ്ലൈഡ്ഷോ പവർപോയന്റ് ഉപയോഗിച്ച് തയ്യാറാക്കുക,

# 3. മദ്ധ്യകാലഘട്ടം

## മദ്ധ്യകാല യൂറോപ്പ്

യൂറോപ്യൻ ചരിത്രത്തിൽ ക്രി.പി 600 മുതൽ ക്രി.പി 1500 വരെയുള്ള കാലത്തെ മദ്ധ്യകാലഘട്ടം എന്നു പറയുന്നു. ഇത് യൂറോപ്പിൽ എല്ലാ രാജ്യങ്ങളിലും ഒരേ സമയത്തല്ല ആരംഭിച്ചത്. ചരിത്രകാരന്മാർ മദ്ധ്യകാലഘട്ടത്തെ രണ്ടായി തിരിച്ചിരിക്കുന്നു. റോമൻ സാമ്രാജ്യ അധഃപതനം മുതൽ ക്രി.പി 1000 വരെയുള്ള കാലത്തെ മുൻ മദ്ധ്യകാലഘട്ടമെന്നും ക്രി.പി. 1000 മുതൽ 1500 വരെയുള്ള കാലത്തെ പിൻമദ്ധ്യകാലഘട്ടമെന്നും പറയുന്നു. മദ്ധ്യകാലഘട്ട ആരംഭം റോമൻ സാമ്രാജ്യ അധഃപതനം മുതൽ കണക്കാക്കപ്പെടുന്നു. മുൻമദ്ധ്യകാലഘട്ടം ഇരുണ്ടകാലഘട്ടമെന്നും അറിയപ്പെടുന്നു. എന്തെന്നാൽ കലഹങ്ങളും സാമൂഹ്യ അധഃപതനവും എല്ലായിടത്തും വ്യാപിച്ചു. കേന്ദ്രസർക്കാരിന്റെ അധികാരങ്ങൾ ക്ഷയിച്ചപ്പോൾ ഭൂപ്രഭുക്കൾ ജനങ്ങളുടെമേൽ ആധിപത്യം സ്ഥാപിച്ചു. ഇക്കാലത്ത് പുതുതായി ഉത്ഭവിച്ച ഇസ്ലാം മതത്തിന് ലോകരാജ്യങ്ങൾക്കിടയിൽ വളരെയേറെ പ്രാധാന്യം കൈവന്നു.

മദ്ധ്യകാലഘട്ട യൂറോപ്യൻ ചരിത്രത്തെ രാഷ്ട്രീയമായി നോക്കുമ്പോൾ കിഴക്കൻ റോമാസാമ്രാജ്യം അഥവാ ബൈസാന്റിയൻ സാമ്രാജ്യം കോൺസ്റ്റാന്റിനോപ്പിളിനെ തലസ്ഥാനമാക്കി രൂപം കൊണ്ടു. ഈ സാമ്രാജ്യം ക്രി.പി 1400 വരെ കിഴക്കൻ യൂറോപ്പിൽ പ്രാബല്യത്തിൽ ഉണ്ടായിരുന്നു. റോമാക്കാർ തങ്ങൾ വലിയ യോദ്ധാക്കളാണെന്നും ആക്രമണകാരികളാണെന്നും തെളിയിച്ചു. എന്തെന്നാൽ കഴിവും, വിവേകവും, ബലവാന്മാരുമായ ഭരണാധികാരികൾ അവരിൽ ഉണ്ടായിരുന്നു. റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തിനു ശേഷം ഏകദേശം ക്രി.പി.800-ൽ ചക്രവർത്തി ചാൾസ്മാഗ്നേ തന്റെ സാമ്രാജ്യത്തെ ഫ്രാൻസ്, ജർമനി, ഇറ്റലിയിലെ ചിലപ്രദേശങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചു. ഈ സാമ്രാജ്യം അദ്ദേഹത്തിന്റെ മരണംവരെ നിലനിന്നു. ക്രി.പി. 1000-ാംമാണ്ട് വിശുദ്ധറോമൻ സാമ്രാജ്യം എന്ന മറ്റൊരു സാമ്രാജ്യം സ്ഥാപിക്കപ്പെട്ടു. അങ്ങനെ14-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ യൂറോപ്യൻ രാഷ്ട്രീയ രൂപടത്തിൽ പല ഭരണാധികാരികളാൽ പലസ്ഥലങ്ങളിൽവ്യത്യസ്ഥ കാലങ്ങളിൽ മാറ്റങ്ങൾ ഏർപ്പെട്ടു.



കോൺസ്റ്റൻടൈൻ

റോമാസാമ്രാജ്യം ഒരു ദിവസം കൊണ്ട് നിർമ്മിക്കപ്പെട്ടതല്ല. അതുപോലെ അതിന്റെ അധഃപതനവും പെട്ടെന്ന് സംഭവിച്ചതല്ല. ഇത് മൂന്ന് നൂറ്റാണ്ട് കാലങ്ങളായി അധഃപതിച്ചു എന്നു പറയാം. ക്രി.പി. 180-ൽ മാർക്കസ് അറേലിയസിന്റെ മരണം റോമാസാമ്രാജ്യത്തിന് വഴിത്തിരിവായി. സാമ്രാജ്യത്തിന്റെ സംരക്ഷണത്തിനും, ഐക്യത്തിനും രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും ഭീഷണിയുണ്ടായിരുന്നു. ഈ സാമ്രാജ്യത്തിന്റെ നാശം രണ്ടാം നൂറ്റാണ്ടിനുശേഷം ആരംഭിച്ചു. ക്രി.പി. 476-ൽ റോമൻ സാമ്രാജ്യം പൂർണ്ണമായി അധഃപതിക്കുന്നതിനുമുമ്പ് ഡയോക്ലേഷിയൻ (ക്രി.പി.284-305), കോൺസ്റ്റൻടൈൻഒന്നാമൻ (ക്രി.പി306-ക്രി.പി337),

തിയോഡോസിയസ് ഒന്നാമൻ (ക്രി.പി 378-395) എന്നീ സമർത്ഥരായ ചക്രവർത്തിമാർ ഭരണം നടത്തിയിരുന്നു.

### റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തിനുള്ള കാരണങ്ങൾ

സീസറിന്റെ ശക്തമായ റോമാ സാമ്രാജ്യം ക്ഷാമം, ചുഴലിക്കാറ്റ്, ഭൂകമ്പം, അഗ്നിബാധ, വെള്ളപ്പൊക്കം എന്നീ പ്രകൃതിക്ഷോഭങ്ങളാൽ നശിക്കാനിടയായി. രാജ്യത്തിലേക്ക് സമ്പത്തിന്റെ ഒഴുക്ക് വർദ്ധിച്ചത് അധാർമ്മികതയെ (മൂല്യച്യുതിയെ)കൊണ്ടുവന്നു. റോമാക്കാർ തങ്ങളുടെ പഴയകാല അച്ചടക്കങ്ങളേയും, രാജ്യത്തോടുള്ള കടമയേയും അവഗണിച്ചു. ക്രിസ്തീയ തിരുസഭയുടെ വളർച്ച രാജ്യത്തിനകത്ത് മറ്റൊരു സാമ്രാജ്യം സൃഷ്ടിച്ചു. ഇവരുടെ നയങ്ങളും പ്രവർത്തനങ്ങളും റോമൻസാമ്രാജ്യത്തിന് എതിരായി നിലകൊണ്ടു.റോമിലെ രാഷ്ട്രീയ പ്രവർത്തനം റോമാസാമ്രാജ്യത്തിന്റെ ഭരണഘടനയ്ക്ക് അനുയോജ്യമായിരുന്നില്ല. അഴിമതിയും, ആഡംബരജീവിതവും പ്രശ്നത്തെ കൂടുതൽ വഷളാക്കി. വിശാലമായ സാമ്രാജ്യത്തെ നിയന്ത്രിക്കാൻ അസാദ്ധ്യമായി. റോമാക്കാർ തങ്ങളുടെ ഭരണത്തിലുൾപ്പെട്ട കോളനി രാജ്യങ്ങളെ വേണ്ട രീതിയിൽ സംരക്ഷിച്ചില്ല. ക്രമരഹിതമായ ഭരണവും ദുർബലമായ അവസ്ഥയും ഇടയ്ക്കിടെ യുദ്ധങ്ങളേർപ്പെട്ട് നശിക്കാനിടയായി.

### റോമാസാമ്രാജ്യത്തിന്റെ അധഃപതനം

റോമാസാമ്രാജ്യം വികസിച്ചതിനാൽ അവിടത്തെ വ്യാപാരവും വ്യവസായങ്ങളും വികസിച്ചു. കോളനി രാജ്യങ്ങളിലെ മൂലധനം ചൂഷണം ചെയ്യപ്പെട്ടു. റോമാക്കാർ കഠിനപ്രയത്നം ചെയ്യാതെ അടിമകളെ കൊണ്ട് ജോലി ചെയ്യിക്കാനും യുദ്ധം ചെയ്യിക്കാനും തയ്യാറായി. റോമൻ സാമ്രാജ്യം റിപ്പബ്ലിക്കൻ ഭരണ സിദ്ധാന്തം പിൻതുടർന്നു.എങ്കിലും രാജഭരണമായിരുന്നു നിലവിലിരുന്നത്. ജനങ്ങൾക്ക് തങ്ങളുടെ അമൂല്യമായ അഭിപ്രായ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. സെനറ്റിലും, പൊതുസഭയിലും പ്രഭുക്കൻമാർ ഉണ്ടായിരുന്നു. ഏകാധിപതികൾ അധികാരത്തിൽ വന്നപ്പോൾ അവരുടെ സഹായികളായി സെനറ്റ്അംഗങ്ങൾ പ്രവർത്തിച്ചതിനാൽ സമൂഹത്തിൽ കുഴപ്പങ്ങൾ ഏർപ്പെട്ടു. ജനങ്ങൾക്ക് ഭരണാധികാരികളോട് പലതരത്തിലുള്ള അതൃപ്തികളുണ്ടായിരുന്നതിനാൽ റോമാസാമ്രാജ്യം അധഃപതിക്കാനിടയായി.

റോമാ സാമ്രാജ്യത്തിൽ പിൻതുടർച്ചയ്ക്ക് ശരിയായ നിയമം റോമൻ നിയമവ്യവസ്ഥയിൽ ഇല്ലായിരുന്നു. അതിനാൽ ആഭ്യന്തരകലഹം, വിഭാഗീയത, എന്നിവ റോമാസാമ്രാജ്യത്തെ ക്ഷയോന്മുഖമാക്കി. റോമാസാമ്രാജ്യത്തിന്റെ അധിക വിസ്തൃതി, ഇടയ്ക്കിടെയുള്ള ആഭ്യന്തര യുദ്ധം, റോമാക്കാരുടെ ആഡംബരജീവിതം, പ്രജാപീഡനം, കലുഷിതമായ സാമൂഹ്യാന്തരീക്ഷം, ഉയർന്ന നികുതി, കിരാതവർഗ്ഗക്കാരുടെ ആക്രമണം എന്നിവ റോമാസാമ്രാജ്യത്തെ വീഴ്ചയിലേക്ക് നയിച്ചു.

### കിരാതന്മാരുടെ ആക്രമണം

റോമാസാമ്രാജ്യം വിനാശത്തിലേക്ക് വീണുകൊണ്ടിരുന്നപ്പോൾ കിരാതവർഗ്ഗക്കാരുടെ ആക്രമണം ചഞ്ചലമായ റോമാസാമ്രാജ്യത്തിന് ഒരു കനത്ത പ്രഹരം ഏൽപ്പിച്ചു. ഈ ആക്രമണം റോമാസാമ്രാജ്യത്തിന്റെ ഐക്യത്തിനെഉലച്ചു. കിരാതവർഗ്ഗക്കാരായ ഗോതുകൾ, ഹൂണന്മാർ, വണ്ടലന്മാർ എന്നിവർ രാജ്യത്തിലേക്ക് ചേക്കേറുകയും ശിഥിലമായിക്കൊണ്ടിരിക്കുന്ന രാജ്യത്തിന് മേൽ ആക്രമണത്തിന് സന്ദർഭം കാത്തിരിക്കുകയും ചെയ്തു. അവരുടെ ലക്ഷ്യം പ്രദേശങ്ങളെ ആക്രമിക്കുകയും അവിടെനിന്നും ആവശ്യസാധനങ്ങളെ കൊള്ളയടിക്കലുമാണ്. കിരാതവർഗ്ഗ സൈനികർക്ക് റോമാരാജ്യത്തോടു ഒരു കൂറുമില്ലായിരുന്നു. അവർ പലപ്പോഴും ശക്തരായ രാജാക്കൻമാരുടെ കാലത്തും ഇടയ്ക്കിടെ വിപ്ലവത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. അങ്ങനെകിരാതന്മാരുടെ ആക്രമണം ആഭ്യന്തര സമാധാനത്തെ ഇല്ലാതാക്കി. ഈ സന്ദർഭത്തിൽ ജനങ്ങളിൽ നിന്നും നികുതി സമാഹരിക്കാൻ രാജാവിനു വീഴ്ച സംഭവിച്ചു. ജനങ്ങൾക്ക് അരക്ഷിതബോധം അനുഭവപ്പെട്ടു.ഇങ്ങനെയു

ള്ള സന്ദർഭത്തിൽ രാജാവും പ്രഭുക്കന്മാരും സാധാരണ ജനങ്ങളും ഫ്യൂഡൽ വ്യവസ്ഥിതിയെ സ്വീകരിക്കാൻ നിർബന്ധിതരായി.

## ഫ്യൂഡലിസം - ഭൂവുടമാവ്യവസ്ഥിതി

മദ്ധ്യകാല ഘട്ടത്തിലെ ഒരു പ്രത്യേകതയാണ് **ഫ്യൂഡലിസം**. ഫ്യൂഡലിസം എന്ന വാക്ക് ലാറ്റിൻ പദമായ ഫ്യൂഡ് അഥവാ **ഫീഫ്** എന്ന പദത്തിൽ നിന്നും ഉണ്ടായതാണ്. അതായത് നിലം ദാനമായി വിഭജിച്ച് സൈന്യസഹായത്തിനായി നൽകുക എന്നതാണ്. ഇത് പ്രധാനമായും കൃഷി സമ്പ്രദായത്തെ ആശ്രയിച്ചുള്ളതാണ്. കർഷകർ പ്രഭുക്കന്മാരിൽ നിന്നും ലഭിക്കുന്ന ഭൂമിയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന്റെ ഒരു ഭാഗം നികുതിയായോ വാടകയായോ നൽകേണ്ടതാണ്.




ഭൂവുടമാവ്യവസ്ഥിതി

## ഫ്യൂഡലിസത്തിന്റെ പ്രത്യേകതകൾ

ഫ്യൂഡലിസം ഒരു സാമൂഹിക വ്യവസ്ഥിതി ആയിരുന്നു. അത് ഭൂമി ഉടമസ്ഥാവകാശത്തിലധിഷ്ഠിതമായ ഭരണ സംവിധാനമാണ്. ഈ സമ്പ്രദായപ്രകാരം എല്ലാ നിലവും രാജാവിന് സ്വന്തമാണ്. രാജാവ് ഈ നിലങ്ങളെ പ്രഭുക്കൻമാർക്ക് വിഭജിച്ചു നൽകുന്നു. പ്രഭുക്കൻമാർ ഈ നിലങ്ങളെ കർഷക പ്രമുഖർക്ക് നൽകുന്നു. ഇവർ പ്രത്യുപകാരമായി രാജാവിന് സൈനിക സേവനങ്ങളും മറ്റു സഹായങ്ങളും ചെയ്യേണ്ടതാണ്. ഇതു പോലെ ബിഷപ്പ്മാർക്കും മറ്റു പുരോഹിതൻമാർക്കും നിലങ്ങളെ നൽകുന്നു. രാജാവിനെ ആപത്തു സമയത്ത് ഇവർ സംരക്ഷിക്കുന്നു. ആയതിനാൽ ഫ്യൂഡലിസം എന്നത് ഒരു ഭരണ സംവിധാനമാണ്. നിലപ്രഭുക്കൾ (Barons) ചില വ്യവസ്ഥയിൻമേൽ അവരുടെ നിലങ്ങളെ വിഭജിച്ച് ജന്മിമാർക്കു (manors) കൊടുക്കുന്നു. ജന്മിമാർ അവരുടെ കീഴിലുള്ള നിലങ്ങളെ അതേ വ്യവസ്ഥയിൻമേൽ കുടിയാന്മാർക്ക് (കർഷകർക്ക്) നൽകുന്നു. ഫ്യൂഡലിസത്തിന്റെ മൂന്ന് പ്രധാനവിഭാഗങ്ങൾ **പ്രഭുക്കന്മാർ, ജൻമിമാർ, കർഷകർ** എന്നിവരാണ്.

## ഫ്യൂഡലിസത്തിന്റെ ഗുണങ്ങൾ

ജനങ്ങൾക്ക് കലാപങ്ങളിൽ നിന്നും അരാജകത്വത്തിൽ നിന്നും രക്ഷനേടുന്നതിന് ഫ്യൂഡൽ സംവിധാനം വളരെ ഉപയോഗമുള്ളതാണെന്ന് തെളിഞ്ഞു. ഇത് മദ്ധ്യകാലഘട്ടത്തിൽ സമാധാനവും, സംരക്ഷണവും സമൂഹത്തിൽ കൊണ്ടുവന്നു. രാഷ്ട്രീയ അധികാര വികേന്ദ്രീകരണവും ഉത്തരവാദിത്വഭരണവും പിൽക്കാലത്ത് പലരാജ്യങ്ങളിൽ പാർലമെന്റ് ജനാധിപത്യം എന്നു പേരുള്ള രാഷ്ട്രീയ പുരോഗതിക്കും വഴിതെളിച്ചു. ഭരണാധി കാരികൾ, സൈനികർ, ഭൂപ്രഭുക്കൾ എന്നിവർക്ക് പ്രത്യേകം പ്രത്യേകം കടമകൾ നിർണ്ണയിക്കപ്പെട്ടു. മാനോറിയൽ സമ്പ്രദായം ഫ്യൂഡൽ സമ്പ്രദായത്തിലെ സമ്പത്ത്ഘടനയിലെ അവിഭാജ്യഘടകമായിത്തീരുകയും യൂറോപ്പിനെ കാർഷികമേഖലയിലെ പ്രതിസന്ധിയിൽ നിന്ന് പൂർണ്ണമായി സംരക്ഷിക്കുകയും ചെയ്തു. യുദ്ധവീരൻമാർ പ്രദർശിപ്പിച്ച കാര്യശേഷിയും ധൈര്യവും ജനങ്ങളുടെ ഇടയിൽ ത്യാഗമനോഭാവത്തെയും അർപ്പണബോധത്തേയും പ്രോൽസാഹിപ്പിച്ചു.

## ഫ്യൂഡലിസത്തിന്റെ തിന്മകൾ

ഫ്യൂഡലിസം എന്നത് നൻമതിൻമകൾ നിറഞ്ഞ ഒരു സംവിധാനമാണ്. ഇത് പ്രഭുക്കന്മാരുടെ അധികാരം വളരുന്നതിന് കാരണമായി. പ്രഭുക്കന്മാരുടെ ഇടയിൽ വെറുപ്പും, രാജാവിനും പ്രഭുക്കന്മാർക്കുമിടയിൽ ഉണ്ടായിരുന്ന സംശയവും പ്രാദേശിക ഭൂവുടമകളെ പ്രോത്സാഹിപ്പിച്ചു. രാജാവ് ഭൂവുടമകളുടെ സൈനിക സഹായത്തെ ആശ്രയിക്കേണ്ടതായി വന്നു. തിരുസഭകളുടെ പ്രത്യേക അധികാ

രം കാലക്രമത്തിൽ രാജാവിനും പോപ്പിനു മിടയിൽ സംഘർഷത്തെ ഉണ്ടാ ക്കി.

ശക്തമായ ഒരു ദേശീയ സർക്കാർ ഉണ്ടാക്കുന്നതിനു ഫ്യൂഡൽ വ്യവസ്ഥിതി തടസ്സമായി. ഫ്യൂഡൽ പ്രഭുക്കന്മാർ അവരുടെ ജനങ്ങളിൻമേൽ ആധിപത്യ മേർപ്പെടുത്തി. ഈ പ്രഭുക്കന്മാർ രാജാവിനോടോ മറ്റേതെങ്കിലും പ്രഭുക്കന്മാരോടോ യുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. സൈന്യത്തിന് ഒരേ രീതിയിലുള്ള പരിശീലനം നൽകപ്പെട്ടില്ല. ഓരോ പ്രഭുക്കന്മാരും വ്യത്യസ്തങ്ങളായ സമ്പ്രദായങ്ങൾ വച്ചു പുലർത്തി. സമൂഹം പാവപ്പെട്ടവർ എന്നും പണക്കാർ എന്നുമുള്ള അന്തരം വച്ചുപുലർത്തി. ആയതിനാൽ ജനങ്ങൾക്ക് പലവിധ പ്രയാസങ്ങളും അനുഭവിക്കേണ്ടതായിവന്നു. തിരുസഭകൾ ഒരു വലിയ ഫ്യൂഡൽ സംഘടനയായി മാറി. അങ്ങനെ ഫ്യൂഡൽ സംവിധാനം രാജാവിനും തിരുസഭയ്ക്കുമിടയിൽ പ്രശ്നങ്ങൾക്ക് കാരണമായി.

ഫ്യൂഡലിസം സമൂഹത്തിൽ ഉള്ളവർ എന്നും ഇല്ലാത്തവർ എന്നുമുള്ള അവസ്ഥ ഉണ്ടാക്കി. ഫ്യൂഡലിസത്തിന്റെ കീഴിൽ വിദ്യാഭ്യാസവും, പഠനവും പൂർണ്ണമായും സഫലീകൃതമായില്ല. ഫ്യൂഡലിസത്തിന്റെ കീഴിൽ നീതി ഒരു പ്രഹസനമായി മാറി.

## ഫ്യൂഡലിസത്തിന്റെ അധഃപതനം

12ാം നൂറ്റാണ്ടിനുമുമ്പ് തന്നെ ഫ്യൂഡലിസത്തിന് സാമൂഹ്യ ഘടനയിലും, 13ാം നൂറ്റാണ്ടിൽ രാഷ്ട്രീയ ഘടനയിലും അധഃപതനം ആരംഭിച്ചു. ബൂർഷ്വാക്കൾ എന്നറിയപ്പെട്ട മദ്ധ്യവർഗ്ഗക്കാരും ഏകാധിപത്യ ഭരണവും രാഷ്ട്രീയ മൂല്യങ്ങളെ മാറ്റിമറിച്ചു. യൂറോപ്പിന്റെ വ്യത്യസ്ത ഭാഗങ്ങളിലുണ്ടായ ജനകീയ പ്രാതിനിധ്യ സ്ഥാപനങ്ങളുടെ ഉദയം ഫ്യൂഡൽ വ്യവസ്ഥിതിയെ നശിപ്പിച്ചു. കുരിശു യുദ്ധങ്ങളും വെടിമരുന്നിന്റെ കണ്ടുപിടിത്തവും ഫ്യൂഡലിസത്തിന്റെ അന്ത്യത്തിന് കാരണമായി.

ഈ കാലഘട്ടത്തിൽ ആത്മീയവാദികൾക്കും ഭരണാധികാരികൾക്കുമിടയിൽ സംഘർഷം ഏർപ്പെടുകയും അതിൽ ആത്മീയവാദികൾ വിജയിക്കുകയും ചെയ്തു. ഈ വിശ്വാസകാലഘട്ടം ക്രമേണ യുക്തി ചിന്താഗതിക്ക് വഴിമാറി. റോമൻ നിയമത്തിന്റെ നവീകരിച്ച പഠനത്താൽ ഫ്യൂഡലിസത്തിന്റെ വ്യർത്ഥതയും റോമൻ നിയമങ്ങളുടെ ശ്രേഷ്ഠതയും മനസ്സിലാക്കാൻ കഴിഞ്ഞു.

## പോപ്പാധിപത്യത്തിന്റെ ഉദയം

ചക്രവർത്തിയായ കോൺസ്റ്റൻടൈന്റെ കാലം മുതൽ റോമൻചക്രവർത്തിമാർ തിരുസഭയേയും ക്രിസ്ത്യാനികളേയും ആദരിക്കാൻ തുടങ്ങി. ക്രി.പി. 6ാം നൂറ്റാണ്ടിൽ പോപ്പ് തിരുസഭയ്ക്കും, രാജാവ് സാമ്രാജ്യത്തിനും തലവനായി. ചില സമയങ്ങളിൽ പോപ്പ് രാജാവിനേക്കാൾ ശക്തനായിരുന്നു. യൂറോപ്പിൽ പോപ്പിന്റെയും രാജാവിന്റെയും നേതൃത്വത്തിൽ ഇരട്ട നേതൃത്വം വികാസം പ്രാപിച്ചു. പിന്നീട് ഈ ഇരട്ട നേതൃത്വം സഭയേയും രാജാവിനേയും ശത്രുതയിലേക്ക് നയിച്ചു. പോപ്പിനെ ക്രിസ്തുവിന്റെ പ്രതിനിധിയായി കരുതപ്പെട്ടു. പോപ്പ് തിരുസഭകളുടെ പരമാധികാരിയും രാജാവിനേക്കാൾ ശക്തനുമായിരുന്നു.അവർക്ക് രാജാവിന് നിർദ്ദേശങ്ങൾ നൽകുന്നതിനും രാജാവിനെ കൊണ്ട് കല്പനകൾ അനുസരിക്കാൻ നിർബന്ധിക്കുന്നതിനും കഴിഞ്ഞിരുന്നു. ക്രിസ്ത്യാനികളുടെ സേവന പ്രവർത്തനങ്ങൾ പോപ്പുമാരെ പരമാധികാരികളാക്കി മാറ്റി. പോപ്പുമാർക്ക് പരമാധികാരം സ്ഥാപിക്കുന്നതിന് മഠങ്ങൾ വളരെ വ്യക്തവും പ്രധാനവുമായ പങ്കുവഹിച്ചു. പുരോഹിതരുടെ പെരുമാറ്റം, മഠങ്ങളുടെ വിദ്യാഭ്യാസ സേവനങ്ങൾ എന്നിവ ജനങ്ങളെ പോപ്പ്ഭരണത്തിലേയ്ക്ക് ആകർഷിച്ചു. ഇത് വിലയേറിയ പല സംഭാവനകളും നൽകിയിട്ടുണ്ട്.

## പോപ്പ് ഭരണത്തിന്റെ ഫലങ്ങൾ

സമൂഹ ജീവിതത്തിൽ ജനങ്ങളെ ദൈവഭക്തിയുള്ളവരായും, പാവപ്പെട്ടവരേയും ദരിദ്രരേയും സഹായിക്കാനുള്ള മനോഭാവമുള്ളവരായും മാറ്റി. സന്മാർഗ്ഗ സ്വഭാവഗുണങ്ങളെപ്പോലെ കുലീനതയും ജനങ്ങളിൽ ഉണ്ടാക്കി. മനോഹരങ്ങളായ ചർച്ചുകൾ നിർമ്മിക്കപ്പെട്ടു. മതവിശ്വാസ

പ്രമാണങ്ങളും സ്തുതിഗീതങ്ങളും സാഹിത്യ പ്രമേയങ്ങളായിമാറി. പോപ്പ് ഭരണത്തിൽ ഉയർന്നവരും താഴ്ന്നവരും സമമായി കരുതപ്പെട്ടു. ഇതിന്റെ ഫലമായി ജനങ്ങളുടെ ഇടയിൽ സമത്വബോധം സൃഷ്ടിക്കാൻ സാധിച്ചു. പോപ്പിന്റെ ഭരണത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളാൽ അറിവ് വികസിപ്പിക്കുവാനും അത് ഇപ്പോഴത്തെ തലമുറയ്ക്ക് കൈമാറാനും കഴിഞ്ഞു.

## വിശുദ്ധ റോമാ സാമ്രാജ്യം

വിശുദ്ധ റോമാസാമ്രാജ്യം എന്നത് ക്രിസ്തീയ യൂറോപ്പിനെ തിരുസഭകളുടെ സഹകരണത്താൽ രാഷ്ട്രീയമായി ഏകീകരിക്കാൻ നടത്തിയ ശ്രമമാണ്. പഴയ റോമാ സാമ്രാജ്യത്തിൽ ക്രിസ്ത്യാനികൾക്ക് യാതൊരു സ്ഥാനവും ഇല്ലായിരുന്നു. എന്നാൽ പുതിയ റോമൻ സാമ്രാജ്യത്തിൽ ക്രിസ്തുമതം രാഷ്ട്രമതമായി അംഗീകരിക്കപ്പെട്ടു. റോമാനഗരം അധികാരകേന്ദ്രമായിരുന്നു.അതിനാൽ പുതിയ റോമാ സാമ്രാജ്യത്തിന്റെ ലക്ഷ്യം എല്ലാ ക്രിസ്തീയ സാമ്രാജ്യങ്ങളെയും സാഹോദര്യത്താൽ ഒന്നാക്കി ഒരു വിശാല ക്രിസ്ത്യൻ സാമ്രാജ്യം സ്ഥാപിക്കുക എന്നതാണ്. ഈ സാമ്രാജ്യത്തിലെ ചക്രവർത്തിയെ പോപ്പിനാൽ കിരീടമണിയിക്കപ്പെടേണ്ട ആവശ്യം നേരിട്ടു. പഴയ റോമാ സാമ്രാജ്യം പുറത്തുനിന്ന് നോക്കുമ്പോൾ ഇറ്റാലിയൻ ഭരണരീതിയിലും പുതിയ റോമാസാമ്രാജ്യം പ്രവർത്തനത്തിൽ ക്രിസ്തീയ രീതിയിലുമായിരുന്നു. രാജാവിന് ധാരാളം അധികാരങ്ങൾ ഉണ്ടായിരുന്നു. രാജാവ് പോപ്പിനെ തന്റെ നിയന്ത്രണത്തിലാക്കാൻ ആഗ്രഹിച്ചു. പിന്നീട് ലോകവും ചക്രവർത്തിമാരും പോപ്പിന്റെ കീഴിലാണെന്ന അവസ്ഥ വന്നു. പല ചെറിയ രാജ്യങ്ങളായി ഭിന്നിച്ചിരുന്ന യൂറോപ്യൻ ഭൂഖണ്ഡത്തെ ഏകീകരിച്ച് ഒരു വലിയ സാമ്രാജ്യമാക്കി . ഇത് പാരമ്പര്യ സമ്പ്രദായത്തെ ബലപ്പെടുത്തുകയും ജനാധിപത്യത്തെ ക്ഷയിപ്പിക്കുകയും ചെയ്തു. വിശുദ്ധ റോമാ സാമ്രാജ്യം ഫ്യൂഡൽ പ്രഭുക്കന്മാരെ ഇല്ലാതാക്കുന്നതിനും ഫ്യൂഡൽ സമ്പ്രദായത്തെ നശിപ്പിക്കുന്നതിനും ധാരാളം സംഭാവനകൾ നൽകി. ഇത് പ്രധാനമായും ജർമ്മനിയുടെ ഏകീകരണത്തെ സഹായിച്ചു. ഇംഗ്ലണ്ട്, ഫ്രാൻസ്, സ്പെയിൻ എന്നീ രാജ്യങ്ങൾ രൂപപ്പെടുന്നതിന് റോമാ സാമ്രാജ്യം കാരണമായി.

## നഗരങ്ങളും സർവ്വകലാശാലകളും

ഈ കാലഘട്ടത്തിൽ വ്യാപാരത്തിന്റെയും കരകൗശല വസ്തുക്കളുടെയും കേന്ദ്രമായി പുതിയ നഗരങ്ങൾ പ്രത്യക്ഷപ്പെട്ടു. ആരംഭത്തിൽ നഗരങ്ങൾ ചെറുതായിരുന്നു. കരകൗശലക്കാരുടെ വർദ്ധനവിനാലും വ്യാപാര വിപുലനത്താലും നഗരങ്ങൾ വികസിക്കാൻ തുടങ്ങി. പശ്ചാത്യ യൂറോപ്യർ കിഴക്കൻ രാജ്യങ്ങളുമായി വ്യാപാരത്തിലേർപ്പെടുന്നതിന് ഇറ്റലിയുടെ ഘടന അനുയോജ്യമായിരുന്നു. ജനീവാ, ഫ്ളോറൻസ്, വെനിസ് എന്നിവ വ്യാപാര കേന്ദ്രങ്ങളായി മാറി. ജനീവാ, വെനിസ് എന്നിവ തീരദേശ നഗരങ്ങളും ഫ്ളോറൻസ് ,പീസ, മിലാൻ എന്നിവ ഉൾനാടൻ വ്യാപാര മാർഗ്ഗങ്ങളും ആയിരുന്നു. ഹോളണ്ട്, ജർമ്മനി, ഫ്രാൻസ്, ഇംഗ്ലണ്ട് എന്നിവിടങ്ങളിൽ ധാരാളം നഗരങ്ങൾ തുറമുഖങ്ങളും വ്യാപാരകേന്ദ്രങ്ങളുമായി മാറി. ഈ നഗരങ്ങൾ മദ്ധ്യയൂറോപ്യൻ സംസ്കാരത്തിന്റെ കേന്ദ്രങ്ങളായിരുന്നു.


## വിദ്യാഭ്യാസം

മധ്യകാലഘട്ടത്തിൽ തിരുസഭകൾ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകി. അവ സാഹിത്യം, ഗണിതം, മതം, തർക്കശാസ്ത്രം പോലുള്ള വിഷയങ്ങളെ അഭ്യസിപ്പിച്ചു. ചില മഠാലയങ്ങൾ വിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറുകയും പല സർവ്വകലാശാലകൾ ഏർപ്പെടുത്തുകയും ചെയ്തു. പുരോഹിതർ സർവ്വകലാശാലകളെ ഭരിച്ചുപോന്നു. വേദാന്തങ്ങൾക്കും



ബോളോഗ്ന സർവ്വകലാശാല

## റോമൻ സാമ്രാജ്യവും അതിന്റെ അതിർത്തികളും




തത്വങ്ങൾക്കും പ്രാധാന്യം നൽകിയിരുന്നു. ചരിത്രവും, ശാസ്ത്രവും നിരാകരിക്കപ്പെട്ടിരുന്നു. നിയമപഠനത്തിന് 'ബോളോഗ്ന സർവ്വകലാശാല' പ്രസിദ്ധിയാർജിച്ചതായിരുന്നു. പുസ്തകങ്ങൾ കൈയെഴുത്തു പ്രതികളായിരുന്നു. അറബി ഭാഷയും ഹീബ്രു ഭാഷയും സ്പെയിൻ സർവ്വകലാശാലയിൽ അഭ്യസിപ്പിച്ചിരുന്നു.

ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് സർവ്വകലാശാല ഫ്രാൻസിലെ പാരീസ് സർവ്വകലാശാലയെ മാതൃകയാക്കി നിർമ്മിക്കപ്പെട്ടു. 12-ാം നൂറ്റാണ്ടിൽ കേംബ്രിഡ്ജ് സർവ്വകലാശാല നിലവിൽ വന്നു.

## ഇസ്ലാമിന്റെ ഉദയം

മധ്യകാല ഘട്ടത്തിൽ അറേബ്യ എന്ന വിശാലമായ മരുഭൂമി പ്രദേശത്തുള്ള തെക്കുപടിഞ്ഞാറൻ ഏഷ്യ ഇസ്ലാമിന്റെ ജന്മദേശമായിരുന്നു. പല തരം യുദ്ധ നൈപുണ്യമുള്ള ഗോത്രങ്ങളെ ഏകോപിപ്പിച്ച് ഏർപ്പെടുത്തിയ പ്രധാന മതമാണ് ഇസ്ലാം മതം. ഇസ്ലാംമതം സ്ഥാപിച്ചത് മുഹമ്മദ് നബിയാണ്. ഇസ്ലാം ഏകദൈവ വിശ്വാസത്തിനും ഉയർന്ന ജീവിത ഗുണങ്ങൾക്കും, തത്വങ്ങൾക്കും പ്രാധാന്യം നൽകി. അറേബ്യയിലെ സ്ഥലങ്ങളായ മെക്കയും മെദീനയും രണ്ടു പ്രധാന പുണ്യസ്ഥലങ്ങളായി. സാഹിത്യം, ശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയ്ക്ക് അധികപ്രാധാന്യം കൊടുത്തിരുന്നു.

മുസ്ലീങ്ങളുടെ വിശ്വാസവും കഠിനാധ്വാനവുമാണ് അവരുടെ വിജയത്തിന് കാരണം. അതിനാൽ പല രാജ്യങ്ങളെയും പിടിച്ചെടുത്ത് അവരുടെ സാമ്രാജ്യത്തെ വിസ്തൃതിപ്പെടുത്തി. ഇസ്ലാം സംസ്കാരം പടിഞ്ഞാറൻ ക്രിസ്ത്യാനികളെയും കിഴക്കൻ സമ്പന്ന ക്രിസ്ത്യാനികളെയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിച്ചു. ഇത് ക്രിസ്തീയ സംസ്കാരത്തിന് വലിയ ഭീഷണിയായിത്തീർന്നു. അറബികൾ തങ്ങൾ പിടിച്ചടക്കിയ പ്രദേശങ്ങളിൽ ഇസ്ലാം മതം പ്രചരിപ്പിക്കാൻ ആഗ്രഹിച്ചു. ഇസ്ലാംമതം വേഗത്തിൽ പ്രചരിപ്പിക്കണമെന്നുള്ള അത്യുൽസാഹം മുസ്ലീം സാമ്രാജ്യം വിസ്തൃതമാകുന്നതിന് കാരണമായി മാറി.



മെക്ക

## കുരിശു യുദ്ധങ്ങൾ (1095-1444)


കുരിശുയുദ്ധങ്ങൾ എന്നത് പടിഞ്ഞാറൻ യൂറോപ്പിലുള്ള ക്രിസ്ത്യാനികൾക്കും തുർക്കി മുസ്ലീങ്ങൾക്കുമിടയിൽ മധ്യകിഴക്കൻ പ്രദേശത്തുള്ള വിശുദ്ധഭൂമിയെ കൈക്കലാക്കാൻ വേണ്ടി നടന്ന യുദ്ധമാണ്. ഓരോ ക്രിസ്തീയ വിശ്വാസിയും ക്രിസ്തുവിന്റെ സ്മാരകമുള്ള പുണ്യ സ്ഥലത്തെ സന്ദർശിക്കുന്നത് അവരുടെ വിശുദ്ധകടമയായി (പുണ്യം) കരുതി.

അത്തരത്തിലുള്ള ഒരു പ്രധാനപ്രദേശമായ ജറുസലേമിനെ ക്രി.പി,1071-ാം മാണ്ട് തുർക്കികൾ ഈജിപ്റ്റിലെ ഫാത്തിമിത് ഖലീഫയിൽ നിന്നും പിടിച്ചെടുത്തു.



കുരിശുയുദ്ധം

## മദ്ധ്യകാല യൂറോപ്യൻ നഗരങ്ങളും വാണിജ്യമാർഗ്ഗങ്ങളും



ക്രി.പി, 1076 വരെ ഖലീഫകളുടെ സഹിഷ്ണുതയാൽ ക്രിസ്ത്യാനികൾക്ക് ഒരു പ്രശ്നവും ഉണ്ടായില്ല. എന്നാൽ 1076-ൽ അസഹിഷ്ണുക്കളായ സെൽജുക്ക് തുർക്കികൾ ജറുസലേമിനെ കൈപ്പറ്റി. ഇവരുടെ ഉപദ്രവം, അപമാനം എന്നിവയിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനുവേണ്ടി കുരിശു യുദ്ധങ്ങളുണ്ടായി. പോപ്പ് രണ്ടാം അർബൻ ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള ക്രിസ്ത്യാനികളെ ഒന്നിച്ച് ചേർക്കുന്നതിനായി ക്ഷണിച്ചു. ഈ യുദ്ധത്തിന് മറ്റു പല കാരണങ്ങളും ഉണ്ടായിരുന്നു. മതാവേശമുള്ളവരെല്ലാം ഒന്നു ചേർന്ന് തങ്ങളുടെ മത കടമകളെ വെളിപ്പെടുത്തി. ചിലർ കൊള്ളയടിക്കാനും പിടിച്ചുപറിക്കാനും തങ്ങളുടെ യുദ്ധസാമർത്ഥ്യത്തെ ഉപയോഗിച്ചു. കുരിശിനും ചന്ദ്രക്കലയ്ക്കും ഇടയ്ക്ക് നടന്ന എട്ടു കുരിശു യുദ്ധങ്ങളിൽ ആദ്യത്തെ നാലു യുദ്ധങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്. **ക്ലെർമാൻഡ് സമ്മേളനം** കഴിഞ്ഞശേഷം എല്ലാ ക്രിസ്ത്യാനികളും തങ്ങളുടെ വസ്ത്രങ്ങളിൽ കുരിശിനെ ചിഹ്നമാക്കി അണിഞ്ഞു. മുസ്ലീങ്ങൾ ചന്ദ്രക്കലയെ ചിഹ്നമായി തങ്ങളുടെ പതാകകളിൽ രേഖപ്പെടുത്തി. അതിനാൽ ഈ കുരിശു യുദ്ധത്തെ **"കുരിശിനും ചന്ദ്രക്കലയ്ക്കും നടന്ന യുദ്ധം"** എന്നുപറയാം.

## കുട്ടികളുടെ കുരിശുയുദ്ധം (1212)

ക്രി.പി.1212 ലെ കുട്ടികളുടെ കുരിശുയുദ്ധത്തിലെ നേതാക്കന്മാർ ജർമ്മനിയിലെ നിക്കോളാസും ഫ്രാൻസിലെ സ്റ്റീഫനും ആയിരുന്നു. ദൈവം അദൃശ്യനായി കുട്ടികളെ നയിക്കുമെന്നും സംരക്ഷിക്കുമെന്നും അവർ വിശ്വസിച്ചു. വേണ്ടത്ര സന്നാഹങ്ങളില്ലാതെ കുട്ടികൾ ഈ യുദ്ധത്തിൽ ഏർപ്പെട്ടതിനാൽ ആർക്കും ഇറ്റലിക്കപ്പുറത്ത് പോകാനായില്ല. പലരും വിശപ്പാലും പട്ടിണിയാലും മരണമടഞ്ഞു.

## കുരിശുയുദ്ധങ്ങൾ തോൽക്കാനുള്ള കാരണങ്ങൾ

ഈ യുദ്ധങ്ങൾ വളരെ വിദൂരതയിൽ ഏകാന്തമായ വൈദ്യസഹായം ലഭിക്കാത്ത പ്രദേശത്താണ് നടന്നത്. ഇത് സൈനികരുടെ ആവേശത്തെയും ഊർജ്ജത്തെയും ചോർത്തിക്കളഞ്ഞു. ഈ യുദ്ധങ്ങൾ അവരുടെ പ്രഥമ ഉദ്ദേശമായ ജറുസലേം, ബെത്‌ലഹേം എന്നിവയെ വീണ്ടെടുക്കണമെന്നുള്ള പരിശ്രമത്തെ നഷ്ടപ്പെടുത്തി.

ഈ യുദ്ധങ്ങൾ ശരിയായ രീതിയിൽ സംഘടിക്കപ്പെട്ടില്ല. നേതാക്കന്മാരുടെ ഇടയിൽ ഐക്യവും അച്ചടക്കവും കുറവായിരുന്നു. രാജാവിനും പോപ്പിനുമിടയിൽ നടന്ന അധികാര വടംവലി ഈ യുദ്ധത്തിന്റെ പരാജയത്തിനു കാരണമായി. ബൈസാന്റിയൻ സാമ്രാജ്യത്തിന്റെ കഴിവില്ലായ്മ ഈ യുദ്ധങ്ങൾ തോൽക്കാനുള്ള പ്രധാനകാരണമാണ്.

## കുരിശുയുദ്ധങ്ങളുടെ ഫലങ്ങൾ

കുരിശുയുദ്ധങ്ങൾ അവയുടെ പ്രധാന ലക്ഷ്യമായ പാലസ്തീനിലെ വിശുദ്ധ സ്ഥലങ്ങളെ വീണ്ടെടുക്കലെന്നത് തോൽവിയിൽ കലാശിച്ചുവെങ്കിലും അത് സ്പെയിൻ, പോർച്ചുഗൽ, എന്നീ പുതിയ ക്രിസ്തീയ രാജ്യങ്ങൾ ഉണ്ടാകുന്നതിനു കാരണമായി. കുരിശുയുദ്ധാവസാനം ബൈസാന്റിയൻ ഭരണാധികാരികളുടെ അധികാരവും അഭിമാനവും ബഹുമാനവും നഷ്ടപ്പെടുകയും ചെയ്തു. നഷ്ടപ്പെട്ട ബൈസാന്റിയരുടെ അഭിമാനം പിന്നീട് ഒരിക്കലും വീണ്ടെടുക്കപ്പെട്ടില്ല. കുരിശുയുദ്ധാവേശം ഒരു പകർച്ചവ്യാധിപോലെ ബാൾട്ടിക്ക് തീരപ്രദേശത്തെ സ്ലാവ് ജനങ്ങളേയും, ജർമനിയിലെ ജനങ്ങളെയും ക്രിസ്തുമതത്തിലേക്ക് മാറ്റുന്ന ശക്തിയായി വളരെവേഗം വളർന്നു. കുരിശുയുദ്ധത്താൽ ഫ്യൂഡലിസത്തിന് കനത്ത ആഘാതമേറ്റു. കുരിശുയുദ്ധങ്ങൾ പിൽക്കാ

ലത്ത് സൈനിക ക്രമത്തിൽ പല മാറ്റങ്ങളും ഉണ്ടാക്കി. പോപ്പിന്റെ അധികാരവും സ്വാധീനവും വർദ്ധിച്ചു.

കുരിശുയുദ്ധത്തിനായി കൈക്കൊണ്ട ദീർഘദൂരസഞ്ചാരം ജനങ്ങളിൽ ഭൂമിശാസ്ത്രപരിജ്ഞാനം വളരുവാൻ കാരണമായി. അത് പുതിയ വ്യാപാര മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിന് കാരണമാവുകയും പോർച്ചുഗൽ, സ്പെയിൻ, എന്നിവർ അതിൽ അഗ്രഗണ്യൻമാരായിത്തീരുകയും ചെയ്തു. കടൽ മാർഗ്ഗങ്ങൾ കണ്ടു പിടിക്കുന്നതിനു വേണ്ടി വടക്കു നോക്കി യന്ത്രം കണ്ടുപിടിക്കപ്പെട്ടതിനാൽ കപ്പൽ നിർമ്മാണ വ്യവസായം പുരോഗമിച്ചു.

കുരിശുയുദ്ധങ്ങൾ അന്വേഷണത്വര ഉണ്ടാക്കുകയും 16-ാം നൂറ്റാണ്ടിൽ നവോത്ഥാന ത്തിന് ജനങ്ങളെ സന്നദ്ധരാക്കുകയും ചെയ്തു.

## അഭ്യാസം

### അ. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. പുരാതനമദ്ധ്യകാലത്തെ ..................എന്നു വിളിച്ചിരുന്നു.
   - അ) സുവർണ്ണ കാലം ആ) ചെമ്പുകാലം
   - ഇ) ഇരുണ്ടകാലം ഈ) ഇരുമ്പുകാലം
2. ഫ്യൂഡൽ വ്യവസ്ഥ................ സാമൂഹ്യ രീതിയെ ആശ്രയിച്ചതാണ്
   - അ) മതം ആ) സൈന്യം
   - ഇ) വ്യാപാരം ഈ) ഭൂമി (നിലം)
3. മുഹമ്മദ് നബി സ്ഥാപിച്ചമതം
   - അ) ക്രിസ്തുമതം ആ) ഹിന്ദുമതം
   - ഇ) ഇസ്ലാംമതം ഈ) സിക്കുമതം
4. ക്രിസ്ത്യാനികളുടെ പുണ്യഭൂമി ഏത് ?
   - അ) മെക്കാ ആ) ഇറ്റലി
   - ഇ) വത്തിക്കാൻ ഈ) ജെറുസലേം

### ആ. യോജിപ്പിക്കുക

| | |
|---|---|
| 1. കോൺസ്റ്റന്റയിൻ | ഗോത്രവർഗ്ഗക്കാർ |
| 2. ഫ്യൂഡ് അഥവാ ഫീഫ് | ഭൂമി |
| 3. കേം ബ്രിഡ്ജ് | കോൺസ്റ്റാന്റിനോപ്പിൾ |
| 4. ജനീവാ | തീരദേശനഗരം |
| 5. കിരാതന്മാർ | സർവ്വകലാശാല |
| | പെരുമാറ്റം |
| | ചക്രവർത്തി |

**ഇ. ചുരുക്കത്തിൽ ഉത്തരം എഴുതുക**

1. ഫ്യൂഡൽ വ്യവസ്ഥ എന്നാൽ എന്ത്?
2. മദ്ധ്യകാല യൂറോപ്പിൽ ഉണ്ടായിരുന്ന തീരദേശനഗരങ്ങൾ, വ്യാപാരകേന്ദ്രങ്ങൾ എന്നിവ ഏതെല്ലാം?
3. കുട്ടികളുടെ കുരിശുയുദ്ധത്തിന്റെ നേതാക്കന്മാർ ആരെല്ലാം?
4. മദ്ധ്യകാല യൂറോപ്പിലെ പ്രധാനസർവ്വകലാശാലകൾ ഏതെല്ലാം?
5. കുരിശുയുദ്ധത്തിന്റെ ലക്ഷ്യങ്ങളെന്തെല്ലാം?
6. ക്രിസ്തീയ സഭയുടെ ഉത്തരവാദിത്വം ആർക്കായിരുന്നു?

**ഈ. തന്നിട്ടുള്ള ശീർഷകത്തിന്റെ കീഴിലുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.**

1. ഫ്യൂഡൽ വ്യവസ്ഥിതി

അ) ഫ്യൂഡൽ എന്ന പദം ഏത് ഭാഷയിൽ നിന്നാണ് ഉണ്ടായത്?

ആ) ഭൂവുടമകൾ ആരായിരുന്നു?

ഇ) ഭൂവുടമ ഗ്രാമം എപ്രകാരം അറിയപ്പെട്ടു?

ഈ) യൂറോപ്പിൽ ഏതു സമ്പ്രദായമാണ് പിൻതുടർന്നത്?

2. പോപ്പിസം

അ) തിരുസഭകളുടെ നേതാവ് ആരായിരുന്നു?

ആ) പോപ്പിനും രാജാവിനും ഇടയിലുള്ള ബന്ധം എപ്രകാരമായിരുന്നു?

ഇ) പോപ്പിന്റെ പങ്ക് എന്താണ്?

ഈ) ഇരട്ട നേതൃത്വത്തിന്റെ ഫലം എന്തായിരുന്നു?

3. കുരിശുയുദ്ധങ്ങൾ

അ) ക്രിസ്ത്യാനികളുടെ പുണ്യഭൂമി ഏതായിരുന്നു ?

ആ) ആഗോള ക്രിസ്ത്യാനികളെ ക്ഷണിച്ചത് ആര് ?

ഇ) കൗൺസിൽ സമ്മേളനം എവിടെ വച്ചു നടന്നു?

ഈ) എത്ര കുരിശു യുദ്ധങ്ങൾ നടന്നു?

4. മുഹമ്മദ് നബി

അ) ഇസ്ലാം മതം എവിടെ ഉത്ഭവിച്ചു ?

ആ) ഇസ്ലാം മതത്തെ സ്ഥാപിച്ചത് ആരാണ്?

ഇ) അറേബ്യയിലെ പ്രധാന പുണ്യസ്ഥലങ്ങൾ ഏതെല്ലാം?

ഈ) ഇസ്ലാം മതത്തിന്റെ പ്രാധാന്യം എന്ത്?

ഉ. ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക

അ) കിരാതൻമാരുടെ ആക്രമണത്തെ വിവരിക്കുക

ആ) യൂറോപ്പിൽ ഇസ്ലാം മതത്തിന്റെ ഉദയത്തെക്കുറിച്ച് വിവരിക്കുക

ഇ) കുരിശുയുദ്ധത്തിന്റെ ഫലങ്ങൾ എന്തെല്ലാം?

ഊ. പ്രായോഗികാഭ്യാസം

1. യൂറോപ്പ് ഭൂപടത്തിൽ തന്നിട്ടുള്ള സ്ഥലങ്ങളെ അടയാളപ്പെടുത്തുക

അ) റോം ആ) കോൺസ്റ്റാന്റിനോപ്പിൾ ഇ) വെനീസ്

ഈ) ജെനീവ ഉ) പാരീസ് ഊ) ലണ്ടൻ ഋ) പീസ

എ) ഫ്ളോറൻസ്

2. തന്നിട്ടുള്ള രാജ്യങ്ങളെ അടയാളപ്പെടുത്തുക

അ) ഇറ്റലി ആ) ഗ്രീസ് ഇ) സ്പെയിൻ

ഈ) ഇംഗ്ലണ്ട് ഉ)ഫ്രാൻസ് ഊ) ജർമ്മനി ഋ) അറേബ്യ

## രൂപീകരണ മൂല്യനിർണ്ണയം

1. താഴെപ്പറയുന്ന മതങ്ങളുമായി ബന്ധപ്പെട്ട അഞ്ചു പുണ്യസ്ഥലങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് നോട്ടുബുക്കിൽ പതിക്കുക.

(മ) ഹിന്ദുമതം (യ) ക്രിസ്തുമതം (ര) ഇസ്ലാംമതം

2. താഴെപ്പറയുന്ന ആഘോഷവേളകളിൽ അനുഷ്ഠിക്കുന്ന ആചാരങ്ങളെ വിശദീകരിക്കുക

(മ) ദീപാവലി (യ) ക്രിസ്തുമസ്സ് - ഈസ്റ്റർ (ര) റംസാൻ

3. ഭൂവുടമ വ്യവസ്ഥിതിയിലെ സാമൂഹ്യക്രമത്തെ കാണിക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക

4. ക്ലാസ്സിനെ രണ്ടു വിഭാഗങ്ങളായി തിരിച്ച് ഒരു വിഭാഗം ക്രിസ്തുമതത്തിന്റെ വ്യാപനത്തെക്കുറിക്കുന്ന ഒരു നാടകവും മറ്റെ വിഭാഗം ഇസ്ലാംമത വ്യാപനത്തെക്കുറിക്കുന്ന ഒരു നാടകവും അവതരിപ്പിക്കുക.

# ഭൂമിശാസ്ത്രം

## 1. തമിഴ്നാട്

ദക്ഷിണേന്ത്യയിൽ സ്ഥിതിചെയ്യുന്ന സംസ്ഥാനമായ തമിഴ്നാടിന് പോണ്ടിച്ചേരി,കേരളം,കർണ്ണാടകം,ആന്ധ്രാപ്രദേശ് എന്നിവ അതിർത്തികളായി കാണപ്പെടുന്നു. ഇന്ത്യൻഉപദ്വീപിന്റെ തെക്കേയററത്ത് സ്ഥിതിചെയ്യുന്ന തമിഴ്നാടിന്റെ കിഴക്ക് ബംഗാൾ ഉൾക്കടൽ, തെക്ക് ഇന്ത്യൻ മഹാസമുദ്രം,പടിഞ്ഞാറ് കേരളം, വടക്ക്പടിഞ്ഞാറ് കർണ്ണാടകം, വടക്ക് ആന്ധ്രാപ്രദേശ് എന്നിവ അതിർത്തികളാണ്. ഈ സംസ്ഥാനത്തിലെ സംസാര ഭാഷയായ തമിഴ് 1958 ജനുവരി മാസം 14-ാം തിയതി മുതൽ ഔദ്യോഗിക ഭാഷയായി പ്രാബല്യത്തിൽവന്നു. ഇന്ത്യയുടെ ജനസംഖ്യയിൽ ഏഴാം സ്ഥാനത്തുള്ള തമിഴ്നാട് കാർഷിക വിളവുകളുടെയും തൊഴിൽ ഉല്പന്നങ്ങളുടെയും ഉൽപാദനത്തിൽ മുൻനിരയിലുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ്.

തമിഴ്നാട് വടക്ക് 8°4' അക്ഷാംശം മുതൽ 13°35' അക്ഷാംശം വരെയും, കിഴക്ക് 76°18' രേഖാംശം മുതൽ 80°20' രേഖാംശം വരെയും വ്യാപിച്ചിരിക്കുന്നു. ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ തെക്കു കിഴക്കേ അഗ്രത്തിൽ ത്രികോണാകൃതിയിൽ കിടക്കുന്ന തമിഴ്നാട് വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 11-ാമത്തെ വലിയ സംസ്ഥാനമാണ്.

**നിങ്ങൾക്കറിയാമോ?**

ഇന്ത്യൻ യൂണിയന്റെ തെക്കെ അതിർത്തിയായി കരുതപ്പെടുന്ന ഇന്ദിരാ മുനമ്പ് 2004-ൽ ഏർപ്പെട്ട സുനാമിയാൽ (രാക്ഷസ തിരമാല) കടലിനടിയിലായി.

ഏറ്റവും കൂടുതൽ നഗരവത്കരിക്കപ്പെട്ട ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നായ തമിഴ്നാട് പ്രത്യേകമൊരു ഭൂമണ്ഡലമായി ശോഭിക്കുന്നു. ധാരാളം പ്രകൃതി വിഭവങ്ങൾ, ഇടതൂർന്ന വനങ്ങൾ, ശൈത്യമേറിയ മലമ്പ്രദേശങ്ങൾ, ദ്രാവിഡ സംസ്ക്കാര ശൈലിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള സാംസ്കാരിക പ്രസിദ്ധങ്ങളായ ഹൈന്ദവ ക്ഷേത്രങ്ങൾ, മനോഹരമായ സമുദ്രതീര പ്രദേശങ്ങൾ, വിവിധ മതങ്ങളുടെ പുണ്യസ്ഥലങ്ങൾ, യുനസ്കോയാൽ (UNESCO) അംഗീകരിക്കപ്പെട്ട ലോക പൈതൃക കേന്ദ്രങ്ങൾ എന്നിവയാൽ സമ്പുഷ്ടമായ സംസ്ഥാനം കൂടിയാണ് തമിഴ്നാട്.

### ഭരണവിഭാഗങ്ങൾ

തമിഴ്നാടിന്റെ ആകെ വിസ് തീർണ്ണം 1,30,058-ചതുരശ്ര കീലോമീറ്റർ ആണ്. ഇത് ഇന്ത്യയുടെ ആകെ വിസ്തീർണ്ണത്തിന്റെ നാലുശതമാനമാണ്. ഭരണ നിർവഹണത്തിനനുയോജ്യമായി തമിഴ്നാട് സംസ്ഥാനത്തെ താഴെ പറയുന്ന 32 ജില്ലകളായി വിഭജിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ലകൾ |
|---|---|
| 1. | അരിയലൂർ |
| 2. | ചെന്നൈ |
| 3. | കോയമ്പത്തൂർ |
| 4. | കടലൂർ |
| 5. | ധർമ്മപുരി |
| 6. | ദിണ്ടുക്കൽ |
| 7. | ഈറോഡ് |
| 8. | കാഞ്ചീപുരം |
| 9. | കന്യാകുമാരി |
| 10. | കരൂർ |
| 11. | കൃഷ്ണഗിരി |
| 12. | മധുര |
| 13. | നാഗപട്ടണം |
| 14. | നാമക്കൽ |
| 15. | നീലഗിരി |

| | |
|---|---|
| 16. | പെരമ്പലൂർ |
| 17. | പുതുക്കോട്ട |
| 18. | രാമനാഥപുരം |
| 19. | സേലം |
| 20. | ശിവഗംഗ |
| 21. | തഞ്ചാവൂർ |
| 22. | തേനി |
| 23. | തിരുച്ചിറാപ്പള്ളി |
| 24. | തിരുനെൽവേലി |
| 25. | തിരുവള്ളൂർ |
| 26. | തിരുവണ്ണാമല |
| 27. | തിരുവാരൂർ |
| 28. | തൂത്തുക്കുടി |
| 29. | തിരുപ്പൂർ |
| 30. | വേലൂർ |
| 31. | വിഴുപ്പുറം |
| 32. | വിരുതുനഗർ |

## മനസ്സിലാക്കിക്കൊള്ളുക



സംസ്ഥാനപക്ഷി : മരഗതപ്രാവ്



സംസ്ഥാനപുഷ്പം: ചെങ്കാന്തൾ പൂവ്



സംസ്ഥാനമൃഗം: വരയാട്



സംസ്ഥാനവൃക്ഷം : പനമരം

**പട്ടിക: തമിഴ്നാട്**


**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

| | |
|---|---|
| കോർപ്പറേഷനുകൾ | 12 |
| മുൻസിപ്പാലിറ്റികൾ | 124 |
| നഗര പഞ്ചായത്തുകൾ | 528 |
| ജില്ലാ പഞ്ചായത്തുകൾ | 31 |
| പഞ്ചായത്തു യൂണിയൻ | 385 |
| ഗ്രാമ പഞ്ചായത്തുകൾ | 12524 |

**പ്രയോഗികാഭ്യാസം**

ഇവയിൽ നിങ്ങളുടെ തദ്ദേശ സ്വയംഭരണ മണ്ഡലം ഏതാണെന്നു കണ്ടുപിടിക്കുക.

# തമിഴ്നാട് ജില്ലകൾ


വ
ആന്ധ്രപ്രദേശ്
കർണ്ണാടകം
കേരളം
ബംഗാൾ ഉൾക്കടൽ
അറബിക്കടൽ
ഇന്ത്യൻ മഹാസമുദ്രം
പാക് കടലിടുക്ക്
മന്നാർ ഉൾക്കടൽ
തമിഴ്നാട്
തിരുവള്ളൂർ
ചെന്നൈ
വെല്ലൂർ
കാഞ്ചീപുരം
കൃഷ്ണഗിരി
തിരുവണ്ണാമല
ധർമ്മപുരി
വിഴുപ്പുരം
കടലൂർ
സേലം
നീലഗിരി
ഉദകമണ്ഡലം
ഈറോഡ്
നാമക്കൽ
പെരമ്പലൂർ
അരിയലൂർ
നാഗപട്ടണം
കാരയ്ക്കാൽ
പോണ്ടിച്ചേരി
കോയമ്പത്തൂർ
തിരുപ്പൂർ
കരൂർ
തൃശ്ശിനാപ്പള്ളി
തഞ്ചാവൂർ
തിരുവാരൂർ
ദിണ്ടുക്കൽ
പുതുക്കോട്ട
തേനി
മധുര
ശിവഗംഗ
വിരുദുനഗർ
രാമനാഥപുരം
തൂത്തുക്കുടി
തിരുനെൽവേലി
കന്യാകുമാരി
കുറിപ്പ്
സംസ്ഥാന തലസ്ഥാനം
ജില്ലാ തലസ്ഥാനം
സംസ്ഥാന അതിർത്തി
ജില്ലാ അതിർത്തി

## തമിഴ്നാടിന്റെ ചരിത്രം

തമിഴ്നാടിന്റെ ഉത്ഭവവും വളർച്ചയും ഏകദേശം ആറായിരം വർഷങ്ങൾക്കധികം പഴക്കമുള്ളതാണ്. ഇത് ദ്രാവിഡ സംസ്ക്കാരത്തിന്റെ ഈറ്റില്ലമാണ്. ഏകദേശം ആയിരം വർഷങ്ങൾക്ക് മുമ്പ് തന്നെ ആര്യ സംസ്ക്കാരവും ഇവിടെ വ്യാപിച്ചിരുന്നു. തമിഴ്നാടിനെ ദ്രാവിഡ സംസ്കാരത്തിന്റെ കളിത്തൊട്ടിലെന്ന് വിശേഷിപ്പിക്കുന്നു. വാനോളം ഉയർന്നു നിൽക്കുന്ന ക്ഷേത്ര ഗോപുരങ്ങൾ, ശിൽപങ്ങൾ, പുരാതന സ്മാരകങ്ങൾ എന്നിവ തമിഴ്സംസ്കാരത്തിന്റെ പ്രതിഫലനമായി സംസ്ഥാനം മുഴുവനും വ്യാപിച്ച് കാണപ്പെടുന്നു.

തമിഴ്ഭാഷയുടെ വികസനകാലത്തെ മൂന്നു സംഘകാലങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാം. മധുരയെ കേന്ദ്രമാക്കി രൂപീകരിക്കപ്പെട്ട ആദ്യ സംഘം കടൽ ക്ഷോഭത്താൽ നശിച്ചു പോയി. രണ്ടാമത്തെ തമിഴ്സംഘം കപാടപുരത്തും മൂന്നാമത്തെ സംഘം മധുരയെ കേന്ദ്രീകരിച്ചും രൂപീകരിക്കപ്പെട്ടു. വളരെ പ്രാചീന തമിഴ്വ്യാകരണ ഗ്രന്ഥമായ **'തൊൽകാപ്പിയം'** മൂന്നാം സംഘകാലത്തിൽ രൂപം കൊണ്ട സാഹിത്യകൃതികളിൽ ഒന്നാണ്. സംഘകാല സാഹിത്യത്തിൽ എടുത്തു പറയത്തക്ക ഗ്രന്ഥങ്ങളാണ് എട്ടുത്തൊകയും പത്തുപ്പാട്ടും.

മറ്റേതൊരു ഗ്രന്ഥത്തോടും താരതമ്യപ്പെടുത്താനാകാത്ത വിധം ചിരപ്രചാരവും ആവിഷ്കരണ പൊലിമയും നേടിയ **'തിരുക്കുറൾ'** ഗ്രന്ഥം രചിച്ച തിരുവള്ളുവർ ഈ ഗ്രന്ഥത്തിൽ പ്രത്യേകിച്ച് ഒരു രാജ്യത്തെയോ, മതത്തെയോ, ജനങ്ങളെയോ പ്രതിപാദിച്ചിട്ടില്ല. അതിനാൽ തിരുവള്ളുവരെ ദൈവീക പണ്ഡിതനായി പ്രകീർത്തിക്കുന്നു.

എല്ലാപേർക്കും യോജിക്കുന്ന വിധത്തിലുള്ള സാരാംശങ്ങളടങ്ങിയ തിരുവള്ളുവരാൽ രചിക്കപ്പെട്ട തിരുക്കുറളിനെ ആഗോള സാഹിത്യമെന്ന് പ്രകീർത്തിക്കുന്നു.

പുരാതന തമിഴ്നാട്ടിൽ ചേരർ, ചോഴർ, പാണ്ഡ്യർ, പല്ലവർ എന്നീ നാല് തമിഴ് സാമ്രാജ്യങ്ങൾ ഉണ്ടായിരുന്നു. അവരുടെ ഭരണ കാലത്ത് കല, സംഗീതം, വാണിജ്യം, കൃഷി എന്നിവ വളരെ പുരോഗതി പ്രാപിച്ചിരുന്നു. അതിനാൽ ഇവരുടെ ഭരണ കാലത്തെ തമിഴ്നാടിന്റെ "സുവർണ്ണ കാലമെന്നു" പറയപ്പെടുന്നു.

**മനസ്സിലാക്കിക്കൊള്ളുക**

ക്രിസ്തീയ, ഡച്ചു പാതിരിമാരാൽ ആദ്യത്തെ തമിഴ് അച്ചടിശാല തരംഗംപാടിയിൽ ആരംഭിക്കപ്പെട്ടു.

## അഭ്യാസം

### അ. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഇന്ത്യൻ സംസ്ഥാനങ്ങളുടെ വിസ്തൃതിയിൽ തമിഴ്നാടിന് ______________ സ്ഥാനമാണ് ഉള്ളത്.

   അ) 5–ാമത്തെ  ആ) 7–ാമത്തെ  ഇ) 9–ാതാമത്തെ  ഈ) 11–ാമത്തെ

2. തമിഴ്നാട്ടിൽ ________________ ജില്ലകളുണ്ട്.

   അ) 28  ആ) 30  ഇ) 32  ഈ) 34

3. _____________ കിഴക്കൻ കടൽതീരത്ത് വ്യാപിച്ചു കിടക്കുന്ന ജില്ലയാണ്

   അ) നീലഗിരി  ആ) തേനി  ഇ) നാഗപട്ടണം  ഈ) കോയമ്പത്തൂർ

4. തമിഴ്നാട് ഇന്ത്യയുടെ __________ ഭാഗത്തായി വ്യാപിച്ചു കിടക്കുന്നു.

   അ) വടക്കു കിഴക്ക്,  ആ) തെക്കു പടിഞ്ഞാറ്

   ഇ) തെക്കു കിഴക്ക്  ഈ) വടക്കു പടിഞ്ഞാറ്

5. ഇന്ത്യയുടെ ആകെ വിസ്തൃതിയിൽ തമിഴ്നാട് ____________ ശതമാനം ഉള്ളടക്കിയതാണ്.

അ) 4%, ആ) 5% ഇ) 3% ഈ) 2%

## ആ. യോജിപ്പിക്കുക

| | | |
|---|---|---|
| 1. സംസ്ഥാനപക്ഷി | - | തൊൽകാപ്പിയം |
| 2 സംസ്ഥാനവൃക്ഷം | - | 234 |
| 3. നിയമസഭാ മണ്ഡലം | - | പനമരം |
| 4. തമിഴ്വ്യാകരണം | - | തമിഴ്നാടിന്റെ വടക്കു പടിഞ്ഞാറുഭാഗം |
| 5 കർണ്ണാടകം | - | മരഗതപ്രാവ് |
| | | 12 |
| | | മയിൽ |

## ഇ. ചുരുക്കത്തിൽ ഉത്തരമെഴുതുക.

1. തമിഴ്നാടിന്റെ അതിർത്തികളെ എഴുതുക.
2. തമിഴ്നാടിന്റെ തദ്ദേശസ്വയംഭരണ ഘടനയെക്കുറിച്ചെഴുതുക.
3. തമിഴ്നാടിന്റെ അക്ഷാംശം, രേഖാംശം എന്നിവയുടെവ്യാപനത്തെ ക്കുറിച്ചെഴുതുക.
4. തമിഴ്നാടിന്റെ അതിർത്തികളായി സ്ഥിതി ചെയ്യുന്ന ജലപ്പരപ്പുകൾ ഏവ?
5. തമിഴ്നാടിന്റെ പടിഞ്ഞാറുഭാഗത്തുള്ള 4 ജില്ലകളുടെ പേരെഴുതുക.
6. തമിഴ്നാടിന്റെ കടൽതീരത്തുള്ള ജില്ലകളുടെ പേരെഴുതുക.

## ഈ. വിവരിച്ച് ഉത്തരമെഴുതുക.

1. തമിഴ്നാടിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനത്തെക്കുറിച്ച് വിവരിക്കുക.
2. തമിഴ്നാടിന്റെ ചരിത്രത്തെക്കുറിച്ച് വിവരിക്കുക.

## ഉ. തന്നിട്ടുള്ള തമിഴ്നാട് ഭൂപടത്തിൽ താഴെക്കൊടുത്തിട്ടുള്ള സ്ഥലങ്ങളെ അടയാളപ്പെടുത്തുക.

1. കന്യാകുമാരി 2. ഇന്ത്യൻ മഹാസമുദ്രം 3. ബംഗാൾ ഉൾക്കടൽ
4. ചെന്നൈ 5. പോണ്ടിച്ചേരി 6. ഈറോഡ് 7. പുതുക്കോട്ട

**രൂപീകരണ മൂല്യനിർണ്ണയം**

## I. പദപ്രശ്നം

| | | | | |
|---|---|---|---|---|
| 6 1 | | | | |
| | | | | |
| | 2 | | | |
| 3 | | | 5 | 4 |

**ഇടതു ഭാഗത്തുനിന്നും വലതുഭാഗത്തേയ്ക്ക്**

1. തേരിനു പ്രസിദ്ധമായ ജില്ല
2. ഇരുമ്പുധാതു ലഭിക്കുന്ന ജില്ല
3. കോട്ട സ്ഥിതി ചെയ്യുന്ന സ്ഥലം

**ലംബമായിട്ട്**

4. തമിഴ്നാടിന്റെ നെൽക്കലവറ (താഴെനിന്നും മുകളിലേയ്ക്ക്)
5. സുഗന്ധമേറിയ മുല്ലപ്പൂവിന് പ്രസിദ്ധമായ സ്ഥലം (താഴെനിന്നും മുകളിലേയ്ക്ക്)
6. രംഗനാഥ ക്ഷേത്രത്തിന് പ്രസിദ്ധമായ ജില്ല (മുകളിൽ നിന്നും താഴേയ്ക്ക്)

## II. ജീവിതപാഠം

താഴെപ്പറയുന്ന ശീർഷകങ്ങളിൽ തമിഴ്നാടിന്റെ സ്വയംവിവരകാർഡ് (Bio-Data) തയ്യാറാക്കുക.

1. സംസ്ഥാനം
2. ജില്ലകളുടെ എണ്ണം
3. ഇരിപ്പിടം
   (a) അക്ഷാംശം (b) രേഖാംശം
4. വിഭവങ്ങൾ
   (a) ഭൂപ്രകൃതി വിഭജനങ്ങൾ (b) ജലസ്രോതസ്സ് (c) തടാകങ്ങൾ
5. കാലാവസ്ഥ
6. വർഷപാതം
7. കുടുംബാംഗങ്ങൾ
   (a) ജനസംഖ്യ (b) പ്രകൃതി സസ്യങ്ങൾ (c) വന്യ ജീവികൾ
8. തൊഴിലുകൾ
   (a) പ്രാഥമികം (b) ദ്വിതീയം (c) തൃതീയം
9. ഗതാഗതം
10. വിനോദം /സഞ്ചാരകേന്ദ്രങ്ങൾ

## III. ഭൂപട രചന

1. രണ്ടു വ്യത്യസ്ഥ നിറങ്ങളിലൂടെ തമിഴ്നാട്ടിലെ കടലോരജില്ലകളും ആന്തരികജില്ലകളും വേറിട്ടുകാണിക്കുക.
2. നിങ്ങളുടെ ജില്ലയുടെ നാലതിർത്തികളെയും വ്യത്യസ്ഥനിറങ്ങൾ കൊടുത്ത് വേറിട്ടുകാണിക്കുക

## IV. പ്രവർത്തന പദ്ധതി

തമിഴ്നാട്ടിലെ പന്ത്രണ്ട് കോർപ്പറേഷനുകൾ ഏവ? അവയിൽ ഒരു കോർപ്പറേഷനെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുക.

# 2. തമിഴ്നാട് – പ്രകൃതിഘടന

തമിഴ്നാടിന്റെ പ്രകൃതിഘടന ഏകദേശം ത്രികോണാകൃതിയിലുള്ളതാണ്. ഈ സംസ്ഥാനത്തിന്റെ പടിഞ്ഞാറുഭാഗവും വടക്കു പടിഞ്ഞാറുഭാഗവും പശ്ചിമഘട്ടത്താലും, വടക്കുഭാഗം പൂർവ്വഘട്ടത്താലും, കിഴക്കുഭാഗം ബംഗാൾ ഉൾക്കടലാലും, തെക്ക് ഇന്ത്യൻ മഹാസമുദ്രത്താലും ചുറ്റപ്പെട്ടിരിക്കുന്നു. തമിഴ്നാട്ടിന്റെ പ്രകൃതിഘടന സാധാരണയായി ഉയർന്ന വിശാലമായ പ്രദേശങ്ങളായി കാണപ്പെടുന്നു. ഇവിടെ മണ്ണൊലിപ്പ് ഇല്ലാത്ത മലനിരകളുടെ ശേഷിച്ച ഭാഗവും വിശാലമായ താഴ്വരകളും നദീസമതലങ്ങളും കാണപ്പെടുന്നു.

## പ്രകൃതിഘടന

പൊതുവെ തമിഴ്നാടിന്റെ പ്രകൃതിഘടനയെ 4 ഭാഗങ്ങളായി വിഭജിക്കാവുന്നതാണ്.

1. പർവ്വത നിരകൾ
   (പശ്ചിമഘട്ടം, പൂർവ്വഘട്ടം)
2. പീഠഭൂമി പ്രദേശങ്ങൾ
3. സമതല പ്രദേശങ്ങൾ
4. സമുദ്രതീര പ്രദേശങ്ങൾ


## തമിഴ്നാട്ടിലെ പർവ്വതനിരകൾ

തമിഴ്നാട്ടിൽ പശ്ചിമഘട്ടപർവ്വതനിരകൾ നീലഗിരി ജില്ലയിൽ പ്രവേശിച്ച് കന്യാകുമാരി ജില്ലവരെ നീളത്തിൽ വ്യാപിച്ച് കിടക്കുന്നു. പൂർവ്വഘട്ട പർവ്വതനിരയേക്കാൾ അല്പം വ്യത്യാസമായ ഘടനയിലാണ് പശ്ചിമഘട്ട മലനിരകൾ കാണപ്പെടുന്നത്. ഇതിന്റെ ശരാശരി ഉയരം 1000 മീറ്റർ മുതൽ 1500 മീറ്റർ വരെ കാണപ്പെടുന്നു. തമിഴ്നാട്ടിലെ ഏറ്റവും ഉയർന്ന കൊടുമുടികൾ ദൊട്ടബെട്ടാ (2637 മീറ്റർ), മുകൃതി (2540 മീറ്റർ) എന്നിവയാണ്. പശ്ചിമഘട്ടനിരകളുടെ വടക്കു പടിഞ്ഞാറ് ഭാഗത്തായി ഏകദേശം 2500 മീറ്റർ ഉയരത്തിൽ വ്യാപിച്ചു കിടക്കുന്ന ഉന്നത മലയോര പ്രദേശമാണ് നീലഗിരി. ഈ പ്രദേശത്ത് ചില കൊടുമുടികൾ കാണപ്പെടുന്നുണ്ട്. അവയുടെ ശരാശരി ഉയരം 1800 മീറ്റർ മുതൽ 2400 മീറ്റർ വരെയാണ്. തമിഴ് നാട്ടിലെ ഉയരം കൂടിയ കൊടുമുടി ദൊട്ടബെട്ടാ ആകുന്നു. നീലഗിരി മലയിൽ സ്ഥിതിചെയ്യുന്ന ഊട്ടിയെ മലകളുടെ രാജ്ഞി എന്നു വിളിക്കുന്നു. പശ്ചിമഘട്ടപർവ്വതനിരകളും പൂർവ്വഘട്ടപർവ്വത നിരകളും നീലഗിരിയിൽ സന്ധിക്കുന്നു. തമിഴ്നാട്ടിലെ നീലഗിരിയിൽ നിന്നും കേരളത്തിലെ ആനമുടിയിൽ നിന്നും ഏകദേശം 1500 മീറ്റർ മുതൽ 2000 മീറ്റർ ഉയരത്തിൽ മലനിരയുടെ ഒരു ശാഖ കിഴക്കോട്ട് ചെല്ലുന്നു ഇതിനെ പഴനിമല കുന്നുകളെന്നു പറയുന്നു. പഴനിമലകളുടെ തെക്കുഭാഗത്തായി വർഷനാട്, ആണ്ടിപ്പട്ടി എന്നീ രണ്ട് പർവ്വത നിരകൾ കാണപ്പെടുന്നു. പശ്ചിമഘട്ട നിരകൾ തുടർച്ചയായി കാണപ്പെടുന്നുങ്കിലും പാലക്കാടിനടുത്ത് 25 കീലോമീറ്റർ ദൂരത്തിൽ ഒരു മലമ്പാത കാണപ്പെടുന്നു. പാലക്കാട്ടു മലമ്പാതയുടെ തെക്കുഭാഗത്തായി ആണ്ടിപ്പട്ടിമല, ഏലമല, അഗസ്ത്യമല എന്നിവ കാണപ്പെടുന്നു. ഏലമലയിൽ ഫലഭൂയിഷ്ഠമായ കമ്പം താഴ്വര കാണപ്പെടുന്നു. വർഷനാട് മല, അഗസ്ത്യമല, എന്നിവയ്ക്കിടയിൽ ചെങ്കോട്ട മലമ്പാത കാണപ്പെടുന്നു.


സമതലങ്ങളെയും പീഠഭൂമികളെയും വേർതിരിക്കുന്ന തമിഴ്നാട്ടിലെ പർവ്വതനിരകൾക്കിടയിൽ രണ്ടു പ്രത്യേക മലമ്പാതകൾ കാണപ്പെടുന്നു. അവ തെക്കുഭാഗത്ത് ആത്തൂർ മലമ്പാതയും വടക്കുഭാഗത്ത് ചെങ്കം മലമ്പാതയുമാണ്. ഈ മലമ്പാതകൾ കടലൂർ ജില്ലയെ സമതലപ്രദേശത്തോടും സേലം ജില്ലയെ പീഠഭൂമിപ്രദേശത്തോടും യോജിപ്പിക്കുന്നു. തുടർച്ചയായി കാണപ്പെടുന്ന പശ്ചിമഘട്ട മലനിരകളിലെ പ്രധാനപ്പെട്ട മലമ്പാതകളാണ് പാലക്കാട് മലമ്പാതയും ചെങ്കോട്ട മലമ്പാതയും.

പശ്ചിമഘട്ടത്തോട് താരതമ്യം

## തമിഴ്നാട്
## ഭൂതലടനയിലെ ഉയരവ്യത്യാസങ്ങൾ



## തമിഴ്നാട് - പ്രകൃതിഘടന



ചെയ്യുമ്പോൾ പൂർവ്വഘട്ട നിരകൾ തുടർച്ചയായി കാണപ്പെടുന്നില്ല. ഇവ വെവ്വേറെ



പശ്ചിമഘട്ട പർവതം

പർവ്വതങ്ങളായി കാണപ്പെടുന്നു. ഇത് വടക്ക് കിഴക്കു മുതൽ തെക്കു പടിഞ്ഞാറു വരെ വെല്ലൂർ, ധർമ്മപുരി, ഈറോഡ് എന്നീ ജില്ലകളിൽ വ്യാപിച്ച് കാണപ്പെടുന്നു. ഈ മലകളുടെ ശരാശരി ഉയരം 1100 മീറ്റർ മുതൽ 1600 മീറ്റർ വരെയാണ്. ഈ പർവ്വത നിരകൾ വിവിധ ഭാഗങ്ങളിൽ വെവ്വേറെ നാമധേയങ്ങളിൽ അറിയപ്പെടുന്നു. അവ,

1. വെല്ലൂർ ജില്ലയിൽ ജവ്വാദുമലകൾ, ഏലഗിരിക്കുന്നുകൾ.
2. സേലം ജില്ലയിൽ ശേർവ്വരായൻ മലകൾ.
3. വിഴുപ്പുറം ജില്ലയിൽ കൽവരായൻ മലകൾ.
4. തിരുച്ചിറപ്പള്ളി ജില്ലയിൽ പച്ചമല.
5. നാമക്കൽ ജില്ലയിൽ കൊല്ലിമല.
6. ധർമ്മപുരി, സേലം ജില്ലകളിലെ ചിത്തേരി മലകൾ.
7. തിരുവണ്ണാമല ജില്ലയിൽ ചെഞ്ചിമല.

ഈ മലകളെയെല്ലാം ചേർത്ത് തമിഴ്നാട്ടിന്റെ മലകൾ എന്നറിയപ്പെടുന്നു.

1. പൂർവ്വഘട്ടപർവത നിരകളിലെ ഏറ്റവും ഉയർന്ന മല – ശേർവ്വരായൻ മല (1500 - 1600 മീറ്റർ)

2. പശ്ചിമഘട്ടപർവ്വത നിരകളിലെ ഉയർന്ന മല – ആനമല (2700 മീറ്റർ)

## തമിഴ്നാട്ടിലെ പീഠഭൂമികൾ

പശ്ചിമഘട്ട പർവ്വത നിരകളും പൂർവ്വഘട്ടപർവ്വത നിരകളും നീലഗിരി പീഠഭൂമിയിൽ സന്ധിക്കുന്നു. ഈ പീഠഭൂമിയിൽനിന്നും ഏകദേശം 4 കിലോമീറ്റർ ദൂരത്തിൽ താഴോട്ട് 1800 മീറ്റർ ഉയരത്തിൽനിന്നും കോയമ്പത്തൂർ പീഠഭൂമിയെ നോക്കി ഈ ഉയർന്ന പ്രദേശം ചരിഞ്ഞു കിടക്കുന്നു. അവിടെ നിന്ന് വീണ്ടും ചരിഞ്ഞ് ശേർവ്വരായൻമലകളുടെ പടിഞ്ഞാറുള്ള ബാരാമഹൽ പീഠഭൂമി എന്നു വിളിക്കപ്പെടുന്ന ധർമ്മപുരി പീഠഭൂമി വരെ കാണപ്പെടുന്നു. ഈ പീഠഭൂമിയുടെ ശരാശരി ഉയരം 300 മീറ്റർ മുതൽ 700 മീറ്റർ വരെയാണ്. ഇവ പടിഞ്ഞാറുള്ള മൈസൂർ പീഠഭൂമിയോട് സംയോജിക്കുന്നു. പൊതുവായി തമിഴ്നാട്ടിലെ പീഠഭൂമികളുടെ ശരാശരി ഉയരം കിഴക്ക് ഭാഗത്തു ഏകദേശം 120 മീറ്ററും പടിഞ്ഞാറ് ഭാഗത്തോട്ട് കടക്കുമ്പോൾ 300 മീറ്റർ മുതൽ 400 മീറ്റർ വരെയും ഉയരത്തിൽ കാണപ്പെടുന്നു. പൊതുവായി തമിഴ്നാട്ടിലെ പീഠഭൂമികളെ കോയമ്പത്തൂർ പീഠഭൂമി, മധുരപീഠഭൂമി എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഈ രണ്ടു പീഠഭൂമികൾക്കുമിടയിൽ പല ഇടവിട്ടുള്ള കുന്നുകളും കാണപ്പെടുന്നു. ഇത്തരത്തിലുള്ള കുന്നുകളിലൊന്നാണ് ഈറോഡ് ജില്ലയിലെ ചെന്നിമല.

## തമിഴ്നാട്ടിലെ സമതല പ്രദേശങ്ങൾ

തമിഴ്നാട്ടിലെ സമതലങ്ങളെ സമുദ്രതീരസമതലങ്ങൾ, നദീതീര സമതലങ്ങൾ എന്നിങ്ങനെ രണ്ടായി തരം തിരിക്കാവുന്നതാണ്. സമുദ്രതീര സമതലങ്ങൾ വടക്ക് പഴവേർക്കാട് തടാകത്തിൽ നിന്നും തെക്ക് കന്യാകുമാരി വരെ ഏകദേശം 1000 കിലോമീറ്റർ നീളത്തിൽ വ്യാപിച്ച് കിടക്കുന്നു. ഈ സമതലങ്ങളുടെ ശരാശരി ഉയരം 50 മീറ്റർ ആകുന്നു. തമിഴ്

നാട്ടിലെ നദീതടസമതലങ്ങൾ പ്രധാനനദികളുടെ പ്രവർത്തനം മൂലം ഉണ്ടായതാണ്. വടക്ക് പാലാറ്, ചെയ്യാറ്, പെണ്ണാറ്, വെള്ളാറ് എന്നീ നദികളാൽ സമതലങ്ങൾ രൂപീകൃതമായിട്ടുണ്ട്. മദ്ധ്യ തമിഴ്നാട്ടിന്റെ നദീതടസമതലങ്ങൾ കാവേരിയാലും അതിന്റെ ഉപനദികളാലും ഉണ്ടാക്കപ്പെട്ടവയാണ്. തെക്കു ഭാഗത്തുള്ള നദികളായ വൈഗ, വൈപ്പാർ, താമ്രവർണ്ണി എന്നിവ തെക്കേ നദീതട സമതലങ്ങളെ സൃഷ്ടിച്ചു. തിരുവള്ളൂർ, കാഞ്ചീപുരം, കടലൂർ, വിഴുപ്പുറം എന്നീ ജില്ലകളിലെ സമുദ്രതീര സമതലം ചോഴമണ്ഡല സമതലം എന്നറിയപ്പെടുന്നു.

തമിഴ്നാട്ടിൽ എടുത്തു പറയത്തക്ക രണ്ട് കടൽത്തീരങ്ങൾ ഉണ്ട്. അവ

1.മെറീനാ കടൽത്തീരം

2. രാമേശ്വരം കടൽത്തീരം

## മെറീനാ കടൽത്തീരം

ലോകത്തെ നീളം കൂടിയ രണ്ടാമത്തെ വലിയ കടൽത്തീരമാണിത്. ഇത് ഏകദേശം 13 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്നു. ചെന്നൈ നഗരത്തിലെ പ്രധാനവിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണിത്.



മെറീനാ കടൽത്തീരം

## രാമേശ്വരം കടൽത്തീരം

മനോഹരമായ കടൽത്തീരത്താലും തിരമാലകളില്ലാത്ത കടൽപ്പരപ്പിനാലും പ്രസിദ്ധമാണ് രാമേശ്വരം കടൽത്തീരം. 3സെന്റീമീറ്റർഉയരത്തിനുള്ളിൽ മാത്രം ഉയർന്നും താഴ്ന്നും തിരമാലകളുള്ള ഈകടൽ കാഴ്ചക്കാർക്ക് ഒരു വലിയ നദി പോലെ തോന്നുന്നു.




രാമേശ്വരം കടൽത്തീരം

## തമിഴ്നാട്ടിലെ നദികൾ

തമിഴ്നാട്ടിന്റെ വടക്ക് ഭാഗത്തുകൂടെ ആരണിയാർ, കൊരറ്റലയാർ, പാലാർ, ചെയ്യാറ്, കെടിലം, മണിമുത്താർ, തെക്കൻ പെണ്ണാർ എന്നീ നദികൾ ഒഴുകി ഈ പ്രദേശങ്ങളെ ഫലപുഷ്ടിയുള്ളതാക്കുന്നു. തമിഴ്നാട്ടിലെ മുഖ്യനദിയായ കാവേരി, കർണ്ണാടക സംസ്ഥാനത്തിലെ കുടകുജില്ലയിലുള്ള മലയിൽ നിന്നാണ് ഉത്ഭവിക്കുന്നത്. കാവേരി നദിയും അതിന്റെ പോഷക നദികളായ ഭവാനി, നൊയ്യൽ, മോയാർ, അമരാവതി എന്നീ നദികൾ തൃശ്ശിനാപള്ളി, തഞ്ചാവൂർ, തിരുവാരൂർ, നാഗപട്ടണം എന്നീ ജില്ലകൾക്ക് ജല സ്രോതസായി വിളങ്ങുന്നു. തമിഴ്നാട്ടിന്റെ മധ്യഭാഗത്തെ കാവേരി, കൊള്ളിടം, വെള്ളാർ എന്നീ നദികൾ ഫലപുഷ്ടമാക്കുന്നു. കാവേരി നദിക്കും അതിന്റെ പ്രധാന പോഷകനദിയായ കൊള്ളിടത്തിനും ഇടയിൽശ്രീരംഗം സ്ഥിതിചെയ്യുന്നു. കാവേരി ഡെൽറ്റാ പ്രദേശം കൊള്ളിടം, മണ്ണിയാർ, വെണ്ണാർ, വെട്ടാർ,അരശ്ലലാർ,നാട്ടാർ, മുടി കൊണ്ടാൻ കുടമുരുട്ടി, വീരചോഴനാർ എന്നീ ഉപനദികളാൽ ചതുർഭുജാകൃതിയിൽ എക്കൽ മണ്ണ് (Alluvial soil) നിറഞ്ഞ ഒരു നദീതീര സമതലം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. തമിഴ്നാട്ടിന്റെ തെക്ക്ഭാഗത്ത് ഒഴുകുന്ന നദികളാണ് വൈഗ (മധുര), വൈപ്പാർ (വിരുദുനഗർ), താമ്രവർണ്ണി (തിരുനെൽവേലി), ഗുണ്ടാറ് (തൂത്തുക്കുടി, രാമനാഥപുരം) ചിറ്റാറ് (തിരുനെൽവേലി), കോതയാറ് (കന്യാകുമാരി) തുടങ്ങിയവ. തമിഴ്നാട്ടിലെ സമതല പ്രദേശങ്ങളിൽ കാണുന്ന വണ്ടൽ മണ്ണ് കിഴക്കോട്ടൊഴുകുന്ന നദികളാൽ നിക്ഷേപിക്കപ്പെട്ടവയാണ്. തമിഴ്നാടിന്റെ തെക്കുപടിഞ്ഞാറ് മധുരയുടെ ഒരുഭാഗത്തിലൂടെ ചുരുളിയാർ ഒഴുകുന്നു.

# തമിഴ്നാട് നദികൾ


വ
ആരണി
കൂവം
പാലാറ്
ചെയ്യാറ്
ചാത്തനൂർ അണ
വരാഗ്യ
ഹൊഗെനക്കൽ അരുവി
മേട്ടൂർ അണ
പണ്ണൈയാറ്
കുമുക്കി നദി
മണിമുത്താറ്
ഭവാനി സാഗർ അണ
കൊള്ളിടം
നൊയ്യൽ
അമരാവതി
കാവേരി
വെട്ടാറ്
വൈഗ അണ
വെള്ളാറ്
ഗുണ്ടാറ്
വൈഗ
വൈപ്പാറ്
കുറ്റാലം അരുവി
ചിറ്റാറ്
താമ്രവർണ്ണി
പട്ടിക
നദികൾ
അരുവികൾ
അണക്കെട്ടുകൾ

## അഭ്യാസം

### അ. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. പൂർവ്വഘട്ടത്തിൽ സ്ഥിതിചെയ്യുന്ന കുന്നാണ് __________

   അ) നീലഗിരികുന്നുകൾ ആ) കൽവരായൻകുന്നുകൾ

   ഇ) ഏലമല ഈ) പഴനികുന്നുകൾ

2. തമിഴ്നാട്ടിലെ ഉയരംകൂടിയ പർവ്വതശിഖരമാണ് __________

   അ) ആനമുടി ആ) ദൊട്ടബെട്ടാ

   ഇ) കുടകുമല ഈ) ബ്രഹ്മഗിരിമല

3. ചിറ്റാർ __________ നദിയുടെ പ്രധാനപ്പെട്ട പോഷക നദിയാണ്.

   അ) കാവേരി ആ) താമ്രവർണ്ണി

   ഇ) വൈഗ ഈ) പാലാർ

4. തമിഴ്നാട്ടിൽ ഒഴുകുന്ന നീളംകൂടിയ നദിയാണ്__________

   അ) താമ്രവർണ്ണി ആ) വൈഗ

   ഇ) പാലാർ ഈ) കാവേരി

5. നൊയ്യൽ, അമരാവതി എന്നിവ __________ നദിയുടെ പോഷക നദികളാണ്.

   അ) വൈഗ ആ) കാവേരി

   ഇ) പാലാർ ഈ) പെരിയാർ

### ആ. യോജിപ്പിക്കുക

| | | |
|---|---|---|
| 1. പൂർവ്വഘട്ടം | - | മധുര |
| 2. പശ്ചിമഘട്ടം | - | കർണ്ണാടകം |
| 3. കാവേരിനദി | - | നീലഗിരി |
| 4. ഊട്ടി | - | ശേർവരായൻ |
| 5. വൈഗ | - | കോയമ്പത്തൂർ |
| | - | മലകളുടെ റാണി |
| | - | ചെന്നൈ |

### ഇ. ചുരുക്കത്തിൽ ഉത്തരം എഴുതുക

1. തമിഴ്നാട്ടിലെ പ്രധാനപ്പെട്ട നദികൾ ഏവ?
2. തമിഴ്നാട്ടിലെ പ്രകൃതിഘടനയുടെ വിഭാഗങ്ങളെക്കുറിച്ച് എഴുതുക.
3. തമിഴ്നാട്ടിന്റെ വടക്കൻ ജില്ലകളിൽ വ്യാപിച്ച് കിടക്കുന്ന പ്രധാനപ്പെട്ട മലകളെക്കുറിച്ച് എഴുതുക.
4. മെറീനാ കടൽക്കരയെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
5. പൂർവ്വഘട്ടത്തിനും പശ്ചിമഘട്ടത്തിനും തമ്മിലുള്ള വ്യത്യാസം എഴുതുക.

**ഈ. വിവരിച്ച് ഉത്തരം എഴുതുക?**

1. തമിഴ്നാട്ടിലെ പീഠഭൂമികളെക്കുറിച്ച് വിവരിക്കുക.
2. തമിഴ്നാട്ടിലെ നദികളെക്കുറിച്ച് വിവരിക്കുക.

**ഉ. തന്നിട്ടുള്ള തമിഴ്നാടിന്റെ ഭൂപടത്തിൽ താഴെകൊടുത്തിട്ടുള്ളവയെ അടയാളപ്പെടുത്തുക.**

1. കാവേരി നദി
2. ദൊട്ടബെട്ടാ
3. കോയമ്പത്തൂർ പീഠഭൂമി
4. ചോഴമണ്ഡല കടൽക്കര
5. വൈഗനദി
6. അഗസ്ത്യമല
7. നീലഗിരിമല
8. കൊള്ളിടം
9. ഏലഗിരി
10. കൽവരായൻമല

## രൂപീകരണ മൂല്യനിർണ്ണയം

### I. അക്ഷരങ്ങളുടെ ക്രമീകരണം

തന്നിട്ടുള്ള കുറിപ്പുകളുടെ സഹായത്താൽ ശരിയായ വാക്ക് കണ്ടുപിടിക്കുക

a) മ്പാ ചെമട്ടതങ്കോല

വർഷനാട് മലയ്ക്കും അഗസ്ത്യമലയ്ക്കും ഇടയ്ക്കുള്ള സ്ഥലം

b) റ്റാ ലംകു

ചിറ്റാറിൽ നിന്നുള്ള ഒരു പ്രസിദ്ധ വെള്ളച്ചാട്ടം

c) മേ രംരാശ്വ

തിരമാലകളില്ലാത്ത കടൽതീരം

d) വരാ ശേർ യൻ ലമ

സേലത്തിലെ പൂർവ്വഘട്ടം

e) രംശ്രീഗം

കാവേരിക്കും കൊള്ളിടത്തിനും ഇടയ്ക്കുള്ള ദ്വീപ്

### II. കൂട്ടായ പ്രവർത്തനം

നിങ്ങളുടെ ജില്ലയിൽ നിലവിലുള്ള ജലസ്രോതസ്സുകളുടെ സാഹചര്യങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് അവയെ ചർച്ച ചെയ്യുക

### III. ആവിഷ്കൃത നൈപുണ്യം

തമിഴ്നാട്ടിലെ ഒരു മലപ്രദേശം സന്ദർശിച്ചതിന്റെ അനുഭവത്തെ പങ്കുവെയ്ക്കുക

### IV. പ്രവർത്തനപദ്ധതി

സമുദ്രതീര സംരക്ഷണത്തിനായുള്ള ഗവണ്മെണ്ടിന്റേയും ജനങ്ങളുടേയും പങ്കാളിത്തത്തെക്കുറിച്ച് ഒരു പദ്ധതി തയ്യാറാക്കുക.

# 3. തമിഴ്നാട്ടിലെ കാലാവസ്ഥ

ഭൂപ്രകൃതി സമുദ്ര സാമീപ്യം, ഇരിപ്പിടം എന്നിവ ഒരു പ്രദേശത്തിന്റെ കാലാവസ്ഥയെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്.

ഒരു നിശ്ചിത സ്ഥലത്ത്, ഒരു നിശ്ചിത സമയത്ത് വായുമണ്ഡലത്തിൽ കാണപ്പെടുന്ന അവസ്ഥയെ അന്തരീക്ഷ സ്ഥിതി എന്നുപറയുന്നു. വിസ്തൃതമായ പ്രദേശങ്ങളിൽ ദീർഘകാലമായി അനുഭവപ്പെടുന്ന ശരാശരി അന്തരീക്ഷസ്ഥിതിയെ (ഏകദേശം 30 വർഷങ്ങളുടെ ശരാശരി അന്തരീക്ഷസ്ഥിതി) കാലാവസ്ഥ എന്നുപറയുന്നു.

പ്രധാനകാലാവസ്ഥാ ഘടകങ്ങൾ : ഉഷ്ണം, മർദ്ദം, കാറ്റ്, ഈർപ്പം, മേഘങ്ങൾ, മഴ എന്നിവയാണ്.

തമിഴ്നാട്ടിൽ പൊതുവായി ഉഷ്ണമണ്ഡല കാലാവസ്ഥയാണുള്ളത്. വർഷത്തിൽ രണ്ടു പ്രാവശ്യം സൂര്യരശ്മികൾ ലംബമായി തമിഴ്നാട്ടിൽ പതിക്കുന്നു. തമിഴ്നാട്ടിന്റെ കാലാവസ്ഥയെ ബാധിക്കുന്ന ഘടകങ്ങൾ രണ്ടെണ്ണമുണ്ട്.

(1) സൂര്യ രശ്മികൾ ഭൂമിയിൽ പതിക്കുന്ന കോൺ (2) മഴ നൽകുന്ന കാലവർഷക്കാറ്റുകളാൽ ഉണ്ടാകുന്ന നേരിട്ടുള്ള സ്വാധീനം. ഇരിപ്പിടത്തിന്റെ (കടൽത്തീരവും ഉൾപ്രദേശസ്ഥാനവും) പ്രധാന്യത്തെ ബോധ്യപ്പെടുത്തുന്ന വിധത്തിലുള്ള ഒരു ഭൂമിശാസ്ത്ര പ്രദേശമായി തമിഴ്നാട് സ്ഥിതി ചെയ്യുന്നു. തമിഴ്നാട് ഉഷ്ണമണ്ഡല കാലാവസ്ഥാപ്രദേശത്ത് സ്ഥിതി ചെയ്യുന്നുവെങ്കിലും, അതിന്റെ ഉൾപ്രദേശ കാലാവസ്ഥയ്ക്കും സാഹചര്യത്തിനുമനുസരിച്ചുള്ള താപം, ഈർപ്പം, മേഘങ്ങളുടെ ഘടന, കാറ്റിന്റെ ദിശ എന്നീ ഘടകങ്ങളാൽ മറ്റു ഉഷ്ണമണ്ഡല പ്രദേശങ്ങളിൽ നിന്നും തികച്ചും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഫെബ്രുവരി മാസത്തിന്റെ മദ്ധ്യത്തോടുകൂടി വർദ്ധിക്കാനാരംഭിക്കുന്ന താപനില ഒരേക്രമത്തിൽ ഉയർന്ന് മാർച്ച് മുതൽ ജൂൺ മാസത്തിന്റെ അവസാനം വേനൽകാലത്തിന്റെ ഉച്ചസ്ഥായിയിലെത്തുന്നു. അതിനുശേഷം ജൂൺ മാസത്തിന്റെ മദ്ധ്യത്തോടുകൂടി താപം മെല്ലെ മെല്ലെ കുറയാനാരംഭിച്ച് ഒക്ടോബർ മാസത്തിന്റെ ആദ്യ ആഴ്ചയിൽത്തന്നെ വടക്കുകിഴക്കൻ കാലവർഷത്താൽ വീണ്ടും ശക്തി കുറഞ്ഞ് ആ അവസ്ഥ ഫെബ്രുവരി മാസം വരെ നിലനിൽക്കുന്നു. തമിഴ്നാട്ടിൽ മേയ് മാസം അധിക താപമുള്ള മാസമായും, ജനുവരി മാസം അധിക തണുപ്പുള്ള മാസമായും കാണപ്പെടുന്നു. തമിഴ്നാട്ടിന്റെ താപനില പൊതുവെ മുകളിൽ പ്രസ്താവിച്ച രീതിയിലാണെങ്കിലും, അതിന്റെ കാലാവസ്ഥ, കടൽത്തീര സമതലം, ഉൾപ്രദേശ സമതലം, പീഠഭൂമി, മലമ്പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വ്യത്യാസം കാണപ്പെടുന്നതിനെതാഴെകൊടുത്തിരിക്കുന്ന പട്ടിക ലളിതമായി വിവരിക്കുന്നു.

പട്ടിക: പ്രാദേശികതലത്തിലെ കാലാവസ്ഥയ്ക്കനുസരിച്ചുള്ള താപത്തിന്റെ അളവ്.

| ക്രമ നമ്പർ | ഭൂമിശാസ്ത്ര സ്ഥാനം | കാലാവസ്ഥാ കേന്ദ്രങ്ങൾ | താപത്തിന്റെ അളവ് സെൽഷ്യസിൽ | | |
|---|---|---|---|---|---|
| | | | വേനൽ കാലം | ശൈത്യ കാലം | മഴ കാലം |
| 1 | കടൽത്തീരപ്രദേശം | ചെന്നൈ | 40°c | 22°c | 25°c |
| 2 | ഉൾപ്രദേശ സമതലം | വേലൂർ | 42°c | 21°c | 22°c |
| 3 | ഉൾപ്രദേശം | തിരുച്ചി | 42°c | 20°c | 23°c |
| 4 | മലമ്പ്രദേശം | കൊടൈക്കനാൽ | 11°c | 6°c | 14°c |
| 5 | പീഠഭൂമി | കോയമ്പത്തൂർ | 32°c | 26°c | 21°c |

ആപേക്ഷിക ഈർപ്പം വേനൽക്കാല മാസങ്ങളേക്കാൾ ശൈത്യകാലമാസങ്ങളിൽ അധികമായിരിക്കും. മേയ് മാസം കാറ്റിലെ ശരാശരി ഈർപ്പം 68 ശതമാനമായും , ജനുവരി മാസത്തിൽ 82 ശതമാനമായും കാണപ്പെടുന്നു. നീരാവിയാകുന്നത് ശൈത്യകാലത്തേക്കാൾ വേനൽ കാലത്താണ് അധികമായി കാണപ്പെടുന്നത്. ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ മഴ നൽകുന്ന മേഘങ്ങൾ വൻതോതിൽ കാണപ്പെടുന്നു.

തമിഴ്നാട്ടിൽ കാലവർഷം മൂന്നുകാലഘട്ടങ്ങളിൽ ലഭിക്കുന്നു.

**നിങ്ങൾക്കറിയാമോ?**

മൺസൂൺ എന്ന വാക്ക് മൗസം എന്ന അറേബ്യൻ വാക്കിൽ നിന്നും ലഭിച്ചതാണ്. ഈ വാക്കിന് കാലം എന്നാണർത്ഥം. ഒരു വർഷത്തിൽ ഒരു നിശ്ചിതകാലത്തിൽ ഒരു നിശ്ചിതദിശയിൽ നിന്നും ഒരു നിശ്ചിത ദിശയിലേക്ക് വീശുന്ന കാറ്റുകളെ കാലവർഷക്കാറ്റുകൾ എന്നുപറയുന്നു.

വേനൽക്കാലത്ത് അധിക ചൂടുള്ള സമയത്തെ അഗ്നിനക്ഷത്രം അഥവാ കത്രി വെയിൽ എന്നുപറയുന്നു.

**പട്ടിക : തമിഴ്നാട്ടിലെ കാലങ്ങൾ**

| കാലങ്ങൾ | തമിഴ് കാലങ്ങൾ | തമിഴ് മാസങ്ങൾ |
|---|---|---|
| വേനൽക്കാലം (ഏപ്രിൽ - ആഗസ്റ്റ്) | ഇളം വേനൽ<br>മുതുവേനൽ | ചിത്തിര, വൈകാശി<br>ആനി,ആടി |
| മഴക്കാലം (ആഗസ്റ്റ്-ഡിസംബർ) | കാർമേഘകാലം<br>കുളിർകാലം | ആവണി, പുരട്ടാശി<br>ഐപ്പശി, കാർത്തിക |
| ശൈത്യകാലം (ഡിസംബർ-ഏപ്രിൽ) | മുൻ പനി<br>പിൻ പനി | മാർകഴി, തൈ<br>മാശി, പങ്കുനി |

1.തെക്കുപടിഞ്ഞാറൻകാലവർഷം

2. വടക്കു കിഴക്കൻ കാലവർഷം

3. ചുഴലിക്കാറ്റു വർഷം

### തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റും വർഷപാതവും

തെക്കുപടിഞ്ഞാറൻ കാലവർഷം ജൂൺ മുതൽ സെപ്റ്റംബർ മാസം വരെ ലഭിക്കുന്നു. നീലഗിരി, കന്യാകുമാരി ജില്ലകൾ, കോയമ്പത്തൂരിന്റെ പടിഞ്ഞാറുഭാഗം, ധർമ്മപുരി, സേലം ജില്ലകൾ എന്നിവിടങ്ങളിൽ ഈ മഴകളാൽ പ്രയോജനം ലഭിക്കുന്നു. തെക്കുപടിഞ്ഞാറൻ കാലവർഷം പശ്ചിമഘട്ടനിരകളുടെ പടിഞ്ഞാറുഭാഗത്ത് നിന്നും ആരംഭിക്കുന്നതിനാൽ ആ പ്രദേശങ്ങളിൽ ശരാശരി 150. സെ.മീ. മഴ ലഭിക്കുന്നു. കാലവർഷക്കാറ്റ് തെക്കുപടിഞ്ഞാറൻ ദിശയിൽ നിന്നും വീശുന്നതിനാൽ തമിഴ്നാടിന്റെ കിഴക്കുഭാഗവും ഉൾപ്രദേശങ്ങളും മഴനിഴൽ പ്രദേശമായി മാറുന്നു. പൊതുവെ മഴയുടെ അളവ് പടിഞ്ഞാറ് നിന്നും കിഴക്കോട്ടു പോകുന്തോറും കുറയുന്നു. അധികപക്ഷം 70% മഴ നീലഗിരിജില്ലയിലും അതിനടുത്തായി സേലം, ഈറോഡ് ജില്ലകളിലും അധികതോതിൽ മഴ ലഭിക്കുന്നു. തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റിനാൽ അധികതോതിൽ മഴ ലഭിക്കുന്ന മറ്റൊരു ജില്ല കന്യാകുമാരിയാണ്.

### വടക്കുകിഴക്കൻ കാലവർഷക്കാറ്റും വർഷപാതവും

തമിഴ്നാട്ടിൽ ഒക്ടോബർ മുതൽ ഡിസംബർ വരെ വടക്കുകിഴക്കൻ കാലവർഷം കാണപ്പെടുന്നു. ഈ കാലവർഷത്താൽ തമിഴ്നാടിന്റെ കടൽത്തീരത്തും ഉൾനാടൻ സമതല പ്രദേശങ്ങളിലും കൂടുതൽ മഴ ലഭിക്കുന്നു. പൊതുവെ ഈ കാലത്ത് വടക്കു കിഴക്കൻ കാലവർഷവും ചുഴലിക്കാറ്റു വർഷവും സംയോജിച്ച് മഴ

നൽകുന്നു. ഈ കാലവർഷം കിഴക്കു നിന്നും പടിഞ്ഞാറോട്ടു പോകുന്തോറും അളവ് കുറഞ്ഞു കൊണ്ടേയിരിക്കുന്നു. കിഴക്കൻ ജില്ലകളിൽ അധിക മഴയും , മദ്ധ്യഭാഗത്തുള്ള പടിഞ്ഞാറൻ ജില്ലകളിൽ കുറഞ്ഞ മഴയും, കന്യാകുമാരിയെ കൂടാതെ മറ്റ് കടൽത്തീരജില്ലകളായ ചെന്നൈ, കടലൂർ, തിരുവള്ളൂർ, കാഞ്ചി പുരം, നാഗപട്ടണം, തിരുവാരൂർ, തിരു നെൽവേലി, ജില്ലകളിൽ 150 സെ.മീ. മുതൽ 200 സെ.മീ വരെ മഴയും വടക്കുകിഴക്കൻ കാലവർഷത്താൽ ലഭിക്കുന്നു. തൃശ്ശിനാപ്പള്ളി, സേലം, ഈറോഡ് ജില്ലകളിൽ 100 സെ.മി മുതൽ 150 സെ.മി വരെ ഈ കാലവർഷക്കാറ്റിനാൽ മഴ ലഭിക്കുന്നു.

### ചുഴലിക്കാറ്റ് വർഷപാതം

തമിഴ് നാട്ടിൽ നവംബർ മാസം ചുഴലിക്കാറ്റുവർഷപാതത്തിന്റെ മാസമാണ്. ബംഗാൾ ഉൾക്കടലിന്റെ തെക്കു ഭാഗത്തുള്ള വായുമണ്ഡല മർദ്ദവ്യത്യാസത്താൽ ന്യൂനമർദ്ദപ്രദേശങ്ങൾ രൂപപ്പെട്ട്, അതു വീണ്ടും ശക്തിപ്രാപിച്ച് ചുഴലിക്കാറ്റായി മാറുന്നു. വടക്കു കിഴക്കൻ കാലവർഷവും ചുഴലിക്കാറ്റു വർഷപാതവും സമതോതിൽ കടൽതീര ജില്ലകളിൽ ലഭിക്കുന്നു.

വാർഷിക മഴയുടെ തോതനുസരിച്ച് തമിഴ്നാട്ടിലെ ജില്ലകളെ അഞ്ചുമഴ മണ്ഡലങ്ങളായി തിരിക്കാം. കടൽത്തീരജില്ലകളിലും നീലഗിരി ജില്ലയിലും വർഷത്തിൽ ഏകദേശം 1400 മി.മീറ്ററിനു മുകളിൽ മഴലഭിക്കുന്നത് താഴെ കൊടുത്തിട്ടുള്ള പട്ടിക മുഖേന മനസ്സിലാക്കാം. തമിഴ് നാട്ടിലെ ജില്ലകളിൽ കന്യാകുമാരി ജില്ലയിൽ മാത്രമാണ് മൂന്നു കാലവർഷങ്ങളിലും മഴ ലഭിക്കുന്നത്. ആകെ വാർഷിക മഴയുടെ കണക്കനുസരിച്ച് കുറഞ്ഞ തോതിലുള്ള മഴ ലഭിക്കുന്ന ജില്ല കോയമ്പത്തൂർ ആണ്.

**പട്ടിക: കാലവർഷത്തിനനുസരിച്ചുള്ള വാർഷിക വർഷവിഹിതം**

| ക്രമനമ്പർ | കാലം | വാർഷിക വർഷപാതം% |
|---|---|---|
| 1 | തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റു കാലം | 22 |
| 2 | വടക്കുകിഴക്കൻ കാലവർഷക്കാറ്റു കാലം | 57 |
| 3 | ചുഴലിക്കാറ്റ് വർഷകാലം | 21 |

**തമിഴ്നാട്ടിലെ മഴമണ്ഡലങ്ങൾ – മഴയുടെ വ്യാപനം (2007-2008)**

| ക്രമനമ്പർ | മഴയുടെ വ്യാപനം | മഴയുടെ അളവ് | ജില്ലകൾ |
|---|---|---|---|
| 1 | തീരെ കുറഞ്ഞ വർഷപാതം | 800 മി.മീറ്ററിനുതാഴെ | കോയമ്പത്തൂർ<br>തിരുപ്പൂർ |
| 2 | കുറഞ്ഞ വർഷപാതം | 800 മി.മീ മുതൽ<br>1000 മി.മീ വരെ | നാമക്കൽ,<br>കരൂർ<br>തൂത്തുക്കുടി<br>ഈറോഡ്<br>ധർമ്മപുരി<br>മധുര<br>തൃശ്ശിനാപ്പള്ളി<br>പെരമ്പലൂർ<br>അരിയലൂർ<br>കൃഷ്ണഗിരി |

| | | | |
|---|---|---|---|
| 3 | മിതമായ വർഷപാതം | 1000 മി.മീ മുതൽ 1200 മി.മീ. വരെ | പുതുക്കോട്ട വിരുദു നഗർ ശിവഗംഗ, തഞ്ചാവൂർ, സേലം രാമനാഥപുരം, ദിണ്ടുക്കൽ, തേനി, വേലൂർ |
| 4 | അധിക വർഷപാതം | 1200 മി.മീ മുതൽ 1400 മി.മീ വരെ | തിരുനെൽവേലി, തിരുവണ്ണാമല, കന്യാകുമാരി. |
| 5 | വളരെ അധികം വർഷപാതം | 1400 മി.മീറ്ററിനു മുകളിൽ | കാഞ്ചീപുരം, ചെന്നൈ, വിഴുപ്പുറം, തിരുവള്ളൂർ, തിരുവാരൂർ, കടലൂർ, നാഗപട്ടണം, നീലഗിരി. |

## പ്രകൃതി സസ്യങ്ങൾ

മനുഷ്യ പ്രയത്നം കൂടാതെ പ്രകൃതിയിൽ തനിയെ മുളച്ച് വളരുന്ന സസ്യങ്ങളെ പ്രകൃതി സസ്യങ്ങൾ എന്നു പറയുന്നു. പൊതുവായി താപനില, വർഷപാതം, മണ്ണിന്റെ തരം എന്നിവയ്ക്കനുസരിച്ച് സസ്യങ്ങൾ വളരുന്നു.


ദേശീയ വനനയമനുസരിച്ച് ഒരു പ്രദേശത്തിന്റെ ആകെ വിസ്തൃതിയിൽ കുറഞ്ഞത് 33 ശതമാനം വനങ്ങളുണ്ടായിരിക്കേണ്ടതാണ്. എന്നാൽ തമിഴ്നാട്ടിലെ വനപ്രദേശത്തിന്റെ വിസ്തൃതി 17 ശതമാനം മാത്രമാണ്. തമിഴ്നാട്ടിലെ വനങ്ങൾ പശ്ചിമഘട്ട പർവ്വത നിരകളിലും മറ്റുമല പ്രദേശങ്ങളിലുമാണ് കാണപ്പെടുന്നത്. സംസ്ഥാനത്ത് നീലഗിരിജില്ലയിൽ മാത്രമാണ് വനങ്ങൾ കൂടുതൽ കാണപ്പെടുന്നത്. അടുത്തതായി തേനി, ധർമ്മപുരി, കന്യാകുമാരി എന്നിവയും കൂടുതൽ വനപ്രദേശമുള്ള ജില്ലകളാണ്.

കടൽ തീരപ്രദേശങ്ങളിൽ വരണ്ട താപനിലയും, വളക്കൂറില്ലാത്ത മണ്ണും ചവുക്കുമരം (ചുളമരം) മാത്രം വളരുന്നതിന് കാരണമായിരിക്കുന്നു. കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ എടുത്തു പറയത്തക്ക അളവിൽ ഉഷ്ണ മണ്ഡല വനങ്ങളും നിത്യഹരിത വനങ്ങളും കാണപ്പെടുന്നു.


## വനങ്ങളുടെ വ്യാപനം

തമിഴ്നാട്ടിലെ ജില്ലകളിൽ വനങ്ങളുടെ വ്യാപനശതമാനം ഒരേ അളവിൽ കാണപ്പെടുന്നില്ല. തമിഴ്നാട്ടിന്റെ പടിഞ്ഞാറൻ ജില്ലകളിലും, വേലൂർ ജില്ലയിലെ ജവ്വാദു മലയിലും വനങ്ങൾ അധികമായും ഇടതൂർന്ന് കാണപ്പെടുന്നു. സേലം ജില്ലയിലും വനങ്ങൾ ഇടതൂർന്ന് കാണപ്പെടുന്നു. നീലഗിരി ജില്ലയുടെ ആകെ വിസ്തൃതിയിൽ 50 ശതമാനത്തിലധികവും വനങ്ങളാണ്. മറ്റു ജില്ലകളിൽ വനങ്ങൾ 1 മുതൽ 5 ശതമാനം വരെ കാണപ്പെടുന്നു.


## ജൽചുഴലിക്കാറ്റിന്റെ സഞ്ചാരപഥം
## (6–8 നവംബർ, 2010)



## തമിഴ്നാട്
## ജില്ലകളിലെ വാർഷിക വർഷപാതം (2007-2008)



## തമിഴ്നാട്
## കാടുകളുടെ വ്യാപനം



തമിഴ്നാട്ടിലെ വനങ്ങളിൽ വിവിധതരത്തിലുള്ള വൃക്ഷങ്ങൾ കാണപ്പെടുന്നു. വരൾച്ച അനുഭവപ്പെടുന്ന കാലത്ത് ഭൂരിഭാഗം വൃക്ഷങ്ങളും ഇലകൾപൊഴിക്കുന്നു. തമിഴ്നാട്ടിൽ 5,88,000 ഹെക്ടർ വിസ്തൃതിയിൽ ചന്ദനമര വനങ്ങൾ കാണപ്പെടുന്നു. കോയമ്പത്തൂർ, നീലഗിരി, കന്യാകുമാരി എന്നീ ജില്ലകളിൽ വൃക്ഷങ്ങൾ ഇടതൂർന്ന് കാണപ്പെടുന്നു. മധുര, കോയമ്പത്തൂർ, തിരുനെൽവേലി ജില്ലകളിൽ ഇടതൂർന്നു കാണപ്പെടുന്ന വൃക്ഷങ്ങളെ ഇന്ധനങ്ങൾക്കായി ഉപയോഗിക്കുന്നു. റബ്ബർ തോട്ടങ്ങൾ കന്യാകുമാരി ജില്ലയിൽ ധാരാളമുണ്ട്. യൂക്കാലിപ്റ്റസ് വൃക്ഷങ്ങൾക്ക് നീലഗിരി ജില്ല പ്രസിദ്ധിയാർജ്ജിച്ചതാണ്. പശ്ചിമഘട്ട പർവ്വത നിരകളുടെ താഴ്‌വരകളിലും, തിരുനെൽവേലി, വിരുദുനഗർ എന്നീ ജില്ലകളിൽ തിങ്ങി കാണപ്പെടുന്ന വൃക്ഷങ്ങൾ തീപ്പെട്ടിക്കോലുകൾ നിർമ്മിക്കാൻ ഉപയോഗിക്കുന്നു. ഇവയെ കൂടാതെ ഞാവൽ, പ്ലാവ്, മാവ്, നെല്ലി എന്നിങ്ങനെയുള്ള പഴവർഗ്ഗ വൃക്ഷങ്ങളും സംസ്ഥാനം മുഴുവൻ കാണപ്പെടുന്നു.

## കാടുകളുടെ തരങ്ങൾ

പ്രകൃതി സസ്യങ്ങളെ അഞ്ച് വ്യത്യസ്ഥ തരങ്ങളായി പിരിക്കാം. അവ,

1. ഉഷ്ണമണ്ഡല നിത്യഹരിത വനങ്ങൾ.
2. ഉഷ്ണ മണ്ഡല വിശാലപത്ര വന ങ്ങൾ.
3. മുൾച്ചെടികൾ നിറഞ്ഞ വനങ്ങൾ.
4. ചതുപ്പു നില വനങ്ങൾ.
5. മലങ്കാടുകൾ.

## ഉഷ്ണമണ്ഡല നിത്യഹരിത വനങ്ങൾ

ഈ വനങ്ങൾ പേരിനനുയോജ്യമായി നിത്യവും ഹരിതനിറം മാറാത്തവയായും ഇലകളെ പൊഴിക്കാത്തവയായും കാണപ്പെടുന്നു. ഇത്തരം വനങ്ങളിലെ മരങ്ങളിൽ എപ്പോഴും ഇലകൾ കാണപ്പെടുന്നതിനാലാണ് നിത്യഹരിത വനങ്ങൾ എന്നു വിളിക്കുന്നത്. വാർഷിക വർഷപാതം 200 സെ.മീറ്ററിനുമുകളിലുള്ള പ്രദേശങ്ങളിൽ ഇത്തരം കാടുകൾ കാണപ്പെടുന്നു. തമിഴ്നാട്ടിൽ നീലഗിരി, ആനമലയുടെ ചരിവുകൾ, കടൽ തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇത്തരം കാടുകൾ കാണപ്പെടുന്നു. എബണി, തേക്ക്, ചെമ്മരം, കരിങ്ങാലി എന്നീ മരങ്ങൾ ഇവിടെ കാണപ്പെടുന്നു. ഇവ ഏകദേശം 60 മീറ്റർ ഉയരംവരെ വളരുന്നവയാണ്.

## ഉഷ്ണ മണ്ഡല വിശാലപത്ര വനങ്ങൾ

വാർഷിക വർഷപാതം 100 സെ.മീ.മുതൽ 200 സെ.മീ വരെയുള്ള പ്രദേശങ്ങളിൽ ഇത്തരം വനങ്ങൾ കാണപ്പെടുന്നു. കൂടാതെ പശ്ചിമഘട്ട പർവതനിരയുടെ കിഴക്കൻചരിവിലും ഇത്തരം വനങ്ങൾ കാണപ്പെടുന്നു. ഇവയെ കാലവർഷവനങ്ങൾ എന്നു പറയുന്നു. വേനൽകാലത്ത് ഈർപ്പം നഷ്ടമാകുന്നത് ഒഴിവാക്കാനായി ഈ വനങ്ങളിലുള്ള മരങ്ങൾ ഇലകളെ പൊഴിക്കുന്നു. ഈ വനങ്ങളിൽ പലതരത്തിലുള്ള പൊക്കം കുറഞ്ഞതും പൊക്കം കൂടിയതും മൃദുവായതും കാഠിന്യമുള്ളതുമായ വൃക്ഷങ്ങൾ കാണപ്പെടുന്നു.സാൽ, ചന്ദനം, തേക്ക്, മുള, പടാക് എന്നിങ്ങനെ എടുത്തു പറയത്തക്ക ഉഷ്ണമേഖല വിശാല പത്രങ്ങളോടു കൂടിയ മരങ്ങളാണ് ഇവിടെ വളരുന്നത്.

## മുൾച്ചെടികൾ നിറഞ്ഞ വനങ്ങൾ

ദൈർഘ്യമേറിയ വരണ്ട കാലാവസ്ഥയും, കുറഞ്ഞ വർഷ പാതവും ഉള്ള സ്ഥലങ്ങളിൽ ഇവ കാണപ്പെടുന്നു. അങ്ങിങ്ങായി പൊക്കം കുറഞ്ഞ മരങ്ങളും, കുറ്റിച്ചെടികളും ഈ കാടുകളിൽ കാണപ്പെടുന്നു. ആഴമുള്ള വേരുകളോടും കട്ടി കൂടിയ തണ്ടുകളോടും കനം കൂടിയ ഇലകളോടും കൂടിയ വരണ്ട കാലാവസ്ഥയെ താങ്ങുന്നതിനു കഴിവുള്ള സസ്യങ്ങളാണ് ഇവിടെ വളരുന്നത്.

## ചതുപ്പു നിലക്കാടുകൾ (കണ്ടൽ ക്കാടുകൾ)

ഉഷ്ണമണ്ഡല, ഉപഉഷ്ണമണ്ഡല പ്രദേശങ്ങളിൽ, അധിക ലവണത്വജലമുള്ള വേലിയേറ്റ പ്രദേശങ്ങളിലാണ് ചതുപ്പുനിലവനങ്ങൾ കാണപ്പെടുന്നത്. നദിയുടെ അഴിമുഖം, വേലിയേറ്റം അധികമുള്ള കടൽതീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ചതുപ്പുനിലവനങ്ങൾ എന്നറിയപ്പെടുന്ന വേലിയേറ്റവനങ്ങൾ കാണപ്പെടു



ചതുപ്പു നിലവനങ്ങൾ - പിച്ചാവരം

ന്നു. തമിഴ്നാട്ടിൽ പിച്ചാവരം, കോടിക്കര, വേദാരണ്യം എന്നീ പ്രദേശങ്ങളിൽ ഇത്തരം വനങ്ങൾ കണ്ടു വരുന്നു. ഇവയിൽ പിച്ചാവരം സംസ്ഥാനത്തിലെ വളരെ പ്രധാനപ്പെട്ട ചതുപ്പു നിലക്കാടാണ്. കടലൂർ ജില്ലയിൽ ചിദംബരം നഗരത്തിനടുത്ത് ബംഗാൾ ഉൾക്കടലിന്റെ താഴ്ന്ന ഭൂപ്രദേശത്ത് ഇത്തരത്തിലുള്ള വനങ്ങൾ ഏകദേശം 1214 ഹെക്ടർ വിസ്തൃതിയിൽ കാണപ്പെടുന്നു. ഇവിടെ ചെറിയ ചെറിയ ദ്വീപുകളായിട്ടുള്ള മരക്കൂട്ടങ്ങളിൽ ഉഷ്ണ മണ്ഡല, നിത്യഹരിത വൃക്ഷങ്ങളും പുൽച്ചെടികളും കാണപ്പെടുന്നു. ഇവ റൈസോഫോറാ സസ്യ കുടുംബത്തിൽ പെട്ടവയാണ്. പിച്ചാവരം ചതുപ്പു നില വനങ്ങൾ 25 ച.കി.മീ.വിസ്തൃതിയിലും കോടിക്കരയിൽ 17 ച.കി.മീ. വിസ്തൃതിയിലും വ്യാപിച്ചുകിടക്കുന്നു.

## മലങ്കാടുകൾ

വർഷപാതം അധികമായിട്ടുള്ള മലഞ്ചരിവുകളിൽ ഈ കാടുകൾ കാണപ്പെടുന്നു. ഇത്തരത്തിലുള്ള മലങ്കാടുകൾ തമിഴ്നാട്ടിലുള്ള ആനമലയിലും നീലഗിരിമലയിലും കണ്ടുവരുന്നു. വൃക്ഷങ്ങളെ കൂടാതെ ചെറിയ കുറ്റിച്ചെടികൾ, മുകളിലേയ്ക്ക് വളരുന്ന വള്ളിച്ചെടികൾ, പടരുന്ന വള്ളിച്ചെടികൾ എന്നിവ ഇവിടെ ധാരാളമായി കണ്ടുവരുന്നു.

## വനങ്ങളിലെ വസ്തുക്കൾ

- തമിഴ്നാട്ടിലെ വനങ്ങളിൽ നിന്നും ലഭിക്കുന്ന ഉപയോഗമുള്ള വസ്തുക്കളെ രണ്ടായി തരം തിരിക്കാം. 1. പ്രധാന ഉപയോഗ വസ്തുക്കൾ 2. ഇതര ഉപയോഗ വസ്തുക്കൾ. പ്രധാന ഉപയോഗ വസ്തുവായ മരപ്പലകയും ഇന്ധനമരവും പലതരത്തിൽ പ്രയോജനപ്പെടുന്നു. അവ,
- വീടു നിർമ്മിക്കൽ
- മരസാധനങ്ങൾ ഉണ്ടാക്കൽ
- വള്ളം നിർമ്മിക്കൽ
- മരപലക അറുക്കൽ
- പ്ലൈവുഡ് ഉണ്ടാക്കൽ
- തീപ്പെട്ടി കോലുകൾനിർമ്മിക്കൽ
- മരക്കുഴമ്പ് തയ്യാറാക്കൽ
- കടലാസ് നിർമ്മാണ ശാലകളിൽ ഉപയോഗിക്കൽ
- മരപ്പെട്ടികൾ നിർമ്മിക്കൽ
- മര കളിപ്പാട്ടങ്ങൾ നിർമ്മിക്കൽ
- പെൻസിലുകൾ നിർമ്മിക്കൽ
- മരശില്പങ്ങൾ നിർമ്മിക്കൽ
- മറ്റു ഉപയോഗ വസ്തുക്കൾ

മുള, ഇലകൾ, പുൽത്തരങ്ങൾ, പ്രധാന എണ്ണവിത്തുകൾ, ഔഷധസസ്യങ്ങൾ, അരക്ക്, പശ, തോൽ ഊറക്കിടാനുപയോഗിക്കുന്ന മരപ്പട്ടകൾ, മസാല വസ്തുക്കൾ, ചായങ്ങൾ നിർമ്മിക്കുന്നതിനുള്ള വസ്തുക്കൾ, തേൻ, മെഴുക്, ടർപൻടൈൻ തൈലം എന്നീ ഉപയോഗമുള്ള വസ്തുക്കൾ വനങ്ങളിൽ നിന്ന് ലഭിക്കുന്നു. ഈ വസ്തുക്കൾ ഭൂരിഭാഗവും കുടിൽ വ്യവസായത്തിനുള്ള അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നു.

# അഭ്യാസം

**അ. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

1. തമിഴ്നാട്ടിലെ കാലാവസ്ഥ __________ വിഭാഗത്തിലുള്ളതാണ്.

അ) ഉഷ്ണ മണ്ഡല ആ) മിതോഷ്ണ മണ്ഡല

ഇ) ധ്രുവപ്രദേശ ഈ) ആർട്ടിക് പ്രദേശ

2. ഉഷ്ണ മണ്ഡല ചുഴലിക്കാറ്റ് രൂപപ്പെടുന്ന മാസം __________ ആണ്

അ) നവംബർ ആ) ജനുവരി

ഇ) ഡിസംബർ ഈ) ഏപ്രിൽ

3. തേക്ക് മരവും ചന്ദനമരവും __________ തരത്തിലുള്ള കാടുകളാണ്.

അ) ഉഷ്ണ മണ്ഡല നിത്യഹരിത വനങ്ങൾ

ആ) ഉഷ്ണ മണ്ഡല വിശാലപത്ര വനങ്ങൾ

ഇ) ചതുപ്പു നിലക്കാടുകൾ ഈ) മലങ്കാടുകൾ

4. തെക്കുപടിഞ്ഞാറൻ കാലാവർഷക്കാറ്റിനാൽ മഴലഭിക്കുമ്പോൾ തമിഴ്നാട്ടിൽ ലഭിക്കുന്ന മഴയുടെ അളവ് __________ ആണ്.

അ) വളരെ അധികം ആ) കുറഞ്ഞ

ഇ) ശരാശരി ഈ) അധികം

5. __________ മുതൽ __________ വരെ വടക്കുകിഴക്കൻ കാലവർഷക്കാറ്റ് മഴനൽകുന്ന മാസമാണ്.

അ) ജൂൺ മുതൽ സെപ്റ്റംബർ ആ) ഒക്ടോബർ മുതൽ ഡിസംബർ

ഇ) ഡിസംബർ മുതൽ ഫെബ്രുവരി ഈ) മാർച്ച് മുതൽ മെയ്

6. ചതുപ്പു നിലവനങ്ങൾ കാണപ്പെടുന്ന സ്ഥലം

അ) വേദാരണ്യം ആ) കോയമ്പത്തൂർ

ഇ) പുതുക്കോട്ട ഈ) നീലഗിരി

7. വരണ്ടകാലാവസ്ഥയിൽ __________ തരത്തിലുള്ള വനങ്ങൾ ഇലകളെ പൊഴിക്കുന്നു.

അ) മുൾച്ചെടികൾ നിറഞ്ഞ കാടുകൾ ആ) നിത്യഹരിത വനങ്ങൾ

ഇ) വിശാലപത്രവനങ്ങൾ ഈ) ചതുപ്പു നിലവനങ്ങൾ

**ആ. യോജിപ്പിക്കുക**

1. നിത്യഹരിത വനങ്ങൾ - വനവിഭവങ്ങൾ
2. കാലവർഷ വനങ്ങൾ - മാർച്ച് മുതൽ ജൂൺ വരെ
3. വേനൽക്കാലം - ഡിസംബർ മുതൽ ഫെബ്രുവരി വരെ
4. തണുപ്പുകാലം - ചെമ്മരം
5. മരപ്പലക - ഇലകളെപൊഴിക്കുന്നത്

- സുന്ദരി വൃക്ഷം
- മുള

**ഇ. ചുരുക്കത്തിൽ ഉത്തരമെഴുതുക**

1. തമിഴ്നാട്ടിലെ കാലാവസ്ഥയെ നിർണ്ണയിക്കുന്ന ഭൂമിശാസ്ത്ര ഘടകങ്ങൾ എതെല്ലാം?
2. തമിഴ്നാട്ടിലെ ഋതുക്കളെ വിവരിക്കുക.
3. മൺസൂൺ – നിർവ്വചിക്കുക.
4. തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റിനും വടക്കു കിഴക്കൻ കാലവർഷക്കാറ്റിനും ഉള്ള വ്യത്യാസങ്ങൾ എഴുതുക.
5. നിത്യഹരിത വനങ്ങൾക്കും കാലവർഷക്കാടുകൾക്കും ഉള്ള വ്യത്യാസങ്ങൾ എഴുതുക.
6. തെക്കുപടിഞ്ഞാറൻ കാലവർഷത്താൽ തമിഴ്നാടിന്റെ കിഴക്കൻ കടൽത്തീര പ്രദേശങ്ങളിൽ മഴ ലഭിക്കുന്നില്ല – കാരണം പറയുക.
7. ചുഴലിക്കാറ്റു മഴയെക്കുറിച്ച് ചെറുകുറിപ്പ് എഴുതുക.
8. തമിഴ്നാട്ടിലെ വനങ്ങളിൽ നിന്നും ലഭിക്കുന്ന ചിലവസ്തുക്കളുടെ പേരെഴുതുക?

**ഈ. വിശദമായി ഉത്തരം എഴുതുക.**

1. തമിഴ്നാട്ടിലെ വനങ്ങളുടെ തരത്തെ വിവരിക്കുക.
2. തമിഴ്നാട്ടിലെ വർഷപാത വ്യാപനത്തെ ക്കുറിച്ച് എഴുതുക.
3. തമിഴ്നാട്ടിലെ മഴ മണ്ഡലങ്ങളെ പറ്റി വിവരിച്ചെഴുതുക.

**ഉ. തന്നിട്ടുള്ള തമിഴ്നാട് ഭൂപടത്തിൽ താഴെ കൊടുത്തിട്ടുള്ളവ അടയാളപ്പെടുത്തുക.**


1. അറബിക്കടലിലെ വർഷപാതത്തിന്റെ ദിശാഗതി.
2. വടക്കു കിഴക്കൻ കാലവർഷത്തിന്റെ ദിശാഗതി.
3. നിത്യഹരിത വനങ്ങൾ
4. കുറഞ്ഞതോതിലുള്ള വർഷപാതം ലഭിക്കുന്ന പ്രദേശം.
5. അധിക മഴ ലഭിക്കുന്ന ജില്ലകൾ

## രൂപീകരണ മൂല്യനിർണ്ണയം

### I. ഗ്രാഫിൽ നിന്നും വിവരങ്ങൾ ഗ്രഹിക്കുന്നതിനുള്ള കഴിവ്




(ചെന്നൈ 2005–2006 )




( കന്യാകുമാരി 2005–2006 )

**ഗ്രാഫുപയോഗിച്ച് ഈ പട്ടികയെ പൂർത്തിയാക്കുക. ഇതിലെ വിവരങ്ങൾ എപ്രകാരം വ്യത്യാസപ്പെടുന്നുവെന്ന് കാണുക. അതിന്റെ കാരണത്തെ ഗ്രഹിക്കുക.**

| ജില്ലകൾ | മഴപെയ്യുന്ന മാസം | | കാലവർഷമഴ | | | ഉഷ്ണ കാലം |
|---|---|---|---|---|---|---|
| | അധികം | കുറവ് | തെക്കു പടിഞ്ഞാറൻ കാല വർഷം | വടക്കു കിഴക്കൻ കാല വർഷം | ശൈത്യ കാലം | |
| ചെന്നൈ | | | | | | |
| കന്യാകുമാരി | | | | | | |

സാമൂഹ്യശാസ്ത്രം

## II. ജീവിതപാഠം

തന്നിട്ടുള്ള കുറിപ്പുകളെക്കൊണ്ട് നിങ്ങളുടെ ഗ്രാമം / നഗരം / മഹാനഗരം എന്നിവയുടെ വിവരങ്ങളെ പട്ടികയിലാക്കുക

1. ഉഷ്ണം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന മാസം
2. ഉഷ്ണത്തിന്റെ അളവ് കുറവായിട്ടുള്ള മാസം
3. ഏറ്റവും കൂടുതൽ മഴ പെയ്യുന്ന മാസം
4. കുറവായി മഴ പെയ്യുന്ന മാസം
5. സുഖകരമായ കാലാവസ്ഥ അനുഭവപ്പെടുന്ന മാസം
6. ചൂടുകൊണ്ട് അധികം പ്രയാസപ്പെടുന്ന മാസം
7. കാറ്റ് അധികം വീശുന്ന മാസം
8. കാറ്റ് കുറവായി വീശുന്ന മാസം
9. മരങ്ങൾ ഇലയുതിർക്കുന്ന മാസം
10. മഞ്ഞ്, മൂടൽമഞ്ഞ് ഇവയുണ്ടാകുന്ന മാസം

## III. നിങ്ങളുടെ സ്ഥലത്തിൽ കാണപ്പെടുന്ന സസ്യങ്ങൾ / ജന്തുക്കൾ എന്നിവയുടെ പ്രാദേശികനാമം, യഥാർത്ഥനാമം ഇവ മനസ്സിലാക്കി അവയുടെ ചിത്രങ്ങൾ ശേഖരിച്ച് നോട്ടുബുക്കിൽ പതിക്കുക.

## IV. ഉചിതമായ വാക്കുകൾ കണ്ടുപിടിക്കുക

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ചൂ | ള | മ | രം | ക | മ | യ | റ | ഔ | കോ | മ | ത | തി |
| സ | ഹ | യ | ല | ര | വ | ന | വി | ഷ | യ | റ | ഞ്ഞാ | രു |
| അ | ക | ന്യാ | കു | മാ | രി | ഉ | ഇ | ധം | ബ | ക്കു | വ്യൂ | നെ |
| പി | റ | വം | ആ | മ | ല | ഗ | ശേ | ന | ത്തൂ | ക | ർ | ൽ |
| ള | ള | പ | ര | ഞം | ക്ഷ്യം | മൗ | സ | ം | ർ | ചാ | ടി | വേ |
| സേ | ലം | യി | മ | ധു | ര | ക | ാ | ഞ്ചീ | പു | രം | വേ | ലി |
| റൈ | സോ | ഫോ | റ | ക്കു | പ | ഞ്ചാ | ബ് | മ | നോ | ഹ | രം | റ്റി |
| മ | ൺ | സൂ | ൺ | മാ | ബ | ഴ | മ | ല | മു | ക | ളി | ൽ |

1. വളക്കൂറില്ലാത്ത മണ്ണിൽ വളരുന്ന മരം
2. മൂന്നു കാലങ്ങളിലും മഴ ലഭിക്കുന്ന ജില്ല
3. ചതുപ്പുനില സസ്യങ്ങളുടെ കുടുംബനാമം
4. വളരെക്കുറച്ചു മഴ ലഭിക്കുന്ന ജില്ല
5. മൺസൂൺ എന്ന പദത്തിന്റെ അറേബ്യൻ പദം

# 4. തമിഴ്നാട്ടിലെ വിഭവങ്ങൾ

### വിഭവങ്ങൾ

മനുഷ്യപ്രയത്നമില്ലാതെ പ്രകൃത്യാൽ മനുഷ്യന്റെ ആവശ്യങ്ങൾക്കായി ഭൂമിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കളെയാണ് വിഭവങ്ങൾ എന്നു പറയുന്നത്. നാം ജീവിക്കുന്ന ചുറ്റുപാടിൽ വിഭവങ്ങൾ പ്രകൃതി ദത്തമായി (പാറകളും, ഖനിജ ധാതുക്കളും) ഭൂമിയുടെ മേൽപ്പരപ്പിലും ഉൾഭാഗത്തും കാണപ്പെടുന്നു. ജീവിതത്തിന്റെ അടിസ്ഥാനമായ ജലം, തടാകങ്ങളായും നദികളായും സമുദ്രങ്ങളായും വ്യാപിച്ചു കാണപ്പെടുന്നു. ജീവനുള്ളവയായ സസ്യങ്ങൾ,മൃഗങ്ങൾ എന്നിവ പോലും പറയത്തക്ക ഒരു വിഭവമാണ്. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഈ വിഭവങ്ങൾ വളരെ സഹായകമായിരിക്കുന്നു. വിഭവങ്ങളെ താഴെ കൊടുത്തിട്ടുള്ള ഘടകങ്ങളാൽ വിഭജിക്കാവുന്നതാണ്. അവ –

1. വിഭവങ്ങളുടെ തരങ്ങൾ (പ്രകൃതി വിഭവങ്ങളായ ജീവനുള്ളതും ജീവനില്ലാത്തതുമായ വിഭവങ്ങൾ)
2. വിഭവങ്ങളുടെ ഗുണങ്ങൾ (ഭൗതിക, രാസഗുണങ്ങൾ)

**ചെയ്തുനോക്കാം**

നാംവീട്ടിലും ക്ലാസ്മുറിയിലും ഉപയോഗിക്കുന്ന വിഭവങ്ങളുടെ പട്ടിക തയ്യാറാക്കുക.

വിഭവങ്ങൾ മൂന്ന് പ്രധാനഗുണങ്ങളോട് കൂടിയവയാണ്. അവ –

1. ഉപയോഗ ഗുണം (Utility)
2. ഉപയോഗ അളവ് (Quantity)
3. ഉപയോഗ സ്ഥിതി (Consumption)

### പ്രകൃതി വിഭവങ്ങൾ

മനുഷ്യന് തന്റെ ജീവൻ നിലനിറുത്തുന്നതിനും, സ്വന്തം ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും പൂർത്തികരിക്കുന്നതിനും പ്രകൃതി വിഭവങ്ങൾ അത്യാവശ്യമാണ്. ഈ വിഭവങ്ങളെ പലതരത്തിൽ വിഭജിക്കാം.

വിഭവങ്ങളെ അവ രൂപപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജീവനുള്ളവ, ജീവനില്ലാത്തവ, എന്ന് രണ്ടായി പിരിക്കാം.

### ജീവനുള്ള വിഭവങ്ങൾ

ജൈവ ഗോളത്തിൽ നിന്നും ലഭിക്കുന്നവ ജീവനുള്ള വിഭവങ്ങൾ എന്നു പറയപ്പെടുന്നു. വനങ്ങളിൽ നിന്നും ലഭിക്കുന്ന ഉപയോഗ വസ്തുക്കൾ, മൃഗങ്ങൾ പക്ഷികൾ എന്നിവയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ, മൽസ്യം, മറ്റു കടൽ ജീവികൾ എന്നിവ ജീവനുള്ള വിഭവങ്ങൾക്ക് ഉദാഹരണമായി പറയാം. പ്രകൃത്യാ നാശം സംഭവിച്ച് സമ്മർദ്ദങ്ങളിൽപ്പെട്ട ജീവികളിൽ നിന്നും ലഭിക്കുന്നതിനാൽ, ഖനിജധാതുക്കളായ കൽക്കരിയും പെട്രോളിയവും പോലും പ്രകൃതിവിഭവങ്ങളായി കരുതപ്പെടുന്നു.

### ജീവനില്ലാത്ത വിഭവങ്ങൾ

ഭൂമി, ജലം, വായു എന്നിവയും ഖനിജധാതുക്കളായ സ്വർണ്ണം, ഇരുമ്പ്, ചെമ്പ്, വെള്ളി എന്നിവയും ജീവനില്ലാത്ത വിഭവങ്ങളാണ്.

വിഭവങ്ങളെ അവയുടെ ഉപയോഗസ്ഥിതി അനുസരിച്ച് പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ, പുതുപ്പിക്കാൻ സാധിക്കാത്തവിഭവങ്ങൾ എന്ന് രണ്ടായി തരം തിരിക്കാം.

### പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ

വീണ്ടും ഉൽപ്പാദിപ്പിക്കാവുന്നതും അഥവാ ഉൽപാദനം ചെയ്യാവുന്നതും പൂർണ്ണമായി നശിക്കാത്തതുമായ വിഭവങ്ങളെ പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ എന്നു പറയുന്നു.

**ഉദാഹരണം**

1. സൂര്യനിൽ നിന്നും ലഭിക്കുന്ന താപം, ഇന്ധനശക്തി.
2. കാറ്റിന്റെ ശക്തി.

സാമൂഹ്യശാസ്ത്രം

3. ജല സ്രോതസ്സുകളായ തടാകങ്ങൾ, നദികൾ, കടൽ.

4. ഭൂമിയുടെ ഉപരിതലത്തിൽ രൂപപ്പെടുന്ന മണ്ണ്.

## പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങൾ

ഭൗമോൽപത്തിയുടെ ദീർഘമായ കാലഘട്ടങ്ങളിൽ (Geologic periods) പ്രകൃത്യാ നശിക്കുകയും സമ്മർദ്ദത്താൽ വിഭവങ്ങളായി മാറുകയും ചെയ്യുന്ന പ്രകൃതി വിഭവങ്ങളെ പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങൾ എന്നു പറയുന്നു. ഇത്തരം വിഭവങ്ങളെ കുഴിച്ചെടുത്ത് ഉപയോഗിക്കുമ്പോൾ തീർന്നുപോകുന്നതിനാലും, വീണ്ടും സൃഷ്ടിക്കാനോ ഉത്പാദിപ്പിക്കാനോ സാധിക്കാത്തതിനാലും ഇവയെ പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങളായി കരുതപ്പെടുന്നു.


**ഉദാഹരണം:-** കൽക്കരി, പെട്രോളിയം, മറ്റു ഖനിജങ്ങൾ എന്നിവ. വിഭവങ്ങളെ അവയുടെ രൂപീകരണത്തിന്റെ അടിസ്ഥാനത്തിൽ താഴെ കാണുന്ന വിധത്തിൽ വിഭജിക്കാം.

1. നില വിഭവങ്ങൾ
2. മൺവിഭവങ്ങൾ
3. ഖനിജവിഭവങ്ങൾ
4. ജലവിഭവങ്ങൾ

## നില വിഭവങ്ങൾ

മനുഷ്യന്റെയും മൃഗങ്ങളുടെയും ദൈനംദിന ആവശ്യങ്ങളെ പൂർത്തീകരിക്കുന്ന നിലം ഒരു അടിസ്ഥാനവിഭവമാണ്. നിലത്തെ ഉഴുത് കൃഷിചെയ്ത് തന്റെ അടിസ്ഥാനാവശ്യമായ ഭക്ഷണത്തെ മനുഷ്യർ നേടിയെടുക്കുന്നു. ഇതുമാത്രമല്ല ഭൂമിയെ മനുഷ്യർ പലതരത്തിലും ഉപയോഗപ്പെടുത്തുന്നുണ്ട്. വീടും തൊഴിൽ ശാലകളും നിർമ്മിക്കുന്നതിനും റോഡ്, തീവണ്ടിപ്പാത എന്നിവ ഉണ്ടാക്കുന്നതിനും നിലം പ്രയോജനപ്പെടുന്നു. നിലത്തിന്റെ ഒരു നിശ്ചിത അളവ് കാടുകളും പുൽപ്രദേശങ്ങളുമാണ്. കാടുകളിൽ നിന്നും ലഭിക്കുന്ന മരത്തടികളും മരപ്പലകകളും മനുഷ്യരും, പുൽപ്രദേശങ്ങളെ മൃഗങ്ങളും പ്രയോജനപ്പെടുത്തുന്നു. തമിഴ്നാട്ടിലെ നിലവിഭവത്തെ പൊതുവായി ഉപയോഗമനുസരിച്ച് ഒൻപതായി തരംതിരിച്ചിരിക്കുന്നു. അവയെ താഴെ കൊടുത്തിട്ടുള്ള ചിത്രം മുഖേന മനസ്സിലാക്കാം. തമിഴ് നാട്ടിലെ ജില്ലകളിൽ ഈറോഡ് ജില്ലയിലാണ് അധിക അളവിൽ (10%) വനങ്ങളുള്ളത്. അടുത്തതായി കൃഷ്ണഗിരി (9.6%) ധർമ്മപുരി (7.7%) തിരുവണ്ണാമല (7.2%) വേലൂർ (7.1%) എന്നിവിടങ്ങളിലും വനങ്ങൾ കാണപ്പെടുന്നു.

വിസ്തൃതി കൂടിയതും ഉപയോഗശൂന്യവുമായ ഭൂമി വിഴുപ്പുറം, തേനി, സേലം എന്നീ ജില്ലകളിൽ കാണപ്പെടുന്നു. ചെന്നൈ ജില്ലയിലെ 90% നിലവും കാർഷികേതര ആവശ്യങ്ങളായ, പാർപ്പിടങ്ങൾക്കും തൊഴിൽശാലകൾക്കുമായി പ്രയോജനപ്പെടുത്തിയിരിക്കുന്നു.



#### പട്ടിക: തമിഴ്നാട്ടിലെ നിലത്തിന്റെ ഉപയോഗം

| ക്രമ സംഖ്യ | തരം | വിസ്തൃതി/ഹെക്ടറിൽ | % |
|---|---|---|---|
| 1 | വനങ്ങൾ | 21,10,703 | 16.2 |
| 2 | ഉപയോഗ ശൂന്യമായ നിലങ്ങൾ | 5,03,255 | 3.9 |
| 3 | കൃഷിക്ക് അല്ലാത്ത നിലങ്ങൾ | 21,38,679 | 16.4 |
| 4 | ഉപയോഗത്തിലുള്ള നിലങ്ങൾ | 3,68,661 | 2.8 |
| 5 | സ്ഥിരമായ മേച്ചിൽ നിലങ്ങൾ | 1,10,309 | 0.8 |
| 6 | യഥാർത്ഥവിള ഭൂമിയോടു ചേർക്കാത്ത വൃക്ഷങ്ങൾ, സസ്യങ്ങൾ, പുൽച്ചെടികൾ. | 2,74,351 | 2.1 |
| 7 | നിലവിലുള്ള തരിശുനിലം | 7,58,840 | 5.8 |
| 8 | മറ്റു തരിശുനിലം | 15,18,008 | 11.7 |
| 9 | യഥാർത്ഥ വിളനിലം | 52,43,839 | 40.3 |
| | ഭൂമിയുടെ വിസ്തൃതി | 1,30,26,645 | 100.0 |

ചെന്നൈ കഴിഞ്ഞാൽ കാഞ്ചീപുരം, വിഴുപ്പുരം, പുതുക്കോട്ട എന്നീ ജില്ലകളിലും നിലങ്ങളെ കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. നിലവിലുള്ള തരിശ് ഭൂമി (Current Fallow) എന്നത്, ഒരു നിശ്ചിത വർഷത്തിൽ താൽക്കാലികമായി കൃഷിചെയ്യാത്ത ഭൂമിയെയാണ് സൂചിപ്പിക്കുന്നത്. ഇത്2006-2007 വർഷത്തിലെ കണക്കെടുപ്പനുസരിച്ച് കോയമ്പത്തൂർ, ഈറോഡ് ജില്ലകളിൽ കൂടുതലായും മറ്റു തരിശുഭൂമി തിരുനെൽവേലിജില്ലയിൽ കൂടുതലായും കാണപ്പെടുന്നു.

**ചെയ്തു നോക്കാം**

നിങ്ങളുടെ കുടുംബത്തിലോ അല്ലെങ്കിൽ സമീപത്തോ ഉള്ള മുതിർന്ന വ്യക്തിയോട് നിങ്ങളുടെ പ്രദേശത്തെ ഭൂമിയുടെ ഉപയോഗത്തിൽ ഏർപ്പെട്ട മാറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു മനസ്സിലാക്കുക.

### മൺവിഭവങ്ങൾ

ഭൂമിയുടെ മേൽപ്പരപ്പിലുള്ള പാറകൾ പൊടിഞ്ഞുണ്ടാകുന്ന വളരെ നേർത്ത കണികകളെയാണ് മണ്ണ് എന്നു പറയുന്നത്. കൃഷിയുടെ വളർച്ചയെ നിർണ്ണയിക്കുന്നതിൽ മണ്ണിന് പ്രധാനപങ്കുണ്ട്. പാറകളിലുള്ള ഖനിജ ധാതുക്കൾ മുഖേനലഭിക്കുന്ന നേർത്ത ലവണങ്ങൾ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നു. മൺവിഭവത്തെ ഉണ്ടാക്കുന്ന ഘടകങ്ങൾ താഴെ കൊടുത്തിട്ടുള്ളവയാണ്. അടിസ്ഥാനപാറ, കാലാവസ്ഥ, ഭൂഘടന, കാലം, സസ്യങ്ങൾ, ജന്തുക്കൾ, ചെറുപ്രാണികൾ തുടങ്ങിയവ

### തമിഴ്നാട്ടിലെ മണ്ണിന്റെ തരങ്ങൾ

തമിഴ്നാട്ടിലെ മൺവിഭവങ്ങളെ അതിന്റെ ഉത്ഭവം, മൺകണികകളുടെ തോത്, നിറം എന്നിവയുടെ അടിസ്ഥാനത്തിൽ അഞ്ചായി തിരിച്ചിരിക്കുന്നു. അവ കാണപ്പെടുന്ന സ്ഥലങ്ങൾ താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു.

**പ്രായോഗികാഭ്യാസം**

തമിഴ്നാട്ടിലെ വണ്ടൽമണ്ണ്, കരിമണ്ണ്, ചെമ്മണ്ണ്, ലേറ്ററൈറ്റ്, (ചരൽമണ്ണ്) ഉപ്പുമണ്ണ് എന്നിവയിൽ നിന്നും ഓരോ പിടി വീതം ശേഖരിച്ച് ഇവ എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് കണ്ടുപിടിക്കുക.

## ചിത്രം: മണ്ണ് ഉണ്ടാകുന്നതിനുള്ള ഘടകങ്ങൾ

**മണ്ണ്**

### പ്രധാനപാറ
പ്രധാന പാറകൊണ്ട് തീരുമാനിക്കപ്പെടുന്ന സവിശേഷതകൾ, നിറം, ഉപരിഭാഗത്തിന്റെ ഗുണം, രാസഘടകങ്ങൾ, ധാതുക്കളുടെ അളവ്, ജലത്തെ ആഗിരണം ചെയ്യുന്ന സ്വഭാവം


### കാലാവസ്ഥ
കാലാവസ്ഥാ ഘടകങ്ങളായ താപം വർഷപാതം എന്നിവ തേയ്മാനത്തെയും മണ്ണിലുള്ള ജൈവാംശത്തിന്റെ അളവിനെയും നിർണ്ണയിക്കുന്നു.

### നിലത്തിന്റെ ആകൃതി
നിലത്തിന്റെ ആകൃതി, ഉയരം, ചരിവ് എന്നിവ മണ്ണുണ്ടാകുന്ന അളവിനെ നിർണ്ണയിക്കുന്നു.

### സസ്യങ്ങൾ, മൃഗങ്ങൾ, ചെറുജീവികൾ
സസ്യങ്ങൾ, മൃഗങ്ങൾ, സൂക്ഷ്മ ജീവികൾ എന്നിവ ഇല അഴുകുന്ന അളവിനെയും സമയത്തെയും നിർണ്ണയിക്കുന്നു.

### കാലം
കാലം മണ്ണടുക്കിന്റെ കട്ടിയെ നിർണ്ണയിക്കുന്നു.

ചിത്രം : മണ്ണടുക്ക്



ജീർണ്ണിച്ച ജന്തുക്കളുടെയും സസ്യങ്ങളുടേയും അവശിഷ്ടങ്ങൾ ചേർന്ന മേൽമണ്ണ്

മണലും കളിമണ്ണും ചേർന്ന അടിമണ്ണ്


ദ്രവിച്ച പാറ

അടിസ്ഥാന പാറ

**നിങ്ങൾക്കറിയാമോ?**

ഒരു സെ.മീ മണ്ണ് രൂപപ്പെടാൻ 100 കണക്കിന് വർഷങ്ങൾ ആവശ്യമാണ്.

## തമിഴ്നാട്
## മണ്ണിന്റെ വ്യാപനം



പട്ടിക: തമിഴ്നാട്ടിലെ മണ്ണിന്റെ തരങ്ങളും വ്യാപനവും

| ക്രമ നമ്പർ | മണ്ണിന്റെ തരം | ജില്ലകൾ |
|---|---|---|
| 1 | വണ്ടൽ മണ്ണ് | തഞ്ചാവൂർ, തിരുവാരൂർ, നാഗപട്ടണം, വിഴുപ്പുറം, കടലൂർ, തിരുനെൽവേലി, കന്യാകുമാരി. |
| 2 | കരിമണ്ണ് | കോയമ്പത്തൂർ, മധുര, രാമനാഥപുരം, തൂത്തുക്കുടി, തിരുനെൽവേലി. |
| 3 | ചെമ്മണ്ണ് | ശിവഗംഗ, രാമനാഥപുരം. |
| 4 | ലേറ്ററൈറ്റ് (ചരൽമണ്ണ്) | കാഞ്ചീപുരം, തിരുവള്ളൂർ, തഞ്ചാവൂർ, പശ്ചിമഘട്ട പൂർവ്വഘട്ട പർവ്വതനിരകളുടെ മുകൾ ഭാഗത്ത് |
| 5 | ഉപ്പു മണ്ണ് | വേദാരണ്യത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങൾ, ചോഴമണ്ഡല കടൽത്തീരം, ഓരോ കടൽത്തീരജില്ല കളിലേയും ഏകദേശം 10 കി.മീ വിസ്തൃതിയിലുള്ള കടൽത്തീരപ്രദേശം. |

## വനവിഭവങ്ങൾ

സസ്യ, മൃഗ വിഭവങ്ങൾ തമിഴ്നാട്ടിലെ മലമ്പ്രദേശങ്ങളിലും വനപ്രദേശങ്ങളിലും കാണപ്പെടുന്നു. പ്രധാനവന്യമൃഗ സങ്കേതങ്ങളായ മുതുമലയും ആനമലയും (ഇന്ദിരാഗാന്ധി വന്യമൃഗസങ്കേതം) ആനകൾ, പുലികൾ, കാട്ടെരുമകൾ, കുരങ്ങുകൾ എന്നിവയുടെ വാസസ്ഥലങ്ങളാണ്. തമിഴ്നാട്ടിൽ 3000–ലധികം സസ്യവിഭാഗങ്ങളുണ്ട്. അവയിൽ ഭൂരിഭാഗവും വിശാലപത്രവനങ്ങളിലും മിശ്രിത വനപ്രദേശങ്ങളിലും കണ്ടുവരുന്നു. കൊടൈക്കനാൽ പ്രദേശത്ത് 12 വർഷത്തിലൊരിക്കൽ പൂക്കുന്ന കുറിഞ്ഞിപ്പൂവ് എടുത്തുപറയത്തക്ക ഒരു സസ്യയിനമാണ്. അതിനാലാണ് ഈ പൂവിനെതമിഴ്നാട് സർക്കാർ പ്രശസ്ത പുഷ്പമായി അംഗീകരിച്ചിരിക്കുന്നത്. മലേറിയ രോഗത്തെ നിയന്ത്രിക്കുന്നതിനായി സിങ്കോണാവൃക്ഷത്തിൽ നിന്നും ക്യുനൈൻ (qunine) എന്ന മരുന്ന് തയ്യാറാക്കിവരുന്നു. സാധാരണ കഫത്തിനും ശരീരവേദനഅകറ്റുന്നതിനും നീലഗിരി മലയിൽ അധികമായി വളരുന്ന യൂക്കാലിപ്റ്റസ് വൃക്ഷത്തിൽ നിന്നും ഒരു തരം തൈലം എടുക്കുന്നുണ്ട്.

പഴനി മലയിലും കുറ്റാല മലയിലും ഔഷധസസ്യങ്ങൾ ധാരാളം കണ്ടുവരുന്നു. തിരുനെൽവേലി ജില്ലയിലെ കർഷകർ ഉപതൊഴിലായി പനമരം വളർത്തുന്നു. അപൂർവ്വ ഇനത്തിലുള്ള സുഗന്ധം അധികമുള്ള ചന്ദനമരങ്ങൾ വേലൂർ ജില്ലയിലെ ജവ്വാദ് മലമ്പ്രദേശങ്ങളിൽ തിങ്ങി വളരുന്നു. തിരുവണ്ണാമലയിലും തിരുനെൽവേലിയിലും നശിപ്പിച്ചു കൊണ്ടിരിക്കുന്ന വനപ്രദേശത്തെ സംസ്ഥാനസർക്കാരിന്റെ വനം വകുപ്പ് പുന:പരിശോധിച്ച് മരങ്ങളെ സംരക്ഷിക്കുന്നതിനും വീണ്ടും ഉല്പാദിപ്പിക്കുന്നതിനും അനുയോജ്യമായ പരിശ്രമങ്ങളിലേർപ്പെട്ടു വരുന്നുണ്ട്. വനവിഭവം സംസ്ഥാനസാമ്പത്തിക ഭദ്രതയ്ക്കു മാത്രമല്ലാതെ ആപ്രദേശത്തെ ജനങ്ങളുടെ ജീവിതത്തിന്റെ അടിത്തറയായും ശോഭിക്കുന്നു.

**നിങ്ങൾക്കറിയാമോ?**

വന്യമൃഗങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കാൻ ഓരോ വർഷവും ഒക്ടോബർ മാസത്തിൽ "വനമഹോത്സവം" ആഘോഷിച്ചുവരുന്നു.

ലോക വന്യജീവി ദിനം – ഒക്ടോബർ 4

ലോക വനദിനം – മാർച്ച് 21

ലോക ജലദിനം – മാർച്ച് 22

## ജലവിഭവങ്ങൾ

മനുഷ്യർ മുതൽ എല്ലാ ജീവജാലങ്ങളെയും ജല വിഭവങ്ങൾ ജീവിക്കാൻ സഹായിക്കുന്നു. നദികൾ, തടാകങ്ങൾ, ഭൂഗർഭജലം, കടൽ, കടൽത്തീരജല ഉറവിടങ്ങൾ എന്നിവയെ ഭൂമിയിലുള്ള ജലവിഭവങ്ങൾ എന്നു പറയുന്നു. ചുരുക്കത്തിൽ മനുഷ്യർക്ക് കുടിക്കാനും കുളിക്കാനും ഭക്ഷണം പാകം ചെയ്യാനും തുണികഴുകാനും ശുദ്ധ ജലം ആവശ്യമാണ്. കൃഷി വകുപ്പ് ജലത്തിന്റെ അളവും, തരവും സസ്യങ്ങളുടെ വളർച്ചയെയും വിളവിനെയും നിശ്ചയിക്കുന്നു. ജലസേചനത്തിനും മറ്റാവശ്യങ്ങൾക്കും ഭൂഗർഭജലം പലരീതികളിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. വ്യവസായശാലകളിൽ ഉല്പാദന പ്രവർത്തനങ്ങൾക്കും മറ്റുപയോഗങ്ങൾക്കും ജലം ആവശ്യമാണ്.

**പട്ടിക: തമിഴ്നാട്ടിലെ ജലവിഭവങ്ങൾ**

| ജല ഉറവിടങ്ങൾ | എണ്ണം |
|---|---|
| നദികൾ | 17 |
| തടാകങ്ങൾ | 15 |
| കുളങ്ങൾ | 40319 |
| കുഴികൾ | 21205 |
| തോടുകൾ | 2395 |
| ജലസംഭരണികൾ | 71 |
| കിണറുകൾ | 1908695 |

**നിങ്ങൾക്കറിയാമോ?**

വീടിന്റെ മുകൾ ഭാഗത്ത് വീഴുന്ന ജലത്തെ ഒരു നിശ്ചിത സ്ഥലത്ത് കുഴൽ മുഖേന സംഭരിക്കുന്ന രീതിയെ മഴവെള്ള ശേഖരണം എന്നു പറയുന്നു. ഈ രീതിയെ ഭൂഗർഭജല പുനർജനി എന്നും പറയുന്നു. ശരാശരി ഒരു ദിവസം 2 മണിക്കൂർ സമയം ലഭിക്കുന്ന മഴകൊണ്ട് 8000 ലിറ്റർ ജലത്തെ ഭൂമിക്കടിയിൽ സംഭരിക്കാൻ സാധിക്കുന്നു.

## ജന്തുവിഭവങ്ങൾ

ഭക്ഷ്യധാന്യങ്ങളെക്കൂടാതെ മാംസം, മുട്ട, പാൽഉൽപന്നങ്ങൾ എന്നിവയും മനുഷ്യരുടെ ഭക്ഷണത്തിന്റെ അടിസ്ഥാന ഘടകമാണ്. വളർത്തു മൃഗങ്ങളിൽ നിന്നു ലഭിക്കുന്ന കമ്പിളി രോമം, തോൽ എന്നിവ വസ്ത്രങ്ങൾ, ചെരിപ്പുകൾ, മറ്റു തോൽ ഉത്പന്നങ്ങൾ തുടങ്ങിയവ നിർമ്മിക്കാനുള്ള അസംസ്കൃത വസ്തുക്കളാണ്. വാണിജ്യത്തെ ലക്ഷ്യമാക്കി വളർത്തുന്ന മൃഗങ്ങൾ സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമായിരിക്കുന്നു.

**പട്ടിക: തമിഴ്നാട്ടിലെ കന്നുകാലികൾ**

| കന്നുകാലികൾ | എണ്ണം |
|---|---|
| മാടുകൾ | 91,41,043 |
| ആടുകൾ | 16,50,343 |
| ചെമ്മരിയാടുകൾ | 55,93,485 |
| വെള്ളാടുകൾ | 81,77,420 |


**പദ നിഘണ്ടു: ദേശീയ പൂന്തോട്ടം**

ഒന്നോ, അതിലധികമോ പരിസ്ഥിതിയോടുകൂടിയ പ്രാകൃതിക പ്രദേശത്തിൽ വന്യമൃഗങ്ങൾ അവയ്ക്ക് അനുയോജ്യമായ ജീവിതസാഹചര്യങ്ങളിൽ തുടർച്ചയായി സംരക്ഷിക്കപ്പെട്ടാൽ ആപ്രദേശത്തെ ദേശീയ പൂന്തോട്ടം എന്നു പറയാം.

## ഖനിജ വിഭവങ്ങൾ

പ്രകൃതിയിലുള്ള ഒരു മൂലകം അഥവാ പലമൂലകങ്ങളുടെ സംയുക്തത്തെ ധാതുപദാർത്ഥം അല്ലെങ്കിൽ ഖനിജം എന്നു പറയുന്നു. ഖനിജങ്ങളുടെ ഉത്ഭവ കേന്ദ്രങ്ങൾ ജീവനുള്ളതോ ജീവനില്ലാത്തതോ ആയിരിക്കും. ഓരോ ഖനിജവും നിയതമായ ഘടനയോടും ഏകരാസസംയുക്തമായും ഭൗതിക ഗുണങ്ങളോടും കൂടിയവയാണ്. ഭൂരിഭാഗം ഖനിജങ്ങളും പാറകളോട് ചേർന്ന് കാണപ്പെടുന്നു. ഭൂമിയിൽ കാണപ്പെടുന്ന ഓരോ പാറയിലും ഒന്നോ അതിലധികമോ ഖനിജങ്ങൾ അടങ്ങിയിട്ടുണ്ട്. പ്രകൃത്യാ ലഭിക്കുന്ന ഖനിജ വസ്തുക്കളെ ധാതുക്കളെന്നും, ധാതുക്കളെ ശുദ്ധീകരിക്കുമ്പോൾ ലഭിക്കുന്ന വസ്തുവിനെ ഖനിജങ്ങളെന്നും പറയുന്നു. തമിഴ്നാട്ടിലെ പ്രധാന ധാതു വിഭവങ്ങളാണ് ലിഗ്നൈറ്റ്, ഗാർനറ്റ്, സിർകോൺ, ഗ്രാഫൈറ്റ്, റൂടൈൽ, മോണോസൈറ്റ്, മാഗ്നസൈറ്റ് എന്നിവ

# തമിഴ്നാട്
# ഖനി വിഭവങ്ങൾ



**നിങ്ങൾക്കറിയാമോ?**

ഭക്ഷണത്തിനുപയോഗിക്കുന്ന ഉപ്പും പെൻസിൽ നിർമ്മിക്കാനുപയോഗിക്കുന്ന ഗ്രാഫൈറ്റും തമിഴ്നാട്ടിൽ വ്യാപകമായി കാണപ്പെടുന്ന പ്രധാനഖനിജവിഭവങ്ങളാണ്.

**ധാതുക്കളുടെ തരങ്ങൾ**

ധാതുക്കളെ മൂന്നായി തരം തിരിക്കാം

1. ലോഹ ധാതുക്കൾ
2. അലോഹ ധാതുക്കൾ
3. ഇന്ധനധാതുക്കൾ

**പട്ടിക: തമിഴ്നാട്ടിലെ ലോഹ ധാതുക്കൾ**

| ധാതുക്കൾ | ജില്ലകൾ |
|---|---|
| ഇരുമ്പുധാതു | സേലം, നാമക്കൽ, തിരുവണ്ണാമല |
| ചെമ്പ് | സേലം, നീലഗിരി, കോയമ്പത്തൂർ, മധുര |
| ബോക്സൈറ്റ് | സേലം, നീലഗിരി, കോയമ്പത്തൂർ, വേലൂർ, മധുര, ധർമ്മപുരി, വിഴുപ്പുറം. |
| ക്രോമൈറ്റ് | സേലം, നാമക്കൽ, തൃശ്ശിനാപ്പള്ളി, ഈറോഡ് |
| ബൈറൈറ്റ് | വിഴുപ്പുറം |
| | |

**പട്ടിക: തമിഴ്നാട്ടിലെ അലോഹ ധാതുക്കൾ**

| ധാതുക്കൾ | ജില്ലകൾ |
|---|---|
| ചുണ്ണാമ്പുകല്ല് | വിരുദുനഗർ, തൂത്തുക്കുടി, തിരുനെൽവേലി, തൃശ്ശിനാപള്ളി, കാഞ്ചീപുരം, സേലം. |
| മൈക്ക | തൃശ്ശിനാപ്പള്ളി, കോയമ്പത്തൂർ, രാമനാഥപുരം. |
| മാഗ്നസൈറ്റ് | സേലം, നാമക്കൽ, കോയമ്പത്തൂർ, ഈറോഡ് |
| സ്റ്റീയറ്റൈറ്റ് | വേലൂർ, കടലൂർ, കോയമ്പത്തൂർ, സേലം, തൃശ്ശിനാപ്പള്ളി |
| ഉപ്പ് | ചെന്നൈ, തൂത്തുക്കുടി, കടലൂർ, നാഗപട്ടണം, തിരുവാരൂർ. |

**പട്ടിക: തമിഴ്നാട്ടിലെ ഇന്ധനധാതുക്കൾ**

| ധാതുക്കൾ | ജില്ലകൾ |
|---|---|
| പെട്രോളിയം | തിരുവാരൂർ (പനങ്കുടി), നരിമണം (കാവേരി ഡെൽറ്റാ പ്രദേശം) |
| ലിഗ്നൈറ്റ് | കടലൂർ (നെയ്‌വേലി) |

**പ്രായോഗികാഭ്യാസം**

അറ്റ്ലസിന്റെ സഹായത്തോടെ തമിഴ്നാട് ഭൂപടത്തിൽ ഇരുമ്പ് ധാതു, ചെമ്പ്, ബോക്സൈറ്റ്, ലിഗ്നൈറ്റ് എന്നിവ ലഭിക്കുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക.

## ഊർജ്ജവിഭവങ്ങൾ

ഇന്ധനമായും വൈദ്യുത പ്രകാശത്തിനു വേണ്ടിയും ഉപയോഗിക്കുന്ന വിഭവങ്ങളെ ഊർജ്ജ വിഭവങ്ങൾ എന്നു പറയുന്നു.

ഊർജ്ജ വിഭവങ്ങളെ രണ്ടായി തിരിക്കാം.

അവ–

1. പാരമ്പര്യ ഊർജ്ജ വിഭവങ്ങൾ
2. പാരമ്പര്യേതര ഊർജ്ജ വിഭവങ്ങൾ

**1. പാരമ്പര്യ ഊർജ്ജ വിഭവങ്ങൾ**

പാരമ്പര്യമായി ആരംഭകാലം മുതൽ മനുഷ്യർ ഉപയോഗിച്ചു വരുന്ന ശിലാപാത (fossils) ഊർജ്ജവിഭവങ്ങളായ കൽക്കരി, പ്രകൃതിവാതകം, പെട്രോളിയം, എന്നിവയും അണുവൈദ്യുതോർജ്ജവും പാരമ്പര്യ ശക്തി വിഭവങ്ങളാണ്.

മൂന്നു പ്രധാന പാരമ്പര്യ ഇന്ധന ഊർജ്ജ വിഭവങ്ങളാണ്,

1. താപ വൈദ്യുതോർജ്ജ വിഭവങ്ങൾ
2. ജല വൈദ്യുതോർജ്ജ വിഭവങ്ങൾ
3. അണു വൈദ്യുതോർജ്ജ വിഭവങ്ങൾ

പട്ടിക : തമിഴ്നാട്ടിലെ താപ വൈദ്യുത നിലയങ്ങൾ

| നിലയങ്ങളുടെ പേര് | ജില്ല | ഇന്ധനവസ്തുവിന്റെ തരം | ഊർജ്ജം മെഗാ വാട്ടുകൾ |
|---|---|---|---|
| നെയ്‌വേലി താപവൈദ്യുത നിലയം | കടലൂർ | കൽക്കരി | 2490 |
| വടക്കൻ ചെന്നൈ താപവൈദ്യുത നിലയം I | തിരുവള്ളൂർ | കൽക്കരി | 1200 |
| തൂത്തുക്കുടി താപവൈദ്യുത നിലയം | തൂത്തുക്കുടി | കൽക്കരി | 1000 |
| മേട്ടൂർ താപ വൈദ്യുതനിലയം | സേലം | കൽക്കരി | 600 |

## 1. താപവൈദ്യുതോർജ്ജ വിഭവങ്ങൾ

പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങളായ കൽക്കരി, പെട്രോളിയം, പ്രകൃതി വാതകങ്ങൾ എന്നിവയിൽ നിന്നോ, പുതപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങളായ ഭൗമതാപോർജ്ജം (Thermal Energy), സൗരോർജ്ജം (Solar Energy), തിരമാലയിൽ നിന്നും ഉണ്ടാകുന്ന ഊർജ്ജം എന്നിവ മുഖേനയോ താപോർജ്ജം ഉല്പാദിപ്പിക്കപ്പെടുന്നു. ജലം ചൂടാകുമ്പോൾ ഉണ്ടാകുന്ന നീരാവിയാൽ ടർബൈനുകൾ ചലിപ്പിച്ച് താപ വൈദ്യുതി ഉല്പാദിപ്പിക്കുന്നു.



താപവൈദ്യുത നിലയം-നെയ്‌വേലി

## 2. ജല വൈദ്യുതോർജ്ജ വിഭവങ്ങൾ

മനുഷ്യർ ഉപയോഗിച്ചു കൊണ്ടിരുന്ന ഊർജ്ജ വിഭവങ്ങളിൽ ജല വൈദ്യുത ഊർജ്ജവും ഒന്നാണ്. വേഗത്തിൽ ഒഴുകി വരുന്ന നദീ ജലത്തെ ഭ്രമണ യന്ത്രങ്ങളിൽ (ടർബൈനുകളിൽ) ചുറ്റാനുവദിക്കുമ്പോഴുണ്ടാകുന്ന യന്ത്രശക്തിയെ ഊർജ്ജമാക്കി മാറ്റി ഉപയോഗിക്കുന്നതിനെയാണ് ജലവൈദ്യുതോർജ്ജം എന്നുപറയുന്നത്. ആരംഭകാലങ്ങളിൽ ഇത്തരം ജലഭ്രമണ യന്ത്രങ്ങൾ മില്ലുകളിലും, നൂൽ നൂൽക്കുന്ന തൊഴിൽ ശാലകളിലും നേരിട്ട് ഉപയോഗിച്ചിരുന്നു. 2010–ലെ സ്ഥിതിവിവര കണക്കനുസരിച്ച് വർഷത്തിൽ ശരാശരി 2,297 മെഗാവാട്ട് ജലവൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നു.

പട്ടിക: തമിഴ്നാട്ടിലെ ജല വൈദ്യുത നിലയങ്ങൾ

| ക്രമ നമ്പർ | ജലവൈദ്യുത നിലയങ്ങൾ | നദികൾ | മെഗാ വാട്ടുകൾ |
|---|---|---|---|
| 1 | കുന്ദാ I to V | ഭവാനി | 500 |
| 2 | മേട്ടൂർ | കാവേരി | 840 |
| 3 | ആഴിയാർ | ആഴിയാർ | 60 |
| 4 | കോതയാർ I, II | കോതയാർ | 100 |
| 5 | ചോലയാർ I, II | ചോലയാർ | 95 |
| 6 | കാടമ്പാറ | കാടമ്പാറ | 400 |
| 7 | കീഴ്മേട്ടൂർ | കാവേരി | 120 |
| 8 | പാപനാശം ജലവൈദ്യുത പദ്ധതി | പാപനാശം | 32 |
| 9 | പൈക്കാറാ | പൈക്കാറാ | 150 |
| ആകെ | | | 2297 |




ജല വൈദ്യുത നിലയം-ചോലയാർ

## അണു വൈദ്യുതോർജ്ജ വിഭവങ്ങൾ

അണുക്കളെ വിഭജിക്കുമ്പോൾ പുറത്തുവരുന്ന അധിക താപമാണ് അണുശക്തി. ഉലകളിൽ (Reactor) അണുവിന്റെ കേന്ദ്രത്തെ (ന്യൂക്ലിയർ) മാറ്റി സ്ഥാപിക്കുമ്പോഴും അണുവിനെവിഭജിക്കുമ്പോഴും അണുശക്തിയുണ്ടാകുന്നു.

തമിഴ്നാട്ടിലെ ആദ്യത്തെ അണുശക്തി നിലയം ചെന്നൈയ്ക്കു തെക്ക് 80കി.മി. അകലെയുള്ള കൽപ്പാക്കം എന്ന സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്നു. അണു വൈദ്യുത ഉല്പാദനം, ഇന്ധനത്തെ പുനഃശുദ്ധീകരിക്കൽ, അണു അവശിഷ്ടങ്ങളെ സംരക്ഷിക്കൽ എന്നിവ പ്ലൂട്ടോണിയം അതിവേഗ ഉലകളോടുകൂടിയ ഒരു സംയോജിത ഘടനയാണ്. ഇന്ത്യയിൽ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ അണു വൈദ്യുത നിലയമായി ഇത് ശോഭിക്കുന്നു. 500 മെഗാ വാട്ട് വൈദ്യുതോല്പാദന ശേഷിയുള്ള രണ്ട് വിഭാഗങ്ങൾ ഇവിടെയുണ്ട്.



അണു വൈദ്യുത നിലയം-കൽപ്പാക്കം

തിരുനെൽവേലി ജില്ലയിൽ കൂടങ്കുളം എന്ന സ്ഥലത്ത് മറ്റൊരു അണു വൈദ്യുത നിലയം പ്രവർത്തിക്കുന്നുണ്ട്. ഇത് ഏകദേശം 1000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നു.

## പാരമ്പര്യേതര ഊർജ്ജ വിഭവങ്ങൾ

സൗരോർജ്ജത്തെ പാരമ്പര്യേതര ഊർജ്ജ വിഭവങ്ങളിൽ ഏറ്റവും മികച്ച ഊർജ്ജ വിഭവമായി കണക്കാക്കുന്നു. ഫോട്ടോണുകൾ (Photons) മുഖേന

ഊർജ്ജം ലഭിക്കുന്നു. ഇന്ത്യയിൽ വർഷത്തിൽ 250 മുതൽ 300 ദിവസം വരെ സൂര്യപ്രകാശം അപരിമിതമായി ലഭിക്കുന്നു. സൗരോർജ്ജത്തെ താപവൈദ്യുത ശക്തിയാക്കി മാറ്റുന്നതിന് ഫോട്ടോ വോൾട്ടായിക് സെല്ലുകൾ ഉപയോഗിക്കുന്നു. എടുത്തു പറയത്തക്ക പാരമ്പര്യേതര ഊർജ്ജ വിഭവങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- സൗരോർജ്ജം
- കാറ്റിന്റെ ഊർജ്ജം
- തിരമാലകളുടെ ഊർജ്ജം
- ഭൗമതാപോർജ്ജം
- ജൈവ ഇന്ധനഊർജ്ജം
- കരിമ്പിൻ ചണ്ടിയിൽ നിന്നും ലഭിക്കുന്ന ഊർജ്ജം.

തിരമാലാ ഊർജ്ജവും ഭൗമതാപോർജ്ജവും ഒഴികെയുള്ള പാരമ്പര്യേതര ഊർജ്ജ വിഭവങ്ങൾ തമിഴ് നാട്ടിൽ ഉപയോഗിച്ചു വരുന്നു. ആ ഊർജ്ജത്തെ ഉപയോഗിക്കുന്ന അളവുകൾ ഇനി വരുന്ന ഭാഗങ്ങളിൽ വിവരിക്കുന്നുണ്ട്.

## സൗരോർജ്ജം

സൂര്യപ്രകാശത്തിൽ നിന്നും സംഭരിക്കുന്ന സൗരോർജ്ജത്തെ ഫോട്ടോ വോൾട്ടായിക് സെല്ലുകളിൽ നിന്നും നേരിട്ടോ അഥവാ സംഭരണ കേന്ദ്രങ്ങളിൽ (concentrating solar power) നിന്നോ പരോക്ഷമായി ലഭിക്കുന്നു. സൗരോർജ്ജം കേന്ദ്രീകരിക്കപ്പെട്ട് ജലത്തെ ചൂടാക്കുന്നതിനാൽ ഊർജ്ജം ലഭിക്കുന്നു. ഇത്തരം സൗരോർജ്ജ നിലയങ്ങൾ ദിണ്ടുക്കൽ, കൃഷ്ണഗിരി, ധർമ്മപുരി എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്.



സൗരോർജ്ജ ഉപകരണം

### സൗരോർജ്ജത്തിന്റെ ഉപയോഗങ്ങളും പ്രശ്നങ്ങളും.

| ഉപയോഗങ്ങൾ | പ്രശ്നങ്ങൾ |
|---|---|
| തീർന്നു പോകാത്ത സവിശേഷത | പണച്ചെലവ് അധികം |
| മലിനമില്ലാത്ത ഊർജ്ജ വിഭവം | വൈദ്യുതോല്പാദനകേന്ദ്രങ്ങളെ സംയോജിപ്പിക്കാൻ സാധിക്കാത്ത അവസ്ഥ |

## കാറ്റിനാലുള്ള ഊർജ്ജം

കാറ്റു വീശുമ്പോഴുണ്ടാകുന്ന ശക്തിയെ പ്രയോജനമുള്ള ഊർജ്ജമാക്കി മാറ്റി ഉപയോഗിക്കുന്നതിനെ കാറ്റിനാലുള്ള ഊർജ്ജം എന്നുപറയുന്നു. കാറ്റിന്റെ ശക്തിയെ ഭ്രമണ യന്ത്രങ്ങളിലൂടെ (wind turbines) യാന്ത്രികോർജ്ജമാക്കി അതിനെ വൈദ്യുത ഊർജ്ജമായി പരിവർത്തനം ചെയ്ത് ജലവിതരണത്തിനും, മലിനജല ശുചീകരണത്തിനും, കപ്പലുകളിലെ പങ്കായം ചലിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നു.



കാറ്റാടി വൈദ്യുത ഉല്പാദനം- ആരൽവായ്മൊഴി

തമിഴ്നാട്ടിൽ വർഷത്തിൽ ശരാശരി 5,208 മെഗാ വാട്ട് കാറ്റ് ഊർജ്ജം ഉല്പാദിപ്പിക്കുന്നു. താഴെക്കൊടുത്തിരിക്കുന്ന പട്ടിക കാറ്റിനാലുള്ള ഊർജ്ജം ഉല്പാദിപ്പിക്കുന്ന സ്ഥലങ്ങളെയും ഉല്പാദന അളവിനെയും കാണിക്കുന്നു.

**പട്ടിക: തമിഴ്നാട്ടിലെ കാറ്റിനാലുള്ള ഊർജ്ജ കേന്ദ്രങ്ങളും ഉല്പാദനഅളവും**

| ക്രമ നമ്പർ | കേന്ദ്രങ്ങൾ | ഉല്പാദനം മെഗാ വാട്ടുകൾ |
|---|---|---|
| 1 | ആരൽവായ്മൊഴി ചുരം (മുപ്പന്തൽ പ്രദേശം), കന്യാകുമാരി, തിരുനെൽവേലി ജില്ല. | 1,658 |
| 2 | ചെങ്കോട്ടചുരം (കയത്താർ പ്രദേശം) തിരുനെൽ വേലി, തൂത്തുക്കുടി ജില്ല | 1,105 |
| 3 | പാലക്കാട് ചുരം (കീത്തനൂർ പ്രദേശം) കോയമ്പത്തൂർ | 1995 |
| 4 | ചെന്നൈയുടെ കടൽത്തീര പ്രദേശം, രാമനാഥപുരം ജില്ലയിൽ രാമേശ്വരം ഇതര പ്രദേശങ്ങൾ (തേനി, പഴനി) | 450 |
| | ആകെ | 5208 |

**കാറ്റിനാലുള്ള ഊർജ്ജത്തിന്റെ ഉപയോഗങ്ങളും പ്രശ്നങ്ങളും**


| ഉപയോഗങ്ങൾ | പ്രശ്നങ്ങൾ |
|---|---|
| മലിനീകരണമില്ലാത്ത ഊർജ്ജ വിഭവം | ശബ്ദ മലിനീകരണം |
| കുറഞ്ഞ ചെലവിൽ ലഭിക്കുന്ന ഊർജ്ജം | കാറ്റാടികൾ സ്ഥാപിക്കാൻ കൂടുതൽ മൂലധനം ആവശ്യമാണ്. |
| സംശുദ്ധവും സുരക്ഷിതവുമായ | റേഡിയോ, ടെലിവിഷൻ എന്നിവയിലെ ശബ്ദ |
| ഊർജ്ജ വിഭവം | വെളിച്ച തരംഗങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു. |
| തീർക്കാൻ സാധിക്കാത്തത് | വന്യമൃഗങ്ങളുടെ വാസസ്ഥലങ്ങളെ നശിപ്പിക്കുന്നു. |

## തിരമാലാ ഊർജ്ജം

തിരമാലകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന ഊർജ്ജത്തെ തിരമാലാഊർജ്ജം എന്നു പറയുന്നു. കടൽത്തീര പ്രദേശങ്ങളിൽ തിരമാലകൾക്കു കുറുകെ ചെറുതുളകളോടുകൂടിയ അണകൾ നിർമ്മിക്കുന്നതു മുഖേന തിരമാലാഊർജ്ജത്തെ ഉൽപാദിപ്പിക്കുവാൻ സാധിക്കുന്നു. ഉയർന്ന തിരമാലകൾ രൂപം കൊള്ളുമ്പോഴുാകുന്ന ഊർജ്ജത്തെ, അണകളിലുള്ള വേഗഭ്രമണ കേന്ദ്രങ്ങളെ (ടർബൈനുകൾ) ചുഴറ്റി വൈദ്യുതോർജ്ജം ഉൽപാദിപ്പിക്കുന്നു.

| തിരമാലഊർജ്ജത്തിന്റെ സവിശേഷതകൾ | തിരമാലഊർജ്ജത്തിന്റെ പ്രശ്നങ്ങൾ |
|---|---|
| ശുദ്ധമായ, പരിതഃസ്ഥിതിക്കനുയോജ്യമായ എല്ലാ കാലങ്ങളിലും ലഭിക്കാവുന്ന ഊർജ്ജമാണ്. | നഗരങ്ങളിൽ നിന്നും വളരെ അകലെ ഉല്പാദനനിലയങ്ങൾ സ്ഥിതിചെയ്യുന്നതിനാൽ വൈദ്യുത ശക്തിയെ കൊണ്ടു ചെല്ലുന്നതിന് അധിക ചെലവ് ഉണ്ടാകുന്നു. |
| മറ്റ് ഊർജ്ജ വിഭവങ്ങളോട് താരതമ്യം ചെയ്യുമ്പോൾ ചെലവു കുറഞ്ഞതാണ്. | കാറ്റ് വേഗത്തിൽ വീശുന്ന ദിവസങ്ങളിൽ മാത്രമേ ഉല്പാദനം ചെയ്യാൻ സാധിക്കുകയുള്ളൂ. |

വൈദ്യുതോല്പാദന മോട്ടോറിനെ താങ്ങുന്ന കോൺക്രീറ്റ്തൂൺ.




**നിങ്ങൾക്കറിയാമോ?**

ആദ്യത്തെ തിരമാലാ ഊർജ്ജ നിലയം ഫ്രാൻസിലാണ് സ്ഥാപിക്കപ്പെട്ടത്.

## ഭൗമ താപോർജ്ജം

ഭൂമിയുടെ ആന്തരിക താപത്തെ പ്രയോജനപ്പെടുത്തി ഉല്പാദിപ്പിക്കുന്ന വൈദ്യുതോർജ്ജമാണ് ഭൗമതാപോർജ്ജം. അഗ്നിപർവ്വത പ്രദേശങ്ങളിൽ വർദ്ധിച്ച ചൂടുള്ള മാഗ്മയോട് തൊട്ടു കിടക്കുന്ന പാറകൾക്ക് അധികം ചൂടുണ്ട്. മഴ പെയ്യുന്ന സമയത്ത് ഈ പാറകളിൽ പതിക്കുന്ന ജലത്തുള്ളികൾ നീരാവിയായി മാറി താപ ഉറവകളായി പുറത്തു വരുന്നു. താപ ഉറവകളുള്ള പ്രദേശങ്ങളിൽ നിന്നും ബഹിർഗമിക്കുന്ന നീരാവിയെ വൈദ്യുതോല്പാദനത്തിന് പ്രയോജനപ്പെടുത്തുന്നു. ഇത് വളരെ ചെറിയ തോതിൽ നടന്നു വരുന്നു.

## ജൈവ ഇന്ധനഊർജ്ജം

ജൈവ ഇന്ധനഊർജ്ജം പല വിധത്തിൽ ലഭിക്കുന്നു. ജൈവ വസ്തുക്കളിൽ നിന്നും ദ്രാവക ഇന്ധനവും ജൈവ വാതകവും ലഭിക്കുന്നു. നിലവിലുള്ള കണക്കനുസരിച്ച് തമിഴ്നാട്ടിൽ 130 മെഗാ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന 13 നിലയങ്ങൾ ഉണ്ട്.



ജൈവ ഇന്ധനഊർജ്ജം

**പട്ടിക: തമിഴ്നാട്ടിലുള്ള ജൈവ ഇന്ധന ഊർജ്ജ നിലയങ്ങൾ**

| ക്രമ നമ്പർ | ജില്ലകൾ | വൈദ്യുതോല്പാദന നിലയങ്ങൾ |
|---|---|---|
| 1 | ശിവകാശി | 2 |
| 2 | പുതുക്കോട്ട | 2 |
| 3 | തിരുവണ്ണാമല | 1 |
| 4 | ദിണ്ടുക്കൽ | 1 |
| 5 | തേനി | 1 |
| 6 | തഞ്ചാവൂർ | 1 |
| 7 | മധുര | 1 |
| 8 | വിരുദു നഗർ | 1 |
| 9 | തിരുവള്ളൂർ | 1 |
| 10 | കാഞ്ചീപുരം | 1 |
| 11 | കൃഷ്ണ ഗിരി | 1 |

**കരിമ്പിൻ ചണ്ടിയിൽ നിന്നും ലഭിക്കുന്ന ഊർജ്ജം.**



കരിമ്പ് വ്യവസായ ശാലകളിൽ കരിമ്പിൻ ചാറ് പിഴിഞ്ഞെടുത്ത ശേഷം ലഭിക്കുന്ന ചണ്ടിയിൽ നിന്നും ഇന്ധന വസ്തുക്കൾ തയ്യാറാക്കുന്നു. തമിഴ്നാട്ടിൽ ഏകദേശം 411 മെഗാ വാട്ട് വൈദ്യുതി 18 പഞ്ചസാര വ്യവസായശാലകളിലൂടെ ഉല്പാദിപ്പിക്കപ്പെടുന്നു.

**പട്ടിക : തമിഴ്നാട്ടിലെ ഇന്ധനശക്തിയുടെ വളർച്ച**
**തമിഴ്നാട്ടിലുള്ള പഞ്ചസാര വ്യവസായ ശാലകളിലെ ഉപ ഉല്പാദനനിലയങ്ങൾ.**

| ക്രമ നമ്പർ | പഞ്ചസാര വ്യവസായശാലകൾ | ജില്ലകൾ | ഉല്പാദനം മെഗാ.വാ |
|---|---|---|---|
| 1 | എം.ആർ.കെ. സഹകരണ പഞ്ചസാര വ്യവസായ ശാല | കടലൂർ | 7.50 |
| 2 | ചെയ്യാറ് സഹകരണ പഞ്ചസാര വ്യവസായശാല | തിരുവണ്ണാമല | 7.50 |
| 3 | ധരണി പഞ്ചസാര, രാസവസ്തു നിർമ്മാണ ശാലകൾ | തിരുനെൽവേലി | 15.00 |
| 4 | രാജശ്രീ, പഞ്ചസാര, രാസവസ്തു നിർമ്മാണ ശാലകൾ | തേനി | 12.00 |
| 5 | കോത്താരി പഞ്ചസാര, രാസവസ്തു നിർമ്മാണ ശാലകൾ | തേനി | 12.00 |
| 6 | ടെരി എനർജി സ്ഥാപനം | കടലൂർ | 28.42 |
| 7 | എസ്.വി. പഞ്ചസാര വ്യവസായശാല | കാഞ്ചീപുരം | 45.00 |
| 8 | സുബ്രഹ്മണ്യ ശിവാ സഹകരണ പഞ്ചസാര വ്യവസായശാല | ധർമ്മപുരി | 5.00 |
| 9 | ടെരി എനർജി സ്ഥാപനം | തഞ്ചാവൂർ | 18.68 |
| 10 | ഇ.ഐ.ഡി പാരി ഇന്ത്യാ സ്ഥാപനം | കടലൂർ | 30.00 |
| 11 | ശക്തി പഞ്ചസാര വ്യവസായശാല | ശിവഗംഗ | 5.500 |
| 12 | അരുണാചലം പഞ്ചസാര വ്യവസായശാല | തിരുവണ്ണാമല | 19.00 |
| 13 | ബന്നാരി അമ്മൻ പഞ്ചസാര വ്യവസായശാല | ഈറോഡ് | 20.00 |
| 14 | ആരോ ശക്തി സ്ഥാപനം | നാഗപട്ടണം | 18.00 |

| | | | |
|---|---|---|---|
| 15 | ശ്രീ അംബികാ പഞ്ചസാര വ്യവസായശാല | കടലൂർ | 40.00 |
| 16 | ശക്തി പഞ്ചസാര വ്യവസായ ശാല | ഈറോഡ് | 32.00 |
| 17 | രാജശ്രീ പഞ്ചസാര രാസവ്യവസായശാലകൾ | വിഴുപ്പുറം | 22.00 |
| 18 | ഇ.ഐ.ടി.പാരി ഇന്ത്യാ സ്ഥാപനം | പുതുക്കോട്ട | 18.00 |
| 19 | കോത്താരി പഞ്ചസാര രാസവ്യവസായശാലകൾ | അരിയലൂർ | 22.00 |

**പ്രായോഗികാഭ്യാസം**

നിങ്ങൾ വസിക്കുന്ന പ്രദേശത്തെ ഏതെങ്കിലും ഉപ ഉല്പാദനകേന്ദ്രം സന്ദർശിച്ച് അവിടത്തെ ഇന്ധനഊർജ്ജ ഉലപാദന രീതി കണ്ടു മനസ്സിലാക്കുക.

## അഭ്യാസം

### അ. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. താഴെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് മണ്ണുണ്ടാകുന്നതിനുള്ള ഘടകമാകാത്തത്?

   അ) കാലം    ആ) മണ്ണിന്റെ ഘടന

   ഇ) ജൈവ വസ്തുക്കൾ

   ഈ) അജൈവ വസ്തുക്കൾ

2. ജൈവ വിഭവങ്ങൾ ലഭിക്കുന്നത് _________ നിന്നുമാണ്.

   അ) കാലം    ആ) ജീവഗോളം

   ഇ) ജലം    ഈ) കാറ്റ്

3. _________ മണ്ണടുക്കിന്റെ കട്ടിയെ (കനത്തെ) നിർണ്ണയിക്കുന്നു.

   അ) കാലാവസ്ഥ    ആ) കാലം

   ഇ) ഭൂഘടന    ഈ) കാറ്റ്

4. _________ മലകളിൽ ഔഷധസസ്യങ്ങൾ ധാരാളം കാണപ്പെടുന്നു.

   അ) പഴനിമല    ആ) അഗസ്ത്യമല

   ഇ) ആനമുടി    ഈ) ചെന്നിമല

5 ലിഗ്നൈറ്റ് ഉല്പാദനത്തിൽ ഒന്നാം സ്ഥാനം വഹിക്കുന്നത് _________ ആണ്.

   അ) വിഴുപ്പുറം    ആ) നെയ്‌വേലി

   ഇ) ചെന്നൈ    ഈ) ഈറോഡ്

6. താഴെക്കൊടുത്തിട്ടുള്ളവയിൽ ഏത് ജില്ലയിലാണ് ഇരുമ്പുധാതു ഉല്പാദിപ്പിക്കുന്നത്.

   അ) സേലം    ആ) തൃശ്ശിനാപ്പള്ളി

   ഇ) കോയമ്പത്തൂർ    ഈ) ചെന്നൈ

**ആ. യോജിപ്പിക്കുക**

| | | |
|---|---|---|
| 1. മേട്ടൂർ താപവൈദ്യുതനിലയം | - | ധർമ്മപുരി |
| 2. കാറ്റിനാലുള്ള വൈദ്യുതി | - | മരുന്ന് |
| 3. ഉപ്പ് മണ്ണ് | - | വിഴുപ്പുറം |
| 4. സിങ്കോണ | - | 5208 മെഗാവാട്ട് (MW) |
| 5. സൗരോർജ്ജം | - | വേദാരണ്യം |
| | - | ചെന്നൈ |
| | - | സേലം |

**ഇ. ചുരുക്കത്തിൽ ഉത്തരമെഴുതുക**

1. വിഭവങ്ങളെ നിർവ്വചിക്കുക
2. മണ്ണിനെ നിർവ്വചിക്കുക
3. മണ്ണുണ്ടാകുന്നതിന് സഹായിക്കുന്ന ഘടകങ്ങളേവ?
4. മഴവെള്ള ശേഖരണത്തെ നിർവ്വചിക്കുക?
5. ദേശീയ പൂന്തോട്ടം എന്നാലെന്ത്?
6. തമിഴ്നാട്ടിലെ ജലവൈദ്യുത നിലയങ്ങളുടെ പേരെഴുതുക?
7. പാരമ്പര്യ ഊർജ്ജ വിഭവങ്ങൾ, പാരമ്പര്യേതര ഊർജ്ജ വിഭവങ്ങൾ എന്നിവയുടെ വ്യത്യാസങ്ങളെഴുതുക.
8. **കാറ്റിനാലുള്ള ഊർജ്ജത്തിന്റെ ഉപയോഗങ്ങളും പ്രശ്നങ്ങളും ഏവ?**
9. മണ്ണ് പുതുപ്പിക്കാൻ സാധിക്കാത്ത വിഭവമാണ് വിശദീകരിക്കുക?

**ഈ. വിശദമായ ഉത്തരം എഴുതുക?**

1. തമിഴ്നാട്ടിൽ കാണപ്പെടുന്ന വിവധതരം മണ്ണുകളെക്കുറിച്ച് വിവരിക്കുക?
2. കാടുകളുടെ ഉപയോഗങ്ങളെന്തെല്ലാം?
3. തമിഴ്നാട്ടിലെ ധാതുവിഭവങ്ങളെക്കുറിച്ച് വിവരിക്കുക?
4. തമിഴ്നാട്ടിലുള്ള താപവൈദ്യുതോർജ്ജ വിഭവങ്ങളെക്കുറിച്ചെഴുതുക?

**ഉ. കൊടുത്തിട്ടുള്ള തമിഴ്നാട് ഭൂപടത്തിൽ താഴെകാണുന്ന ധാതുക്കൾ ലഭിക്കുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക?**

1. ഇരുമ്പ്
2. ചെമ്പ്
3. ബോക്സൈറ്റ്
4. ലിഗ്നൈറ്റ്

# രൂപീകരണ മൂല്യനിർണ്ണയം

## I. യോജിച്ച വാക്കുകൾ കണ്ടെത്തുക

| | | | | | | |
|---|---|---|---|---|---|---|
| കോ | ക | ട | ലൂ | ർ | ന | മ |
| യ | ൽ | നീ | ല | ഗി | രി | ധു |
| മ്പ | പ്പാ | കാ | ഞ്ചീ | പു | രം | ര |
| ത്തൂ | ക്കം | വി | ഴു | പ്പു | റം | സേ |
| ർ | സേ | ലം | ഫ്രാ | ൻ | സ് | ലം |
| തി | രു | നെ | ൽ | വേ | ലി | ക |

a) ലിഗ്നൈറ്റ് ഉല്പാദനത്തിൽ ഒന്നാം സ്ഥാനം വഹിക്കുന്ന ജില്ല

b) ആദ്യത്തെ അണു വൈദ്യുത നിലയം

c) കൂടങ്കുളം സ്ഥിതി ചെയ്യുന്ന ജില്ല

d) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച ആദ്യത്തെ രാജ്യം

e) ഏറ്റവുമധികം പൈറൈറ്റ് ഉൽപാദിപ്പിക്കുന്ന ജില്ല.

f) മേട്ടൂർ താപവൈദ്യുതനിലയം സ്ഥിതി ചെയ്യുന്ന ജില്ല

## II. നമ്മുടെ ജില്ലയിലെ നില ഉപയോഗം മനസ്സിലാക്കി അതിനു യോജിച്ച ഒരു ഗ്രാഫ് വര യ്ക്കുക (tn.maps.tn.nic.in / district.php.)

## III. മാതൃക തയ്യാറാക്കുക

ഒരു കാറ്റാടിയുടെ മാതൃകയുണ്ടാക്കി അത് എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് മന സ്സിലാക്കുക

## IV. ചർച്ച

ഇന്നത്തെ സാഹചര്യത്തിൽ പാരമ്പര്യ ഊർജ്ജ വിഭവങ്ങളുടേയും പാരമ്പര്യേതര ഊർജ്ജവിഭവങ്ങളുടേയും പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുക.

## V. ഭൂപട രചന

ഭൂപ്രകൃതിക്കും ഖനിജങ്ങൾ ലഭ്യമാകുന്ന സ്ഥലങ്ങൾക്കുമുള്ള ബന്ധത്തെ ഭൂപടം മൂലം ഗ്രഹിക്കുക.

# 5. തമിഴ്നാട്ടിലെ കൃഷി

കൃഷി തമിഴ്നാട്ടിലെ പ്രധാനവും പരമ്പരാഗതവുമായ ഒരു തൊഴിലാണ്. കൃഷിയെന്നത് മനുഷ്യൻ ഭക്ഷണത്തിനും ഇതര ആവശ്യങ്ങൾക്കും വേണ്ടി വൻതോതിൽ സസ്യങ്ങളെ നട്ടുവളർത്തുന്ന പ്രക്രിയയാണ്. സസ്യങ്ങളെ വളർത്തുന്നതു മാത്രമല്ല. മൃഗങ്ങൾ, പക്ഷികൾ, വനം, മത്സ്യങ്ങൾ എന്നിവയെ വളർത്തുന്നതും കൃഷിയിൽ ഉൾപ്പെടുന്നു.

**പ്രവൃത്തി**

താഴെകൊടുത്തിട്ടുള്ള പേരുകളിൽ നിന്നും അനുയോജ്യമായവയെ തെരഞ്ഞെടുത്ത് യോജിപ്പിക്കുക.

കന്നുകാലി വളർത്തൽ
പക്ഷി വളർത്തൽ
പട്ടുനൂൽ പുഴുവളർത്തൽ
തേനീച്ച വളർത്തൽ
പഴങ്ങൾ കൃഷിചെയ്യൽ
പുഷ്പങ്ങൾ കൃഷിചെയ്യൽ
മുന്തിരി കൃഷിചെയ്യൽ

സെറികൾച്ചർ (Sericulture), ആപ്പികൾച്ചർ (Apiculture), ക്ഷീരവ്യവസായം, പഴത്തോട്ടകൃഷി (Orchard Farming), മുന്തിരി കൃഷി(Viticulture), പുഷ്പകൃഷി(Floriculture), കോഴി വളർത്തൽ (Poultry).

തമിഴ്നാട്ടിലെ ഏകദേശം 56% ജനങ്ങളും കർഷകരാണ്. കാർഷിക മേഖല ജനങ്ങൾക്ക് ഭക്ഷണ പദാർത്ഥങ്ങളും, കന്നുകാലികൾക്ക് കാലിത്തീറ്റയും നൽകുന്നു. പല വ്യവസായശാലകൾക്കാവശ്യമായ അസംസ്കൃത സാധനങ്ങളുടെയും സ്രോതസ്സാണ് കാർഷിക മേഖല.


## കാർഷിക രീതികൾ

കൃഷിരീതികൾ സ്ഥലങ്ങൾക്കനുസൃതമായി വ്യത്യാസപ്പെട്ടിരിക്കുന്നു. അതിനെ താഴെകാണുന്നവിധം തരം തിരിക്കാം

### തീവ്ര സ്വയംപര്യാപ്ത കൃഷി

പ്രാദേശിക ആവശ്യങ്ങളെ പൂർത്തീകരിക്കുന്നതിനായി ചെറിയ നിലങ്ങളിൽ ഭക്ഷ്യ ധാന്യങ്ങൾ കൃഷിചെയ്യുന്നതിനെയാണ് തീവ്ര സ്വയംപര്യാപ്ത കൃഷി എന്നു പറയുന്നത്. തമിഴ്നാട്ടിലെ ഭൂരിഭാഗം കർഷകരും ഈ രീതിയാണ് പിൻതുടരുന്നത്. കൃഷിക്കാവശ്യമായ ജലത്തിന്റെ ലഭ്യതയെ, അടിസ്ഥാനമാക്കി കൃഷിയെ മൂന്നായി തരംതിരിക്കാം.

1. നഞ്ചക്കൃഷി (നനവുള്ള കൃഷി)
2. പുഞ്ചക്കൃഷി (വരണ്ട കൃഷി)
3. ജലസേചന ക്കൃഷി




**പ്രവൃത്തി പരിചയം**

മുൻപ്രവൃത്തിയിൽ പഠിച്ച പദങ്ങൾ ഉപയോഗിച്ച് കൃഷിയെ പുനർനിർവ്വചനം ചെയ്യുക?

### ജലസേചന ക്കൃഷി

ജലസേചനകൃഷി എന്നത് കിണറുകൾ, തടാകങ്ങൾ, കനാലുകൾ എന്നീ ജലസേചനമാർഗ്ഗങ്ങളിലൂടെ ജലത്തെ കൃഷി സ്ഥലങ്ങളിലെത്തിച്ച് കൃഷിചെയ്യുന്ന രീതിയാണ്. തമിഴ്നാട്ടിലെ മിക്കവാറും

| നഞ്ചക്കൃഷി (നനവുള്ള കൃഷി) | പുഞ്ചക്കൃഷി (വരണ്ടകൃഷി) |
| --- | --- |
| വർഷം മുഴുവനും മഴ മുഖേനയോ, ജലസേചനം മുഖേനയോ, ജലം ലഭിക്കുന്ന നിലങ്ങളിൽ കൃഷി ചെയ്യുന്നതിനെ നഞ്ചക്കൃഷി എന്നു പറയുന്നു.<br><br>നെല്ല്, കരിമ്പ് എന്നിവ നഞ്ച വിളവുകളാണ്.<br><br>തമിഴ്നാട്ടിലെ മിക്കവാറും എല്ലാ നദീതീരങ്ങളിലും ഇത്തരത്തിലുള്ള കൃഷി നടക്കുന്നു. | ജലസേചനമില്ലാതെ കാലവർഷത്തെ മാത്രം ആശ്രയിച്ച് നിലങ്ങളിൽ കൃഷി ചെയ്യുന്നതിനെ പുഞ്ചക്കൃഷി അഥവാ വരണ്ടകൃഷി എന്നു പറയുന്നു.<br>റാഗി, തിനവർഗ്ഗങ്ങൾ തുടങ്ങിയ ചെറുധാന്യങ്ങൾ പുഞ്ചവിളവുകളാണ്.<br><br>വരണ്ട ജില്ലകളായ വേലൂർ, തിരുവണ്ണാമല, രാമനാഥപുരം, തിരുനെൽവേലിയിലെ മഴനിഴൽ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇത്തരം കൃഷി രീതി നിലവിലുണ്ട്. |

സ്ഥലങ്ങളിൽ നെല്ല്, കരിമ്പ്, പരുത്തി എന്നിവ ജലസേചന സൗകര്യത്താൽ കൃഷിചെയ്തു വരുന്നു.

തമിഴ്നാട്ടിലെ മിക്കവാറും എല്ലാ കർഷകരും ഉപജീവനത്തിനുള്ള കാർഷിക രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. വിവിധ തരം കൃഷികൾക്ക് ജലത്തിന്റെ ആവശ്യം വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ തമിഴ്നാട്ടിൽ കാർഷിക പുരോഗതിക്ക് ജലസേചനം മുഖ്യപങ്ക് വഹിക്കുന്നു.

### തോട്ടക്കൃഷി (Plantation Farming)

വലിയ നിലങ്ങളിലോ എസ്റ്റേറ്റുകളിലോ ചെയ്യുന്ന കൃഷിയാണ് തോട്ടക്കൃഷി. തേയില, കാപ്പി, റബ്ബർ, കുരുമുളക് എന്നിവ തമിഴ്നാട്ടിന്റെ മലഞ്ചരിവുകളിൽ കൃഷി ചെയ്യുന്ന തോട്ടവിളവുകളാണ്.

### മിശ്രകൃഷി

ഒരു വലിയ ഭൂപ്രദേശത്ത് കർഷകർ പലതരം സസ്യങ്ങൾ കൃഷിചെയ്യുന്നതോടൊപ്പം, കന്നുകാലി, കോഴി, മത്സ്യം എന്നിവയും വളർത്തി വരുന്നുണ്ട്. ഇത് കർഷകർക്ക് സ്ഥിരവരുമാനം ലഭിക്കുന്ന ലാഭകരമായ രീതിയാണ്. കാവേരി ഡൽറ്റയിൽ ഈ രീതിയിലുള്ള കൃഷി അധികമായി നടക്കുന്നു

### വിപണിതോട്ട കൃഷി

പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ എന്നിവയെ സ്വദേശ, വിദേശ കമ്പോളങ്ങളിൽ വിൽക്കുന്നതിനായി വലിയ തോട്ടങ്ങളിൽ നട്ടു വളർത്തുന്നു. നീലഗിരി, മധുര, തിരുവള്ളൂർ, കാഞ്ചീപുരം എന്നീ ജില്ലകളിൽ ഇത്തരത്തിലുള്ള കൃഷിരീതി ധാരാളം കാണപ്പെടുന്നു.

**പ്രവൃത്തി പരിചയം**

നിങ്ങളുടെ പ്രദേശത്ത് ഏതുതരത്തിലുള്ള കൃഷിയാണ് കൂടുതലായി ചെയ്തു വരുന്നത്. അതിനുള്ള കാരണം എന്താണെന്ന് കണ്ടുപിടിക്കുക.

### തമിഴ്നാട്ടിലെ കാർഷിക വിളവുകളുടെ കാലം

കർഷകർ കാലാവസ്ഥയും മണ്ണിന്റെ തരവുമനുസരിച്ചുള്ള സസ്യങ്ങളെ തെരഞ്ഞെടുത്ത് മൂന്ന് വ്യത്യസ്ത കാലങ്ങളിൽ കൃഷി ചെയ്യുന്നു.

1. സ്വർണ്ണവാരി - ചിത്തിരപ്പട്ടം
2. ചമ്പാ കാലം - ആടിപ്പട്ടം
3. നവര കാലം - കാർത്തികപ്പട്ടം

### സ്വർണ്ണവാരി (ചിത്തിരപ്പട്ടം)

ചിത്തിര (മേടം) മാസത്തിൽ വിത്ത് വിതയ്ക്കുകയും പുരട്ടാശി (കന്നി) മാസത്തിൽ കൊയ്ത്തു നടത്തുകയും ചെയ്യുന്നതാണ് ചിത്തിരപ്പട്ടം. ഈ കാലത്തിന് ഖാരിഫ് എന്ന മറ്റൊരു പേരുമുണ്ട്. മേയ് മാസത്തിൽ വിതച്ച് ഒക്ടോബർ മാസത്തിൽ കൊയ്ത്തു നടത്തുന്നു. വിതക്കുന്ന കാലമായ മേയ് മാസം തമിഴിലെ ചിത്തിരമാസമായതിനാൽ ഇതിനെ ചിത്തിരപ്പട്ടം എന്നു വിശേഷിപ്പിക്കുന്നു.

## ചമ്പാക്കാലം (ആടിപ്പട്ടം)

ജൂലൈ മാസത്തിൽ വിത്ത്വിതക്കുകയും ജനുവരി മാസത്തിൽ കൊയ്ത്ത് നടത്തുകയും ചെയ്യുന്ന കാലമാണ് ചമ്പാക്കാലം. വിതക്കുന്ന കാലമായ ജൂലൈ മാസം തമിഴിലെ ആടിമാസമായതിനാൽ ഇതിനെ ആടിപ്പട്ടം എന്നു പറയുന്നു.

**നിങ്ങൾക്കറിയാമോ?**

ആടിപ്പട്ടം തേടി വിതയ്ക്കൂ എന്നത് പഴഞ്ചൊല്ല്. എന്തിനാണ് അപ്രകാരം പറയുന്നതെന്ന് മനസ്സിലാക്കുക.

## നവരക്കാലം (കാർത്തികപ്പട്ടം)

ഈ കാലത്തിന് റാബി (Rabi) എന്ന മറ്റൊരു പേരുമുണ്ട്. നവംബർ മാസത്തിൽ വിത്തു വിതക്കുകയും മാർച്ച് മാസത്തിൽ കൊയ്ത്തു നടത്തുകയും ചെയ്യുന്നതാണ് നവരക്കാലം. നവംബർ മാസത്തിന് തമിഴ് കാർത്തിക മാസത്തോട് ബന്ധമുള്ളതിനാൽ ഇതിനെ കാർത്തികപ്പട്ടം എന്നു വിശേഷിപ്പിക്കുന്നു.

**പ്രവൃത്തി പരിചയം**

നിങ്ങളുടെ പ്രദേശത്തുള്ള പ്രധാന കാർഷിക വിളവുകളും അവ കൃഷിചെയ്യുന്ന കാലങ്ങളും എഴുതുക.

## കൃഷിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ

ഒരു സ്ഥലത്തെ കൃഷിയെ സ്വാധീനിക്കുന്ന ഘടകങ്ങളെ മൂന്നായി തരം തിരിക്കാം. അവ,

1. ഭൗതിക ഘടകങ്ങൾ
2. സാമൂഹ്യ ഘടകങ്ങൾ
3. സാമ്പത്തിക ഘടകങ്ങൾ

മണ്ണിന്റെ തരം, താപനില, മഴയുടെ അളവ്, ഈർപ്പം കാലാവസ്ഥ, ഭൂമിയുടെ ചരിവ് എന്നിവ ഭൗതിക ഘടകങ്ങളാണ്.

കൃഷിയെ സംബന്ധിച്ച പരമ്പരാഗതമായ അറിവ്, വിശ്വാസം, നിലത്തിന്റെ അളവ് ഉടമസ്ഥത, പുതിയ മാറ്റങ്ങളെ സ്വീകരിക്കാനുള്ള കർഷകരുടെ മനോഭാവം എന്നിവ സാമൂഹികഘടകങ്ങളാണ്.

കാർഷിക വായ്പ, ഗവൺമെന്റ് സബ്സിടി, പ്രോത്സാഹനസഹായം എന്നിവ സാമ്പത്തിക ഘടകങ്ങളാണ്.

**പ്രവൃത്തി പരിചയം**

താഴെ കൊടുത്തിട്ടുള്ള മണ്ണിനനുയോജ്യമായ കാർഷിക സസ്യങ്ങളെ തെരഞ്ഞെടുത്തെഴുതുക.

| മണ്ണ് | കാർഷിക സസ്യം |
|---|---|
| 1. ചെമ്മണ്ണ് | |
| 2. വണ്ടൽ മണ്ണ് | |
| 3. ചരൽ മണ്ണ് | |
| 4. കരി മണ്ണ് | |

(സസ്യം : നെല്ല്, കരിമ്പ്, റബ്ബർ, പരുത്തി)

**പ്രവർത്തനം**

നിങ്ങൾ തെരഞ്ഞെടുത്ത കാർഷിക സസ്യങ്ങളെ പട്ടികയിലാക്കി അവയെ ആ പ്രദേശത്തെ കാലാവസ്ഥയുമായി യോജിപ്പിക്കുക.

## തമിഴ്നാട്ടിന്റെ ജലസേചന സ്രോതസ്സുകൾ

തമിഴ്നാട്ടിലെ പ്രധാനജലസേചന സ്രോതസ്സുകളാണ് കനാലുകൾ (തോടുകൾ) കുളങ്ങൾ, കിണറുകൾ എന്നിവ.

## കനാലുകൾ


വറ്റാത്ത നദികൾ, അണക്കെട്ടുകൾ എന്നിവയിൽ നിന്ന് വെള്ളത്തെ കൃഷിഭൂമിയിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള മനുഷ്യനിർമ്മിത തോടുകളെയാണ് കനാലുകളെന്നു പറയുന്നത്. കാവേരി, താമ്രവർണ്ണി എന്നീ നദീതീരപ്രദേശങ്ങളിൽ കനാൽ ജലസേചനം നല്ലരീതിയിൽ നടന്നുവരുന്നു. തമിഴ്നാട്ടിൽ 27% കാർഷിക നിലങ്ങളും തോടുജലസേചനത്താൽ കൃഷിചെയ്യപ്പെടുന്നവയാണ്.

## തമിഴ്നാട്ടിലെ പ്രധാനപ്പെട്ട കനാലുകൾ

അരക്കൻകോട്ടൈ കനാൽ, താടപ്പള്ളി കനാൽ, കാളിംഗരായൻ കനാൽ എന്നിവ കാവേരി നദിയുടെ ഒരു പോഷക നദിയായ ഭവാനി നദിയിൽ നിന്ന് നിർമ്മിച്ചിരിക്കുന്ന തമിഴ്നാട്ടിലെ പ്രധാനപ്പെട്ട തോടുകളാണ്. മേട്ടൂർ അണക്കെട്ടിൽ

നിന്ന് വെട്ടിയിരിക്കുന്ന കനാൽ ഏകദേശം 2.7 ലക്ഷം ഹെക്ടർ കൃഷി സ്ഥലങ്ങൾക്ക് ജലസേചന സൗകര്യം നൽകുന്നു. തിരുച്ചിറാപ്പള്ളിക്കടുത്ത് കാവേരി നദിയിൽ നിർമ്മിച്ചിരിക്കുന്ന കല്ലണ കാവേരിനദിയുടെ ഡൽറ്റാ പ്രദേശങ്ങൾക്കു മുഴുവനും ജലസേചന സൗകര്യം നൽകുന്നു.

കാവേരി നദിയിലെ കല്ലണ




### നിങ്ങൾക്കറിയാമോ?

തമിഴ്നാട്ടിൽ (തോട്) കനാൽ ജലസേചനത്തിന് രണ്ടായിരം വർഷത്തെ പഴക്കമുണ്ട്. ക്രി.പി. ഒന്നാം നൂറ്റാണ്ടിൽ കാവേരിനദിയിൽ കരികാലചോഴനാൽ നിർമ്മിക്കപ്പെട്ട കല്ലണ ഇന്നും ജലസേചനത്തിനായി പ്രയോജനപ്പെടുത്തുന്നു. മാത്രമല്ല ഇത് ലോകത്തിലെ ഏറ്റവും പഴക്കമേറിയ ജല സംരക്ഷണ പദ്ധതികൂടിയാണ്.

തിരുച്ചിക്കു സമീപത്തുള്ള അതിബൃഹത്തായ കല്ലണ, കാവേരി നദീസമതലങ്ങളിലെ ഡെൽറ്റാ പ്രദേശം മുഴുവനും 5 കനാലുകൾ മുഖേന ജലസേചനത്തിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. താമ്രവർണ്ണിനദിയും അതിന്റെ പോഷക നദികളും കനാലുകൾ വഴി തിരുനെൽവേലി ജില്ലയ്ക്ക് ജലസേചനം നൽകുന്നു. താമ്രവർണ്ണി നദിയിൽ നിന്നും കോതൈ മേലടിഗൻ, നദിയുണ്ണി, കനടിയൻ കനാൽ, കൊടഗൻ കനാൽ, പാളയൻ കനാൽ, തിരുനെൽവേലി കനാൽ, മരുതൂർ കനാൽ എന്നിങ്ങനെ 9 കനാലുകൾ ഉണ്ട്. ഇവയ്ക്ക് പുറമേ പച്ചയാറിൽ നിന്നും 9 കനാലുകളും ചിറ്റാറിൽ നിന്നും 17 കനാലുകളും ജലസേചനസൗകര്യത്തിനായി നിർമ്മിച്ചിട്ടുണ്ട്.


### കുളങ്ങൾ

തടാകങ്ങൾ പ്രകൃത്യാലുണ്ടായ ജലസംഭരണികളാണ്. ഈ തടാകങ്ങളെ കൂടുതൽ ബലമുള്ള വരമ്പുകൾ നിർമ്മിച്ച് മെച്ചപ്പെട്ട ജലസംഭരണ ശേഷിയുള്ളവലിയ കുളങ്ങളാക്കി മാറ്റി ജലസേചനത്തിനായി ഉപയോഗിക്കുന്നു. തമിഴ്നാട്ടിൽ 39,202 കുളങ്ങൾ ഉണ്ട്. തമിഴ്നാട്ടിലെ മൊത്തം ജലസേചന പ്രദേശങ്ങളുടെ 19% കുളങ്ങൾ മുഖേനയുള്ളതാണ്. കാഞ്ചീപുരം, വെല്ലൂർ, തിരുവണ്ണാമല, പുതുക്കോട്ട, രാമനാഥപുരം, തിരുനെൽവേലി എന്നീ ജില്ലകളിൽ കുളങ്ങൾ ധാരാളമുണ്ട്. തമിഴ്നാട്ടിൽ ഏറ്റവും കൂടുതൽ കുളങ്ങൾ ഉള്ളത് രാമനാഥപുരത്താണ്. കുളങ്ങളെ ഇടയ്ക്കിടെ വൃത്തിയാക്കി അതിന്റെ ജലസംഭരണശേഷിയെ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. തമിഴ്നാട്ടിൽ കുളങ്ങളെ താഴെ കാണുന്ന വിധം തരം തിരിക്കാം (1) ക്രമീകൃത കുളങ്ങൾ (2) ക്രമീകൃതമല്ലാത്ത കുളങ്ങൾ. ക്രമീകൃത കുളങ്ങൾ സംസ്ഥാനത്തിലെ മറ്റു ജലസേചന ക്രമീകരണവുമായി ബന്ധിപ്പിച്ചവയാണ്. അവയി ലേയ്ക്ക് ചാനലുകൾ വഴി വെള്ളം നിറക്കുന്നു. ക്രമീകൃതമല്ലാത്ത കുളങ്ങൾ ആ പ്രദേശങ്ങളിലെ മഴയെ ആശ്രയിച്ചിരിക്കുന്നവയാണ്. കുളങ്ങളിലെ കേടുപാടുകൾ തീർക്കുന്നതും സംരക്ഷിക്കുന്നതും പൊതുമരാമത്ത് വകുപ്പോ പഞ്ചായത്തോ ആണ്.

തമിഴ്നാട്ടിലെ പ്രധാനതടാകങ്ങൾ ചെങ്കുന്റം, (റെഡ്ഹിൽസ്) ചെമ്പരമ്പാക്കം, വീരാണം, മധുരാന്തകം,കൊളവൈ,അമ്പത്തൂർ, കൊടൈക്കനാൽ, ഊട്ടി എന്നിവിടങ്ങളിൽ കാണപ്പെടുന്നു.

### കിണറുകൾ


തമിഴ്നാട്ടിൽ നിലവിലുള്ള പ്രധാനപ്പെട്ട ഒരു ജലസേചന സമ്പ്രദായമാണ് കിണർ ജലസേചനം. തമിഴ്നാട്ടിലെ ഏകദേശം 52 % കൃഷിസ്ഥലങ്ങളും കിണർ ജലസേചനം നടത്തുന്ന പ്രദേശങ്ങൾ ആണ്. ജലസേചനകിണറുകൾ രണ്ടുവിധത്തിലുണ്ട്. അവ, 1. ഉപരിതല കിണർ 2. കുഴൽ കിണർ





ഉപരിതല കിണറുകളെ തുറന്ന കിണറുകൾ എന്നും പറയപ്പെടുന്നു. അവ ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് ജലനിരപ്പുവരെ ഏതാനും മീറ്ററുകൾ ആഴത്തിൽ ഭൂഗർഭ ജലത്തെ ഉപയോഗിക്കുന്നരീതിയിൽ ജലവിതാനം ഉള്ളിടം വരെ കുഴിച്ചുണ്ടാക്കുന്ന കിണറുകളാണ്.

കുഴൽകിണറുകൾ വൈദ്യുത മോട്ടോറുകളുടെ സഹായത്താൽ ഭൂമിയുടെ അന്തർഭാഗത്ത് വളരെ ആഴത്തിൽ കുഴലുകൾ ഇറക്കി ഭൂമിക്കുള്ളിലെ പാറകളെയോ മണ്ണിനെയോ തുരന്ന് വെള്ളത്തെ പമ്പ്ചെയ്ത് മുകളിലേയ്ക്ക് കൊണ്ടുവരുന്നതാണ്. തമിഴ്നാട്ടിൽ 1,62,11,391 ഉപരിതല കിണറുകളും 2,87,304 കുഴൽ കിണറുകളും ജലസേചനത്തിനുവേണ്ടി ഉപയോഗിക്കുന്നു.


തമിഴ്നാട്ടിൽ ആർട്ടീഷ്യൻ ഉറവകൾ അധികമായി കാണപ്പെടുന്ന പ്രദേശങ്ങൾ കടലൂർ, ചിദംബരം, വൃദ്ധാചലം എന്നിവയാണ്. നെയ്‌വേലി ലിഗ്നൈറ്റ് ഖനി പ്രദേശങ്ങളിലുള്ള ഈ ഉറവകളിൽ നിന്ന്



## തമിഴ്നാട്
## ജലസേചന സ്രോതസ്സുകൾ



## തമിഴ്നാട്
## പ്രധാന വിളവുകൾ




24 മണിക്കൂറും ജലം പമ്പുകളിലൂടെ എടുത്ത് ചുറ്റിലുമുള്ള കൃഷി സ്ഥലങ്ങൾക്കും കുടിവെള്ളത്തിനുമായി പ്രയോജനപ്പെടുത്തുന്നു.

കാവേരി, വൈഗ സമതലങ്ങളിലെ ചിലപ്രദേശങ്ങളിൽ ഉറവജലത്തേയും ജലസേചനത്തിനായി പ്രയോജനപ്പെടുത്തുന്ന രീതി നിലവിലുണ്ട്.

**പ്രവൃത്തി പരിചയം**

നിങ്ങൾ വസിക്കുന്ന പ്രദേശത്തെ ജലസേചന സ്രോതസ്സുകളെക്കുറിച്ച് മനസ്സിലാക്കുക.




## തമിഴ്നാട്ടിലെ കാർഷിക വ്യാപനം

ഒരോ വിളവിന്റെ വളർച്ചയ്ക്കും ഒരു പ്രത്യേക പരിസ്ഥിതിയും കാലാവസ്ഥയും ആവശ്യമാണ്. തമിഴ്നാട് ഉഷ്ണമണ്ഡ പ്രദേശത്ത് സ്ഥിതിചെയ്യുന്നതിനാൽ ഉഷ്ണമേഖലാ സസ്യങ്ങൾ ധാരാളം കൃഷി ചെയ്യപ്പെടുന്നു.

## ഭക്ഷ്യ വിളവുകൾ

ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ ഭക്ഷ്യവിളവുകളിലുൾപ്പെടുന്നു. നെല്ല് തമിഴ്നാട്ടിലെ മുഖ്യ വിളവാണ്. നെല്ലിന്റെ വളർച്ചയ്ക്ക് നല്ല താപം, സമനിരപ്പായ നിലം തുടർച്ചയായ ജലസേചനം എന്നിവ ആവശ്യമാണ്. പൊന്നി, കിച്ചടിച്ചമ്പ തുടങ്ങിയ ഇനങ്ങൾ തമിഴ്നാട്ടിൽ വിളയുന്ന പാരമ്പര്യ നെല്ലിനങ്ങളാണ്. അധികവിളവു നൽകുന്ന പുതിയനെല്ലിനങ്ങളായ ജയ, ഐ.ആർ 50 എന്നിവ തമിഴ്നാട്ടിൽ കൃഷി ചെയ്യപ്പെടുന്നു. തമിഴ്നാട്ടിലെ ജില്ലകളിൽ തഞ്ചാവൂർ, തിരുവാരൂർ, നാഗപട്ടണം എന്നിവ നെൽകൃഷിയിൽ മുൻപന്തിയിൽ നിൽക്കുന്നു.കാവേരി ഡൽറ്റാ പ്രദേശത്തെ തെക്കെ ഇന്ത്യയുടെ നെൽക്കലവറ എന്നു വിളിക്കുന്നു. തഞ്ചാവൂർ ജില്ലയിൽ മാത്രം നെല്ല് 3 കാലങ്ങളിൽ കൃഷിചെയ്യുന്നുണ്ട്.

**തമിഴ്നാട്ടിലെ പ്രധാനഭക്ഷ്യവിളവുകൾ കൃഷിചെയ്യുന്ന വിസ്തൃതിയും ഉല്പാദനവും 2007-2008**

| വിളവുകൾ | വിസ്തൃതി % | ഉല്പാദനം% |
|---|---|---|
| 1. നെല്ല് | 57.8 | 76.6 |
| 2. മറ്റ് ഭക്ഷ്യവിളവുകൾ | 22.6 | 20.6 |
| 3. പയറുവർഗ്ഗങ്ങൾ | 19.6 | 2.8 |
| ആകെ | 100 | 100 |

ആധാരം : സാമ്പത്തിക സ്ഥിതിവിവര വിഭാഗം, ചെന്നൈ - 6

**പ്രവർത്തനം**

തമിഴ്നാട്ടിൽ മൂന്നു കാലങ്ങളിൽ നെല്ല് കൃഷിചെയ്യപ്പെടുന്നുണ്ട്. വടക്കെയിന്ത്യയിൽ അപ്രകാരം കൃഷിചെയ്യാൻ സാധിക്കുന്നില്ല. കാരണം കണ്ടുപിടിക്കുക.

**നിങ്ങൾക്കറിയാമോ?**

തമിഴ്നാട്ടിലെ നെല്ല് ഗവേഷണ കേന്ദ്രം തഞ്ചാവൂരിലെ ആടുതുറയിൽ സ്ഥാപിച്ചിരിക്കുന്നു. തമിഴ്നാട് കാർഷിക സർവ്വകലാശാലയുടെ തിരുവാരൂർ ശാഖ TNRH 174 എന്ന പുതിയ നെല്ലിനത്തെ പരിചയപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രത്യേകത ഈ നെല്ലിനം ഏക്കറിന് 4500 കിലോഗ്രാം നെല്ല് ഉൽപാദിപ്പിക്കുന്നതിന് കഴിവുള്ളതാണ്.

ചെറുധാന്യങ്ങളായ തിനവർഗ്ഗങ്ങൾ. കമ്പ്, കുവരക്, (റാഗി) ചാമ, ചോളം എന്നിവ തമിഴ്നാട്ടിൽ വരണ്ട പ്രദേശങ്ങളിൽ കൃഷി ചെയ്യപ്പെടുന്നു.

## മറ്റുവിളവുകൾ

### നാരുവിളവുകൾ

ചണം, പരുത്തി എന്നിവയെ നാരു വിളവുകളെന്നു പറയുന്നു. തമിഴ്നാട്ടിലെ മുഖ്യമായ നാരുവിളവ് പരുത്തിയാണ്. പരുത്തിക്കൃഷിക്ക് യോജിച്ചത് കരിമണ്ണാണ്. കോയമ്പത്തൂർ, തിരുനെൽവേലി, കടലൂർ, വിഴുപ്പുറം എന്നീ ജില്ലകളിൽ പരുത്തി അധികമായി കൃഷിചെയ്യപ്പെടുന്നു. എം.സി.യു.4, എം.സി.യു.5, ആർ. എ-5166 എന്നീ പരുത്തിയിനങ്ങൾ തമിഴ്നാട്ടിൽ കൃഷിചെയ്യപ്പെടുന്നു.

| ചെറുധാന്യങ്ങൾ | ഉല്പാദനത്തിൽ ഒന്നാംസ്ഥാനം വഹിക്കുന്ന ജില്ലകൾ |
|---|---|
| ചോളം | കോയമ്പത്തൂർ, തിരുച്ചി, ദിണ്ടുക്കൽ, |
| കമ്പ് | വിഴുപ്പുറം, തൂത്തുക്കുടി |
| കുവരക് (റാഗി) | കൃഷ്ണഗിരി, ധർമ്മപുരി, സേലം |
| മക്കാച്ചോളം | പെരമ്പലൂർ, ദിണ്ടുക്കൽ |
| കോറ (തിന) | സേലം, നാമക്കൽ |

തമിഴ്നാട്ടിൽ, നിലക്കടല, തുവര, ചെറുപയർ, ഉഴുന്ന്, മുതിര എന്നീ പയറു വർഗ്ഗങ്ങൾ കൃഷിചെയ്യപ്പെടുന്നു.

**പ്രവർത്തനം**

നെല്ല് കൊയ്തതിനുശേഷം സാധാരണയായി ആ നിലത്തിൽ പയറുവർഗ്ഗങ്ങൾ കൃഷിചെയ്യുന്നു. കാരണം കണ്ടുപിടിക്കുക.

ചെറുകടല (ബംഗാൾ ഗ്രാം) കോയമ്പത്തൂർ ജില്ലയിൽ ധാരാളം കൃഷി ചെയ്യപ്പെടുന്നു. വേലൂർ, കൃഷ്ണഗിരി എന്നീ ജില്ലകൾ പരിപ്പ് ഉല്പാദനത്തിൽ ഒന്നാം സ്ഥാനം വഹിക്കുന്നു. തിരുവാരൂർ, നാഗപട്ടണം, തൂത്തുക്കുടി എന്നീ ജില്ലകൾ ചെറുപയർ ഉല്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. നാഗപട്ടണം, തിരുവാരൂർ, കടലൂർ എന്നീ ജില്ലകൾ ഉഴുന്ന് ഉല്പാദനത്തിൽ മുൻപന്തിയിലാണ്. മുതിര ഉൽപാദനത്തിൽ കൃഷ്ണഗിരി, ധർമ്മപുരി എന്നീ ജില്ലകൾ ഒന്നാം സ്ഥാനം വഹിക്കുന്നു.

### നാണ്യവിളകൾ

സ്വന്ത ആവശ്യത്തിനല്ലാതെ വാണിജ്യ ലക്ഷ്യത്തോടെ കൃഷിചെയ്യുന്ന വിളവുകളെ നാണ്യവിളകളെന്നു പറയുന്നു. തമിഴ്നാട്ടിൽ കരിമ്പ്, പുകയില, എണ്ണ വിത്തുകൾ വ്യഞ്ജനസാധനങ്ങളായ മുളക്, മഞ്ഞൾ, കൊത്തമല്ലി എന്നിവയെ നാണ്യവിളവുകളായി കൃഷിചെയ്യുന്നു. തമിഴ്നാട്ടിലെ മുഖ്യ നാണ്യവിളവായ കരിമ്പ് വൻതോതിൽ കൃഷിചെയ്യപ്പെടുന്നു. 9 മാസങ്ങൾകൊണ്ട് വിളവെടുക്കുന്ന കരിമ്പ് കൃഷിക്ക് ഫലഭൂയിഷ്ടമായ മണ്ണ്, അധികതാപം, കരിമ്പ് പൂക്കുന്നതുവരെ ജലസേചനസൗകര്യം എന്നിവ ആവശ്യമാണ്. കോയമ്പത്തൂർ, കരൂർ, വിഴുപ്പുറം, തിരുവള്ളൂർ, കടലൂർ എന്നീ ജില്ലകളിൽ കരിമ്പ് വൻതോതിൽ കൃഷിചെയ്യപ്പെടുന്നു.

തമിഴ്നാട്ടിലെ രണ്ടാമത്തെ മുഖ്യ നാണ്യവിളവ് പുകയിലയാണ്. ഇത് ദിണ്ടു

ക്കൽ, തേനി, മധുര, എന്നീജില്ലകളിൽ വ്യാപകമായി കൃഷിചെയ്യപ്പെടുന്നു. നിലക്കടല, സൂര്യകാന്തി, അവര (Saffola), ആവണക്ക്, നാളികേരം, പരുത്തിവിത്ത് എന്നിവ തമിഴ്നാട്ടിലെ പ്രധാനപ്പെട്ട എണ്ണ വിത്തുകളാണ്.

## തോട്ടവിളവുകൾ

തേയില, കാപ്പി, റബ്ബർ, കുരുമുളക്, കശുവണ്ടി എന്നിവ തമിഴ്നാട്ടിലെ പ്രധാന തോട്ടവിളവുകളാണ്. ഇന്ത്യയിൽ ആസ്സാം കഴിഞ്ഞാൽ തേയില ഉൽപാദനത്തിൽ തമിഴ്നാട് രണ്ടാം സ്ഥാനം വഹിക്കുന്നു. തമിഴ്നാട്ടിൽ നീലഗിരി, കോയമ്പത്തൂർ എന്നീ മലഞ്ചരിവുകളിൽ തേയില വൻതോതിൽ കൃഷിചെയ്യപ്പെടുന്നു. അതുപോലെ കാപ്പി കൃഷിയിൽ കർണ്ണാടകത്തിനടുത്തായി തമിഴ്നാട് ഇന്ത്യയിൽ രണ്ടാംസ്ഥാനം വഹിക്കുന്നു. പശ്ചിമഘട്ട നിരകളിലും പൂർവ്വഘട്ട നിരകളിലും കാപ്പി കൃഷിചെയ്യപ്പെടുന്നു. നീലഗിരി, മധുര, തേനി, സേലം എന്നീ ജില്ലകളിലുള്ള മലഞ്ചരിവുകളിൽ കാപ്പി കൃഷിചെയ്യപ്പെടുന്നു. ആണ്ടിപ്പട്ടി, ചിറുമല, ശേർവരായൻ മലപ്രദേശങ്ങളിലും കാപ്പി കൃഷി ചെയ്യപ്പെടുന്നു. റബ്ബർ തമിഴ്നാട്ടിൽ കന്യാകുമാരി ജില്ലയിലും, കുരുമുളക് കന്യാകുമാരി, തിരുനെൽവേലി മലഞ്ചരിവുകളിലും കശുവണ്ടി കടലൂർ ജില്ലയിലും കൃഷിചെയ്യപ്പെടുന്നു.

## ഉദ്യാനവിളവുകൾ (Horticulture)

ഉദ്യാനവിളവുകൾ എന്നത് നവീന നാഗരികതയനുസരിച്ച് കായ്കൾ, പഴങ്ങൾ, പൂക്കൾ എന്നിവ വൻതോതിൽ കൃഷിചെയ്യപ്പെടുന്നതാണ്. മാവ്, പ്ലാവ്, വാഴ, പേര, മുന്തിരി എന്നിവ വലിയതോട്ടങ്ങളിൽ കൃഷിചെയ്യപ്പെടുന്നു. കൃഷ്ണഗിരി, മാമ്പഴ ക്കൃഷിക്കും, കോയമ്പത്തൂർ ഈറോഡ് എന്നീ ജില്ലകൾ വാഴക്കൃഷിക്കും തേനി മുന്തിരിക്കൃഷിക്കും പ്രസിദ്ധമാണ്. മറ്റു ജില്ലകളെക്കാൾ ധർമ്മപുരി ജില്ല കായ്കനികൾക്കും, പൂക്കൾക്കും പ്രസിദ്ധമാണ്.

## കന്നുകാലികൾ

പാൽ, മാംസം, തോൽ എന്നിവയ്ക്കുവേണ്ടി ആടുമാടുകളെ വളർത്തുന്നതിനെ കന്നുകാലി വളർത്തൽ എന്നു പറയുന്നു. തമിഴ്നാട് ക്ഷീര ഉല്പാദനസഹകരണസംഘം (ആവിൻ) സംസ്ഥാനത്തിനാവശ്യമായ പാലും, ക്ഷീരോൽപ്പന്നങ്ങളും ഉല്പാദിപ്പിക്കുന്നു. ആവിൻ സംഘടന ഒരു ദിവസം 26.10 ലക്ഷം ലിറ്റർ പാലിനെ സംസ്കരണം ചെയ്യുന്നു. ഇപ്രകാരം സംസ്കരണം ചെയ്ത പാലിനെ 7662 കേന്ദ്രങ്ങൾമുഖേന തമിഴ്നാട് മുഴുവനും വിതരണം ചെയ്യപ്പെടുന്നു. തമിഴ്നാടിന്റെ 2007-2008 വർഷത്തിലെ പാൽ ഉല്പാദനം 55.86 മില്യൻ ടൺ ആണ്. ഒരു ദിവസത്തെ ഒരാളിന്റെ ശരാശരി പാൽ ഉപഭോഗം ഏകദേശം 233 ഗ്രാമാണ്.

തമിഴ്നാട്ടിൽ നാമക്കൽ, ഈറോഡ്, കോയമ്പത്തൂർ, സേലം, എന്നീ സ്ഥലങ്ങളിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ ഉണ്ട്. 2007 - 08 ാമാണ്ട് തമിഴ്നാട്ടിൽ 8394 മില്യൻ മുട്ടകൾ ഉല്പാദിപ്പിച്ചിട്ടുണ്ട്. ശരാശരി ഒരാളിന് ഒരു വർഷം 126 മുട്ടകൾ എന്ന നിരക്കിൽ ഉല്പാദിപ്പിക്കുന്നു.

## മീൻവളർത്തൽ

ഇന്ത്യയിലെ മീൻവളർത്തലിൽ തമിഴ്നാടിന് നാലാം സ്ഥാനമാണുള്ളത്. വളരെ നീളത്തിലുള്ള കടൽത്തീരവും (1076 കി.മീ) വിസ്തൃതമായ ഭൂഖണ്ഡത്തട്ടും മീൻവളർത്തലിനെ പ്രോത്സാഹിപ്പിക്കുന്നു. തമിഴ്നാട്ടിൽ കടൽത്തീരത്തോടു ചേർന്ന് ഏകദേശം 591 മത്സ്യബന്ധന ഗ്രാമങ്ങളുണ്ട്. അവ 13 ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നു.



ഉൾനാട്ടു മത്സ്യബന്ധനം

| ആഴക്കടൽ മത്സ്യബന്ധനം | ഉൾനാട്ടു മത്സ്യബന്ധനം |
|---|---|
| കടലുകൾ, മഹാസമുദ്രങ്ങൾ എന്നിവിടങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിനെആഴക്കടൽ മത്സ്യ ബന്ധനമെന്നു പറയുന്നു. | ഉൾനാട്ടിലുള്ള കുളം, തടാകം, നദികൾ, അഴിമുഖങ്ങൾ, ചതുപ്പു നിലങ്ങൾ എന്നീ വിടങ്ങളിൽ നിന്ന് മീൻപിടിക്കുന്നതിനെ ഉൾനാട്ടു മത്സ്യബന്ധനമെന്നു പറയുന്നു. |
| വലിയ യന്ത്രബോട്ടുകൾ ഇത്തര ത്തിലുള്ള മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നു. | കട്ടുമരങ്ങൾ, മരബോട്ടുകൾ, വള്ളങ്ങൾ, ഡീസൽബോട്ടുകൾ,വലകൾ എന്നിവ ഇത്തരം മത്സ്യബന്ധനത്തിനു പയോഗിക്കുന്നു. |
| സ്രാവ്, കൊളുത്തി, കെണ്ട, വെള്ളിക്കെണ്ട എന്നിങ്ങനെയുള്ള മത്സ്യങ്ങൾ പിടിക്കുന്നു. | വ്ളാങ്, മിർകൽ, കട്ലാ, റോക് തുടങ്ങിയ മത്സ്യങ്ങളെപിടിക്കുന്നു. |

യന്ത്രബോട്ടുകളുടെ സഹായത്താൽ ആഴക്കടൽ മത്സ്യബന്ധനത്തൊഴിൽ നടന്നു വരുന്നു. കടലിൽ മുങ്ങി മുത്തെടുക്കുന്നത് മന്നാർ ഉൾക്കടലിന്റെ ഒരു പ്രത്യേകതയാണ്. തൂത്തുക്കുടി ജില്ല തമിഴ്നാട്ടിലെ പ്രധാന മത്സ്യബന്ധനതുറമുഖമാണ്. ചെന്നൈ, ചിന്നമുട്ടം (കന്യാകുമാരി ജില്ല) എന്നിവ മത്സ്യബന്ധന തുറമുഖങ്ങളായി പരിണമിച്ചിരിക്കുന്നു. കൂടാതെ പഴയാറൈ, വാലിനോക്കം, കുളച്ചൽ, നാഗപട്ടണം എന്നിവ ചെറിയ മത്സ്യബന്ധന കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നു.

കടൽമത്സ്യ ഉത്പാദനത്തിൽ 40% നാഗപട്ടണം, തഞ്ചാവൂർ, തിരുവാരൂർ, രാമനാഥപുരം എന്നീ ജില്ലകളിൽ നിന്നും ലഭിക്കുന്നു.

2007-2008ലെ മത്സ്യോത്പാദനം 3,93,266 ടൺ ആണ്.

ആധാരം: കമ്മീഷണർ, മത്സ്യബന്ധനവകുപ്പ്, ചെന്നൈ -6.

തമിഴ്നാട്ടിൽ 370 ഹെക്ടർ വിസ്തൃതിയിൽ ഉൾനാട്ടു ജലസംഭരണികൾ, 63000 ഹെക്ടർ നദീ അഴിമുഖങ്ങൾ, കായലുകൾ. ചതുപ്പുനിലങ്ങൾ എന്നിവയുണ്ട്. എണ്ണൂർ, പുലിക്കാട് എന്നീ തടാകങ്ങളിൽ ചെമ്മീൻ കൃത്രിമരീതിയിൽ വളർത്തിവരുന്നു. 2007-2008 വർഷത്തിലെ മത്സ്യോത്പാദനം ഏകദേശം 64504 ടൺ ആകുന്നു. തമിഴ്നാട്ടിൽ 10% മത്സ്യബന്ധനത്തോടെ വേലൂർ ജില്ല ഒന്നാംസ്ഥാനം വഹിക്കുന്നു. കടലൂർ, ശിവഗംഗ, വിരുദുനഗർ എന്നീ ജില്ലകൾ 9% മത്സ്യബന്ധനത്തോടെ രണ്ടാം സ്ഥാനം വഹിക്കുന്നു.

തമിഴ്നാട് മത്സ്യ ബന്ധനവകുപ്പ് പല പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവ താഴെക്കൊടുക്കുന്നു.

1. വയലുകളിലും, കുളങ്ങളിലും മത്സ്യം വളർത്തൽ
2. മത്സ്യ മുട്ട ബാങ്ക് സ്ഥാപിക്കൽ.
3. കൂടുകളിൽ മീൻമുട്ട വളർത്തൽ.
4. അലങ്കാര മത്സ്യങ്ങളെ വളർത്തൽ.

കാരയ്ക്കാലിൽ സ്ഥാപിച്ചിട്ടുള്ള മത്സ്യം വളർത്തൽ മുന്നേറ്റ സംഘടന"മത്സ്യത്തെ വളർത്തുക, മത്സ്യത്തോടു വളരുക", എന്ന മുദ്രാവാക്യം നൽകി മത്സ്യം വളർത്തലിന് പ്രോത്സാഹനം നൽകി വരുന്നു.

## കാർഷിക പുരോഗതി

സ്വാതന്ത്ര്യത്തിനു മുൻപ് തമിഴ്നാട്ടിൽ പരമ്പരാഗത രീതിയിലുള്ള കൃഷി സമ്പ്രദായമായിരുന്നു പിൻതുടർന്നിരുന്നത്. സ്വാതന്ത്ര്യത്തിനു ശേഷം കാർഷിക മേഖലയിൽ വളരെയധികം മാറ്റങ്ങളും പുരോഗതിയുമുണ്ടായി. പഞ്ചവത്സര പദ്ധ

തികൾ മുഖേന ജലസേചന രീതികൾ വളരെ പുരോഗമിച്ചു. ഹരിതവിപ്ലവത്തിന്റെ ഫലമായി നല്ല വീര്യമുള്ളതും വേഗത്തിൽ ഫലം നൽകുന്നതുമായ സങ്കരയിനസസ്യങ്ങൾ പ്രാബല്യത്തിൽ വന്നു. പലതരത്തിലുള്ള രാസവളങ്ങൾ കൃഷിക്ക് പ്രയോജനപ്പെടുത്താൻ തുടങ്ങി. ഇതിന്റെ ഫലമായി കാർഷികോല്പാദനം വർദ്ധിച്ചു. സെമീന്ദാരി സമ്പ്രദായ നിരോധനനിയമം, സ്വത്തവകാശം, ചെറിയ തുണ്ടുനിലങ്ങളെ യോജിപ്പിക്കുക, സഹകരണകൃഷി ഭൂപരിധി നിയന്ത്രണ നിയമം എന്നീ വിപ്ലവകരമായ മാറ്റങ്ങൾ സ്വതന്ത്രഭാരതത്തിൽ നിലവിൽ വന്നു.

ഇപ്പോൾ നിലവിലുള്ള ആഗോളവത്കരണം തമിഴ്നാട്ടിൽ കാർഷിക മേഖലയിൽ എടുത്തു പറയത്തക്ക മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

## കാർഷിക മാറ്റത്തിന്റെ ഗതി

തമിഴ്നാട്ടിലെ ശാസ്ത്ര സാങ്കേതിക രീതികൾ സാവധാനത്തിൽ പരമ്പരാഗത കാർഷിക രീതികളെ മാറ്റിയിട്ടുണ്ട്. പാരമ്പര്യ കൃഷി സമ്പ്രദായത്തിലെ തിന്മകളെ അകറ്റി ആധുനിക കൃഷി സമ്പ്രദായത്തിന്റെ നന്മകൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് പല പരിശീലനകേന്ദ്രങ്ങളും തമിഴ്നാട്ടിൽ പല നിലകളിൽ പ്രവർത്തിച്ചു വരുന്നു. കോയമ്പത്തൂരിലുള്ള കാർഷിക സർവ്വകലാശാലയും, തരമണിയി (ചെന്നൈ) ലുള്ള എം.എസ്. സ്വാമിനാഥൻ ഗവേഷണ കേന്ദ്രവും ഇത്തരത്തിലുള്ള പരിശ്രമത്തിൽ പുരോഗതി കൈവരിക്കുന്നതിന് മാർഗ്ഗദർശകമായിരിക്കുന്നു. ചില നവീനരീതികളുടെ പേരുകൾ താഴെ ചേർക്കുന്നു.

1. സൂക്ഷ്മ ജലസേചനം (Micro Irrigation)

2. ഏകീകൃത കാർഷിക സംരക്ഷണം (Integrated Pests control management)

3. അസോലാ പോലുള്ള സൂക്ഷ്മജീവികളെ വളർത്തൽ

4. വിദൂരസംവേദനം, ഭൂമിശാസ്ത്രപരമായ വിവരങ്ങൾ നൽകുന്ന സമ്പ്രദായം (GIS), ആഗോളസ്ഥാന നിർണ്ണയം (GPS), എന്നിവ മുഖേന പ്രവർത്തിക്കുന്ന കൃത്യമായ കാർഷികരീതിയാണ്.

**നിങ്ങൾക്കറിയാമോ?**

മണ്ണിന്റെ ജൈവാംശം കൂടുന്നതിനനുസരിച്ച് അതിന്റെ ജലസംഭരണ ശേഷി വർദ്ധിക്കുന്നു.ഇതിനാൽ സൂഷ്മ ജീവികളുടെ പ്രവർത്തനം വർദ്ധിക്കുന്നു. വേരിനാവശ്യമായ പോഷകാംശം ഈ രീതിയിൽ വർദ്ധിക്കുന്നു.ചെടികൾ നന്നായി വളരുന്നതിന് അവസരം ലഭിക്കുന്നു.


## കാർഷിക വികസനത്തിനായി ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നടപടികൾ.

1. ഉന്നത നിലവാരമുള്ള വിത്തുകൾ ഗവൺമെന്റ് കർഷകർക്ക് വിതരണം ചെയ്യുന്നു.
2. ജൈവ വളങ്ങളും സൂക്ഷ്മ പോഷകങ്ങളും കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് നൽകുന്നു.
3. ദിവസേന ആറു മുതൽ എട്ടു മണിക്കൂർ വരെ സൗജന്യ വൈദ്യുതി അനുവദിക്കുന്നു.
4. ധാന്യങ്ങളുടെ വില സർക്കാരിനാൽ നിർണ്ണയിക്കപ്പെടുന്നു. അതിനാൽ കർഷകർ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് സംരക്ഷിക്കപ്പെടുന്നു.
5. കാർഷിക വിപണിയിൽ മധ്യസ്ഥരുടെ ഇടപെടലില്ലാതെ കർഷകർ, തന്നെ നേരിട്ട് അവരുടെ ഉൽപന്നങ്ങളെ വിൽക്കുന്നതിനാൽ ലാഭകരവും, പൊതുജനങ്ങൾക്ക് കുറഞ്ഞവിലയിൽ സാധനങ്ങൾ ലഭിക്കുന്നതിനും സാധിക്കുന്നു.
6. പ്രകൃതി ദുരന്തങ്ങൾ നേരിടുമ്പോൾ സർക്കാർ കാർഷിക കടങ്ങളെ എഴുതി തള്ളുന്നു.
7. കാർഷിക സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
8. നീലഗിരി, കൃഷ്ണഗിരി എന്നിവിടങ്ങളിൽ കാർഷിക കയറ്റുമതി മണ്ഡലങ്ങൾ ഗവൺമെന്റിനാൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

താഴെക്കൊടുത്തിട്ടുള്ള ചിത്രം നോക്കി തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടു പിടിക്കുക.

കൃഷിഭൂമിയുടെ വിസ്തൃതിയെയും ജനസംഖ്യാവർദ്ധനവിനെയും. താരതമ്യപ്പെടുത്തി സഹപാഠികളുമായി ആലോചിക്കുക.

1. കൃഷിഭൂമി നിലനിറുത്തേണ്ടതിന്റെ ആവശ്യകതയെന്ത്?
2. കൃഷി ഭൂമിയെ ഏപ്രകാരം നിലനിറുത്താൻ സാധിക്കും?
3. ഭക്ഷ്യോത്പാദനത്തെയും, ജനസംഖ്യാവർദ്ധനവിനെയും സന്തുലനം ചെയ്യാതിരുന്നാൽ അതിന്റെ ഫലമെന്താകും?
4. ഈ ശീർഷകത്തെ അടിസ്ഥാനപ്പെടുത്തി ചിത്ര രചനാ മത്സരം നടത്തുക?




## അഭ്യാസം

### അ. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. തേയില, കാപ്പി, റബ്ബർ, കുരുമുളക്, കശുവണ്ടി എന്നിവ തമിഴ്നാട്ടിലെ _______ വിളവാണ്?

   അ). ഭക്ഷണം ആ). നാര് ഇ). തോട്ട ഈ). മറ്റ് വിളവുകൾ

2. കൃഷി ഒരു _______ ഉം പരമ്പരാഗതവുമായ തൊഴിലാണ്.

   അ). പ്രാഥമികം ആ). ദ്വിതീയം ഇ). തൃതീയം ഈ). സേവനം

3. _______ നെ മാനാവാരി കൃഷി എന്ന് തമിഴ് നാട്ടിൽ പറയുന്നു.

   അ). നഞ്ചകൃഷി ആ). പുഞ്ചകൃഷി
   ഇ). ജലസേചനകൃഷി ഈ). കൃത്യതയുള്ള കൃഷി

4. _______ തമിഴ്നാട്ടിലെ മുഖ്യമായ ജലസേചനരീതിയാണ്

   അ). കിണർ ആ). കുളം ഇ). കനാൽ ഈ). കുഴൽകിണർ

5. തമിഴ്നാട്ടിലെ നെൽ ഗവേഷണകേന്ദ്രം _______ ൽ കാണപ്പെടുന്നു.

   അ). ആടുതുറ, ആ). കടലൂർ ഇ). നെയ്വേലി ഈ). ചെന്നൈ

ആ. യോജിപ്പിക്കുക

| | | |
|---|---|---|
| 1, പക്ഷിവളർത്തൽ | - | ആപ്പിക്കൾച്ചർ |
| 2. പട്ടുനൂൽപ്പുഴു വളർത്തൽ | - | പൗൾട്രി ഫാം |
| 3. തേനീച്ച വളർത്തൽ | - | മുഖ്യ കയറ്റുമതി തുറമുഖം |
| 4. പഴവർഗ്ഗക്കൃഷി | - | സെറീകൾച്ചർ |
| 5. തൂത്തുക്കുടി | - | കന്നുകാലിസംരക്ഷണം |
| | - | വിട്ടികൾച്ചർ |
| | - | തോട്ടകൃഷി |

ഇ. ചുരുക്കത്തിൽ ഉത്തരമെഴുതുക

അ. തീവ്ര ഉപജീവനകൃഷി എന്നാലെന്താണ്?

ആ. ചെറുകുറിപ്പെഴുതുക

അ. മിശ്രകൃഷി

ആ. തോട്ടകൃഷി

ഇ. വിപണിതോട്ട കൃഷി

ഇ. കൃഷിയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ ഏവ?

ഈ. കല്ലണയുടെ പ്രാധാന്യത്തെ വിവരിക്കുക?

ഉ. നഞ്ചകൃഷി, പുഞ്ചകൃഷി എന്നിവയുടെ വ്യത്യാസങ്ങളെന്തെല്ലാം?

ഊ. ആഴക്കടൽ മത്സ്യബന്ധനം, ഉൾനാട്ടു മത്സ്യബന്ധനം
എന്നിവ തമ്മിലുള്ള വ്യത്യാസങ്ങളെഴുതുക?

ഈ. ഒരോ ഖണ്ഡികയിൽ ഉത്തരം എഴുതുക

1. തമിഴ്നാട്ടിലെ കൃഷിയുടെ കാലങ്ങളെക്കുറിച്ചെഴുതുക?
2. ഉൾനാട്ടു മത്സ്യബന്ധനത്തെക്കുറിച്ചെഴുതുക?
3. നമ്മുടെ നാട്ടിലെ കാർഷിക മാറ്റങ്ങളുടെ ഗതിയെ ചിത്രീകരിക്കുക?
4. കാർഷികോല്പാദനത്തെ വർദ്ധിപ്പിക്കുന്നതിനായി ഗവൺമെന്റ് കൈകൊണ്ടിട്ടുള്ള നടപടികളെന്തെല്ലാം?

ഉ. കൊടുത്തിട്ടുള്ള തമിഴ്നാട് ഭുപടത്തിൽ താഴെകാണുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക?

1. തെക്കെ ഇന്ത്യയുടെ നെൽക്കലവറ
2. പരുത്തി കൃഷി ചെയ്യുന്ന സ്ഥലങ്ങൾ
3. തേയില കൃഷിചെയ്യുന്ന സ്ഥലങ്ങൾ
4. കരിമ്പ് കൃഷിചെയ്യുന്ന സ്ഥലങ്ങൾ

# രൂപീകരണ മൂല്യനിർണ്ണയം

## I. കൂട്ടായ പ്രവർത്തനം

ഈ പാഠത്തിൽ വിവരിക്കുന്ന തമിഴ്നാട്ടിലെ വിവിധ കാർഷികരീതികളുടെ മാതൃകയുണ്ടാക്കുക. അവയുടെ നന്മ തിന്മകളെ ചർച്ച ചെയ്യുക.

## II. കാരണങ്ങൾ മനസ്സിലാക്കൽ

1. തമിഴ്നാട്ടിൽ കൃഷിചെയ്യുന്ന ഏതെങ്കിലും ഒരു വിളവിന്റെ ആധുനികവും പരമ്പരാഗതവുമായ കൃഷിരീതികളുടെ സാദൃശ്യങ്ങളും വ്യത്യാസങ്ങളും മനസ്സിലാക്കുക.
2. തമിഴ്നാട്ടിലെ കർഷകരുടെ ജലസേചന സമ്പ്രദായങ്ങളെക്കുറിച്ച് മനസ്സിലാക്കുക.

## III. ഭൂപട രചന

തമിഴ്നാട് ഭൂപടത്തിൽ അനുയോജ്യമായ നിറം / ചിഹ്നം മൂലം തന്നിട്ടുള്ള വിവരങ്ങളെ കുറിക്കുക.

1. മൂന്നു കാർഷിക കാലത്തും നെൽക്കൃഷി ചെയ്യുന്ന ജില്ല
2. ആർട്ടീഷ്യൻ തടം ഉള്ള പ്രദേശം
3. കോഴിവളർത്തൽ അധികം നടക്കുന്ന പ്രദേശം
4. വലിയ, ചെറിയ മത്സ്യബന്ധന തുറമുഖങ്ങൾ
5. റബ്ബർ കൃഷി ചെയ്യുന്ന ജില്ല

# പൗരധർമ്മം

## നാം എങ്ങനെയാണ് ഭരിക്കപ്പെടുന്നത്?

ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാണശില്പികൾ, ഇന്ത്യയുടെ വിശാല ബഹുമുഖ സ്വഭാവത്തെ കണക്കിലെടുത്ത് സംയുക്ത ഭരണം ഏർപ്പെടുത്തി ഇന്ത്യയുടെ നിർവഹണ രീതിയെ അംഗീകരിച്ചു. എങ്കിലും സംയുക്ത ഭരണത്തെ ഒഴിവാക്കാൻ, സംസ്ഥാനങ്ങളെ യോജിപ്പിച്ച് കേന്ദ്ര ഘടന ഏർപ്പെടുത്തി, സംയുക്ത ഭരണത്തിൽ രണ്ടു രീതിയിലുള്ള സർക്കാരുകളെയും കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ എന്നും രണ്ടു വിധത്തിലുള്ള നിയമ സഭകളെയും, കേന്ദ്രനിയമ സഭയെന്നും, സംസ്ഥാനനിയമസഭയെന്നും ഏർപ്പെടുത്തി. എന്നിരുന്നാലും സുപ്രീംകോടതിയുടെ കീഴിൽ ഒരേവിധത്തിലുള്ള നീതി സമ്പ്രദായത്തെ ഏർപ്പെടുത്തി. ഇന്ത്യൻ ഭരണഘടനയിൽ രണ്ടു സർക്കാരുകളുണ്ട്. അധികാരങ്ങളുടെയും കടമകളുടെയും 1. കേന്ദ്രപട്ടിക 2. സംസ്ഥാനപട്ടിക 3. പൊതുപട്ടിക എന്ന് മൂന്നുവിധത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇന്ത്യൻ സർക്കാർ എങ്ങനെഭരിക്കപ്പെടുന്നു എന്നറിയണമെങ്കിൽ കേന്ദ്ര, സംസ്ഥാനസർക്കാരുകളുടെ നിർവ്വഹണ രീതിയെക്കുറിച്ച് ഓരോരുത്തരും വ്യക്തമായി മനസ്സിലാക്കേണ്ടതാണ്.


# 1. കേന്ദ്ര ഗവൺമെന്റ്



ഇന്ത്യൻ ഭരണഘടനനിയമം തെരഞ്ഞെടുക്കപ്പെട്ട രാഷ്ട്രപതിയുടെ നേതൃത്വത്തിൽ പാർലമെന്ററി സർക്കാർ ഉണ്ടാക്കാൻ വഴി സൃഷ്ടിക്കുന്നു. ഈ സർക്കാർ നിയമസഭ, നിർവഹണസമിതി, നീതിന്യായ വകുപ്പ് എന്നീ മൂന്ന് ഘടകങ്ങൾ ഉൾപ്പെട്ടതാണ്.

## ഇന്ത്യൻ പാർലമെന്റ്

പാർലമെന്റ് കേന്ദ്രഗവൺമെന്റിലെ നിയമസഭയെ സൂചിപ്പിക്കുന്നു. ഇത് മേൽസഭ, കീഴ്സഭ എന്ന രണ്ടു സഭകൾ ഉൾപ്പെട്ടതാണ്. മേൽസഭയെ സംസ്ഥാനസഭ അഥവാ രാജ്യസഭയെന്നും കീഴ്സഭയെ ജനപ്രതിനിധി സഭ അഥവാ ലോക്സഭ എന്നും വിളിക്കുന്നു.



## ലോക്സഭ (ജനപ്രതിനിധി സഭ)

പാർലമെന്റിലെ കീഴ്സഭയായ ലോക്സഭ (ജനപ്രതിനിധി സഭ) പ്രാധാന്യമേറിയ സഭയാണ്. ഈ സഭയിലെ അംഗങ്ങളെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. ഇപ്പോഴത്തെ ലോക്സഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എണ്ണം 543 ആണ്. ഇതിൽ വിവിധ സംസ്ഥാനങ്ങളിൽനിന്ന് 530 അംഗങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളിൽനിന്ന് 13 അംഗങ്ങളെയും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നു. ആംഗ്ലോഇന്ത്യൻ സമുദായത്തിൽ നിന്നും 2 അംഗങ്ങളെ രാഷ്ട്രപതി നിയമിക്കുന്നു. ഇപ്രകാരം ആകെ 545 അംഗങ്ങൾ ഉൾപ്പെട്ടതാണ് ലോക്സഭ.



ലോക്സഭ

## യോഗ്യതകൾ

ലോക്സഭാ തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ താഴെപറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

- ഇന്ത്യൻ പൗരനായിരിക്കണം
- 25 വയസ്സ് തികഞ്ഞിരിക്കണം
- കേന്ദ്രസംസ്ഥാനസർക്കാർ ജോലികളിൽ വേതനം വാങ്ങുന്നവരായിരിക്കരുത്.
- രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്തുള്ള വോട്ടർ പട്ടികയിൽ പേരുണ്ടായിരിക്കണം.
- ബുദ്ധിവളർച്ചയില്ലാത്തവരും, വാങ്ങിയ കടം തിരിച്ചു നൽകാൻ കഴിയാത്തവരും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അയോഗ്യരാണ്.

## അധികാര കാലാവധി

പൊതുവായി ലോക്സഭയുടെ ആദ്യസമ്മേളനം ആരംഭിച്ച ദിവസം മുതൽ അഞ്ച് വർഷത്തേയ്ക്ക് പ്രവർത്തിക്കാവുന്നതാണ്. പ്രധാനമന്ത്രിയുടെ നിർദ്ദേശത്തെ അടിസ്ഥാനമാക്കിയോ അല്ലെങ്കിൽ ഒരു കക്ഷിക്കും ഭൂരിപക്ഷം ഇല്ലാത്ത സാഹചര്യത്തിലോ രാഷ്ട്രപതിക്ക് ലോകസഭയെ പിരിച്ചുവിടാവുന്നതാണ്.

## ലോക്സഭാ തെരഞ്ഞെടുപ്പ്

ലോക്സഭാ അംഗങ്ങൾ ജനസംഖ്യാനുപാത അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട മണ്ഡലങ്ങളിലെ ജനങ്ങളാൽ നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്നു. തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പു നടത്തുന്നതിലേക്കുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് അതിന്റെ മേൽനോട്ടത്തിൽ തെരഞ്ഞെടുപ്പു നടത്തുന്നു. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നിയോജക മണ്ഡലങ്ങൾ നിർണ്ണയിക്കപ്പെട്ട് ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തപ്പെടുന്നു.

പ്രായപൂർത്തിയായവർക്ക് വോട്ടവകാശമെന്ന അടിസ്ഥാനത്തിൽ 18 വയസ്സ് പൂർത്തിയായ സ്ത്രീകൾക്കും പുരുഷൻമാർക്കും സമ്മതിദാന അവകാശം നൽകിയിട്ടുണ്ട്. ജനങ്ങളാൽ നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്നതിനാൽ രാജ്യസഭാ അംഗങ്ങളെക്കാൾ ഇവർക്ക് കൂടുതൽ അധികാരങ്ങൾ ഉണ്ട്. ധനകാര്യ ബില്ലുകൾ ലോക്സഭയിൽ മാത്രമേ അവതരിപ്പിക്കാൻ കഴിയുകയുള്ളു. മന്ത്രിമാർ കൂട്ടായും തനിയായും ലോക്സഭക്ക് ഉത്തരവാദിത്വമുള്ളവരാണ്.

ലോക്സഭയുടെ അദ്ധ്യക്ഷനെ സ്പീക്കർ എന്നുപറയുന്നു. അദ്ദേഹത്തെ ലോക്സഭയിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്നു. സ്പീക്കർ ഇല്ലാത്ത സമയങ്ങളിൽ

ലോക്സഭയിലെ തെരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സഭയെ നിയന്ത്രിക്കുന്നു.



ലോക്സഭാ സ്പീക്കർ
ശ്രീമതി സുമിത്ര മഹാജൻ

## രാജ്യസഭാ അഥവാ സംസ്ഥാനങ്ങളുടെ സഭ

ജ്യസഭയിൽ 250 അംഗങ്ങൾ ഉണ്ട്. ഇതിൽ 238പേരെ സംസ്ഥാനങ്ങളിൽനിന്നും യൂണിയൻ (കേന്ദ്ര ഭരണ) പ്രദേശങ്ങളിൽനിന്നും പരോക്ഷമായി തെരഞ്ഞെടുക്കുന്നു. സാഹിത്യം, ശാസ് ത്രം, കല, സാമൂഹ്യസേവനം, എന്നീ മേഖലകളിൽ പ്രത്യേക നൈപുണ്യവും പ്രവർത്തന അനുഭവവുമുള്ള 12 അംഗങ്ങളെ രാഷ്ട്രപതി നേരിട്ട് നിയമിക്കുന്നു.

## യോഗ്യതകൾ

രാജ്യസഭാംഗമാകാൻ ആവശ്യമായ യോഗ്യതകൾ:

- ഇന്ത്യൻ പൗരനായിരിക്കണം.
- 30 വയസ്സു പൂർത്തിയായിരിക്കണം.
- മത്സരിക്കുന്ന രാജ്യസഭാ സ്ഥാനാർത്ഥി രാജ്യത്തിലേതെങ്കിലും സ്ഥലത്തെ വോട്ടർ പട്ടികയിൽ പേര് ചേർത്തിരിക്കണം.
- ലോക്സഭയിലോ മറ്റേതെങ്കിലും നിയമസഭയിലോ അംഗമായിരിക്കാൻ പാടില്ല.
- മാനസികാവസ്ഥ ബാധിച്ചവരോ വാങ്ങിയ കടം തിരിച്ചു നൽകാൻ കഴിവില്ലാത്തവരോ ആകാൻ പാടില്ല.
- ഏതെങ്കിലും ഗവൺമെന്റിനു കീഴിൽ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥനാകരുത്.



രാജ്യസഭ

## അധികാര കാലാവധി

രാജ്യസഭ ഒരു സ്ഥിരസഭയാണ്. ഇതിനെപിരിച്ചുവിടാൻ സാധിക്കില്ല. രാജ്യസഭാംഗങ്ങളുടെ അധികാര കാലാവധി 6 വർഷമാണ് എന്നാൽ ഇതിലെ 1/3 ഭാഗം അംഗങ്ങൾ ഓരോ രണ്ടുവർഷങ്ങൾക്ക് ശേഷം വിരമിക്കുന്നു. ഉപരാഷ്ട്രപതി ഔദ്യോഗിക സ്ഥാനം കൊണ്ടുതന്നെ രാജ്യസഭാദ്ധ്യക്ഷനാണ്. രാജ്യസഭയിലെ അംഗങ്ങളാണ് ഉപാദ്ധ്യക്ഷനെ തെരഞ്ഞെടുക്കുന്നത്.

**നിങ്ങൾക്കറിയാമോ?**
**ലോക്സഭ യിലെ ആദ്യത്തെ വനിതാ സ്പീക്കർ : ശ്രീമതി മീരാകുമാർ**

**ഇപ്പോഴത്തെ രാജ്യസഭാ അദ്ധ്യക്ഷനും, ഉപാദ്ധ്യക്ഷനും ആരൊക്കെയാണ്?**

## രാജ്യസഭാ തെരഞ്ഞെടുപ്പ്.

സംസ്ഥാന നിയമസഭാംഗങ്ങൾ ആനുപാതിക പ്രാതിനിധ്യമനുസരിച്ചുള്ള ഏക പരിവർത്തന വോട്ടുമൂലം രാജ്യസഭയിലേയ്ക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കാത്തതിനാൽ ഇതിനെ പരോക്ഷ തെരഞ്ഞെടുപ്പ് എന്ന്പറയുന്നു.

## പാർലമെന്റിന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും

പാർലമെന്റ് ലോക്സഭ, രാജ്യസഭ എന്നീ രണ്ടുസഭകൾ അടങ്ങിയതാണ്. ആയതിനാൽ ഇന്ത്യൻ പാർലമെന്റ് ഇരുസഭാ നിയമനിർമ്മാണ സമിതി എന്നു പറയപ്പെടുന്നു. ഇതിന്റെ പ്രധാനജോലി നല്ല രീതിയിൽ ഭരണം നടത്തുന്നതിലേയ്ക്ക് നിയമങ്ങളെ നിറവേറ്റുക എന്നതാണ്. രാജ്യത്ത് സമാധാനം, സുരക്ഷ, പുരോഗതി എന്നിവയ്ക്കായി നിയമങ്ങൾക്ക് രൂപം നല്കുന്നു. പാർലമെന്റ് രാജ്യത്തെ സാമ്പത്തിക സ്ഥിതിക്ക് പൂർണ്ണ ഉത്തരവാദിയാണ്. കേന്ദ്രവരവ് ചെലവ് (budget) പദ്ധതികളെ സമർപ്പിക്കുന്നതും നികുതി നിർണ്ണയിക്കുന്നതും ഇതിന്റെ ജോലി ആകുന്നു. വിവിധ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ധനവിനിയോഗവും ഇതിന്റെ കർത്തവ്യമാണ്.


ഭരണഘടനാ നിയമങ്ങളെ ഭേദഗതി ചെയ്യുന്നതിനും, രാഷ്ട്രപതി, സുപ്രീംകോടതി ജഡ്ജിമാർ, ഉന്നത ഭരണാധികാരികൾ എന്നിവർക്കെതിരെയുള്ള കുറ്റങ്ങളന്വേഷിച്ച് തെളിയിക്കപ്പെട്ടാൽ സ്ഥാനഭ്രഷ്ടരാക്കുന്നതിനുള്ള അധികാരവും പാർലമെന്റിനുണ്ട്. ഏതു സംസ്ഥാനത്തിലും അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള രാഷ്ട്രപതിക്ക് പാർലമെൻറ് അധികാരം നൽകിയിട്ടുണ്ട്. രാഷ്ട്രപതിയാൽ പ്രഖ്യാപിക്കപ്പെട്ട അടിയന്തിരാവസ്ഥ തുടരുന്നതിന് പാർലമെന്റിന്റെ അനുമതി ആവശ്യമാണ്. മന്ത്രി സഭയുടെ പ്രവർത്തനത്തെ നിരീക്ഷിക്കാനും വിലയിരുത്താനും നിയന്ത്രിക്കാനും പാർലമെന്റിന് അധികാരമുണ്ട്. പാർലമെന്റിന് വിശ്വാസം ഉള്ളിടത്തോളം മാത്രമേ ഏതൊരു മന്ത്രിസഭക്കും പ്രവർത്തിക്കാൻ സാധിക്കുകയുള്ളു.

## കേന്ദ്ര നിർവ്വാഹം

കേന്ദ്രനിർവ്വാഹം എന്നത് രാഷ്ട്രപതി, പ്രധാനമന്ത്രി, മന്ത്രിസഭ എന്നിവ അടങ്ങിയതാണ്. രാഷ്ട്രപതി രാജ്യത്തിന്റെ നിർവ്വാഹ നേതാവാണ്. രാഷ്ട്രപതിയുടെ നിർവ്വാഹകടമകൾ പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ലോക്സഭയിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ അല്ലെങ്കിൽ കൂട്ടുകക്ഷികളുടെ നേതാവിനെ രാഷ്ട്രപതി പ്രധാനമന്ത്രിയായി നിയമിക്കുന്നു.

## ഇന്ത്യൻ രാഷ്ട്രപതി

ഇന്ത്യൻ ഭരണഘടനാപ്രകാരം രാഷ്ട്രപതി ഇന്ത്യൻ റിപ്പബ്ലിക്കിന്റെ തലവനാണ്. ഇന്ത്യൻ യൂണിയന്റെ ഭരണഘടനാപരമായ നിർവാഹസമിതിയുടെ തലവനായും നിയമനിർമ്മാണ സമിതിയുടെ തലവനായും ഇദ്ദേഹം ശോഭിക്കുന്നു.



ഇന്ത്യയുടെ ആദ്യത്തെ രാഷ്ട്രപതി
ഡോ. രാജേന്ദ്രപ്രസാദ്

കൂടാതെ നീതിന്യായ വകുപ്പ് രൂപവൽക്കരിക്കേണ്ട ഉത്തരവാദിത്വവും ഇദ്ദേഹത്തിനുണ്ട്. 53-മത്തെ ഭരണഘടനാ നിയമപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അധികാര



ഇന്ത്യയുടെ രാഷ്ട്രപതി
ശ്രീ പ്രണബ് മുഖർജി

ങ്ങളെല്ലാം രാഷ്ട്രപതിയിൽ നിക്ഷിപ്ത മാണ്. ഈ അധികാരങ്ങളെല്ലാം നേരിട്ടോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ മുഖേ നയോ നടപ്പിലാക്കാം.

### രാഷ്ട്രപതിക്കുവേണ്ട യോഗ്യതകൾ

ഒരു രാഷ്ട്രപതി സ്ഥാനാർത്ഥിക്ക് ഉണ്ടാ യിരിക്കേണ്ട യോഗ്യതകളെ ഇന്ത്യൻ ഭര ണഘടന നിർദ്ദേശിക്കുന്നു.

⇨ ഇന്ത്യൻ പൗരനായിരിക്കണം

⇨ 35 വയസ്സ് പൂർത്തിയായ ആളായിരി ക്കണം

⇨ ലോക്സഭയിലെ അംഗമായി തെര ഞ്ഞെടുക്കപ്പെടേണ്ട യോഗ്യതകൾ ഉണ്ടായിരിക്കണം

⇨ കേന്ദ്ര, സംസ്ഥാന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശമ്പളം പറ്റുന്ന പദവി വഹിക്കാൻ പാടില്ല.

പാർലമെന്റിലോ, സംസ്ഥാനനിയമസഭ കളിലോ അംഗമായിരിക്കാൻ പാടില്ല. അപ്രകാരം അംഗമായിരുന്നാൽ രാഷ്ട്ര പതി അധികാരമേൽക്കുന്ന ദിവസം ആ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെ ടുന്നു.

### രാഷ്ട്രപതി തെരഞ്ഞെടുപ്പ്

• ആനുപാതിക പ്രാതിനിധ്യ സമ്പ്രദാ യത്തെ പിൻതുടർന്ന് ഏകപരിവർത്തന വോട്ട് രീതിയിൽ പ്രതിനിധിസഭ രാഷ്ട്രപ തിയെ തെരഞ്ഞെടുക്കുന്നു. ഈ പ്രതിനിധി സഭയിൽ പാർലമെന്റിന്റെ രണ്ടു സഭകളിലേയും സംസ്ഥാന നിയമ സഭകളിലേയും കേന്ദ്രഭരണ പ്രദേശങ്ങ ളിലെ തെരഞ്ഞെടു ക്കപ്പെട്ട അംഗങ്ങളും ഉൾപ്പെടുന്നു.

അധികാര കാലാവധി കഴിയുന്ന തിനു മുമ്പ് കുറ്റ വിചാരണ മുഖേന ഇദ്ദേ ഹത്തെ പദവി യിൽ നിന്ന് നീക്കാൻ പാർല മെന്റിന് സാധിക്കും (നിയമഭേദഗതി 61). രാഷ്ട്രപ തിയുടെ അധികാരകാലാവധി 5 വർഷമാ ണ്. അദ്ദേഹം വീണ്ടും ഒരു പ്രാവശ്യം കൂടി രാഷ്ട്രപതിയായി തെരഞ്ഞെടുക്ക പ്പെടാൻ യോഗ്യനാണ്. ഇദ്ദേഹം അധികാ രത്തിൽ നിന്ന് ഒഴിയാൻ ആഗ്രഹിച്ചാൽ തന്റെ രാജിക്കത്തിനെ ഉപരാഷ്ട്രപതിക്ക് നൽകേണ്ട താണ്. ഉപരാഷ്ട്രപതി ഉടനെ രാഷ്ട്രപതിയുടെ രാജിയെക്കുറിച്ച് സ്പീക്കറെ അറിയിക്കേണ്ടതാണ്.

### രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പു പ്രതിനിധി വിഭാഗം (Electoral College)

☞ ലോക്സഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

☞ രാജ്യസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

☞ സംസ്ഥാന നിയമസഭകളിലെ തെര ഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ.

### രാഷ്ട്രപതിയുടെ അധികാരങ്ങൾ

1. നിർവാഹ അധികാരങ്ങൾ
2. നിയമ നിർമ്മാണ അധികാരങ്ങൾ
3. സാമ്പത്തിക അധികാരങ്ങൾ.
4. നീതിന്യായ അധികാരങ്ങൾ.
5. സൈനിക അധികാരങ്ങൾ
6. അടിയന്തിര അധികാരങ്ങൾ

## നിർവാഹ അധികാരങ്ങൾ

ഇന്ത്യയുടെ ഭരണം പൂർണ്ണമായും രാഷ്ട്രപതിയുടെ പേരിൽ നിർവ്വഹിക്കപ്പെടുന്നു. പാർലമെന്റിൽ നിറവേറ്റുന്ന എല്ലാ നിയമങ്ങളും ഇദ്ദേഹത്തിന്റെ അനുവാദം ലഭിച്ച ശേഷം നടപ്പിൽ വരുത്തുന്നു. പ്രധാനമന്ത്രിയെയും മന്ത്രിസഭയിലെ മറ്റു മന്ത്രിമാരേയും രാഷ്ട്രപതി നിയമിക്കുന്നു. സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും മുഖ്യ ന്യായാധിപരെയും മറ്റു ന്യായാധിപരെയും ഇദ്ദേഹം നിയമിക്കുന്നു. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ അദ്ധ്യക്ഷനേയും അംഗങ്ങളേയും സൈനിക മേധാവികളെയും രാഷ്ട്രപതി നിയമിക്കുന്നു. മൂന്നു സൈന്യവിഭാഗങ്ങളുടെ സർവ്വസൈന്യാധിപനാണ് രാഷ്ട്രപതി.

## നിയമനിർമ്മാണ അധികാരങ്ങൾ

പാർല മെന്റിലെ ഇരുസഭകളെയും വിളിച്ചു കൂട്ടു ന്നതിനും തുടർന്നു നടത്തു ന്നതിനും പിരിച്ചുവിടുന്നതിനും ഇദ്ദേഹ ത്തിനു മാത്രമേ അധികാരമുള്ളു. ആദ്യ പാർലമെന്റ് സമ്മേളനത്തെ വിളിച്ചു ചേർക്കുകയും അതിലെ സംയുക്ത യോഗത്തിൽ പ്രസംഗിക്കുകയും ചെയ്യുന്നു.

പാർലമെന്റിൽ നിറവേററുന്ന എല്ലാ ബില്ലുകളും രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ച ശേഷം മാത്രമേ നിയമമാകുന്നുള്ളു. ധനസംബന്ധമായ ബില്ലുകൾ ഇദ്ദേഹ ത്തിന്റെ അനുവാദം ലഭിച്ചശേഷം മാത്രമേ പാർലമെന്റിൽ അവതരിപ്പിക്കുകയുള്ളു.

രാജ്യസഭയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന 12 പേരെ കല, ശാസ്ത്രം, സാഹിത്യം, സാമൂഹ്യസേവനം എന്നീ രംഗങ്ങളിൽ പ്രത്യേക പരിജ്ഞാനവും പ്രായോഗിക പരിശീലനവും സിദ്ധിച്ചവരിൽനിന്നും രാഷ്ട്രപതി തെരഞ്ഞെടുക്കുന്നു.

## നീതിന്യായ അധികാരങ്ങൾ

രാഷ്ട്രപതിക്ക് തന്റെ അധികാര നിർവ്വഹണ സംബന്ധമായി ഒരു നീതിന്യായ കോടതിക്കും ഉത്തരം പറയേതില്ല. എങ്കിലും കുറ്റാരോപിതനെ ങ്കിൽ പാർലമെന്റിൽ വിചാരണ ചെയ്യപ്പെട്ട് അധികാരത്തിൽ നിന്നും മാറ്റാവുന്നതാണ് (ഇംപീച്ച്മെന്റ്) കുറ്റവാളികളുടെ ശിക്ഷയെ കുറയ്ക്കുവാനോ നിറുത്തിവെ യ്ക്കാനോ, തള്ളിക്കളയുവാനോ ഇദ്ദേഹ ത്തിനു മാത്രമേ അധികാരമുള്ളു. വധശി ക്ഷയെപ്പോലും ഒഴിവാക്കാൻ ഇദ്ദേഹ ത്തിന് അധികാരമുണ്ട്.

## സാമ്പത്തിക അധികാരങ്ങൾ

ഭരണഘടനയനുസരിച്ച് രാജ്യ ത്തിന്റെ സാമ്പത്തിക നിയന്ത്രണാധികാരം രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്. ഇദ്ദേ ഹത്തിന്റെ അനുവാദമില്ലാതെ ഏതു സാമ്പത്തിക ബില്ലും പാർലമെന്റിൽ അവ തരിപ്പിക്കുവാൻ പാടില്ല. വാർഷിക വരവ് ചെലവ് കണക്ക് (Budget) ഇദ്ദേഹത്തിന്റെ അനുവാദത്തോടെ കേന്ദ്രധനമന്ത്രിയാൽ പാർലമെന്റിൽ സമർപ്പിക്കപ്പെടുന്നു. ഇന്ത്യയുടെ കണ്ടിൻജൻസിഫണ്ടിന്റെ വിനിയോഗാധികാരം രാഷ്ട്രപതിക്കാണ്. പാർലമെന്റിന്റെ അനുമതിക്കു മുമ്പു തന്നെ അപ്രതീക്ഷിതമായ ചെലവുകൾക്ക് അദ്ദേഹത്തിനത് മുൻകൂറായി വിനിയോഗി ക്കാവുന്നതാണ്.

## അടിയന്തിര അധികാരങ്ങൾ

രാഷ്ട്രപതിക്ക് മൂന്നു വിധത്തിലുള്ള അടിയന്തിര അധികാരങ്ങളുണ്ട്.

## ദേശീയ അടിയന്തരാവസ്ഥ

ഇന്ത്യൻ സുരക്ഷക്ക് ഭീഷണി, യുദ്ധം, അന്യരാജ്യസൈന്യങ്ങളുടെ നുഴ ഞ്ഞുകയറ്റം, സൈനിക കലാപം എന്നിവ ഉണ്ടാകുമ്പോൾ അതിനെ നേരിടുന്നതിന് ഇന്ത്യൻ ഭരണഘടനാ നിയമം 352-ാം വിഭാഗം അനുശാസിക്കുന്നതനുസരിച്ച്. രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാ പിക്കാവുന്നതാണ്.

## സംസ്ഥാന അടിയന്തരാവസ്ഥ

സംസ്ഥാനങ്ങളിൽ ഭരണയന്ത്രം പരാജയപ്പെടുമ്പോൾ സംസ്ഥാനഗവൺമെന്റിന് ഭരണഘടനാപ്രകാരമുള്ള കർത്തവ്യ നിർവ്വഹണം സാധ്യമാകുന്നില്ല എന്നതിന്റെ പേരിൽ ഭരണഘടനയുടെ 356-ാം വിഭാഗം അനുസരിച്ച് സംസ്ഥാനങ്ങളിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിനുള്ള അധികാരം രാഷ്ട്രപതിക്കുണ്ട്.

## സാമ്പത്തിക അടിയന്തരാവസ്ഥ

ഇന്ത്യൻ സാമ്പത്തിക ഘടനക്ക് പ്രതിസന്ധി നേരിട്ടാൽ അതിനെ പരിഹരിക്കുന്നതിന് ഇന്ത്യൻ ഭരണഘടനാ നിയമം 360-ാം വിഭാഗം അനുശാസിക്കുന്നു. ഇതനുസരിച്ച് രാജ്യം മുഴുവനുമോ അല്ലെങ്കിൽ ഏതെങ്കിലുമൊരു പ്രദേശത്തോ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാവുന്നതാണ്.

## ഉപരാഷ്ട്രപതി

ഇന്ത്യൻ ഭരണഘടന 63-ാം വിഭാഗം ഉപരാഷ്ട്രപതിയുടെ പദവി സൃഷ്ടിക്കുന്നതാണ്.പാർലമെന്റിലെ ഇരുസഭകളിലേയും അംഗങ്ങളടങ്ങുന്ന പ്രതിനിധി വിഭാഗം ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നു. രാജ്യത്തിന്റെ രാഷ്ട്രീയമായ തുടർച്ചയ്ക്കായി രൂപം നൽകിയിട്ടുള്ള ഒരു സ്ഥാനമാണിത്.


രാഷ്ട്രപതി ആരോഗ്യപ്രശ്നങ്ങളാൽ ഔദ്യോഗിക കർത്തവ്യത്തെ നിറവേറ്റാൻ കഴിയാത്ത സാഹചര്യങ്ങളിലും, അദ്ദേഹം രാജ്യത്തില്ലാത്ത സമയങ്ങളിലും ഉപരാഷ്ട്രപതി രാഷ്ട്രപതിയുടെ ജോലികളെ ഏറ്റെടുക്കുന്നു. രാഷ്ട്രപതി സ്വയം അധികാരം ഒഴിയുകയോ, മരണം അല്ലെങ്കിൽ കുറ്റാരോപണ വിധേയനായി അധികാരം ഒഴിയുമ്പോഴോ അദ്ദേഹത്തിന്റെ ജോലികളെ ഉപരാഷ്ട്രപതി നിർവ്വഹിക്കുന്നു.



ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതി
ഡോ. എസ്. രാധാകൃഷ്ണൻ

രാഷ്ട്രപതിയാകാൻ വേണ്ട എല്ലാ യോഗ്യതകളും ഉപരാഷ്ട്രപതി ആകുന്നതിനും വേണ്ടതാണ്.

ഉപരാഷ്ട്രപതിയുടെ ഔദ്യോഗിക കാലാവധി 5 വർഷമാണ്.രാജി വെയ്ക്കുക, മരണം സംഭവിക്കുക, സ്ഥാനത്തിൽനിന്നും നീക്കം ചെയ്യുക എന്നിവയിലൂടെ നിർദ്ദിഷ്ട കാലാവധിക്കു മുമ്പുതന്നെ സ്ഥാനമൊഴിയുന്നു. ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി പദവികാലത്തിനുശേഷം വീണ്ടും ആ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടാവുന്നതാണ്.



ഇന്ത്യൻ ഉപരാഷ്ട്രപതി
ശ്രീ മുഹമ്മദ് ഹമീദ് അൻസാരി

ഇന്ത്യൻ ഉപരാഷ്ട്രപതി രാജ്യത്തിന്റെ രണ്ടാമത്തെ പരമോന്നത സ്ഥാനം അലങ്കരിക്കുന്നു. ഇദ്ദേഹത്തിന് പ്രത്യേകിച്ച് അധികാരങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടില്ല. സാധാരണ ഗതിയിൽ ഇദ്ദേഹം രാജ്യസഭയുടെ അദ്ധ്യക്ഷനായി പ്രവർത്തിക്കുന്നു. രാജി, മരണം, സ്ഥാനഭ്രഷ്ടനാക്കൽ എന്നിവയാൽ രാഷ്ട്രപതിയുടെ സ്ഥാനം ഒഴിയുമ്പോൾ പുതിയ രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതു വരെ രാഷ്ട്രപതിയുടെ ജോലികളെ നിർവ്വഹിക്കേണ്ടതാണ്.

## പ്രധാനമന്ത്രി

ഇംഗ്ലണ്ടിലെ സമ്പ്രദായത്തെ പിൻതുടർന്ന് ഇന്ത്യൻ ഭരണഘടന പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള നിർവഹണഘടനയെ നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി ബ്രിട്ടണിലേതുപോലെ പരിപൂർണ്ണ അധികാരമുള്ള ഭരണത്തലവനാകുന്നു ഇന്ത്യൻ ഭരണഘടനാ നിയമപ്രകാരം ലോക്സഭയിൽ ഭൂരിപക്ഷ കക്ഷിയുടെ അഥവാ വിഭാഗത്തിന്റെ നേതാവിനെ പ്രധാനമന്ത്രിയായി രാഷ്ട്രപതി നിയമിക്കുന്നു. പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം മറ്റു മന്ത്രിമാരെയും നിയമിക്കുന്നു.



ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി
ശ്രീ. ജവഹർലാൽ നെഹ്റു



ഇന്ത്യൻ പ്രധാനമന്ത്രി
ശ്രീ നരേന്ദ്രമോദി

പ്രധാനമന്ത്രി തന്നെയാണ് മന്ത്രിസഭയുടെ നേതാവ്. പ്രധാനമന്ത്രി മറ്റു മന്ത്രിമാർക്ക് വകുപ്പുകൾ വിഭജിച്ചു നൽകുന്നു. കൂടാതെ അവരുടെ ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നു. പ്രധാന മന്ത്രിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മന്ത്രിസഭ രാജ്യത്തിന്റെ നയങ്ങൾക്കും പദ്ധതികൾക്കും രൂപം നല്കുന്നു. അദ്ദേഹം ഗവൺമെന്റിന്റെ മുഖ്യവക്താവും കൂടിയാണ്. അതിനാൽ പ്രധാനമന്ത്രിയെ രാജ്യത്തിന്റെ രാഷ്ട്രീയ നേതാവ് എന്നു വിളിക്കുന്നു. കൂടാതെ സർക്കാരിന്റെ ധനകാര്യസമിതി, ദേശീയോദ്ഗ്രഥനസമിതി, ആസൂത്രണ കമ്മീഷൻ (നിതി ആയോഗ്) എന്നിവയുടെ തലവനായും പ്രധാനമന്ത്രി ശോഭിക്കുന്നു.

## മന്ത്രി സഭ

ഭരണഘടനയിൽ മന്ത്രിസഭയിലെ മന്ത്രിമാരുടെ എണ്ണത്തെ നിർണ്ണയിച്ചിട്ടില്ല. പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം മൂന്നു വിധത്തിലുള്ള മന്ത്രിമാരെ നിയമിക്കപ്പെടുന്നു. അവ

1. കേബിനറ്റ് മന്ത്രിമാർ
2. സഹമന്ത്രിമാർ
3. ഉപമന്ത്രിമാർ

## 1. കേബിനറ്റ് മന്ത്രിമാർ

കേബിനറ്റ് മന്ത്രിമാർ സർക്കാരിന്റെ നയങ്ങളെ രൂപീകരിക്കുന്നവരും സർക്കാരിന്റെ വിവിധ വകുപ്പുകളെ നയിക്കുന്നവരുമാണ്. അവർ തങ്ങൾക്ക് നൽകപ്പെട്ട വകുപ്പുകളുടെ പ്രധാന നിർവാഹിയായിരിക്കുന്നു. ഐകകണ്ഠ്യേനയോ ഭൂരിപക്ഷമനുസരിച്ചോ കൂട്ടുത്തരവാദിത്വമുള്ള ഒരു സമിതിയാണിത്. പ്രധാന വകുപ്പുകളായ ധനകാര്യം, ആഭ്യന്തരം, വിദേശം, റെയിൽ ഗതാഗതം എന്നിവ ഇവരുടെ അധികാര പരിധിയിലാണ്.

## 2. സഹമന്ത്രിമാർ

സഹമന്ത്രിമാർ വിവിധ വകുപ്പുകളുടെ ഉത്തരവാദികളായി പ്രവർത്തിക്കുന്നു. ഇവർ ക്ഷണിക്കപ്പെട്ടാലല്ലാതെ കേബിനറ്റ് സമ്മേളനത്തിൽ പങ്കെടുക്കാൻ സാധിക്കുകയില്ല.

## 3. ഉപമന്ത്രിമാർ

ഇവർ കേബിനറ്റ് മന്ത്രിമാർക്കും സഹമന്ത്രിമാർക്കും സഹായിയായി മന്ത്രിസഭയിൽ പ്രവർത്തിക്കുന്നു.

## നീതിന്യായ വകുപ്പ്

സുപ്രീംകോടതിയെ പ്രധാനകോടതിയായി കരുതുന്ന സ്വതന്ത്രവും ഏകീകൃതവുമായ നീതിന്യായ വകുപ്പ് നമ്മുടെ ഭരണഘടന ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നീതിന്യായ വകുപ്പ് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ നിയമനിർമ്മാണ സഭ, നിർവാഹ വകുപ്പുകൾ എന്നിവയുടെ അധികാര പരിധിയിൽപെടാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നവയാണ്. ഏകീകൃത നീതിന്യായ വകുപ്പ് എന്നത് രാജ്യം മുഴുവനും പല തട്ടുകളിലുള്ള കോടതികൾ ഒരേ സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്നതിനെ അർത്ഥമാക്കുന്നു.

പൗരൻമാരുടെ അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും സംരക്ഷിക്കുന്നതിൽ നീതിന്യായ വകുപ്പ് പ്രധാനപങ്ക് വഹിക്കുന്നു. അതുമാത്രമല്ല, ഭരണഘടനാ നിയമങ്ങളെ വ്യാഖ്യാനിക്കുന്നതിലും, നിർവഹണ, നിയമസഭാ കൈകടത്തലുകളിൽ നിന്ന് ഭരണഘടനയുടെ അടിസ്ഥാനരൂപീകരണത്തെ സംരക്ഷിക്കുന്നതിലും നീതിന്യായ വകുപ്പ് പ്രധാനപങ്ക് വഹിച്ചു വരുന്നു.

## സുപ്രീംകോടതിയുടെ ഘടന



സുപ്രീം കോടതി,ന്യൂഡൽഹി

1950-ലാണ് ഇന്ത്യൻ ഭരണഘടനാ നിയമം പ്രബല്യത്തിൽ വന്നപ്പോൾ സുപ്രീംകോടതിയിൽ ഒരു മുഖ്യന്യായാധിപൻ ഉൾപ്പെടെ 8 ന്യായാധിപൻമാർ ഉണ്ടായിരുന്നു. ഇപ്പോൾ സുപ്രീംകോടതിയിൽ മുഖ്യന്യായാധിപൻ ഉൾപ്പെടെ 31 ന്യായാധിപന്മാർ ഉണ്ട്.

## സുപ്രീംകോടതി ന്യായാധിപൻമാരുടെ നിയമനം

സുപ്രീംകോടതിയുടെ മുഖ്യ ന്യായാധിപനെ രാഷ്ട്രപതി നിയമിക്കുന്നു. മുഖ്യന്യായാധിപൻ തലവനായിട്ടുള്ള സമിതിയുടെ ഉപദേശപ്രകാരം മറ്റു ന്യായാധിപൻമാരെയും രാഷ്ട്രപതി നിയമിക്കുന്നു.

## സുപ്രീംകോടതി ന്യായാധിപൻമാരുടെ യോഗ്യതകൾ

1. ഇന്ത്യൻ പൗരനായിരിക്കണം
2. ഹൈക്കോടതിയിൽ കുറഞ്ഞത് 5 വർഷം ന്യായാധിപനായി സേവനം അനുഷ്ഠിച്ചിരിക്കണം.
3. ഹൈക്കോടതിയിൽ കുറഞ്ഞത് 10 വർഷങ്ങൾ അഭിഭാഷകനായി സേവനം അനുഷ്ഠിച്ചിരിക്കണം.

സുപ്രീംകോടതിയിലെ മുഖ്യ ന്യായാധിപനും മറ്റുന്യായാധിപൻമാരും 65 വയസ്സ് പൂർത്തിയാകുന്നതു വരെ പദവി വഹിക്കാം. കാലാവധി തീരുന്നതിനു മുൻപ് തങ്ങളുടെ രാജിക്കത്തിനെ രാഷ്ട്രപതിക്ക് നൽകാവുന്നതാണ്. പാർലമെന്റിൽ കുറ്റാരോപണങ്ങൾ നടത്തിയും സ്ഥാനഭ്രഷ്ടരാക്കാവുന്നതാണ്.

സുപ്രീംകോടതി ഇന്ത്യയുടെ തലസ്ഥാനമായ ന്യൂഡൽഹിയിൽ സ്ഥിതിചെയ്യുന്നു. രാഷ്ട്രപതിയുടെ അനുവാദത്തോടെ ഇന്ത്യയുടെ ഏത് പ്രദേശത്തും പ്രവർത്തിക്കാനുള്ള അധികാരം മുഖ്യന്യായാധിപനുണ്ട്.

## സുപ്രീംകോടതിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും.

### അ. നീതി നിർണ്ണയിക്കുന്നതിനുള്ള അധികാരങ്ങൾ

സുപ്രീംകോടതി ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷകനായി നിലകൊള്ളുന്നു. രണ്ടു പ്രധാന അധികാരങ്ങളായ ആദ്യവിചാരണയും, അപ്പീലിനുള്ള അധികാരവും ഇതിനുണ്ട്.

### ആ. ആദ്യവിചാരണ അധികാരം (മൗലികമായ ന്യായാധികാരം)

സുപ്രീംകോടതിയിൽ നേരിട്ട് ആദ്യമായി കൊണ്ടുവരുന്ന കേസുകളെ വിചാരണ ചെയ്യുന്നതിനുള്ള അധികാരത്തെ മൗലികമായ ന്യായാധികാരം (Original Jurisdiction) എന്നു പറയുന്നു. ഇവ സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും തമ്മിലുള്ള പ്രശ്നങ്ങൾ, സംസ്ഥാനസർക്കാരുകൾക്കിടയ്ക്കുള്ള പ്രശ്നങ്ങൾ, മൗലികഅവകാശങ്ങൾ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ എന്നിവ സുപ്രീംകോടതിക്ക് നേരിട്ട് സ്വീകരിക്കാവുന്നതാണ്. മൗലികഅവകാശങ്ങളെ നടപ്പിലാക്കുന്നതു സംബന്ധമായ പ്രശ്നങ്ങൾ സുപ്രീംകോടതിയുടെ അധികാര പരിധിയിൽ ഉൾപ്പെട്ടവയാണ്. മൗലിക അവകാശങ്ങളെ നടപ്പിലാക്കുന്നതിനായി സുപ്രീംകോടതിയിൽ ന്യായവിധികൾ (Writs) പുറപ്പെടുവിക്കുന്നു. അവ,

1. ഹാജരാക്കാനുള്ള ഉത്തരവ് (ഹേബിയസ് കോർപസ്)
2. നിർബന്ധിക്കുന്ന ഉത്തരവുകൾ (മാൻഡമസ്)
3. നിരോധന ഉത്തരവുകൾ (പ്രൊഹിബിഷൻ)
4. ആധാര സമർപ്പണത്തിനുള്ള ഉത്തരവുകൾ (സെർഷ്യയോററി)
5. യോഗ്യതാ രീതിയെ അന്വേഷിക്കുന്ന ഉത്തരവുകൾ. (കോവാറന്റോ)

സുപ്രീംകോടതിയും ഹൈക്കോടതിയും മേൽപ്പറഞ്ഞ അഞ്ച് ഉത്തരവുകളിലൂടെ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഭരണഘടന അനുശാസിക്കുന്നു. ഇതു മുഖേനജനങ്ങളുടെ മൗലികാവകാശങ്ങൾക്ക് ഉറപ്പ് നൽകപ്പെട്ടിരിക്കുന്നു. ആയതിനാൽ സുപ്രീംകോടതിയെ **ഭരണഘടനയുടെ സംരക്ഷകൻ** എന്നു വിളിക്കുന്നു.

#### 1. ഹാജരാക്കാനുള്ള ഉത്തരവുകൾ (ഹേബിയസ് കോർപ്പസ്)

അന്യായമായി അറസ്റ്റുചെയ്യുന്നതിൽ നിന്നും പൗരൻമാരെ സംരക്ഷിക്കുന്നു.

#### 2. നിർബന്ധിക്കുന്ന ഉത്തരവുകൾ (മാൻഡമസ്)

ഒരു പൊതുസ്ഥാപനത്തിൽ തന്റെ ആവശ്യം നിർവ്വഹിക്കുന്നതിന് നിയമസഹായം നല്കി പൗരന് സംരക്ഷണമേകുന്നു.

#### 3. നിരോധന ഉത്തരവുകൾ (പ്രൊഹിബിഷൻ)

കീഴ്കോടതികൾ അധികാര പരിധിവിട്ട് പ്രവർത്തിക്കുന്നതിനെ തടയുന്നു.

#### 4. ആധാര സമർപ്പണ ഉത്തരവുകൾ (സെർഷ്യോററി)

കീഴ്കോടതികൾ പരിധിവിട്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളെ നീക്കുന്നത്.

#### 5. യോഗ്യതാ രീതി അന്വേഷണ ഉത്തരവുകൾ (കോവാറന്റോ)

പൊതുസ്ഥാനങ്ങളെ അന്യായമായി നേടുന്നത് തടയൽ.

### അപ്പീൽ അധികാരങ്ങൾ (അപ്പീൽ ന്യായാധികാരം)

സിവിൽ, ക്രിമിനൽ എന്നിവ കൂടാതെ ഭരണഘടനാ സംബന്ധമായ കേസുകളിൽ ഹൈക്കോടതിയുടെ ഉത്തരവിനെതിരെ ഒരാൾക്ക് സുപ്രീംകോടതിയിൽ അപ്പീൽ നൽകാവുന്നതാണ്. അതിന് ഹൈക്കോടതിയുടെ അനുവാദം ആവശ്യമാണ്. ഇങ്ങനെയുള്ള ഹൈക്കോടതി ഉത്തരവുകൾക്കെതിരെ സുപ്രീംകോടതിയിൽ വിചാരണ ചെയ്യാനുള്ള അധികാരങ്ങളെ **അപ്പീൽ ന്യായാധികാരം** എന്നുപറയുന്നു.

### നിർവ്വാഹ പ്രവർത്തനങ്ങൾ

ബാധിക്കപ്പെട്ടവർക്ക് നീതി ലഭിക്കുന്നതിനായി പലതലങ്ങളിൽ നീതിപീഠങ്ങൾ ചങ്ങലപോലെ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ 21 ഹൈക്കോടതികൾ നിലവിലുണ്ട്. ചില ഹൈക്കോടതികൾ ഒന്നിലധികം സംസ്ഥാനങ്ങളിലോ കേന്ദ്രഭരണ പ്രദേശങ്ങളിലോ ഉള്ള കേസുകളെ ഏറ്റെടുക്കുന്നു. ഹൈക്കോടതിക്കു കീഴിൽ പലവിധത്തിലുള്ള അനുബന്ധ കോടതികൾ ഉണ്ട്. എന്നാൽ ഇന്ത്യയിലുള്ള എല്ലാ നീതിപീഠങ്ങളും സുപ്രീംകോടതിയുടെ നിർവാഹ നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്നു.അടുത്ത

കാലത്തായി വേഗത്തിലും കുറഞ്ഞ ചില വിലും നീതിലഭിക്കുന്നതിനു വേണ്ടി, പ്രത്യേകിച്ച് പാവപ്പെട്ട ജനങ്ങൾക്കു വേണ്ടി **ലോക് അദാലത്ത്** എന്നു പറയുന്ന **ജനകീയ നീതിപീഠങ്ങൾ** രൂപീകരിച്ചിട്ടുണ്ട്.

1987-മാണ്ടിലെ നിയമസേവന വകുപ്പ് നിയമത്തിൻ കീഴിൽ ലോക്അദാലത്ത്എന്ന ജനകീയ നീതിപീഠം ഏർപ്പെടുത്തി. ഇവ ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന കേസുകളെ വേഗത്തിൽ വിചാരണ നടത്തി വിധി പ്രഖ്യാപിക്കുന്നു. ഇതു മുഖേന ജനങ്ങൾക്ക് തങ്ങളുടെ ധനം, സമയം, ഊർജ്ജം എന്നിവയെ സംരക്ഷിക്കാവുന്നതാണ്. ക്രിമിനൽ കേസുകളൊഴികെ മറ്റെല്ലാ കേസുകൾക്കും ഈ നീതിപീഠം മുഖേന പരിഹാരം കാണാവുന്നതാണ്.

> ഇപ്രകാരമുള്ള നീതിപീഠങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ വർത്തമാനപത്രങ്ങൾ സഹായിക്കുന്നുണ്ട്. ഈ നീതിപീഠങ്ങൾ മുഖേന തമിഴ്നാട്ടിൽ പലകേസുകൾക്കും പരിഹാരം കണ്ടിട്ടുണ്ട്. ഈ നീതിപീഠങ്ങളെ **അതിവേഗ കോടതികൾ** എന്നു പറയുന്നു.

ഭരണഘടനാ നിയമപ്രശ്നങ്ങൾ സംബന്ധമായി, രാഷ്ട്രപതി വിശദീകരണം ആവശ്യപ്പെട്ടാൽ അത്തരത്തിലുള്ള ആലോചനകൾ നൽകുന്നതിനുള്ള ഉത്തരവാദിത്വം സുപ്രീംകോടതിക്കുണ്ട്.

### നീതിന്യായ പുന : പരിശോധന

നിയമസഭകളിൽ നിറവേറ്റുന്ന ഏതൊരു നിയമത്തെയും ഭരണഘടനാ വിരുദ്ധമെന്ന് തീരുമാനിക്കുന്ന സുപ്രീം കോടതിയുടെ അധികാരത്തെ '**നീതിന്യായ പുന : പരിശോധന**' എന്നു പറയുന്നു. ഈ നിയമ പുനപരിശോധന പ്രകാരം ഇന്ത്യയിലുള്ള പാർലമെന്റ് ഉൾപ്പെടെ ഏതൊരു നിയമ സഭയിലും. നിറവേറ്റപ്പെട്ട നിയമത്തേയും അത് ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധമെന്നു കണ്ടാൽ ആ നിയമം "**അപ്രായോഗികമെന്ന്**" പ്രഖ്യാപിക്കാനുള്ള അധികാരവും സുപ്രീംകോടതിക്കുണ്ട്. നിർവ്വഹണസമ്പ്രദായം, നിയമസഭയുടെ പരിധി വിട്ടുള്ള പ്രവർത്തനം എന്നിവയെ ഈ "**പുനപരിശോധന**" അധികാരം നിയന്ത്രിക്കുന്നു. ആയതിനാൽ സുപ്രീംകോടതിയെ "**ഭരണഘടനയുടെ സംരക്ഷകൻ**" എന്നു പറയുന്നത് വളരെ യോജിച്ചതാണ്.

> **ചർച്ച ചെയ്യുക**
>
> ഏകീകൃതവും സ്വതന്ത്രവുമായനീതിന്യായ വകുപ്പ് ഇന്ത്യയിൽ ആവശ്യമാണോ? എന്തു കൊണ്ട് ?

> **നിങ്ങൾക്കറിയാമോ?**
>
> സൈനിക കോടതികളിൽ പ്രഖ്യാപിക്കപ്പെട്ട ഉത്തരവുകളിൽ സുപ്രീംകോടതിക്ക് ഇടപെടാൻ സാധ്യമല്ല. സൈനിക കോടതി ഉത്തരവുകൾക്കെതിരെ സുപ്രീം കോടതിയിൽ പരാതി നൽകാൻ കഴിയില്ല.

## ഹൈക്കോടതി

ഇന്ത്യൻ ഭരണഘടന 214 നിയമ പ്രകാരം ഓരോ സംസ്ഥാനത്തിലും ഹൈക്കോടതി സ്ഥാപിച്ചിട്ടുണ്ട്. പൊതുവായി രണ്ടോ അല്ലെങ്കിൽ അതിലധികമോ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി (യൂണിയൻ പ്രദേശം) ഒരുഹൈക്കോടതി പാർലമെന്റ് അനുമതിയോടെ പ്രവർത്തിക്കാവുന്നതാണ്. സംസ്ഥാനത്തെ മറ്റു നീതിപീഠങ്ങൾ ഹൈക്കോടതിയുടെ മേൽനോട്ടത്തിൻ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഹൈക്കോടതികളിൽ നിന്നും കൊണ്ടുവരുന്ന അപ്പീലുകളെ സുപ്രീം കോടതി വിചാരണ ചെയ്യും.

ഹൈക്കോടതി ഒരു മുഖ്യന്യായാധിപനും മറ്റു ന്യായാധിപൻമാരും ഉൾപ്പെട്ടതാണ്. ഇവരെ രാഷ്ട്രപതി നിയമിക്കുന്നു. ഹൈക്കോടതിയിലെ ന്യായാധിപന്മാരുടെ എണ്ണം നിർണ്ണയിക്കപ്പെട്ടിട്ടില്ല.

> **പ്രായോഗികം**
>
> ഹൈക്കോടതിയുടെ അധികാരപരിധിക്കുള്ളിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ നീതിപീഠങ്ങൾ ഏതെല്ലാം?

### ഹൈക്കോടതിയിലെ മുഖ്യ ന്യായാധിപനും മറ്റു ന്യായാധിപന്മാരും.

രാഷ്ട്രപതി സുപ്രീംകോടതിയിലെ മുഖ്യന്യായാധിപന്റെയും സംസ്ഥാന ഗവർണ്ണറുടേയും നിർദ്ദേശപ്രകാരം ഹൈക്കോടതിയിലെ മുഖ്യന്യായാധിപനെ നിയമിക്കുന്നു. പൊതുവായി സേവനത്തിൽ മുതുർന്ന ന്യായാധിപനെ മുഖ്യ ന്യായാധിപനായി നിയമിക്കുന്നു. ഹൈക്കോടതി മുഖ്യന്യായാധിപന്റെ നിർദ്ദേശപ്രകാരം മറ്റു ന്യായാധിപൻമാരെ നിയമിക്കുന്നു.

### ന്യായാധിപന്മാരുടെ യോഗ്യതകൾ

1. ഇന്ത്യൻ പൗരനായിരിക്കണം
2. ഹൈക്കോടതികളിൽ അഭിഭാഷകനായി കുറഞ്ഞത് 10 വർഷമെങ്കിലും സേവനമനുഷ്ഠിച്ചിരിക്കണം.

(അഥവാ)

3. കുറഞ്ഞത് 10 വർഷമെങ്കിലും ഏതെങ്കിലുമൊരു കോടതിയിൽ ന്യായാധിപനായി സേവനമനുഷ്ഠിച്ചിരിക്കണം.

ന്യായാധിപന്മാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി നിർണ്ണയിക്കപ്പെട്ടിരുന്നു. എന്നാൽ 1963-ാമാണ്ടത്തെ ഭരണഘടന 15-ാം ഭേദഗതിപ്രകാരം ന്യായാധിപന്മാരുടെ വിരമിക്കൽ വയസ്സ് 62 ആയി ഉയർത്തിയിട്ടുണ്ട്.

### ഹൈക്കോടതിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും

ഹൈക്കോടതിയുടെ അധികാര പരിധിയെ രണ്ടായി തിരിക്കാം.

**ഹൈക്കോടതി**

- ആദ്യവിചാരണ (മൗലികമായ ന്യായാധികാരം)
- അപ്പീലിനുള്ള അധികാരം (അപ്പീൽ ന്യായാധികാരം)



മദ്രാസ്, ഹൈക്കോടതി

### ആദ്യവിചാരണ അധികാരം

ഹൈക്കോടതിയുടെ ആദ്യവിചാരണാധികാരം ചില പരിധികൾക്ക് ഉൾപ്പെട്ടതാണ്. ഭരണഘടനയുടെ 226 -ാം വിഭാഗമനുസരിച്ച് മൗലിക അവകാശങ്ങളെ പ്രാവർത്തികമാക്കാനോ അല്ലെങ്കിൽ പ്രത്യേക ലക്ഷ്യങ്ങൾക്കോ ന്യായ ഉത്തരവുകൾ (Writs) പുറപ്പെടുവിക്കാൻ സാധിക്കും. ഈ പ്രാരംഭാവസ്ഥ അഥവാ നേരിട്ടുള്ള അധികാര നിർവഹണം, വിവാഹ സംബന്ധമായ കേസുകൾ, തൊഴിൽശാലാനിയമം, കോടതി അലക്ഷ്യം എന്നിങ്ങനെയുള്ള കേസുകൾ അടങ്ങിയതാണ്. സുപ്രീംകോടതിയെപ്പോലെ ഹൈക്കോടതിക്കും മൗലികാവകാശം സംരക്ഷിക്കുന്നതിനായി,

1. ഹാജരാക്കൽ ഉത്തരവുകൾ
2. നിർബന്ധിത ഉത്തരവുകൾ
3. നിരോധന ഉത്തരവുകൾ
4. ആധാര സമർപ്പണ ഉത്തരവുകൾ
5. യോഗ്യതാ രീതി അന്വേഷണ ഉത്തരവുകൾ.

എന്നീ ഉത്തരവുകൾ പുറപ്പെടുവിക്കാൻ കഴിയും.

### മേൽപരാതി (അപ്പീൽ) നൽകാനുള്ള അധികാരങ്ങൾ

ഇതനുസരിച്ച് കീഴ്ക്കോടതി ഉത്തരവുകൾക്കെതിരെ മേൽക്കോടതിയിൽ സമർപ്പിക്കുന്ന സിവിൽ, ക്രിമിനൽ കേസുകളെ വിചാരണ ചെയ്ത് വിധി കൽപിക്കാവുന്നതാണ്. ഭരണഘടനാ നിയമ വ്യാഖ്യാനങ്ങൾ സംബന്ധമായ കേസുകളേയും ഹൈക്കോടതിക്ക് വിചാരണ ചെയ്യാം. ഇപ്രകാരമുള്ള അധികാര പരിധിക്കുള്ളിൽ ഹൈക്കോടതി പൂർണ്ണമായും സ്വതന്ത്രമായും പ്രവർത്തിക്കുന്നു.

**കണ്ടുപിടിക്കുക**

ഒരു സംസ്ഥാനത്തിൽ ഹൈക്കോടതിയുടെ കീഴിലുള്ള നീതിപീഠങ്ങൾ ഏതെല്ലാം?

**നിങ്ങൾക്കറിയാമോ?**

കീഴ്ക്കോടതികളിൽ നിന്നും വരുന്ന അവകാശ സംബന്ധമായ (സിവിൽ കേസുകൾ) പ്രാഥമികഘട്ട, ദ്വിതീയഘട്ട കേസുകളെ ഹൈക്കോടതിക്ക് വിചാരണ ചെയ്യാം. ക്രിമിനൽ കേസുകളിൽ ഹൈക്കോടതിക്ക് സെഷൻസ് അഥവാ അഡീഷണൽ സെഷൻസ് ന്യായാധിപരുടെ ഉത്തരവുകൾക്കെതിരെയുള്ള അപ്പീലുകളുടെ വിചാരണ നടത്താവുന്നതാണ്.

### നിർവ്വഹണ അധികാരങ്ങൾ

സംസ്ഥാനത്ത് നീതിന്യായ പരിപാലനത്തിനായി പലതരത്തിലുള്ള നീതിപീഠങ്ങൾ നിലവിലുണ്ട്. അവയെ കീഴ്ക്കോടതികൾ എന്നു പറയുന്നു. ഇപ്രകാരമുള്ള കീഴ്ക്കോടതികളെ ഹൈക്കോടതി നിരീക്ഷിക്കുന്നു. കീഴ്ക്കോടതികൾ ഹൈക്കോടതികളുടെ ഉത്തരവുകളെയും, ക്രമീകരണങ്ങളെയും, പിൻതുടരേണ്ടതാണ്. കീഴ്ക്കോടതിയിലെ രേഖകളെ ഹൈക്കോടതിക്ക് പരിശോധിക്കാവുന്നതാണ്. ഒരു കീഴ്ക്കോടതിയിൽ നിന്നും കേസുകളെ മറ്റൊന്നിലേയ്ക്ക് മാറ്റാനുള്ള അധികാരം ഹൈക്കോടതി ക്കുണ്ട്.

### നീതിന്യായ പുനഃപരിശോധനാധികാരം.

നിയമ നിർമ്മാണ സഭയാൽ നിറവേറ്റപ്പെടുന്ന നിയമരൂപങ്ങൾ ഭരണഘടനയ്ക്ക് വിരുദ്ധമാണെന്നറിഞ്ഞാൽ ആ നിയമത്തെ അപ്രായോഗികമെന്ന് വിധിക്കാനുള്ള അധികാരം സുപ്രീംകോടതിക്കുള്ളതുപോലെ ഹൈക്കോടതിക്കുമുണ്ട്. ഈ അധികാരം ഭരണ നിർവഹണ സമിതി, നിയമനിർമ്മാണസഭ എന്നിവയുടെ അധികാര പരിധിവിട്ടുള്ള പ്രവർത്തനം എന്നിവ നിയന്ത്രിക്കാൻ സഹായിക്കുന്നു.

ചെന്നൈ ഹൈക്കോടതിയുടെ ശാഖ മധുരയിൽ പ്രവർത്തിക്കുന്നു. സംസ്ഥാനഭരണത്തിന്റെ മൂന്നു വിഭാഗങ്ങളും സ്വതന്ത്രമായി പ്രവർത്തിക്കുന്ന വിഭാഗങ്ങളായിരുന്നാലും അധികാര പരിധിവിട്ട് പ്രവർത്തിക്കുവാൻ കഴിയില്ല. ഇതിൽ ഏതെങ്കിലുമൊരു വിഭാഗം ഭരണഘടനാധികാരത്തെ ദുർവിനിയോഗം ചെയ്താൽ മറ്റു രണ്ടു വിഭാഗങ്ങളും ഇതിനെ നിരീക്ഷിച്ച് ജനങ്ങളെ ബാധിക്കാത്ത രീതീയിൽ സംരക്ഷിക്കുന്നു. ഇതിനെ നിരീക്ഷിച്ച് സമീകരിക്കുന്ന രീതി എന്നറിയപ്പെടുന്നു. ഇതനുസരിച്ച് നിർവഹണ വകുപ്പ്, നിയമ വകുപ്പ്, നീതിന്യായ വകുപ്പ് എന്നിവ പൂർണ്ണ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമായി കാണാം. അതുപോലെ നീതിന്യായ വകുപ്പ് കേന്ദ്രസർക്കാരും, സംസ്ഥാനസർക്കാരും പരസ്പരം തങ്ങളുടെ അധികാരങ്ങളിൽ ഇടപെടുന്നതിനെ തടയുന്നു.

**അറിയുക**

നീതിന്യായ കോടതികൾ അല്ലാതെ സംസ്ഥാനത്തുള്ള മറ്റു കോടതികൾ ഏതെല്ലാം?

# അഭ്യാസം

## അ. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. ഇന്ത്യൻ പാർലമെന്റ് __________ ഉൾക്കൊണ്ടതാണ്

   അ). ഏകസഭ, ആ). ഇരുസഭ ഇ). മൂന്നുസഭ ഈ). ഒന്നുമില്ല

2. പ്രധാനമന്ത്രിയെ നിയമിക്കുന്നത്

   അ). ലോക്സഭ ആ). മന്ത്രിസഭ ഇ). രാജ്യസഭ ഈ). രാഷ്ട്രപതി

3. ലോകസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എത്ര?

   അ).530 ആ). 238 ഇ). 543 ഈ). 250

4. ലോകസഭാംഗങ്ങൾ __________ മുഖേന തെരഞ്ഞെടുക്കപ്പെടുന്നു.

   അ). നേരിട്ടുള്ള തെരഞ്ഞെടുപ്പ് രീതി ആ). പരോക്ഷ തെരഞ്ഞെടുപ്പ്

   ഇ). സ്പീക്കർ ഈ). പ്രധാനമന്ത്രി

5. മേൽസഭ എന്നത്

   അ). രാജ്യസഭ, ആ). ലോക്സഭ,

   ഇ). ക്യാബിനറ്റ് ഈ). പാർലമെൻറ്

6. ഇന്ത്യൻ യൂണിയന്റെയും റിപ്പബ്ലിക്കിന്റെയും തലവൻ

   അ). സ്പീക്കർ ആ). ഉപരാഷ്ട്രപതി

   ഇ). രാഷ്ട്രപതി ഈ). സുപ്രീംകോടതി ന്യായാധിപൻ.

7. ധനകാര്യ ബില്ലുകൾ __________ അനുവാദമില്ലാതെ അവതരിപ്പിക്കുവാൻ കഴിയില്ല.

   അ). പാർലമെന്റ് ആ). പ്രധാനമന്ത്രി

   സി). രാഷ്ട്രപതി ഡി). അറ്റോർണി ജനറൽ

8. കേന്ദ്ര ധനകാര്യമന്ത്രി വാർഷിക പദ്ധതിയെ __________ സമക്ഷത്തിൽ സമർപ്പിക്കുന്നു

   അ). പാർലമെന്റ് ആ). ലോക്സഭ

   ഇ). രാജ്യസഭ ഈ). പ്രധാനമന്ത്രി

9. ഉപരാഷ്ട്രപതി പദവിക്കു __________ ഭരണഘടനാ വിഭാഗം അനുശാസിക്കുന്നു.

   അ). ഭരണഘടനാ വിഭാഗം 53 ആ). ഭരണഘടനാ വിഭാഗം 356

   ഇ). ഭരണഘടനാ വിഭാഗം 360 ഈ). ഭരണഘടനാ വിഭാഗം 63

10. ഇപ്പോഴത്തെ ഇന്ത്യൻ രാഷ്ട്രപതി

അ). ശ്രീ. കെ ആർ നാരായണൻ

ആ). ശ്രീ.പ്രണാബ് മുഖർജി

ഇ). ശ്രീമതി. പ്രതിഭാദേവിസിംഗ് പട്ടീൽ

ഈ). ഡോ.അബ്ദുൾകലാം

11. സുപ്രീംകോടതി ന്യായാധിപനെ നിയമിക്കുന്നത്

അ). ക്യാബിനറ്റ് മന്ത്രി ആ). പാർലമെന്റിലെ അംഗങ്ങൾ

ഇ). പ്രധാനമന്ത്രി ഈ). രാഷ്ട്രപതി

12. സുപ്രീംകോടതി ന്യായാധിപൻമാരുടെ എണ്ണം

അ). 31 ആ). 15 ഇ). 9 ഈ). 12

13. സുപ്രീംകോടതി ന്യായാധിപൻ വിരമിക്കുന്ന വയസ്സ്

അ). 62 ആ). 65 ഇ). 58 ഈ). 60

14 ലോക അദാലത്ത് രൂപീകരിച്ച വർഷം

അ). 1950 ആ). 1947 ഇ). 1987 ഈ). 2000

15. സുപ്രീംകോടതിയുടെ ആസ്ഥാനം

അ). ചെന്നൈ ആ). ബോംബേ
ഇ). കൽക്കട്ട ഈ). ന്യൂഡൽഹി

## ആ. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. രാജ്യസഭാംഗമാകാൻ ആവശ്യമായ യോഗ്യതകൾ എന്തെല്ലാം?
2. പ്രധാനമന്ത്രിയെ എപ്രകാരം തെരഞ്ഞെടുക്കുന്നു?
3. ഇരുസഭ പാർലമെന്റ് എന്നാലെന്ത് ?
4. ലോക്സഭ എന്നാൽ എന്ത് ?
5. തെരഞ്ഞെടുപ്പു പ്രതിനിധി വിഭാഗം എന്നാലെന്ത് ?
6. രാഷ്ട്രപതിയാൽ നിയമിക്കപ്പെടുന്നവർ ആരെല്ലാം?
7. അടിയന്തരാവസ്ഥ എപ്പോഴെല്ലാം പ്രഖ്യാപിക്കുന്നു?
8. ഉപരാഷ്ട്രപതിയെ എപ്രകാരം തെരഞ്ഞെടുക്കുന്നു?
9. സുപ്രീംകോടതി ന്യായാധിപന്റെ യോഗ്യതകൾ എന്തെല്ലാം?
10. ആദ്യവിചാരണ അധികാരം എന്നാൽ എന്ത്?
11. നീതിന്യായ പുനഃപരിശോധനാധികാരം എന്നാൽ എന്ത്?
12. ഹൈക്കോടതി ന്യായാധിപന്റെ ജോലികൾ എന്തെല്ലാം?
13. അപ്പീൽ ന്യായാധികാരപരിധി - വിശദമാക്കുക?

## ഇ. ഖണ്ഡികയിൽ ഉത്തരമെഴുതുക?

1. പാർലമെന്റിന്റെ അധികാരങ്ങളെയും പ്രവർത്തനങ്ങളെയും വിവരിക്കുക?
2. മന്ത്രിസഭയെപ്പറ്റി വിവരിക്കുക?
3. രാഷ്ട്രപതിയുടെ അധികാരങ്ങളെപ്പറ്റി വിവരിക്കുക?
4. ഉപരാഷ്ട്രപതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാം?
5. സുപ്രീംകോടതിയുടെ പ്രവർത്തനങ്ങളെയും അധികാരങ്ങളെയും കുറിച്ച് വിവരിക്കുക?
6. ഹൈക്കോടതി ന്യായാധിപൻമാരുടെ അധികാരങ്ങളെപ്പറ്റി വിവരിക്കുക?

## രൂപീകരണ മൂല്യനിർണ്ണയം

1. 1947 മുതൽ 2013 വരെയുള്ള പ്രധാനമന്ത്രിമാരുടെ ചിത്രങ്ങൾ കൊണ്ട് ഒരു ചാർട്ട് തയ്യാറാക്കുക.
2. താഴെപ്പറയുന്ന വിഷയങ്ങളിൽ ഗവൺമെന്റിന്റെ പത്ത് അധികാരങ്ങളും ചുമതലകളും ഉൾക്കൊള്ളുന്ന ഒരു പട്ടിക തയ്യാറാക്കുക.

   (മ) കേന്ദ്രപട്ടിക (യ) സംസ്ഥാനപട്ടിക (ര) പൊതുവായ പട്ടിക
3. ഇന്ത്യൻ രാഷ്ട്രപതിയുടേയും പ്രധാനമന്ത്രിയുടേയും അധികാരങ്ങളെ കാണിക്കുന്ന ഒരു മൈൻഡ്മാപ്പ് വരയ്ക്കുക
4. നിയമനിർമ്മാണ സഭകളിൽ ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്ന - നിയമങ്ങളെക്കുറിച്ചുള്ള വാർത്തകൾ ശേഖരിച്ച് നോട്ടുബുക്കിൽ പതിക്കുക.
5. നിങ്ങളുടെ ക്ലാസ്സിലെ കുട്ടികളുടെ അവകാശങ്ങളെയും കടമകളെയും രേഖപ്പെടുത്തി ക്ലാസ്സ് ഭരണഘടനയുടെ ഒരു രൂപരേഖ തയ്യാറാക്കുക.
6. ഇന്ത്യൻ പാർലമെന്റിന്റെ ഘടനയെ കാണിക്കുന്ന ഒരു രേഖാചിത്രം വരയ്ക്കുക

# സാമ്പത്തിക ശാസ്ത്രം

## 1. ആവശ്യകതയും ലഭ്യതയും (Demand and Supply)

ഓരോ മനുഷ്യന്റെ ജീവിതത്തിലും സാമ്പത്തിക ശാസ്ത്രം ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. നമ്മുടെ ദൈനം ദിനജീവിതത്തിൽ ആവശ്യം എന്ന വാക്ക് ഇടയ്ക്കിടെ പ്രയോഗിക്കാറുണ്ട്. ഈ ആവശ്യം എന്നത് എന്തിനെക്കുറിക്കുന്നു? ആവശ്യം എന്നത് ഒരാഗ്രഹമാണ്. എന്നാൽ സാമ്പത്തിക ശാസ്ത്രത്തിൽ ആവശ്യം എന്നാൽ വെറും ആഗ്രഹം മാത്രമല്ല, ആവശ്യകതകൂടിയാണ്. വാങ്ങാനുള്ള ആഗ്രഹത്തെയാണ് സാമ്പത്തിക ശാസ്ത്രത്തിൽ ആവശ്യകത എന്നു പറയുന്നത്. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ ആഗ്രഹത്തെ നിറവേറ്റുന്നതിനുള്ള ശക്തി (പണം) ഉണ്ടെങ്കിൽ മാത്രമേ ആഗ്രഹം നിറവേറുകയുള്ളൂ.

ആവശ്യകതയെ പട്ടികയുടെ സഹായത്തോടെ വിശദീകരിക്കാം

1. എന്താണ് ആവശ്യപ്പെടുന്നത്?
2. എപ്പോഴാണ് ആവശ്യപ്പെടുന്നത്?
3. എവിടെയാണ് ആവശ്യപ്പെടുന്നത്?
4. എന്ത് വിലയ്ക്കാണ് ആവശ്യപ്പെടുന്നത്?

മേൽപ്പറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന പട്ടികയെ ആവശ്യകത എന്നു പറയുന്നു.

ഉദാഹരണമായി കഴിഞ്ഞയാഴ്ച റാം എന്നയാൾ തിരുച്ചിയിൽ നിന്ന് ഒരു ഡസന് 50/- രൂപാവീതം 2 ഡസൻ കൈലേസുകൾ വാങ്ങി.

തന്നിട്ടുള്ള പട്ടികയിൽ നിന്ന് മുകളിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുക.

**പ്രവർത്തനം**

നിങ്ങൾക്കിഷ്ടമുള്ള സാധനങ്ങളുടെ ആവശ്യ പട്ടിക തയ്യാറാക്കുക

അതിനാൽ ആവശ്യകതയെന്നത് സാധനങ്ങളെ വാങ്ങുന്ന ജനങ്ങളിൽ നിന്ന് ഉണ്ടാകുന്നതാണ്. അവരെ ഉപഭോക്താവ് എന്നു പറയുന്നു. ജനങ്ങൾക്ക് മീൻപോലുള്ള വേഗത്തിൽ ചീഞ്ഞുപോകുന്ന വസ്തുക്കളും കസേര പോലുള്ള ചീഞ്ഞു പോകാത്ത വസ്തുക്കളും ആവശ്യമാണ്. എല്ലാ സാധനങ്ങളുടെ ആവശ്യകതയും വിലയെ അനുസരിച്ചാണിരിക്കുന്നത്. അതിനാൽ വിലയാണ് ആവശ്യകതയെ തീരുമാനിക്കുന്ന മുഖ്യഘടകം. വിലയെ കൂടാതെ ആവശ്യകതയെ തീരുമാനിക്കുന്ന മറ്റു ഘടകങ്ങൾ താഴെകൊടുത്തിരിക്കുന്നു.

1. ഉപഭോക്താക്കളുടെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും.
2. പകരം നൽകുന്ന സാധനങ്ങളുടെ വില.
3. ഉപഭോക്താക്കളുടെ എണ്ണം
4. ഭാവികാല വിലയെക്കുറിച്ചുള്ള പ്രതീക്ഷ.
5. വരുമാന വിതരണം
6. കാലാവസ്ഥാ വ്യതിയാനം

**പ്രവർത്തനം**

ചായ, കാപ്പി എന്നിവയ്ക്കു പകരം ഉപയോഗിക്കുന്ന ഏതെങ്കിലും 10 സാധനങ്ങളുടെ പേര് എഴുതുക.

### ലഭ്യത (Supply)

ലഭ്യത ഉല്പാദകരിൽ നിന്നുമുണ്ടാകുന്നു. ഒരു നിശ്ചിത വിലയിൽ വില്പനയ്ക്ക് ലഭിക്കുന്ന സാധനങ്ങളുടെ അളവിനെ ലഭ്യത എന്നു പറയുന്നു.

ഒരു വിൽപനക്കാരൻ ഒരു നിശ്ചിത വിലയ്ക്ക് എത്രത്തോളം സാധനങ്ങളെ വിൽക്കാൻ ആഗ്രഹിക്കുന്നുവോ അതിനെ ലഭ്യമാക്കലെന്നു പറയുന്നു.

### ലഭ്യതാപ്പട്ടിക

1. എന്താണ് ലഭ്യമാകുന്നത് ?
2. എവിടെ ലഭ്യമാകുന്നു?
3. എപ്പോൾ ലഭ്യമാകുന്നു ?
4. എന്ത് വിലയ്ക്ക് ലഭ്യമാകുന്നു?

മുകളിൽക്കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം താഴെകൊടുത്തി

ട്ടുള്ള ലഭ്യതാപട്ടികയിൽ നിന്ന് നേടാം.

ഉദാഹരണം: രാജൻ എന്നയാൾ കിലോ ഒന്നിന് 50/- രൂപ വീതം 2 കിലോഗ്രാം മാമ്പഴത്തെ ഇന്നലെ രാത്രി ചെന്നൈ ത്യാഗരാജ നഗരത്തിൽ വിറ്റു.

**പ്രവർത്തനം**

ചില ലഭ്യതാപട്ടിക തയ്യാറാക്കി ലഭ്യതയെപ്പറ്റി വിശദമായി മനസ്സിലാക്കി കൊള്ളുക.

ആവശ്യകതയെപ്പോലെ ലഭ്യതയും വിലയെ ആശ്രയിച്ചാണിരിക്കുന്നത്. വിലയെക്കൂടാതെ മറ്റു ചില ഘടകങ്ങളും ലഭ്യതയെ ബാധിക്കുന്നു. അവ;

1. ഉല്പാദന തൊഴിൽ സാങ്കേതികത്വം.
2. ഘടകങ്ങളുടെ വില.
3. മറ്റുൽപാദക വസ്തുക്കളുടെ വില.
4. സ്ഥാപനങ്ങളുടെ എണ്ണം.
5. ഭാവി വിലയെക്കുറിച്ചുള്ള പ്രതീക്ഷകൾ.
6. നികുതികളും, ഇളവുകളും
7. സാമ്പത്തിക പരമല്ലാത്ത ഘടകങ്ങൾ.

വസ്തുക്കളുടെ വില മാറാതിരുന്നാലും മേൽപ്പറഞ്ഞ ഘടകങ്ങൾ ലഭ്യതയെ മാറ്റുന്നവയാണ്.

**പ്രവർത്തനം**

കേന്ദ്ര, സംസ്ഥാനഗവൺമെന്റുകളുടെ ചില നികുതികൾ എഴുതുക.

1.
2.
3.

## ആവശ്യകതാ നിയമവും ലഭ്യതാ നിയമവും.

വില ആവശ്യകതയെ തീരുമാനിക്കുന്ന മുഖ്യഘടകമാണെന്ന് നാം കണ്ടുവല്ലോ. വില എങ്ങനെയാണ് ലഭ്യതയെ ബാധിക്കുന്നത്? വിലയ്ക്കും ലഭ്യതക്കും തമ്മിലുള്ള ബന്ധമെന്ത്? ഈ ബന്ധരീതിയെ ആവശ്യകതാ നിയമത്തിൽ വിശദീകരിക്കുന്നു.

## ആവശ്യകതാ നിയമം

വിലകൂടുമ്പോൾ ആവശ്യം കുറയും. വിലകുറഞ്ഞാൽ ആവശ്യം കൂടും. വിലയ്ക്കും ആവശ്യത്തിനുമിടയിലുള്ള വിപരീത ബന്ധത്തെ ആവശ്യകതാ നിയമം വിവരിക്കുന്നു.

## മാർഷലിന്റെ ആവശ്യകതാ നിയമം

ആൽഫ്രഡ് മാർഷലിന്റെ അഭിപ്രായ പ്രകാരം, ധാരാളം സാധനങ്ങൾ വിൽക്കണമെങ്കിൽ വില കുറവായിരിക്കണം. അപ്രകാരം വിലകുറവായിരുന്നാൽ മാത്രമേ ആ സാധനങ്ങളെ പലരും വാങ്ങുകയുള്ളു. മറ്റു രീതിയിൽ പറയുകയാണെങ്കിൽ വില കുറയുമ്പോൾ ആവശ്യമുള്ള സാധനത്തിന്റെ അളവു കൂടുന്നു. വില കൂടുന്നതിനാൽ ആവശ്യം കുറയുന്നു.

താഴെക്കാണുന്ന ആവശ്യകതാ പട്ടിക വിലയ്ക്കും ആവശ്യകതയ്ക്കും ഉള്ള ബന്ധത്തെ വിശദീകരിക്കുന്നു.

| വില (രൂപയിൽ) | ആവശ്യകത (കി.ഗ്രാമിൽ) |
|---|---|
| 25 | 1 |
| 20 | 2 |
| 15 | 3 |
| 10 | 4 |
| 5 | 5 |

ഒരു ഉപഭോക്താവ് പല വിലകളിൽ വാങ്ങാനാഗ്രഹിക്കുന്ന പലതരം അളവുകളെ മേൽപ്പറഞ്ഞ പട്ടിക വിവരിക്കുന്നു.

ഒരു കിലോ മാമ്പഴത്തിന്റെ വില 25 രൂപ എങ്കിൽ ഉപഭോക്താവ് ഒരു കിലോ വാങ്ങും. വില 25 രൂപയിൽ നിന്നും 20 രൂപയായും, 15 രൂപയായും, 10 രൂപയായും, 5 രൂപയായും കുറഞ്ഞു കൊണ്ടുവരുമ്പോൾ ഉപഭോക്താവിന്റെ ആവശ്യം 2 കിലോ, 3 കിലോ, 4 കിലോ, 5 കിലോ എന്നിങ്ങനെ വർദ്ധിച്ചു കൊണ്ടേയിരിക്കും. വിലയ്ക്കും, ആവശ്യകതയ്ക്കുമുള്ള വിപരീതബന്ധത്തെ ഇത് തെളിയിക്കുന്നു.

**പ്രവർത്തനം**

നിങ്ങളുടെ സുഹൃത്തിനോട് ചോദിച്ച് അവർ ഉപയോഗിക്കുന്ന ചില സാധനങ്ങളുടെ ആവശ്യകത പട്ടികയിലാക്കുക.

### നിയമം ബാധകമാകാത്ത ഘടകം

അരി പോലുള്ള അടിസ്ഥാനസാധനങ്ങൾക്കും, വജ്രാഭരണം പോലുള്ള ആഡംബര വസ്തുക്കൾക്കും ഈ നിയമം ബാധകമല്ല. ഇത്തരം വസ്തുക്കളുടെ വില ഉയരുമ്പോൾ ആവശ്യം കൂടുകയും വില കുറയുമ്പോൾ ആവശ്യം കുറയുകയും ചെയ്യുന്നു.

**പ്രവർത്തനം**

ഒരു മാതൃകാ കണക്കെടുപ്പു മുഖേന അടിസ്ഥാനസൗകര്യം, ആഡംബര വസ്തു എന്നിവയുടെ വില, ആവശ്യകത-ഇവയുടെ ബന്ധം കാണുക.

ലഭ്യതാ നിയമം വില നിർണ്ണയത്തെ തീരുമാനിക്കുന്ന മുഖ്യഘടകമായിരിക്കുന്നതിനാൽ വില ലഭ്യതയെ ബാധിക്കുന്നു. ഇതിനെ ലഭ്യതാനിയമത്താൽ വിശദീകരിക്കാം. ലഭ്യതാനിയമം വിലയ്ക്കും ലഭ്യതയ്ക്കും തമ്മിലുള്ള ബന്ധത്തെ വിവരിക്കുന്നു.

### ലഭ്യതാ നിയമം

ലഭ്യതയ്ക്കും ആവശ്യകതയ്ക്കും മാറ്റം വരാതെ ഒരു സാധനത്തിന്റെ വില ഉയർന്നാൽ ലഭ്യതയും വർദ്ധിക്കും. അതേ സമയം വിലകുറഞ്ഞാൽ ലഭ്യതയും കുറയും.

മറ്റൊരു രീതിയിൽ പറയുകയാണെങ്കിൽ വിലയ്ക്കും ലഭ്യമാകുന്ന വസ്തുവിന്റെ അളവിനുമിടയിൽ നേരിട്ടുള്ള ബന്ധം നിലനിൽക്കുന്നു. വിൽപ്പനക്കുള്ള വസ്തുവിന്റെ അളവ് അതിന്റെ വിലയോട് നേരിട്ട് ബന്ധമുള്ളതാണ്. അതായത് വില കുറഞ്ഞാൽ വില്പനക്കുള്ള വസ്തുവിന്റെ അളവും കുറയും. അതുപോലെ വില കൂടിയാൽ വില്പനയ്ക്കുള്ള വസ്തുവിന്റെ അളവും കൂടും.

| വില (രൂപയിൽ) | ലഭ്യത (കിലോഗ്രാമിൽ) |
|---|---|
| 10 | 1 |
| 20 | 2 |
| 30 | 3 |
| 40 | 4 |
| 50 | 5 |
| 60 | 6 |

ഈ പട്ടികയിൽ ഒരുകിലോ ഗോതമ്പിന് 10/- രൂപയുള്ളപ്പോൾ ലഭ്യത ഒരു കിലോയാണ്. വില കിലോ ഒന്നിന് 20 രൂപ, 30 രൂപ, 40 രൂപ, 50 രൂപ, 60 രൂപ എന്നിങ്ങനെ ഉയരുമ്പോൾ ലഭ്യതയും 2 കിലോ, 3 കിലോ, 4 കിലോ, 5 കിലോ, 6 കിലോ എന്നിങ്ങനെ ഉയരുന്നു. വില ഉയരുന്തോറും ലഭ്യതയും ഉയരുന്നതിനെ ഇത് തെളിയിക്കുന്നു.

**പ്രവർത്തനം**

നിങ്ങൾ ഇഷ്ടപ്പെടുന്ന ചില വസ്തുക്കളുടെ ലഭ്യതാ പട്ടിക തയ്യാറാക്കുക.

സാമൂഹ്യശാസ്ത്രം

## അഭ്യാസം

### അ. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. ഇവയ്ക്കിടയിൽ വിപരീതമായ ബന്ധം കാണപ്പെടുന്നു.

   അ. വിലയും ആവശ്യകതയും　　ആ. വിലയും ലഭ്യതയും

   ഇ. വിലയും വരുമാനവും　　ഈ. വിലയും നികുതിയും.

2. ആവശ്യകതാനിയമം ഇതിനുമാത്രം യോജിക്കുന്നതാണ്

   അ. അത്യാവശ്യസാധനങ്ങൾ

   ആ. സുഖസൗകര്യങ്ങൾക്കായുള്ള വസ്തുക്കൾ

   ഇ. ആഡംബര വസ്തുക്കൾ

   ഈ. തീരെ വിലകുറഞ്ഞ വസ്തുക്കൾ

3. ആവശ്യകതയെ തീരുമാനിക്കുന്ന ഘടകങ്ങളിൽ ഒന്ന്.

   അ. രുചിയും ആഗ്രഹവും

   ആ. ഉല്പാദനത്തൊഴിൽ സാങ്കേതികത്വം

   ഇ. ഉല്പാദകരുടെ എണ്ണം

   ഈ. ഉല്പാദന ഘടകങ്ങളുടെ വില

### ആ. ചെറുകുറിപ്പെഴുതുക

1. ആവശ്യകതാ നിയമത്തെക്കുറിച്ചുള്ള ആൽഫ്രഡ് മാർഷലിന്റെ അഭിപ്രായമെന്ത്?
2. ലഭ്യതാ നിയമം കുറിപ്പെഴുതുക
3. ലഭ്യതയെ നിർണ്ണയിക്കുന്ന ഘടകങ്ങളേവ?

### ഇ. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക

1. ആവശ്യകതാ നിയമത്തെ പട്ടികയിലൂടെ വിശദീകരിക്കുക.

## എനിക്ക് സാധിക്കും

('I can, I did')

### വിദ്യാർത്ഥികളുടെ പ്രവർത്തന രേഖ

വിഷയം :

| ക്രമ നം | തീയതി | അദ്ധ്യായം | അദ്ധ്യായത്തിലെ ചർച്ച ചെയ്ത ഭാഗം | പ്രവർത്തനങ്ങൾ | ശ്രദ്ധിക്കുക |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |